VII റിപ്പോർട്ട് സമർപ്പണം

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിയേഴും മുപ്പത്തിയെട്ടും റിപ്പോർട്ടുകൾ

ശ്രീ. കെ. പി. വിശ്വനാഥൻ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ മുപ്പത്തിയേഴും മുപ്പത്തിയെട്ടും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(2) മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ ഒൻപതാമത് റിപ്പോർട്ട്

ശ്രീ. പി. സി. ജോർജ്: സർ, മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(3) പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട്

ശ്രീ. ചെർക്കളം അബ്ദുള്ള: സർ, പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

VIII ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തിൻമേലുള്ള ചർച്ച (തുടർച്ച)

ശ്രീ. പി. എസ്. സുപാൽ: ഞാൻ ഈ നന്ദി പ്രമേയത്തെ അതിശക്തമായ നിലയിൽ എതിർക്കുന്നു. കേരളം കണ്ട ഏറ്റവും മോശപ്പെട്ട ഭരണമാണ് കേരളത്തിലെ ഇപ്പോഴത്തെ ഐക്യജനാധിപത്യ മുന്നണിയുടെ ഭരണം. ഈ ഗവൺമെന്റിന്റെ കഴിഞ്ഞ അഞ്ച് നയപ്രഖ്യാപനങ്ങളിലും കേരളത്തിലെ ജനങ്ങൾക്കു നൽകിയ വാഗ്ദാനങ്ങൾ പാലിക്കാൻ കഴിയാത്ത ഗവൺമെന്റാണ് പുതിയ വിഭവങ്ങളുമായി ജനങ്ങൾക്കുമുമ്പാകെ വന്നിരിക്കുന്നത്. പറഞ്ഞകാര്യങ്ങളൊന്നുംതന്നെ നടപ്പാക്കിയിട്ടില്ല. ഇപ്പോൾ കുറെ വാഗ്ദാനങ്ങൾ വാരിക്കോരികൊടുക്കുകയാണ്. കുഞ്ഞുങ്ങൾക്ക്, പാൽ, പഴം, പച്ചക്കറി, അരി, തേങ്ങ, മാങ്ങ..... ഒരു കാര്യം കൂടിയേ എനിക്കു പറയാനുള്ളൂ. ഈ സംസ്ഥാനത്തെ എല്ലാ വിദ്യാർത്ഥികൾക്കും ഓരോ ഐസ്ക്രീം കൂടി ഗവൺമെന്റ് വാങ്ങിച്ച് കൊടുത്താൽ നന്നായിരുന്നു. അതിനുപറ്റിയ സമയമാണ്. എല്ലാം തിരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടാണ്. പൊതുകടം വർദ്ധിച്ചു. 53,000 കോടി രൂപയുടെ പൊതുകടം കേരളത്തിനുണ്ട്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പലപ്പോഴും പൊതുകടം ഇല്ല; കേരളത്തിന് സാമ്പത്തിക പ്രതിസന്ധി ഇല്ല എന്ന് പറയുന്നുണ്ട്. ഇത് ആർ. ബി. ഐ.-യുടെ റിപ്പോർട്ടാണ്. (റിപ്പോർട്ട് സഭയെ കാണിക്കുന്നു.) ഇതിൽ പറയുന്നത്; സാമ്പത്തിക ഭദ്രതയിൽ ഇന്ത്യയിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനമാണ് കേരളം എന്നാണ്. ഇന്ത്യയിൽ ഏറ്റവും രൂക്ഷമായ സാമ്പത്തിക ഞെരുക്കം നേരിടുന്ന സംസ്ഥാനമെന്നാണ് കേരളത്തെക്കുറിച്ച് ആർ. ബി. ഐ.-യുടെ 2004-05 വർഷത്തെ റിപ്പോർട്ടിൽ പറയുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെ. സ്പീക്കർ]

ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അതു കണ്ടുകാണുമെന്നാണ് ഞാൻ കരുതുന്നത്. ദൈനംദിന ചെലവുകൾക്കായി 348 ദിവസമാണ് കേരളത്തിന്

11.00 a.m. ആർ. ബി. ഐ.-യെ ആശ്രയിക്കേണ്ടി വന്നിട്ടുള്ളത്. അതുപോലെതന്നെ 161 ദിവസമാണ് കേരളം ഓവർഡ്രാഫ്റ്റിലായിട്ടുള്ളത്. ഇതാണ് കേരളം ഏറ്റവും സാമ്പത്തികമായി തളർന്നു എന്നുള്ളതിന്റെ പ്രധാനപ്പെട്ട തെളിവ്. ഇത് നിഷേധിക്കാൻ കേരളത്തിന്റെ ധനകാര്യവകുപ്പുമന്ത്രിക്ക് കഴിയുമോ? കേരളത്തെ സർവ്വത്ര മുടിച്ചുകൊണ്ടുള്ള ഒരു ഭരണമല്ലേ കേരളത്തിൽ അധികാരത്തിലിരിക്കുന്ന യു.ഡി.എഫ്. ഗവൺമെന്റിന്റേത്? എതിർക്കാൻവേണ്ടി എതിർക്കുന്ന ഒരു പ്രസ്ഥാനമല്ല ഞങ്ങളുടേത്. നിങ്ങളുടെ പ്രസംഗങ്ങളിൽ എന്താണ് പറയുന്നത്? ഞങ്ങൾ വികസനത്തിന് എതിരാണ്, ഞങ്ങൾ പുരോഗതിക്ക് എതിരാണ് എന്നല്ലേ? വികസനത്തിന് എതിരായിട്ടുള്ള നിലപാട് സ്വീകരിക്കുന്ന ഒരു മുന്നണിയല്ല ഇടതുപക്ഷ ജനാധിപത്യമുന്നണി. എതിർക്കേണ്ടതിനെ ഞങ്ങൾ ശക്തമായി എതിർക്കും. മുൻപും ഞങ്ങൾ ശക്തമായി എതിർത്തിട്ടുണ്ട്. കേരളത്തെ വിറ്റുതുലയ്ക്കുവാൻ, മാഫിയകൾക്ക് അടിയറവ് വെക്കാനുള്ള നിങ്ങളുടെ ശ്രമങ്ങളെ അതിശക്തമായ നിലയിൽ എതിർത്തിട്ടുള്ള ഒരു സംഘടനയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി. ഇവിടെ ആഗോള വിദ്യാഭ്യാസ സമ്മേളനത്തെ സംബന്ധിച്ച് പറഞ്ഞു; ആഗോള വിദ്യാഭ്യാസ സമ്മേളനത്തെ ഞങ്ങൾ അന്ധമായി എതിർക്കുന്നവരല്ല. ആഗോള വിദ്യാഭ്യാസ സമ്മേളനവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഇറക്കിയ ഒരു brochure ഉണ്ട്, സമീപന രേഖയുണ്ട്. ആ സമീപന രേഖയിൽ പറയുന്നത് വിദ്യാഭ്യാസം എന്നു പറയുന്നത് ഒരു സാമ്പത്തിക ഇടപാടാണെന്നാണ്. ഉത്തരവാദിത്വമുള്ള ഒരു ഗവൺമെന്റിന്റെ സമീപനം ഇങ്ങനെയാണോ ആകേണ്ടത്? കേരളത്തിന് ഒരു പാരമ്പര്യമുണ്ട്. അതായത് പാവപ്പെട്ടവനും വിദ്യാഭ്യാസം കൊടുത്ത പാരമ്പര്യം. പാവപ്പെട്ടവനും ഇടത്തരക്കാരനും വലിയ ഫീസ് കൊടുക്കാതെ ഉന്നത വിദ്യാഭ്യാസമടക്കം കൊടുത്ത പാരമ്പര്യമുള്ള ഈ കേരളത്തിൽ അതിന് വഴിയൊരുക്കിയത് കമ്മ്യൂണിസ്റ്റ് ഗവൺമെന്റുകളാണ്, പുരോഗമന ഗവൺമെന്റുകളാണ്. അതെല്ലാം തകർത്തെറിയുന്ന ഗവൺമെന്റാണ് കേരളത്തിൽ അധികാരത്തിലിരിക്കുന്ന ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ്. നിങ്ങൾ പറയുന്ന സമീപന രേഖ അങ്ങനെയാണെങ്കിൽ അതിന്റെ റിസൽട്ട് എന്താണ്? അല്ലെങ്കിൽ അതിന്റെ തീരുമാനങ്ങളെന്താണ്? നിങ്ങൾ വിഷം മധുരത്തിൽ പൊതിഞ്ഞു കൊടുക്കുന്നവരാണ്. ശ്രീ. എ. കെ. ആന്റണി കേരളത്തിലെ മുഖ്യമന്ത്രിയായിരിക്കുമ്പോൾ, ഈ ഗവൺമെന്റ് ഭരണം തുടങ്ങിയ അവസരത്തിൽ, നിങ്ങൾക്കറിയാമല്ലോ, നിങ്ങൾ രണ്ടു സാശ്രയ കോളേജുകൾ സമം ഒരു ഗവൺമെന്റ് കോളേജ് എന്നു പറഞ്ഞു. 50 ശതമാനം സീറ്റിൽ മെറിറ്റ് അടിസ്ഥാനത്തിൽ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

കോളേജിലെ ഫീസ് നൽകിക്കൊണ്ട് കുട്ടികൾക്ക് പഠിക്കാനുള്ള അവസരം ഉണ്ടാക്കുമെന്ന് പറഞ്ഞു. നിങ്ങൾക്ക് അത് ചെയ്യാൻ കഴിഞ്ഞോ? അഞ്ച് വർഷം പിന്നിടുന്നു. ഈ ഗവൺമെന്റിന്റെ കാലാവധി അവസാനിക്കാൻ പോകുന്നു. കേന്ദ്രത്തിൽ നിങ്ങൾക്കനുകൂലമായ ഗവൺമെന്റാണ്. പക്ഷെ നിങ്ങൾക്ക് ഈ അഞ്ച് വർഷക്കാലവും ഈ ഗവൺമെന്റിന്റെ ആദ്യഘട്ടത്തിൽ, കേരളത്തിലെ വിദ്യാർത്ഥി സമൂഹത്തിന് നൽകിയ ഉറപ്പുകൾ പാലിക്കാൻ കഴിഞ്ഞില്ല എന്നുപറയുമ്പോൾ നിങ്ങൾ എന്തിനാണ് വാരിക്കോരി വാഗ്ദാനങ്ങൾ ചൊരിഞ്ഞുകൊണ്ടിരിക്കുന്നത്? നിങ്ങൾ ആളുകളെ പറഞ്ഞ് പറ്റിച്ച് കൊണ്ടിരിക്കുകയാണ്. നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുന്നില്ല. ഞങ്ങൾ എതിർക്കേണ്ടതിനെ എതിർക്കും, ഞങ്ങൾ എതിർത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നിങ്ങൾപോലും നിലപാടുകൾ മാറ്റിയിട്ടുണ്ട്. കരിമണൽ ഖനനം ഒരു മേഖലയിലും പാടില്ലെന്ന് പറഞ്ഞത് ഞങ്ങളാണ്. നിങ്ങൾക്ക് അത് വേണ്ട എന്ന് വയ്ക്കേണ്ടിവന്നു. നിങ്ങളുടെ മുന്നണിയിൽ അത് വേണമെന്ന രീതിയിലുള്ള അഭിപ്രായങ്ങൾ ഉണ്ടായിരുന്നില്ലേ? നിങ്ങൾക്ക് അത് വേണ്ടെന്ന് വയ്ക്കേണ്ടി വന്നിട്ടില്ലേ? ജനങ്ങളുടെ ശക്തമായ പ്രതിഷേധത്തിന്റെ അടിസ്ഥാനത്തിൽ നിങ്ങൾക്കത് ഉപേക്ഷിക്കേണ്ടി വന്നില്ലേ? അതുപോലെ ഞങ്ങൾക്ക് ചില കാര്യങ്ങളിൽ അഭിപ്രായങ്ങളുണ്ട്. എ. ഡി. ബി. വായ്പയെ സംബന്ധിച്ച് ഇവിടെ അഭിപ്രായങ്ങൾ പറഞ്ഞു. എ. ഡി. ബി. വായ്പയെ സംബന്ധിച്ച് നിങ്ങൾ വലിയ കോലാഹലങ്ങളുണ്ടാക്കി. എ. ഡി. ബി. വായ്പയെ സംബന്ധിച്ച് ഞങ്ങൾക്ക് ചില നിലപാടുകളുണ്ട്. ഭരണ നവീകരണവുമായി ബന്ധപ്പെട്ട് കേരളത്തിലെ യു. ഡി. എഫ്. ഗവൺമെന്റ് എ. ഡി. ബി. വായ്പ വാങ്ങാൻ തീരുമാനമെടുത്തപ്പോൾ ഞങ്ങൾ അതിനെ ശക്തമായി എതിർക്കുകയുണ്ടായി. ശക്തമായി എതിർത്തത് ചില വ്യവസ്ഥകളോടുകൂടിയുള്ള വായ്പ ആയതുകൊണ്ടാണ്. നിയമനനിരോധനം ഏർപ്പെടുത്തുക, പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചു പൂട്ടുക, തസ്തികകൾ വെട്ടിക്കുറയ്ക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ അതിൽ അടങ്ങിയിട്ടുണ്ട് എന്നുള്ളതുകൊണ്ടാണ് ആ വായ്പയെ ഞങ്ങൾ എതിർത്തത്; അതിനെതിരായി പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചത്. ആ നിലപാടിൽ ഞങ്ങൾക്ക് മാറ്റമില്ല. അങ്ങനെയൊന്നും സംഭവിക്കില്ലെന്ന് നിങ്ങൾ പറഞ്ഞു. പക്ഷെ നിയമനനിരോധനം ഇവിടെയുണ്ടായില്ലേ, പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയില്ലേ, 75,000 തസ്തികകൾ വെട്ടിക്കുറച്ചില്ലേ? അത് എ. ഡി. ബി. യുടെ നിർദ്ദേശത്തെ തുടർന്നല്ലേ? അതുപോലെതന്നെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൊടുത്ത വായ്പയെ സംബന്ധിച്ച് സി. പി. ഐ.-യുടെ നിലപാടിനെക്കുറിച്ച് നിങ്ങൾക്കറിയണം. സി. പി. ഐ. യുടെ നിലപാട് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. സുസ്ഥിര വികസന പരിപാടി എന്നുള്ള നിലയ്ക്ക് നടപ്പിലാക്കുന്ന എ. ഡി. ബി. പദ്ധതി എം. ജി. പി. പോലെ വ്യവസ്ഥകൾക്ക് വിധേയമായ പദ്ധതി എന്നുള്ള അഭിപ്രായമാണ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കുള്ളത്. 1422 കോടി രൂപയുടെ വായ്പയാണ് 5 കോർപ്പറേഷനുകൾക്കായി കൊടുത്തത്. അതിൽ 605 കോടി രൂപ മാത്രമാണ് പദ്ധതിക്ക് വേണ്ടി എടുക്കുന്നത്. ബാക്കി 817 കോടി രൂപ കൺസൾട്ടൻസി ഫീസും മറ്റു ഇനങ്ങൾക്കുമായിട്ട് കൊടുക്കുകയാണ്. ഇവിടെ ഏതാണ്ട് 15 ആസ്ട്രേലിയൻ കൺസൾട്ടൻസി കമ്പനിയാണ്; 15% അതായത് 70 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾതന്നെ ഫീസ് കൊടുത്തു. അതിൽ ഏറ്റവും വലിയ അപകടകരമായ നിർദ്ദേശമെന്ന് പറയുന്നത്, പ്രോജക്ട് തയ്യാറാക്കുന്നത് എ. ഡി. ബി. യുടെ നിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടാണ് എന്നതാണ്. അത് നടപ്പിലാക്കുക എന്നുള്ള ഉത്തരവാദിത്വം മാത്രമാണ് കോർപ്പറേഷനും ഗവൺമെന്റിനുമുള്ളത്. അതു പോലെതന്നെ എ. ഡി. ബി. നിർദ്ദേശിക്കുന്നതനുസരിച്ചുള്ള ആളുകളെ മാത്രമേ ഇവിടെ നിയമിക്കാൻ പാടുള്ളുവെന്ന നിലപാടും വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയും എ. ഐ. വൈ. എഫും. നിലപാടുകൾ വ്യക്തമാക്കിയിട്ടുണ്ട്. എക്സ്പ്രസ്സ് ഹൈവേയെ സംബന്ധിച്ച് ഞങ്ങളുടെ അഭിപ്രായം പറഞ്ഞതിന് മാപ്പ് പറയണമെന്നാണ് നമ്മുടെ പൊതുമരാമത്ത് വകുപ്പുമന്ത്രി പറഞ്ഞത്. മാപ്പ് പറയേണ്ട കാര്യമില്ല. എക്സ്പ്രസ്സ് ഹൈവേ എന്ന, കേരളത്തെ നെടുകെ പിളർക്കുന്ന ഒരു ഹൈവേ കേരളത്തിന് ആവശ്യമില്ല. അതിനുള്ള ബദൽ നിർദ്ദേശങ്ങൾ കാണിച്ചുകൊണ്ടാണ് ഞങ്ങൾ നിലപാട് വ്യക്തമാക്കിയിട്ടുള്ളത്. ഇവിടെ സി. പി. ഐ.യെക്കുറിച്ച് ചില ആശങ്കകളുണ്ട്..........

Mr. Deputy Speaker: Please conclude.

ശ്രീ. പി. എസ്. സുപാൽ: ഇവിടെ ശ്രീ. ഹസ്സൻ ഒരു അഭിപ്രായം പറഞ്ഞു, സി. പി. ഐ. യെ സംബന്ധിച്ച് ശ്രീ. ഹസ്സന് വലിയ ഉത്കണ്ഠയാണ്. ശ്രീ. ഹസ്സൻ വെറുമൊരു **** മന്ത്രി സ്ഥാനം പോയപ്പോൾ സമനിലതെറ്റി പിച്ചും പേയും അദ്ദേഹം പറഞ്ഞുകൊണ്ടിരിക്കുകയാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി ഉന്നതമായ പാരമ്പര്യമുള്ള പ്രസ്ഥാനമാണ്.

ഊർജ്ജവകുപ്പുമന്ത്രി: (ശ്രീ. ആര്യാടൻ മുഹമ്മദ്) : സഭയിലെ അംഗത്തെക്കുറിച്ച് **** എന്ന് പറയുന്നത് വളരെ അപമാനകരമാണ്. റൂൾ 307 അനുസരിച്ച് അത് എക്സ്പഞ്ച് ചെയ്യണം.

ശ്രീ. പി. എസ്. സുപാൽ: **** പോലെ എന്നാണ് ഞാൻ പറഞ്ഞത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അത്തരം പ്രയോഗങ്ങൾ ഒഴിവാക്കണം. ആര് പറഞ്ഞാലും അത് രേഖയിൽ കാണില്ല.

ശ്രീ. പി. എസ്. സുപാൽ: എൽ. ഡി. എഫ്-ലെ അവിഭാജ്യ ഘടകമാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി. അധികാരത്തിന് വേണ്ടി പങ്ക് പറ്റുന്ന രാഷ്ട്രീയ പാർട്ടിയല്ല കമ്മ്യൂണിസ്റ്റ് പാർട്ടി. 1980-കളിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ദേശീയ തലത്തിൽ പ്രതികരിച്ചപ്പോൾ മുഖ്യമന്ത്രി പദം ഉപേക്ഷിച്ചുകൊണ്ട്, അധികാരം വലിച്ചെറിഞ്ഞുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനം കെട്ടിപ്പടുക്കാൻ ത്യാഗം അനുഷ്ഠിച്ച പാർട്ടിയാണ്. ആ പാർട്ടിയിൽ കയറി തൊട്ടാൻ ആരും വരരുത്. ശ്രീ. ഹസ്സനും കൂട്ടരുമാണ് ശ്രീ. കരുണാകരനെ ഭയപ്പെടുന്നത്. ശ്രീ. കരുണാകരൻ ചവിട്ടി പുറത്താക്കിയപ്പോൾ ഞങ്ങളുടെ ആട്ടും തുപ്പും ഏറ്റുകൊണ്ട് ഞങ്ങളുടെ മുന്നണിയിൽ വന്ന് ഔദാര്യം കാംക്ഷിച്ചവരാണ് ശ്രീ. ഹസ്സനും കൂട്ടരും. അവരാണ് ഇപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടിയെ വിമർശിക്കുന്നത്. കോൺഗ്രസ്സ് പാരമ്പര്യമുള്ള ഒരു

*** ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്ഥാനമായിരുന്നു. ഇപ്പോൾ കോൺഗ്രസ്സിന്റെ അവസ്ഥയെന്താണ്? *********** .... (ബഹളം) .... ********************************** പാർലമെന്റിൽ ചോദ്യത്തിന് കൈക്കൂലി വാങ്ങിയ പാർട്ടിയാണ് കോൺഗ്രസ്സ് ....(ബഹളം)......................

മി. ഡെപ്യൂട്ടി സ്പീക്കർ : ഇത്തരം ആരോപണങ്ങൾ രേഖയിൽ കാണില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ വളരെ ദുരുദ്ദേശപരമായ ലക്ഷ്യത്തോടുകൂടി അതും യു. പി. എ. ഗവൺമെന്റിന്റെ തലപ്പത്തിരിക്കുന്ന ഒരു വ്യക്തിയെന്നു സൂചിപ്പിക്കത്തക്കവിധത്തിൽ, അവിടെ യു. പി. എ. ഗവൺമെന്റിനെ സപ്പോർട്ട് ചെയ്ത് നിൽക്കുകയും ശ്രീമതി സോണിയാഗാന്ധിയുടെ പടിവാതുക്കൽപ്പോയി നിൽക്കാൻ ഒരു മടിയും കാണിക്കാതിരിക്കുകയും ചെയ്യുകയും ഇവിടെ ഈ സഭയിൽ വളരെ ദുരുദ്ദേശപരമായ പരാമർശം നടത്തുകയും ചെയ്യുന്നത് ശരിയല്ല. ലോകം മുഴുവൻ ശ്രദ്ധിക്കുന്ന ആദരണീയയായ ഒരു വനിതയെക്കുറിച്ച് ദുരാരോപണത്തോടുകൂടിയ. ദുരുദ്ദേശത്തോടുകൂടിയ പരാമർശത്തിന്റെ ലക്ഷണമാണ് ശ്രീ. പി. എസ്. സുപാലിന്റെ പ്രസംഗത്തിലെ ഒരു വാചകത്തിലുള്ളത്. ദയവായി അത് എക്സ്പഞ്ച് ....

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ ദുരാരോപണം സഭാരേഖയിൽ കാണുകയില്ല...................പ്ലീസ്.................പ്ലീസ്.................യു കൺക്ലൂഡ് യുവർ സ്പീച്ച്.

ശ്രീ. പി. എസ്. സുപാൽ: സർ ഞാൻ അവസാനിപ്പിക്കുകയാണ്. ശ്രീമതി സോണിയാഗാന്ധിയുടെ പുറകെ നടക്കേണ്ട ഗതികേട് ഞങ്ങൾക്കില്ല. ശ്രീമതി സോണിയാ ഗാന്ധിയാണ് ശ്രീ പ്രകാശ് കാരാട്ടിന്റേയും, ശ്രീ. ബർദ്ദാന്റേയും പുറകെ നടക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പത്രത്തിൽ പ്രസിദ്ധീകരിക്കരുതെന്ന് അങ്ങ് റൂൾ ചെയ്തു. ഇവിടെ ലൈവ് ടെലികാസ്റ്റ് നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് സഭാനാഥനായ അങ്ങയുടെ റൂളിംഗ് വേണം. ഇവിടെ ലൈവ് ടെലികാസ്റ്റ് നടക്കുകയാണ്. പത്രങ്ങൾ പ്രസിദ്ധീകരിക്കാതിരിക്കാൻ......................(ബഹളം)................ റൂളിംഗ് വേണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ഞാൻ പറഞ്ഞു കഴിഞ്ഞല്ലോ...........(ബഹളം)................. പറയാൻ പാടില്ല.............യു കൺക്ലൂഡ്...............പ്ലീസ്...........................

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ പറഞ്ഞ് അവസാനിപ്പിക്കുകയാണ്. കെ. പി. സി. സി. ആഫീസിന് മുമ്പിൽ എ. ഐ. സി. സി. അംഗത്തിന്റെ മുണ്ടുരിഞ്ഞു കൊണ്ടുപോയ പാർട്ടിയാണ് ശ്രീ. എം. എം. ഹസ്സന്റെ പാർട്ടി. അവരാണ് ഇപ്പോൾ സി. പി. ഐ.യെ തൊട്ടാൻ വരുന്നത്. നാണം കെട്ടവർ, ഇവരുടെ കാര്യങ്ങൾ വിളിച്ചു പറഞ്ഞാൽ......................(ബഹളം)......................

*** ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ നിർദ്ദേശ പ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ശ്രീ. സുപാൽ അങ്ങയെപ്പോലുള്ള ആളുകൾ ചെയറിനെ ധിക്കരിക്കരുത്. പ്ലീസ്..................പ്ലീസ്...............................(ബഹളം)...................അഞ്ച് ഒരു സെക്കൻറിൽ കൺക്ലൂഡ് ചെയ്യണം. ഒറ്റവാക്ക്................

<u>ശ്രീ. പി. എസ്. സുപാൽ:</u> സർ, തിരുവനന്തപുരം ഉപതിരഞ്ഞെടുപ്പ് അവസാനത്തെ ട്രയൽ ആയിരുന്നു. നിങ്ങളുടെ ശവപ്പെട്ടിയിലെ അവസാനത്തെ ആണിയും അടിച്ചു കഴിഞ്ഞു. വരാൻ പോകുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഒറ്റക്കെട്ടായി ഈ പിൻതിരിപ്പൻ മുന്നണിയെ തകർത്തെറിയുന്നതിനുവേണ്ടി കേരളത്തിൽ ശക്തമായി മുന്നോട്ട് വരും അതുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്.

<u>ശ്രീ. സി. പി. മുഹമ്മദ്:</u> സർ, ബഹുമാനപ്പെട്ട കടവൂർ ശിവദാസൻ അവതരിപ്പിച്ച ഈ നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. ഇവിടെ വിഷയത്തിലേക്ക് കടക്കുന്നതിനുമുമ്പ് എന്റെ സ്നേഹിതൻ ശ്രീ. പി. എസ്. സുപാൽ പറഞ്ഞ ഒരു കാര്യത്തെ കുറിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഐസ്ക്രീം വാങ്ങിക്കൊടുക്കേണ്ടത് കേരളത്തിലെ കുട്ടികൾക്കല്ല ശ്രീ. പിണറായി വിജയന്റെ ആട്ട് കേട്ട് സമനിലതെറ്റിയ ശ്രീ. വെളിയം ഭാർഗ്ഗവനാണ്. ശ്രീ. പി. എസ്. സുപാൽ ഐസ്ക്രീം വാങ്ങി കൊടുക്കേണ്ടതെന്നു ആമുഖമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ശ്രീ. പിണറായി വിജയനാണല്ലോ വെളിയത്തിന്റെ വെളിപാട് എന്ന് പറഞ്ഞ് കളിയാക്കിയത്. പതിവുപോലെ ഈ നന്ദി പ്രമേയത്തെ പ്രതിപക്ഷം എതിർത്തു. പി. കേശവദേവിന്റെ പുസ്തകത്തിന്റെ പേരുപോലെ എതിർപ്പ് ഇവരുടെ മുഖമുദ്രയാണ്. ഞാൻ അവരെ കുറ്റം പറയുന്നില്ല. അടുത്ത തിരഞ്ഞെടുപ്പിലെ വോട്ടിനെക്കുറിച്ച് ചിന്തിക്കുകയും അടുത്ത തലമുറയെക്കുറിച്ച് ചിന്തിക്കാതിരിക്കുകയും ചെയ്യുന്ന ഇവർ എതിർക്കുന്നതിൽ എനിക്ക് അത്ഭുതമില്ല. നാലേമുക്കാൽ വർഷം ഞങ്ങൾ കേരളത്തിന്റെ നവീകരണ കലശത്തിനു ശ്രമിച്ചപ്പോൾ ഇവർ കേരളത്തിന്റെ നശീകരണകലശത്തിനാണ് ശ്രമിച്ചത്. കേരളത്തിന്റെ വികസനത്തിന് അഷ്ടബന്ധശിലകളുറപ്പിച്ച് ഐക്യ ജനാധിപത്യമുന്നണി നാലേമുക്കാൽ വർഷം മുന്നേറിയപ്പോൾ കേരളത്തിന്റെ വികസനത്തിന്റെ രൂപടം രാഷ്ട്രീയ സംഘടനകളുടെ നരകപടമാക്കി മാറ്റാനാണ് ഇവർ ശ്രമിച്ചത്. 5 വർഷത്തെ നായനാർ ഭരണംപോലെ നാഴി അരിക്ക് മുട്ടിയാലും നാല് ഇടിക്ക് മുട്ടുന്ന അവസ്ഥ ഈ നാലേമുക്കാൽ വർഷം കേരളത്തിൽ ഉണ്ടായിട്ടില്ല. ജനദ്രോഹം നായനാർ ഭരണത്തെപ്പോലെ ഹൗസ് ഫുള്ളായി 365 ദിവസവും ഓടിയിട്ടില്ല. സർക്കാർ ആശുപത്രികളിൽ ഉടുമുണ്ടില്ലാതെ നാലേമുക്കാൽ വർഷത്തിനിടയ്ക്ക് ഒരു രോഗിയും കിടന്നിട്ടില്ല. ട്രഷറിയുടെ മുമ്പിൽ പാവപ്പെട്ടവർ വണ്ടിച്ചെക്കുമായി കാത്തുനിന്നിട്ടില്ല. റബ്ബർ കൃഷിക്കാർ ആരും റബ്ബർ മരത്തിൽ തൂങ്ങി മരിച്ചിട്ടില്ല. ഒരു രക്ഷിതാവും കുട്ടികളെ ചേർക്കാൻ ഈ നാലേമുക്കാൽ വർഷം കർണ്ണാടകയിലേയ്ക്കോ തമിഴ്നാട്ടിലേയ്ക്കോ പോയിട്ടില്ല. ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് മൂന്ന് രൂപയ്ക്ക് അരി കൊടുക്കുന്നുണ്ട്. ആരോഗ്യ പരിരക്ഷ ഇൻഷ്വറൻസ് നടപ്പിലാക്കി. വൈദ്യുതി ചാർജ്ജ് കുറച്ചു.

LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ബോർഡിനെ നഷ്ടത്തിൽ നിന്നും കരകയറ്റി. പോഷകാഹാരക്കുറവിന്റെ പരസ്യ ചിത്രംപോലെയുണ്ടായിരുന്ന കേരളത്തിലെ കുട്ടികൾ ഈ ഗവൺമെന്റ് കൊടുത്ത പാലും പഴവും കഴിച്ച് കൈരളി ടി. വി.യിലെ പരസ്യം കണ്ട് I am a complan boy, I am a complan girl എന്നു പാടുന്ന കാലമാണിത്. കെ. എസ്. ആർ. ടി. സി. യുടെ നഷ്ടം കുറച്ചു, റോഡുകൾ സുന്ദരമായി. വിദേശ മലയാളികളുടെ ഉപഹാരം വാങ്ങി അവരെ ശ്രദ്ധിക്കാതിരുന്ന നേതാക്കന്മാരുണ്ടായിരുന്ന കേരളത്തിൽ അവരുടെ പേര് റേഷൻ കാർഡുകളിൽ ചേർക്കാൻ സൗകര്യം ഉണ്ടാക്കി. അവർക്ക് വോട്ടവകാശം കൊടുത്തു. അവരുടെ വിമാനയാത്രാക്കൂലി പ്രശ്നം പരിഹരിക്കുവാൻ തീരുമാനം എടുത്തു. നെടുമ്പാശ്ശേരി വിമാനത്താവളം വരുന്നതിനെ എതിർത്ത് ശയന പ്രദക്ഷിണം നടത്തിയ ഈ നാട്ടിൽ കോഴിക്കോട്ട് അന്താരാഷ്ട്ര വിമാനത്താവളമുണ്ടായി. കണ്ണൂർ വിമാനത്താവളത്തിന് നടപടി സ്വീകരിച്ചു. ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ നടപടിയെടുത്തു. ഒരുപാട് കാര്യങ്ങളുണ്ട്. ഞാൻ അവ എണ്ണിയെണ്ണി വിവരിക്കുന്നില്ല. നിങ്ങൾ എതിർക്കുന്നതിൽ ഞങ്ങൾക്ക് അത്ഭുതമില്ല. പക്ഷെ നിങ്ങളുടെ എതിർപ്പിന് പലപ്പോഴും ഇംഗ്ലീഷ് മരുന്നിന്റെ എക്സ്പെയറി ഡേറ്റ് പോലെ എക്സ്പെയറി ഡേറ്റ് ഉണ്ടെന്നുള്ളതിൽ ഞങ്ങൾക്ക് അത്ഭുതമുണ്ട്. ട്രാക്റ്റർ വേണ്ട, ടി. വി. വേണ്ട അതുപോലെ കമ്പ്യൂട്ടർവേണ്ട, എ. ഡി. ബി. വായ്പ വേണ്ട എന്നു പറഞ്ഞവരാണ് പ്രതിപക്ഷം. ഇപ്പോൾ പഠന കോൺഗ്രസ്സ് നടത്തുമ്പോൾ കോൺഗ്രസ്സിൽ നിന്നും പാഠം പഠിക്കുന്ന, ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഭരണം കണ്ട് കോൺഗ്രസ്സിൽ നിന്നും, യു. ഡി. എഫ്-ൽ നിന്നും പാഠം പഠിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നതെങ്കിൽ അതിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. ശ്രീ. പി. എസ്. സുപാൽ ഇവിടെ കരിമണൽ ലോബിയെക്കുറിച്ച് പറഞ്ഞു. കരിമണൽക്കാരുടെ ഔദാര്യം പറ്റി പഠന കോൺഗ്രസ്സ് നടത്തിയതിൽ നിങ്ങൾ നാണിക്കണം. പഴയ ട്യൂബ്ലൈറ്റ് കത്തുന്നതുപോലെ ഇവർക്ക് വൈകിയാണ് വെളിച്ചം വരിക. ബുദ്ധി പലപ്പോഴും വളരെവൈകിയാണ് പ്രകാശിക്കുന്നത്. ഇപ്പോൾ ഹൈവേ വേണ്ട ബൈപ്പാസ് എന്ന പേര് മതിയെന്നാണ് ശ്രീ. എം. വി. ജയരാജൻ പറഞ്ഞത്. മാർജാരനും പൂച്ചയും ഒന്നുതന്നെയാണ്. പ്രീഡിഗ്രി ബോർഡിന്റെ സ്ഥാനത്ത് +2 വന്നപ്പോൾ ഇവർ അംഗീകരിച്ചു. നാളികേരത്തിന്റെ അടിഭാഗം എന്നു പറയുന്നതിന് പലപ്പോഴും ഇവർ തേങ്ങയുടെ മൂട് എന്നു പറയുന്നവരാണ്. രണ്ടും ഒന്നു തന്നെ. പക്ഷെ നാളികേരത്തിന്റെ അടിഭാഗം എന്നുള്ളതിനെക്കാൾ തേങ്ങയുടെ മൂട് എന്നുപയോഗിക്കാനാണ് ഇവർക്ക് താൽപ്പര്യം. തൊഴിലാളിവർഗ്ഗത്തിന്റെ മുഖ്യമന്ത്രി ബെൻസിൽ സഞ്ചരിച്ചപ്പോൾ ബഹുമാനപ്പെട്ട എ. കെ. ആന്റണിയും ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിയും, തൊഴിലാളി വർഗ്ഗത്തിന്റെ പാർട്ടിയായ മാർക്സിസ്റ്റ് പാർട്ടിയുടെ സ്ഥാനത്ത് ബൂർഷ്വാ പാർട്ടികൾ എന്നു നിങ്ങൾ ആക്ഷേപിക്കുന്ന ഞങ്ങളുടെ മുഖ്യമന്ത്രിമാർ അംബാസിഡർ കാറിലാണ് സഞ്ചരിച്ചത്. വികസനത്തിന്റെ സ്തുതി കീർത്തനങ്ങളായി 5 വർഷം വിദേശ പര്യടനം നടത്തിയിട്ട് ഒരു ചാപിള്ള പോലും ഈ സംസ്ഥാനത്തുണ്ടായില്ല എന്നു നമുക്ക് മനസ്സിലാക്കാൻ സാധിക്കും. നിങ്ങൾക്ക് മറവിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾക്ക് രാഷ്ട്രീയ അൽഷ്യമേഴ്സ് രോഗമാണ് ഇന്ന് ബാധിച്ചിരിക്കുന്നത്. എം. ആർ. ഐ. സ്കാൻ ചെയ്താൽ പോലും കാണാത്ത അൽഷ്യമേഴ്സ് രോഗമാണ് നിങ്ങൾക്ക് ബാധിച്ചിരിക്കുന്നത്. രാഷ്ട്രീയ അവസരവാദികളും ആശ്രിതന്മാരും സാമന്തന്മാരും ചേർന്നു നടത്തിയ പഠനകോൺഗ്രസ്സിനെ ശ്രീ. വി. എസ്. അച്ചുതാനന്ദനെ കൊണ്ട് അംഗീകരിപ്പിക്കാൻ നിങ്ങൾക്ക് സാധിക്കുമോ, അതിനെ ശ്രീ. വെളിയം ഭാർഗ്ഗവൻ അംഗീകരിക്കുമോ? ശ്രീ. പിണറായി വിജയൻ നടത്തിയ മാർച്ച് അത് മാർച്ചിലാണെങ്കിൽ മാർച്ചിലാണ് എന്നെങ്കിലും പറയാമായിരുന്നു, അതൊരു നനഞ്ഞ പടക്കമല്ലേ? ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ മലമ്പുഴയിൽ ആ മാർച്ച് പോയോ? കേരളത്തിന്റെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ ഒരു നേതാവും, എന്തിന് മദ്രാസ്സിലേക്ക് പട്ടിണി മാർച്ച് നടത്തിയ എ. കെ. ജി. സ്വന്തം പടം റോഡുവക്കിൽ പ്രദർശിപ്പിച്ചില്ല. ജീവൻ ടോണിന്റെ പരസ്യംപോലെ മുഷ്ടിയും ചുരുട്ടി കേരളത്തിൽ ആദ്യമായി പരസ്യംവെച്ച കമ്മ്യൂണിസ്റ്റ് നേതാവ് ശ്രീ. പിണറായി വിജയനാണ്. അദ്ദേഹം ലക്ഷം വീട് കോളനിയിൽ പോയില്ല. അദ്ദേഹം സർക്കാർ ആശുപത്രികളിലെ രോഗികളെ കാണാൻ പോയില്ല. അദ്ദേഹം ഈ രാജ്യത്തെ പട്ടികജാതി കോളനിയിൽ പോയില്ല. ഇത് എന്റെ അഭിപ്രായമല്ല. പാഠം മാസികയിൽ ഒരു ലേഖനം വന്നിട്ടുണ്ട്. പാർട്ടിയുടെ മൃതദേഹവും വഹിച്ചുകൊണ്ടുള്ള ഘോഷയാത്ര കേരള മാർച്ച് നയിച്ചുവന്ന സംസ്ഥാന സെക്രട്ടറി, ശ്രീ. പിണറായി വിജയൻ "തൃശ്ശൂരിൽ സുപ്രസിദ്ധ സാംസ്ക്കാരിക വ്യവസായ പ്രമുഖനായ ഡോ: സുകുമാർ അഴീക്കോട്, ഡോ. ഫ്രാൻസിസ് ആലപ്പാട്, കല്ല്യാൺ സിൽക്ക്സ് മാനേജിംഗ് ഡയറക്ടർ പട്ടാഭിരാമൻ, ആലുക്കാസ് ഉടമ ജോസ്, ഫാഷൻ ഫാബ്രിക്സ് ഉടമ ഫ്രാൻസിസ്, ചിരിയം കണ്ടത്ത് ജ്വല്ലറി വിദേശ വ്യവസായി സുന്ദരമേനോൻ, മദ്യ വ്യവസായിയായ വി. കെ. അശോകൻ, എലൈറ്റ് ഗ്രൂപ്പ് ഡയറക്ടർ ആർ. വിജയകുമാർ എന്നിവരുമായി പ്രാതൽ കഴിച്ചുവെന്ന്". ആലുക്കാസ് ജ്വല്ലറിയുടെ ഉടമസ്ഥൻ ആയതുകൊണ്ട് അവരോട് "നിങ്ങളുടെ താൽപര്യം ഒരു പണത്തൂക്കം മുന്നിൽ" ആണെന്ന് പിണറായി വിജയൻ പറഞ്ഞോ എന്ന് എനിക്ക് അറിഞ്ഞുകൂടാ, 'സർവ്വരാജ്യ തൊഴിലാളികളെ സംഘടിക്കുവിൻ' എന്നുപറഞ്ഞ മാർക്സിന്റെ സ്ഥാനത്ത് സർവ്വരാജ്യ മുതലാളികളെ സഹായിക്കൂ എന്ന് ശ്രീ. പിണറായി വിജയൻ പറഞ്ഞോ എന്ന് എനിക്ക് അറിഞ്ഞുകൂടാ. കേരളത്തിലെ ഒരു കമ്മ്യൂണിസ്റ്റ് നേതാവ് ഇതുപോലെ ഒരു ജാഥ നടത്തുമ്പോൾ ഇത്തരത്തിലുള്ള ഒരു സ്ഥിതിവിശേഷം ചരിത്രത്തിലാദ്യമാണെന്ന് നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. സാമൂഹ്യനീതിക്കുവേണ്ടിയാണ് ശ്രീ. പിണറായി വിജയൻ മാർച്ച് നടത്തിയത്. " ഈയം പൂശാനുണ്ടോ....... ഈയം പൂശാനുണ്ടോ......... എന്നു ചോദിച്ചു നടക്കുന്നതുപോലെ" "സാമൂഹ്യ നീതിവേണോ .... സാമൂഹ്യ നീതി വേണോ.." എന്നു ചോദിച്ചാണ് നടന്നത്. മനുഷ്യരോട് പോയിട്ട് കൂട്ടിലടയ്ക്കപ്പെട്ട കിളികളോടും ജന്തുജാലങ്ങളോടും സാമൂഹ്യനീതി കാണിക്കുവാൻ സാധിക്കാത്തവർ, ക്ലാസ്സെടുക്കുന്ന അദ്ധ്യാപകനെ കുട്ടികളുടെ മുമ്പിൽവെച്ച് വെട്ടിക്കൊന്ന സാമൂഹ്യനീതി, മനുഷ്യരെ കൊലക്കത്തിക്കിരയാക്കിയ സാമൂഹ്യനീതി, 12 കൊല്ലം വിനീതാ കോട്ടായിക്ക് ഊരുവിലക്ക് ഏർപ്പെടുത്തിയ സാമൂഹ്യനീതി,

എസ്. എഫ്. ഐ.-ക്കാർ മുതുകത്ത് ചാപ്പ കുത്തിയ സാമൂഹ്യ നീതി; പാവങ്ങളുടെ പെൻഷൻ തടഞ്ഞുവെച്ച സാമൂഹ്യനീതി; കരാളവും കിരാതവും കളളിയിപ്പിക്കുന്ന തുമായ മാർക്സിസ്റ്റു പാർട്ടിയുടെ കാവ്യനീതി, കാട്ടുനീതി. ഈ നീതിമാന്മാരുടെ മുഖത്തിന് ഗോഡ്സെയുടെ മുഖമാണ്, ഗീബൽസിന്റെ മുഖമാണ്, പീലാത്തോസിന്റെ മുഖമാണ്, ഈദി അമീനിന്റെ മുഖമാണ്, ഡ്രാക്കുളയുടെ മുഖമാ ഇത്തിക്കര പക്കിയുടെ മുഖമാണ്. വഞ്ചനയുടെ മുഖം ക്രൂരതയുടെ മുഖം. വർത്തമാനകാല മനുഷ്യന് അനേകം മുഖങ്ങളുണ്ട്. അതിൽ ഏത് മുഖമാണ് ശരിയായ മുഖമെന്ന് തിരിച്ചറിയുവാൻ വയ്യെന്ന് വിഷ്ണുനാരായണൻ നമ്പൂതിരി 'മുഖങ്ങളിലെ' എന്ന കവിതയിൽ ചോദിച്ചിട്ടുണ്ട്. ഇവരുടെ മുഖം ബോംബിന്റെ മുഖമാണ്. തൊമ്മിമാരെ ഭയപ്പെടുത്തുന്ന ഭാസ്കര പട്ടേലർ, 'വിധേയനിലെ' ഭാസ്കര പട്ടേലരുടെ മുഖമാണ്. ഇവർ മുഖംനോക്കാത്തതിന് കണ്ണാടി എറിഞ്ഞുടക്കുകയാണ്. മൂഢൻ, അലസൻ, അത്യാഗ്രഹി, ക്രൂരൻ, ന്യായഹീനൻ എന്നിവർക്ക് അധികാരം നൽകരുതെന്ന് നീതിശാസ്ത്രം പറയുന്നുണ്ട്. നിങ്ങൾക്ക് ഒരാളെ അറിയണമെന്നുണ്ടെങ്കിൽ അയാൾക്ക് പണമോ അധികാരമോ കൊടുത്തു കൊൾകയെന്ന് യവന പുരാണം പറയുന്നുണ്ട്. ഇവർക്ക് അധികാരം കൊടുത്ത് നാം പരീക്ഷിച്ചതാണ്. സി. പി. ഐ. (എം)-ന് ഇപ്പോൾ by-election syndrome ആണ്. 4, 5 ഉപതിരഞ്ഞെടുപ്പുകളിൽ നിങ്ങൾ ജയിച്ചു. പണ്ട് ജില്ലാ കൗൺസിൽ തിരഞ്ഞെടുപ്പ് നടന്നപ്പോൾ 13 ജില്ലകൾ U. D. F-ന് നഷ്ടപ്പെട്ടപ്പോൾ അന്ന് പാർട്ടി സെക്രട്ടറിയായിരുന്ന ശ്രീ. അച്യുതാനന്ദൻ നായനാരോട് പറഞ്ഞു; നിയമസഭ പിരിച്ചുവിട്ട് തിരഞ്ഞെടുപ്പ് നടത്താൻ. മൂന്ന് മാസത്തിനുള്ളിൽ ഐക്യ ജനാധിപത്യ മുന്നണി തിരിച്ചുവന്ന സംസ്ഥാനമാണ് കേരളം എന്നു നിങ്ങൾ മറക്കരുത്. ഇത്രമാത്രം ഭൂരിപക്ഷമുണ്ട്; ഞങ്ങൾ ജയിക്കുമെന്ന് പറയുന്ന നിങ്ങൾ എന്തിനാണ് ഇപ്പോൾ ലീഡറെയും മകനെയും കൂട്ടുന്നത്. സി. പി. ഐ. (എം), ഡി. ഐ. സി. ബന്ധം എന്നു പറഞ്ഞാൽ അത് പ്രകൃതി വിരുദ്ധമാണെന്ന് ഞാൻ പറയുന്നു. കാരണം വർഷങ്ങളായി ഈ രാജ്യത്ത് പരസ്പരം പുലഭ്യം പറഞ്ഞ് നടന്നിരുന്നവരാണ് ഇവർ. D. I. C.-യെ ചതിക്കാമോ? ആനകൊടുത്താലും ആശകൊടുക്കാമോ? താഴെ അഗ്നിയിട്ട് തലകീഴായി കിടന്ന് ശ്വാസം മുട്ടി തപസ്സ് അനുഷ്ഠിച്ച രാമായണത്തിലെ ശംബൂകൻ ഇന്ദ്രപദവി മോഹിച്ചപ്പോൾ ശ്രീരാമൻ ശംബൂകനെ കൊല്ലുകയുണ്ടായി. ഇവിടെ കോൺഗ്രസ്സിൽ എല്ലാ സ്ഥാനവും കൊടുത്ത് അവസാനം ഇന്ദ്ര പദവി മോഹിച്ചാണ് ശ്രീ. മുരളീധരൻ പാർട്ടിയിൽനിന്ന് പുറത്തുപോയത് ഇപ്പോൾ സർപ്പത്തിന്റെ വായിൽ അകപ്പെട്ട തവളയെപ്പോലെയാണ്. സർപ്പം വിശപ്പിനെയോർത്തും തവള വിധിയെ ഓർത്തും കരയുകയാണ് എന്നാണ് ഞാൻ പറയുവാൻ ആഗ്രഹിക്കുന്നത്. അടവുനയം ഉണ്ടാക്കും എന്നാണ് പറയുന്നത്. ശ്രീകണ്ഠേശ്വരം പത്മനാഭ പിള്ളയുടെ ശബ്ദതാരാവലിയിൽ അടവിന് അർത്ഥം കൊടുത്തിരിക്കുന്നത് കപടവിദ്യ എന്നാണ്. ധാരണയായാലും സഖ്യമാക്കാമെന്ന് പിന്നെ ശ്രീ. മുരളീധരൻ മാറ്റി പറഞ്ഞു. കുശ ദർഭ ഞാങ്ങണ മുട്ടിയപക്ഷം വൈക്കോലേ എന്ന ന്യായത്തിൽ ധാരണയുണ്ടാക്കുമോ എന്ന് എനിക്കറിയില്ല. പക്ഷേ ചതിക്കാൻ പാടുണ്ടോ? കദളിവാഴക്കയ്യിലിരുന്ന് കാക്ക വിരുന്നുവിളിക്കുംപോലെ ശ്രീ. എ. കെ. ആന്റണിയുടെ കാലംതൊട്ട് വിരുന്നുവിളിക്കാൻ തുടങ്ങിയതല്ലേ? ഇന്ന് വളരെ

LIBRARY ARCHIVES Kerala Legislative Assembly

ഗതികേടിലാണ്. അവർ ഇന്നല്ലെങ്കിൽ ഒരു പക്ഷെ പ്രിയങ്കാഗാന്ധി വന്നാലെങ്കിലും തിരിച്ചുവരും. ഇപ്പോൾ "തെറ്റായാലും ശരിയായാലും അറിവീലടിയനു ഗുണവും ദോഷവും ആശ്രയം അവിടുന്നേ" എന്നു പറഞ്ഞ് ശ്രീ. പിണറായി വിജയന്റെ കാലിൻ ചുവട്ടിൽ ശീർഷാസനത്തിൽ നിൽക്കുകയാണ്. ശ്രീ. വെളിയം പ്രസംഗിച്ചിട്ട് കാര്യമില്ല, ശ്രീ. പിണറായി വിജയൻ പറയുന്നതാണ് മാർക്സിസ്റ്റ് പാർട്ടിയുടെ തീരുമാനം. രാതിക്കോൻ പറയുന്നതാണ് രാത്ത് എന്നു പറയുന്നതുപോലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ ശ്രീ. പിണറായി പറയുന്നതാണ് രാത്ത്. ശ്രീ. പിണറായി വിജയൻ പറയുന്ന് D. I. C.-ക്ക് വളരെ പിന്തുണയുണ്ടെന്നാണ് ഉഷ്ടകണ്ഠരോജകന്യായം എന്നുപറയുന്ന ഒരു ന്യായമുണ്ട്. അല്പം ഇലയ്ക്കുവേണ്ടി കൂടുതൽ മുള്ള് തിന്നുക. അല്പം വോട്ടിനുവേണ്ടി കഴിഞ്ഞകാലത്ത് തള്ളിപ്പറഞ്ഞവരെ സ്വീകരിക്കുന്ന ഉഷ്ടകണ്ഠരോജക ന്യായമനുസരിച്ച് ശ്രീ. പിണറായി പറയുന്നത് ശരിയാണ്. ശ്രീ. വെളിയം എന്തുപറഞ്ഞാലും നീ എന്റേതല്ല വാവേ.... എന്നു പറഞ്ഞ് ശ്രീ. പിണറായി ശ്രീ. മുരളീധരനെ കൂട്ടാൻ സാധ്യതയുണ്ട്. ശ്രീ. വെളിയം ഭാർഗ്ഗവനും, ശ്രീ. പി. എസ്. സുപാലും സമ്മതിക്കുമോ എന്നെനിക്ക് അറിഞ്ഞുകൂടാ. കാളി നാക്കിലെഴുതിയപ്പോൾ കാളിദാസൻ കവിയായി. ശ്രീ. പിണറായി സ്വീകരിച്ചാൽ ശ്രീ. മുരളി എൽ. ഡി. എഫ്. ആകും. സി. പി. ഐ. (എം)-ൽ ഇപ്പോൾ ആതംഗവാദികളും നാലാം ലോക വാദികളും തമ്മിലുള്ള തെരുവുയുദ്ധമാണ്. ഉസാമാ ബിൻ ലാദനും ബുഷും തമ്മിലുള്ള ശത്രുതയെക്കാൾ ഇന്ന് ശ്രീ. വി. എസ്സും, ശ്രീ. പിണറായി വിജയനും ശത്രുതയിലാണ്. ആദ്യം അദ്ദേഹത്തെ ചീഫ് മിനിസ്റ്ററാക്കിയില്ല. പിന്നെ ചീഫ് എഡിറ്ററാക്കി. ഇപ്പോൾ ചീഫ് എഡിറ്ററുടെ സ്ഥാനത്തുനിന്നും അദ്ദേഹത്തെ കളഞ്ഞിരിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഒരു പ്രതീക്ഷയുമില്ലാത്ത നേതാവായി മാറിയിരിക്കുകയാണ്. ശ്രീ. പിണറായി വിജയൻ മാർച്ച് നടത്തിയപ്പോഴുള്ള സമ്പത്ത് ചെലവഴിച്ചുള്ള പ്രചരണങ്ങൾ കണ്ടപ്പോൾ അദ്ദേഹത്തെ ശ്രീ. പിണറായി എന്നല്ല പണറായി എന്നു പറയാനാണ് കേരളത്തിലെ ജനങ്ങൾക്ക് തോന്നിയത്.

നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ഈ സഭയിൽ അതേക്കുറിച്ച് ചർച്ച നടത്തിയപ്പോൾ ബാക്ക്ലോഗിനെപ്പറ്റി ഒരക്ഷരം പറയാത്തവർ Rules of Pocedure ഭേദഗതി ചെയ്ത് അഞ്ചിലെട്ടി റാങ്ക് ലിസ്റ്റിൽ എണ്ണം വർദ്ധിപ്പിക്കുവാൻ ശ്രമിച്ചാൽ, ഇന്നത്തെ പ്രതിപക്ഷ നേതാവും അതുപോലെ പി. എസ്. സി. ചെയർമാനും ഒരേ സ്വരത്തിലാണ് എതിർത്ത് സംസാരിക്കുന്നത്. എന്തിനേറെ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടും രാജ്യത്തെ ഭരണവുമൊക്കെ നിയന്ത്രിക്കുന്നത് രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ആണ് എന്ന് നമുക്കറിയാം. സ്വന്തം പാർട്ടിയുടെ പോളിറ്റ് ബ്യൂറോയിൽ മതന്യൂനപക്ഷത്തിൽപ്പെട്ട മുസ്ലീങ്ങളെ ഇതുവരെ എടുക്കാത്തവരാണ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുമ്പോൾ അപരാധം പറയുന്നത്. ഒരു പോളിറ്റ് ബ്യൂറോ മെമ്പറായി മതന്യൂനപക്ഷത്തിൽപ്പെട്ട ഒരാളെ ഇക്കണ്ട കാലംവരെ ഇവർ എടുത്തിട്ടുണ്ടോ? അതുപോലെ ഇറാൻ പ്രശ്നം. മുസ്ലീങ്ങൾ ഹജ്ജിനുപോകുന്ന

LIBRARY ARCHIVES Kerala Legislative Assembly

മക്കയും മദീനയും ഉൾക്കൊള്ളുന്ന സൗദി അറേബ്യ ഇന്ത്യക്കൊപ്പം വോട്ട് ചെയ്തു. കമ്മ്യൂണിസ്റ്റ് ചൈന ഇന്ത്യക്കൊപ്പം വോട്ട് ചെയ്തു. ഇവിടെ രക്ഷാസമിതിക്ക് റഫർ ചെയ്യണമെന്നു പറഞ്ഞത്, കഴിഞ്ഞ തവണ അത് ഒരു അനുനയത്തിനുവേണ്ടി നീട്ടിവെപ്പിച്ചത് ഇന്ത്യയാണ്. ഇപ്പോഴും മാർച്ച് മാസം ആദ്യവാരം വരെ ഇനിയും അനുനയത്തിന് അവസരമുണ്ടാക്കി ഇറാനെ സഹായിച്ചത് ഇന്ത്യയാണ്. ഇവിടെ കമ്മ്യൂണിസ്റ്റ് ചൈനയ്ക്ക് ഇല്ലാത്ത ആവേശം അതുപോലെതന്നെ ഇവിടെ റഷ്യക്കില്ലാത്ത ആവേശം, സൗദി അറേബ്യക്കില്ലാത്ത ആവേശം മാർക്സിസ്റ്റ് പാർട്ടിക്ക് ഉണ്ടാകുന്നത് നല്ല ഉദ്ദേശത്തോടുകൂടിയല്ല. ഇറാനും മാർക്സിസ്റ്റു പാർട്ടിയും തമ്മിൽ എന്താണ് ബന്ധം? ഇന്ത്യയിൽതന്നെ ബംഗാളും, ത്രിപുരയും കേരളവുമാണ് മാർക്സിസ്റ്റു കേന്ദ്രങ്ങൾ. ബാക്കി ഹിന്ദി ന്യൂസ് വായനക്കാരി പറയുന്നതുപോലെ ശൂന്യ, ശൂന്യ, ശൂന്യ........................ ഈ പാർട്ടി ഇറാന്റെ കാര്യത്തിൽ ചൈനയ്ക്കും റഷ്യക്കും ഇല്ലാത്ത താല്പര്യം എന്തിനു പ്രകടിപ്പിക്കുന്നു. ഞാൻ വേഗം നിർത്താം. ധനവിനിയോഗത്തെക്കുറിച്ച് ഭർതൃഹരിയുടെ ഒരു ശ്ലോകമുണ്ട്. അതിൽ പറയുന്നത് ആവശ്യത്തിൽ കൂടുതൽ സമ്പാദിച്ച് കൂട്ടുക; വേണ്ടവിധം വിനിയോഗിക്കാതെ ഇരിക്കുക. എന്നാൽ അവൻ മുടിയുമെന്നാണ്. ഈ ഗവൺമെന്റിന്റെ സാമ്പത്തിക മാനേജ്മെന്റ് ഈ ഭർതൃഹരിയുടെ ശ്ലോകം മനസ്സിലാക്കിക്കൊണ്ടാണ് നടപ്പിലാക്കിയത്. അല്പനേരത്തേയ്ക്കാണെങ്കിലും കുന്തിരിക്കപ്പൊതം പോലെ നിങ്ങൾ ജ്വലിക്കണമെന്ന് മഹാഭാരതയുദ്ധത്തിനുമുമ്പ് പാണ്ഡവന്മാരോട് കുന്തി പറയുകയുണ്ടായി. ഭരണം കിട്ടിയോ ഇല്ലയോ എന്നുള്ളതിനേക്കാൾ ഭരിക്കുന്ന കാലത്ത് കുന്തിരിക്കപ്പൊതംപോലെ ജ്വലിക്കുന്നവരാണ് ഉമ്മൻചാണ്ടിയും മന്ത്രിമാരും. നാക്ക് നിങ്ങൾ നശിപ്പിക്കരുത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. നായനാരുടെ ഭരണകാലത്ത് നടത്തിയ വിദേശയാത്രയെക്കുറിച്ച് ഓർമ്മിച്ചുവേണം ബഹുമാനപ്പെട്ട ടി. എം. ജേക്കബ് ഇവിടെ വിദേശയാത്രയെക്കുറിച്ച് ചോദിക്കാൻ. ഇവിടത്തെ സാമ്പത്തിക മാനേജ്മെന്റ് ബഹുമാനപ്പെട്ട ശങ്കരനാരായണന്റെ നേതൃത്വത്തിൽ ഞങ്ങൾ കാര്യക്ഷമമാക്കി. ഇപ്പോൾ ശ്രീ. വക്കം പുരുഷോത്തമനും അതിന് നേതൃത്വം കൊടുക്കുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞു. ഞങ്ങൾ ചെലവ് ചുരുക്കിയെന്ന്, നിങ്ങൾ ചെലവ് ചുരുക്കിയിട്ടില്ല. പിന്നെ നിങ്ങൾ എന്തു കാര്യമാണ് ഇവിടെ ചെയ്തത്. ഒരു ഡ്രൈവർക്ക് ഡീസൽ ലാഭിച്ചതിന് അവാർഡ് കിട്ടി. അപ്പോൾ ഡ്രൈവറോട് പത്രക്കാർ ചോദിച്ചു. എന്താണ് ഇതിന്റെ രഹസ്യമെന്ന്? അപ്പോൾ ഡ്രൈവർ പറഞ്ഞു ബ്രേക്ക് ഡൗൺ ആണെന്ന് പറഞ്ഞ് ഞാൻ ഇടയ്ക്കിടയ്ക്ക് തള്ളിക്കും. അതാണ് ഇതിന്റെ രഹസ്യമെന്ന്. നിങ്ങളുടെ ഭരണം ബ്രേക്ക് ഡൗൺ ആയി പലപ്പോഴും വഴിയിൽ കിടന്നു- ഒരു കാര്യവും ചെയ്യാതെ. തൊട്ടതെല്ലാം പൊന്നാക്കുന്നവരെക്കുറിച്ച് കേട്ടിട്ടുണ്ട്. തൊട്ടതെല്ലാം കുളമാക്കുന്ന ഒരു പ്രതിപക്ഷ നേതാവിനെക്കുറിച്ച് നമ്മൾ കേട്ടത് ശ്രീ. വി. എസ്. അച്ചുതാനന്ദൻ പ്രതിപക്ഷ നേതാവായപ്പോഴാണ്. ജെ. എൻ. യു. ബ്രാന്റ് ബുദ്ധിജീവികൾ അംബാസിഡറിൽനിന്ന് ബെൻസിലേയ്ക്കും തെരുവ് നാടകത്തിൽനിന്ന് രുദ്രവീണയിലേയ്ക്കും പടയണിയിൽനിന്ന് പണ്ഡിറ്റ് രവിശങ്കറിലേയ്ക്കും മാറി. ജീർണ്ണതയുടെ പൂപ്പൽ വീണ് നശിച്ചുകൊണ്ടിരിക്കുന്ന നിങ്ങൾക്കെതിരെ, ഈ നാട്ടിലെ ജനങ്ങളെ വഞ്ചിച്ചതിന് വടക്കേ ഇൻഡ്യാക്കാർ

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത് പോലെ ഇൻഡ്യൻ ശിക്ഷാ നിയമം 420 (ചാർസൊബീസ്) അനുസരിച്ച് കേസ് എടുക്കണമെന്ന് പറയുകയാണ്. ഇവർ അനങ്ങിയാൽ പറയും ബി. ജെ. പി./ആർ. എസ്. എസ്.-കോൺഗ്രസ്സ്-ലീഗ് ബന്ധമെന്ന്. രാജീവ് ഗാന്ധിയെ താഴെയിറക്കി ഇവർ കൊണ്ടുവന്ന ശ്രീ. ദേവഗൗഡ സ്വന്തം മകൻ ശ്രീ. കുമാരസ്വാമിയെ ഉപയോഗിച്ച് ചരിത്രത്തിലാദ്യമായി ദക്ഷിണേന്ത്യയിൽ ബി. ജെ. പി.ക്ക് ഭരിക്കാൻ അവസരമുണ്ടാക്കിക്കൊടുത്തു. ഇവർ മുസ്ലീം പ്രേമം നടിക്കുകയാണ്. രണ്ട് അംഗങ്ങളുള്ള ഇന്ത്യൻ പാർലമെന്റിൽ ബി. ജെ. പി.-ക്ക് അധികാരം ഏൽപ്പിച്ചുകൊടുത്തത് ഇവരാണ്. ഭീഷ്മരെ കൊല്ലാൻ ശിഖണ്ഡിയെ മുന്നിൽ നിർത്തിയതുപോലെ തിരുവനന്തപുരം ഉപതിരഞ്ഞെടുപ്പിൽ ആർ. എസ്. എസ്സ്.-മായി കൂട്ടുചേർന്ന് ഞങ്ങളുടെ സ്ഥാനാർത്ഥി ശ്രീ. വി. എസ്. ശിവകുമാറിനെ തോൽപ്പിച്ചത് നിങ്ങളാണ്. ഞങ്ങൾ ഭരിച്ചപ്പോൾ ഇവിടെ ക്ഷാമമില്ല. ക്ഷാമം ഇല്ലാത്തതുകൊണ്ട്, ഇവിടെ ഇഷ്ടംപോലെ ഭക്ഷണം കിട്ടിയതുകൊണ്ട് ആ വറ്റ് വെലങ്ങത്തിൽ കുത്തിയതുകൊണ്ടാണ് ഇവർക്ക് സമരം നടത്താനുള്ള ഊർജ്ജം കിട്ടുന്നത് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ പറഞ്ഞു ബംഗാളിൽ നല്ല ഭരണമാണെന്ന്. ബംഗാൾ മോഡൽ ഭരണം ഇവിടെ വേണമെന്ന്. ശ്രീ. കെ. എൻ. എ. ഖാദർ മിനിഞ്ഞാന്ന് പറഞ്ഞു. അവിടെ നിന്ന് തൊഴിലാളികൾ പകുതി കൂലിക്ക് ഇവിടെ വരുന്നുവെന്ന്. അവിടെ സുഭിക്ഷമാണെങ്കിൽ എനിക്ക് ഒരു അഭിപ്രായമുണ്ട്. ശ്രീ. വി. എസ്. അടക്കമുള്ളവർ ബംഗാളിലേക്ക് പോകുന്നത് നല്ലതാണ്. ശ്രീ. ബുദ്ധദേവ് ബട്ടാചാര്യ സമ്മതിക്കുമെങ്കിൽ കണ്ണൂർക്കാരനായ ശ്രീ. ഇ. പി. ജയരാജനെ തൃശ്ശൂർ ജില്ലാ സെക്രട്ടറിയാക്കിയതുപോലെ ബംഗാളിന്റെ മുഖ്യമന്ത്രിയാക്കുന്നതിനെക്കുറിച്ചും ആലോചിക്കാവുന്നതാണ്. കേരളത്തിൽ അത് നടപ്പാകാൻ പോകുന്നില്ല. അടുത്ത ഭരണം കിട്ടുമെന്നുള്ളത് നിങ്ങളുടെ ചിന്ന ചിന്ന ആശയാണ്. അത് നടക്കാൻ പോകുന്നില്ല. ഗോലിയാത്തിനെ വെല്ലുവിളിച്ച ദാവീദിനെപ്പോലെ ഇവരെ വെല്ലുവിളിക്കാനുള്ള ആയിരക്കണക്കിന് യുവാക്കളുടെ പട യു. ഡി. എഫ്.-ൽ ഒരുങ്ങിവരുന്നുണ്ട്. നിങ്ങളുടെ സ്വപ്നം ഞങ്ങൾ തകർക്കും. നിങ്ങളുടെ കാപട്യത്തിന്റെ വെള്ളപൂശിയ ശവക്കല്ലറകളിൽ, രാഷ്ട്രീയ കാപട്യത്തിന്റെ കുഴിമാടങ്ങളിൽ ഞങ്ങൾ വിജയക്കൊടി നാട്ടി റീത്ത് വെയ്ക്കും. കക്കാടിന്റെ 'സഫലമീയാത്രയിൽ' 'കാലം ഇനിയും ഉരുളും. വിഷുവരും, വർഷം വരും തിരുവോണം വരും, ഓരോ തളിരിനും പൂവ് വരും. കായ്‌വരും' അപ്പോൾ ആരെന്നും എന്തെന്നും ആർക്ക് അറിയാം. അതുകൊണ്ട് ഞങ്ങൾ ജയിക്കുമെന്നു പറഞ്ഞ് ജനാധിപത്യത്തെ പരിഹസിക്കരുത്. ടി. വി. തോമസ് പണ്ട് ഈ സഭയിൽ പറഞ്ഞതുപോലെ, ശ്രീ. എം. എം. ഹസ്സൻ ഇന്നലെ പറഞ്ഞതുപോലെ നമുക്ക് കുരുക്ഷേത്രത്തിൽവെച്ച് കാണാമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ പിന്താങ്ങുന്നു.

<u>ഡോ: എ. നീലലോഹിതദാസൻ നാടാർ</u>: സർ, നന്ദി പ്രമേയത്തെ ഞാൻ എതിർക്കുന്നു. ഐക്യ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്നതിനുശേഷമുള്ള നയപ്രഖ്യാപന ഗവർണ്ണറുടെ പ്രസംഗങ്ങളിൽ ആറാമത്തേതാണ് ഇത്. ഈ ആറ്

LIBRARY ARCHIVES Kerala Legislative Assembly

പ്രസംഗങ്ങളും പരിശോധിച്ചാൽ പ്രഖ്യാപനത്തിൽ പലതും കാണാം. ആ പ്രഖ്യാപനങ്ങൾ എല്ലാം തന്നെ വെറും പ്രഖ്യാപനങ്ങളായി നിലകൊള്ളുകയും പിന്നീട് തട്ടിപ്പുകളായി മാറുകയും ചെയ്തിട്ടുണ്ട്. അങ്ങനെ തട്ടിപ്പുകൾ മാത്രം പ്രഖ്യാപനങ്ങളിലൂടെ നടത്തി കൊണ്ടിരിക്കുന്ന ഒരു ഗവൺമെന്റാണ് ഭരിക്കുന്നത്. ഈ സർക്കാരിന്റെ അവസാനത്തെ തട്ടിപ്പാണ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ പേരിൽ ഉണ്ടാക്കി എന്നുപറയുന്ന സമവായം. എന്താണ് അതിന്റെ പശ്ചാത്തലം? 2001-ലെ തിരഞ്ഞെടുപ്പിൽ ഐക്യ ജനാധിപത്യ മുന്നണിയുടെ പ്രകടനപത്രികയിൽ പറഞ്ഞു നിയമസഭയുടെ പിന്നാക്ക സമുദായ ക്ഷേമ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നാക്ക സമുദായങ്ങൾക്ക് സംവരണ ക്വാട്ടയിൽ ഉണ്ടായിട്ടുള്ള കുറവ് നികത്താനുള്ള നടപടികൾ സ്വീകരിക്കും, സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തും എന്ന്. നിയമസഭ നിലവിൽ വന്ന ശേഷം ഈ നിയമസഭയുടെ ആദ്യ സമ്മേളനത്തിൽ സംവരണം സംബന്ധിച്ച ഒരു ചോദ്യത്തിന് അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി മറുപടി പറയുകയുണ്ടായി. അപ്പോൾ ഞാൻ അദ്ദേഹത്തോട് ഒരു ഉപചോദ്യം ചോദിച്ചു നിങ്ങളുടെ പ്രകടന പത്രികയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി പിന്നാക്ക സമുദായങ്ങളുടെ സംവരണ കാര്യത്തിൽ ഉണ്ടായിട്ടുള്ള കുറവ് നികത്തുമെന്ന് പറഞ്ഞിട്ടുണ്ട്; എന്ത് നടപടി സ്വീകരിക്കാൻ പോകുന്നു എന്ന്. അന്ന് അദ്ദേഹം പറഞ്ഞു, നരേന്ദ്രൻ കമ്മീഷൻ ഇക്കാര്യങ്ങൾ പഠിച്ചുകൊണ്ടിരിക്കുകയാണ്. ആ റിപ്പോർട്ട് കിട്ടിയാൽ നടപടി സ്വീകരിക്കുമെന്ന്. അങ്ങനെയാണ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടും സ്പെഷ്യൽ റിക്രൂട്ട്മെന്റും പരസ്പരം ബന്ധപ്പെട്ട് വന്നത്. പിന്നാക്ക സമുദായങ്ങൾക്ക് ഏതാണ്ട് 20,000 തസ്തികകളിൽ കുറവ് ഉണ്ടായിട്ടുണ്ട്. എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ മുസ്ലീം സമുദായത്തിനും ശതമാനത്തിന്റെ അടിസ്ഥാനത്തിൽ ലത്തീൻ കത്തോലിക്ക വിഭാഗത്തിനും ദളിത് ക്രൈസ്തവർ, നാടാർ, ധീവര വിശ്വകർമ്മ തുടങ്ങിയ സമുദായങ്ങൾക്കും സംവരണത്തിൽ ഉണ്ടായ കുറവ് നികത്താൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താതെ എന്ത് സമവായമാണ് ഇവിടെ ഉണ്ടാക്കിയിരിക്കുന്നത്? ഇവിടെ രണ്ട് തവണ ചർച്ച ചെയ്തു. ഒന്ന്, ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ അവതരിപ്പിച്ച സ്വകാര്യ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ ചർച്ചയും മറ്റൊന്ന് ഗവൺമെന്റ് തന്നെ ഇനിഷ്യേറ്റ് ചെയ്ത് നടത്തിയ ഒരു ചർച്ചയും ഈ രണ്ട് ചർച്ചകളിലും സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണമെന്ന് ശക്തമായി ആവശ്യപ്പെടുകയുണ്ടായി. ഞാനും ജെ. എസ്. എസ്സി-ന്റെ പ്രതിനിധി ശ്രീ. എ. എൻ. രാജൻ ബാബുവും ഈ ആവശ്യം ഉന്നയിച്ചതാണ്. ഞങ്ങളുമായി ചർച്ചചെയ്യാതെ എന്ത് സമവായം; ആരുമായി ചർച്ച ചെയ്താണ് ഉണ്ടാക്കിയിരിക്കുന്നത്? നിയമസഭയുടെ പിന്നാക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതിയിൽ ഈ ആവശ്യം ഉന്നയിച്ചു. അത് ഈ സഭയുടെ മൊത്തം ആവശ്യമായി കണക്കാക്കേണ്ടതാണ്. അങ്ങനെ അല്ലാതെ ഉണ്ടാക്കിയ ഈ സമവായവും അതിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ പുറപ്പെടുവിച്ചു എന്നു പറയുന്ന ആ ഉത്തരവും ഉത്തരവ് അല്ല. 2-2-2006-ൽ ഇതുസംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് എന്റെ കയ്യിലുണ്ട്. ഞാൻ തന്നെ ചോദിച്ച ചോദ്യത്തിന് മറുപടിയായി മേശപ്പുറത്ത്

LIBRARY ARCHIVES Kerala Legislative Assembly

വച്ചതാണ്. ആ ഉത്തരവ് വായിച്ചാൽ അറിയാം ഇത് ഉത്തരവല്ല വെറും തട്ടിപ്പാണ്, പ്രഖ്യാപനമാണ് എന്ന്. സ്പെഷ്യൽ റിക്രൂട്ട്മെന്റിനെക്കുറിച്ച് ഒരു പരാമർശവും ഇല്ല. പിന്നോക്ക സമുദായങ്ങൾക്ക് സംഭവിച്ച കുറവ് കുറവായി തന്നെ നിൽക്കുമെന്നാണ്. പിന്നെ വിദ്യാഭ്യാസ ആനുകൂല്യങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ആ പാരഗ്രാഫിൽ ഗവൺമെന്റ് കോളേജുകളിൽ ഡിഗ്രി/പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകളിലെ പ്രവേശനത്തിന് പിന്നോക്ക സമുദായങ്ങൾക്ക് 20% സീറ്റ് സംവരണം ചെയ്യുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ സമുദായങ്ങൾക്ക് നിലവിലുള്ള 20% സംവരണം തുടരും. മുന്നോക്ക സമുദായങ്ങളിലെ ദാരിദ്രരേഖക്ക് താഴെയുള്ളവർക്ക് 10% സീറ്റ് നീക്കിവെക്കുന്നതുമാണ് എന്നാണ് പറഞ്ഞിരിക്കുന്നത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ മുന്നോക്ക സമുദായങ്ങളിൽ മാത്രമേയുള്ളുവോ? പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരില്ലേ? പിന്നോക്ക സമുദായങ്ങളിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ ഇല്ലേ? അപ്പോൾ സാമ്പത്തിക പിന്നോക്കാവസ്ഥയുടെ അടിസ്ഥാനത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെന്ന് കണക്കാക്കി 10% സീറ്റ് സംവരണം ചെയ്യുമ്പോൾ അവരെ ഉൾപ്പെടുത്തണ്ടേ? ബഹുമാനപ്പെട്ട വക്കം പുരുഷോത്തമനും ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീറും ശ്രീമതി ഗൗരിയമ്മയും ഉൾപ്പെട്ട ഒരു മന്ത്രിസഭ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ കാര്യം പരിഗണിച്ചപ്പോൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പിന്നോക്കക്കാരേയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി/പട്ടികവർഗ്ഗക്കാരെയും എന്തുകൊണ്ട് പരിഗണിച്ചില്ല? അവരേയും ഇക്കൂട്ടത്തിൽ ഉൾപ്പെടുത്തണ്ടേ? അതാണ് ഞാൻ പറഞ്ഞത് കാര്യങ്ങൾ വേണ്ടത്ര പരിശോധിക്കാതെ വരുന്ന തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു തട്ടിപ്പ് മാത്രമാണ് ഈ സംവരണ സമ്പ്രദായം. ഇത് പുനഃപരിശോധനയ്ക്ക് വിധേയമാക്കുകയും കുറവ് പരിഹരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സംവരണം നൽകുമ്പോൾ മറ്റ് സമുദായങ്ങളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിദ്യാർഥികളേയും കൂടി അതിൽ ഉൾപ്പെടുത്തണം അതുപോലെ ഭരണ നവീകരണത്തെ കുറിച്ച് ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന കാലം മുതൽ പറഞ്ഞുകൊണ്ടിരിക്കുന്നു. എല്ലാത്തവണയും ഗവർണ്ണറുടെ പ്രസംഗത്തിൽ പറയും. ഇപ്പോഴും പറഞ്ഞിട്ടുണ്ട്. എന്ത് ഭരണ നവീകരണമാണ് കഴിഞ്ഞ നാലഞ്ച് വർഷക്കാലം ഇവിടെ നടപ്പാക്കിയത്? അംഗൻവാടികളിൽ ചില സൗകര്യങ്ങളുണ്ടാക്കാനും സ്കൂളുകളിൽ ചില സൗകര്യങ്ങളുണ്ടാക്കാനും ഭരണനവീകരണം വേണമോ? അതിന് എ. ഡി. ബി. വായ്പ വേണമോ? ഭരണ നവീകരണം എന്നുപറയുന്നത് ഒരു ശുദ്ധ തട്ടിപ്പായിരുന്നു. കഴിഞ്ഞ പത്തുപതിനഞ്ച് വർഷക്കാലമായി കേരളത്തിൽ നടന്നിട്ടുള്ള കൺസൾട്ടൻസി ഏർപ്പാട് പരിശോധിച്ചാൽ നമ്മുടെ ഭരണ സിരാകേന്ദ്രത്തിന്റെ ഇടനാഴികകളിൽ ഒരു കൺസൾട്ടൻസി മാഫിയ രൂപപ്പെട്ടിട്ടുണ്ടെന്നും ആ കൺസൾട്ടൻസി മാഫിയയ്ക്ക് ചില ഉന്നതരായ ഐ. 'എ. എസ്. ഉദ്യോഗസ്ഥർ നേതൃത്വം നൽകുകയുണ്ടായി എന്നും കാണാൻ കഴിയും. അതിനെക്കുറിച്ച് അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകണം.

2/286/12-27

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അത് ഈ സഭയുടെ അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവർ ഗൗരവമായി കാണണം. കടം വാങ്ങുന്ന കാശ് കൺസൾട്ടൻസി ഏർപ്പാടുകളിൽ ചില ആളുകളുടെ പോക്കറ്റിലേയ്ക്ക് പോകുന്ന അവസ്ഥാ വിശേഷമാണ് നിങ്ങളുടെ ഭരണ നവീകരണം. അതല്ലാതെ മറ്റൊന്നുമല്ലെന്ന് എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടെ കഴിഞ്ഞ 5 വർഷക്കാലമായി നിങ്ങൾ നടത്തിയ പ്രഖ്യാപനങ്ങൾ, 'ജിം' വളരെയധികം പ്രതീക്ഷയുയർത്തികൊണ്ട് നിങ്ങൾ ശ്രമിച്ച കാര്യമാണ്. ആ പ്രഖ്യാപനങ്ങളിൽ എന്തെങ്കിലും നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ? അതുപോലെ ഇവിടെ 15 ലക്ഷം ആളുകൾക്ക് തൊഴിൽ കൊടുക്കുമെന്ന് പറഞ്ഞു നിങ്ങൾ അധികാരത്തിൽ വന്നു. പുതിയതായി തൊഴിൽ കൊടുക്കുന്ന എന്തെങ്കിലും പദ്ധതിക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഗ്രാമീണ തൊഴിൽ മേഖലയിലും പരമ്പരാഗത തൊഴിൽ മേഖലയിലും തൊഴിൽ ഇല്ലാതെയായി. ലക്ഷോപലക്ഷം ആളുകളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ? എറണാകുളം കഴിഞ്ഞാൽ പിന്നെയുള്ള വ്യവസായ മേഖലയായി ഉയർന്നു വന്നിട്ടുള്ളത് കഞ്ചിക്കോട് വ്യവസായ മേഖലയാണ്. ആ വ്യവസായ മേഖലയിൽ എത്ര സ്ഥാപനങ്ങൾ പൂട്ടിക്കിടക്കുന്നു? ആ പ്രശ്നങ്ങൾ ചർച്ച ചെയ്ത് ഒരു സമവായം കണ്ടെത്തി. അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ? എല്ലാ രംഗത്തും പരാജയം മാത്രം കാഴ്ചവെച്ച, എല്ലാ രംഗത്തും തട്ടിപ്പുകൾ മാത്രം നടത്തി വരുന്ന ഗവൺമെന്റിനുവേണ്ടി കൊണ്ടുവന്ന നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഈ നയ പ്രഖ്യാപനത്തെയും അതിനുള്ള നന്ദി പ്രമേയത്തെയും അനുകൂലിക്കുകയാണ്. ഇവിടെ അപ്പുറത്ത് നിന്ന് പ്രസംഗിച്ചു കൊണ്ടിരിക്കുന്നത് ഈ ഗവൺമെന്റിന്റെ പെർഫോമൻസിനെക്കുറിച്ചാണ്. ഈ ഗവൺമെന്റിന്റെ പെർഫോമൻസ് മോശമാണെന്നുണ്ടെങ്കിൽ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ അവസാനകാലത്തെക്കുറിച്ച് നമ്മൾ ഒന്ന് ഓർത്താൽ മതി. ഇവിടെ ബഹുമാന്യനായ ധനകാര്യമന്ത്രി പ്രസംഗിക്കാനുള്ളതുകൊണ്ട് ഞാൻ സ്റ്റാറ്റിസ്റ്റിക്സൊന്നും പറയുന്നില്ല. അന്നത്തെ ധനകാര്യമന്ത്രി ശ്രീ. ടി. ശിവദാസമേനോൻ ഈ സഭയിൽ ഇരുന്ന ഇരുപ്പും ഞങ്ങൾ പ്രതിപക്ഷത്ത് ഇരുന്ന് അന്നത്തെ സാമ്പത്തിക സ്ഥിതിയെ വിലയിരുത്തിയിരുന്ന ആ ഘട്ടവും ഞാൻ ഇവിടെയിരുന്ന് ഒന്ന് ആലോചിച്ചു പോയി. യാതൊരു നിലയിലും അന്നത്തെ വർത്തമാനം ഇപ്പോൾ ഇല്ല. അന്നത്തെ ആ ഭാവം ഇപ്പോൾ ഇല്ല. അന്നത്തെ പരാധീനത ഇപ്പോൾ ഇല്ല. അന്നത്തെ പ്രശ്നം ഇപ്പോൾ ഇല്ല. വഴിയെ പോകുന്ന വല്ലവനും ഉണ്ടെങ്കിൽ ഇന്ന് വൈകുന്നേരം ശമ്പളം കൊടുക്കാൻ അവന്റെ മടിശീലയിൽ വല്ലതും ഉണ്ടോ എന്ന് ശ്രീ. ശിവദാസമേനോന് ഇറങ്ങിതപ്പി നോക്കേണ്ട സ്ഥിതിയായിരുന്നു അന്നുണ്ടായിരുന്നത്. സത്യസന്ധമായി വിലയിരുത്തണമെങ്കിൽ ഒന്ന് കമ്പയർ ചെയ്ത് നോക്കിയാൽ അറിയാം. ഞങ്ങളുടെ ഭരണകാലത്ത് ഞങ്ങൾ എന്താണ് ചെയ്തത്? നിങ്ങളുടെ കാലത്ത് എല്ലാം

LIBRARY ARCHIVES Kerala Legislative Assembly

മുടങ്ങി കിടക്കുകയായിരുന്നു. ഞാൻ ഒരു ഉദാഹരണം പറയാം. ഹഡ്കോയിൽ നിന്നുള്ള ലോണുകൾ മുഴുവൻ മുടങ്ങിക്കിടക്കുകയായിരുന്നല്ലോ. സകല ബാങ്കിൽ നിന്നും കടം വാങ്ങി, നാട്ടിൽ പാടെ പൊളിഞ്ഞ ആളുകൾ വട്ടി പലിശക്ക് പണം വാങ്ങുന്നതുപോലെ ആ അവസ്ഥയായിരുന്നു. നിങ്ങൾ ഇപ്പോൾ പറയുന്നു ഈ ഗവൺമെന്റ് മുപ്പറുക്കുന്നു എന്ന്. എന്തെങ്കിലും അനാവശ്യ സാമ്പത്തിക ചെലവുണ്ടാക്കാൻ വേണ്ടി ഈ ഗവൺമെന്റ് എന്തെങ്കിലും ചെയ്യുന്നുണ്ടോ? ഞങ്ങൾക്ക് എന്താ എയ്ഡഡ് സ്കൂൾ കൊടുക്കാൻ പാടില്ലേ? മുസ്ലീം ലീഗിന്റെ കൈയിലാണ് വിദ്യാഭ്യാസ വകുപ്പ് കാലാകാലങ്ങളായി നോക്കുകയാണെങ്കിൽ വിദ്യാഭ്യാസ വകുപ്പ് മുസ്ലീം ലീഗ് കൈകാര്യം ചെയ്തപ്പോൾ എയ്ഡഡ് സ്കൂളുകൾ അനുവദിക്കുന്നതിൽ പൊളിറ്റിക്കൽ താല്പര്യമാണ് നോക്കിയത്. സത്യം പറഞ്ഞാൽ ഗവൺമെന്റ് സ്കൂളുകൾ മലബാറിൽ എല്ലായിടത്തും ഇല്ല. അത് എയ്ഡഡ് സ്കൂളുകൾ കൊടുത്തതുകൊണ്ട് കാര്യമില്ല. എയ്ഡഡ് സ്കൂളുകൾ കൊടുക്കണം. ഒറ്റ സ്കൂൾ കൊടുക്കാൻ ഞങ്ങൾ സമ്മർദ്ദം ചെലുത്തിയോ? രാജ്യത്തിന്റെ താല്പര്യം നോക്കിയിട്ടാണ് ചെയ്തിരുന്നത്. അല്ലാതെ അനുവദിച്ചാൽ ഭയങ്കരമായിട്ടുള്ള സാമ്പത്തിക കമ്മിറ്റ്മെന്റ് വരും. നിങ്ങൾ ചെയ്തുവെച്ചത് എന്താണ്? അഞ്ചുകൊല്ലത്തെ ഭരണം അവസാനിക്കാറായപ്പോൾ പ്ലസ് ടു സ്കൂളുകൾ ധാരാളം അനുവദിച്ചു. ഇതിന്റെ സാമ്പത്തിക ബാദ്ധ്യത എത്രയാണ്? കടം വർദ്ധിച്ചു എന്നു പറയുന്നുണ്ട്. യു. ഡി. എഫ്. ഗവൺമെന്റ് എത്ര അവധാനപൂർവ്വമാണ് പ്രവർത്തിക്കുന്നത്; ഈ സ്റ്റേറ്റിന്റെ താല്പര്യം നോക്കിയാണ് ഞങ്ങൾ പ്രവർത്തിക്കുന്നത്. ഇപ്പോഴും ഞങ്ങൾ ഒറ്റ സ്ഥാപനത്തിനും പ്ലസ് ടു വി-ന്റെ ഒരു ബാച്ച് പോലും കൊടുക്കാൻ ശ്രമിക്കുന്നില്ല. വേണമെങ്കിൽകൊടുത്തുകൂടെ? കൊടുക്കാത്തതിന്റെ കാരണം, ഇവിടെ സ്വാശ്രയം മതിയെന്ന് ഞങ്ങൾ തീരുമാനിച്ചത് സ്റ്റേറ്റിന്റെ താല്പര്യം പരിഗണിച്ചാണ്. സ്വാശ്രയ സമ്പ്രദായം വളരെ നന്നായി വരുമായിരുന്നു. 'ജിം'-ന്റെ കാര്യത്തിലും, അതുപോലെതന്നെ മെഡിക്കൽ കോളേജുകളും എഞ്ചിനീയറിംഗ് കോളേജുകളും, എല്ലാ മേഖലയിലും നല്ല പുരോഗതിയുണ്ടാകും. നഴ്സിംഗിന് ലോകത്തുള്ള മാർക്കറ്റ് എന്താണ്? നമ്മുടെ കുട്ടികൾ മുഴുവൻ രക്ഷപ്പെട്ടു പോകുന്ന സ്ഥിതിയായിരുന്നു. നിങ്ങൾ ആവശ്യമില്ലാതെ ബഹളം ഉണ്ടാക്കി, പ്രക്ഷോഭം ഉണ്ടാക്കി. ഇവിടെ ഇലക്ഷൻ മാറിമാറി വരും, സീറ്റിന്റെ എണ്ണത്തിൽ കൂടുതലും കുറവും വരും. അതൊക്കെ സാധാരണമാണ്. ഭരിക്കുന്ന ആളുകൾക്കെതിരെ കാമ്പയിൻ നടത്താൻ എളുപ്പമാണ്. അങ്ങനെ വരുമ്പോൾ പ്രതിപക്ഷത്തുള്ള ആളുകൾക്ക് സീറ്റ് വർദ്ധിക്കും. ഭരണ കക്ഷിയിൽ ആളുകൾ കുറയും. അതൊക്കെ ഇവിടെ സാധാരണമാണ്. 40 ആളല്ലേ പ്രതിപക്ഷത്ത് ഉള്ളൂ. 100 സീറ്റ് കൊണ്ടല്ലേ ഞങ്ങൾ വന്നത്. വൻ വിജയമാണ് ഉണ്ടായത്.. അതുപോലെ കഴിഞ്ഞ അസംബ്ലി ഇലക്ഷന്റെ റിസൽട്ടിന്റെ സ്ഥിതി എന്തായിരുന്നു? സി. പി. ഐ-ക്ക് എത്ര സീറ്റാണ് കിട്ടിയത്? പൊളിറ്റിക്കലായിട്ടുള്ള തിരിച്ചടിയൊക്കെയുണ്ടാകും. തോൽവി അപ്പുറത്തും ഇപ്പുറത്തും ഉണ്ടാകും. പക്ഷെ ശരി ചെയ്യണ്ടെ? ഈ സ്റ്റേറ്റിൽ ഭരണം നടത്തുമ്പോൾ, യു. ഡി. എഫ്. വന്ന് ആദ്യം തന്നെ വിലയിരുത്തിയത് നിങ്ങളുടെ ഭരണത്തിന്റെ

മിസ്സ്-മാനേജ്മെന്റ് കൊണ്ടുവന്നിരിക്കുന്ന വമ്പിച്ച പ്രയാസങ്ങളെയും പ്രശ്നങ്ങളെയും കുറിച്ച് കോവളത്ത് ഒന്നിച്ച് എല്ലാവരും കൂടിയിരുന്ന് ചർച്ച ചെയ്ത് ധവളപത്രം ഇറക്കി. കർക്കശമായ സാമ്പത്തിക അച്ചടക്കം പാലിക്കാൻ ചെലവ് ചുരുക്കൽ നടപടി കൊണ്ടുവന്നു. റെയിൽ തെറ്റിയ ഈ സ്റ്റേറ്റിനെ ആദ്യമായി റെയിലിൽ കയറ്റിയത് യു. ഡി. എഫ്. ഗവൺമെന്റാണ്. യാതൊരു സംശയവും വേണ്ട, അഭിമാനത്തോടുകൂടി ഞങ്ങൾ അക്കാര്യം പറയുന്നു. നിങ്ങൾ ഇത്രയേറെ പ്ലസ് ടു സീറ്റുകൾ വാരിക്കോരി കൊടുത്തിട്ടും എന്ത് ഫലമാണ് ഉണ്ടായത്?

ഡോ. കെ. സി. ജോസഫ്: ഇപ്പോൾ പ്ലസ് ടു വിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. ൰-ാം തീയതി ലാസ്റ്റ് ഡേറ്റാണ്. നിങ്ങൾ കൊടുക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഞാൻ പ്ലസ് ടു കൊടുത്തതിലുള്ള ആക്ഷേപമല്ല പറയുന്നത്. ചെലവ് ഉണ്ടാക്കിയ കാര്യം മാത്രമാണ് പറയുന്നത്. പ്ലസ് ടു കൊടുക്കുമ്പോൾ കുറെയൊക്കെ ആക്ഷേപം വരും. എപ്പോൾ കൊടുത്താലും വരും. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. എന്റെ പോയന്റ് കൊടുത്തതുകൊണ്ടുണ്ടായ കോടിക്കണക്കിന് രൂപയുടെ കടബാധ്യതയാണ്. അതുപോലുള്ള സാമ്പത്തിക ബാധ്യത യു. ഡി. എഫ്. ഇറങ്ങിപ്പോകാൻ നേരം ഉണ്ടാക്കുകയില്ല. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ ജനറൽ സെക്രട്ടറി എന്ന നിലയിൽ ഞാൻ ഉറപ്പു പറയുന്നു. ഞങ്ങൾ ആലോചിക്കുന്ന ഒറ്റ കാര്യം മാത്രമേയുള്ളൂ, പ്ലസ് ടു ഇല്ലാത്ത പഞ്ചായത്തിൽ മാത്രം......... ആയിരക്കണക്കിന് കുട്ടികൾ മലബാറിൽ ഉണ്ട്. ശരിക്കു പറഞ്ഞാൽ മലബാറിൽ പ്ലസ്ടു വിന് സീറ്റ് കുറവ് വരും അതു പരിഹരിച്ച് കൊടുക്കാം എന്ന് ഞങ്ങൾ ഇലക്ഷൻ മാനിഫെസ്റ്റോയിൽ പറഞ്ഞിട്ടുള്ളതാണ്. സാമ്പത്തിക ബാധ്യത വരുത്തുമെന്നതുകൊണ്ട് മാത്രമാണ് ഞങ്ങൾ അതു കൊടുക്കാതിരുന്നത്. വേണ്ടാത്തതൊന്നും ചെയ്യുന്ന പ്രശ്നമേയില്ല.

ഡോ. കെ. സി. ജോസഫ്: പോകാൻ നേരത്ത് എന്തിനാണ് കൊടുക്കുന്നത്?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഡോ. കെ. സി. ജോസഫ്, ഞങ്ങൾക്ക് യാതൊരു ദുരുദ്ദേശവും ഇല്ല. വേണ്ടാത്തതൊന്നും ഞങ്ങൾ ചെയ്യുന്ന പ്രശ്നവും ഇല്ല. അടുത്ത തിരഞ്ഞെടുപ്പിന് ഇനി ദിവസങ്ങളേയുള്ളൂ. അങ്ങനെയുള്ള പ്രശ്നങ്ങളൊന്നും ഞങ്ങൾ ഉണ്ടാക്കുകയില്ല. സാമ്പത്തിക ബാധ്യത വരുമെന്നതുകൊണ്ട് എയ്ഡഡ് മേഖലയിൽ പുതിയതായി സ്കൂളും കോഴ്സും അനുവദിക്കാൻ പറ്റില്ല. അൺ-എയ്ഡഡ് മേഖല നല്ലരീതിയിൽ വന്നതാണ്. ഞാൻ അതിനെക്കുറിച്ചൊന്നും പറയുന്നില്ല. അനീതിയാണ് നിങ്ങൾ ചെയ്തത്. സ്വയം വളരുന്ന രംഗമായിരുന്നു പൊതുവിദ്യാഭ്യാസ രംഗം. നിങ്ങൾ ഒരോ വിഷയത്തെക്കുറിച്ച് ചർച്ച ചെയ്ത് ഒരു നയം സ്വീകരിക്കണം; ഒരു സമീപനം സ്വീകരിക്കണം. നിങ്ങൾ ഭരണത്തിൽ ഇല്ലാത്ത സമയത്ത് ദീർഘകാല അടിസ്ഥാനത്തിൽ വരേണ്ട പോളിസികളെ സംബന്ധിച്ച് കണ്ണടച്ച് എതിർക്കുകയും അവസാനം ആ നയം മാറ്റുകയും ചെയ്യും. വളരെക്കാലമായി നിങ്ങൾ തുടർന്നുവരുന്ന

LIBRARY ARCHIVES Kerala Legislative Assembly

നയമാണ്. ഇപ്പോൾ ഇവിടെ എറണാകുളത്ത് ഒരു മീറ്റ് നടന്നു. നമ്മുടെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ വേണ്ടിയുള്ളതായിരുന്നു അത്. ശ്രീ. പി. ജെ. ജോസഫ് ഈ വീക്ഷണം ഉള്ള ആളാണെന്ന് എനിക്കറിയാം. പക്ഷെ നിങ്ങൾ ചർച്ച ചെയ്ത് ഒരു നയം സ്വീകരിക്കേണ്ടേ ? ആ നയം സ്വീകരിക്കാത്തതിന്റെ ഫലം എന്താണ്? സ്വയം വളരുന്ന രംഗത്ത് കേരളത്തിൽ അനന്ത സാധ്യതകൾ ഉണ്ടായിരുന്നു. കുറച്ചു മെഡിക്കൽ കോളേജുകൾ വന്നു; കുറച്ചു എഞ്ചിനീയറിംഗ് കോളേജുകൾ വന്നു. എത്രയോ മുന്നേറുമായിരുന്നു. എവിടെയും എത്താതിരിക്കാനുള്ള കാരണം നിങ്ങളുടെ നയവൈകല്യമാണ്.

'ജിം'-ന്റെ കാര്യം പറഞ്ഞു. ഐ. ടി. മാത്രം എടുക്കുക. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സംസാരിക്കുമ്പോൾ 'ജിം'-ന്റെ പേരിൽ വന്ന പ്രോജക്ടുകളെ കുറിച്ചൊക്കെ പറയും. ഒറ്റക്കാര്യം പറയാം. 26,000 കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് ഉണ്ടാകുമെന്നാണ് ഞങ്ങൾ അന്ന് പ്രോമിസ് ചെയ്തത്. ഇപ്പോൾ 36,000 കോടി രൂപയുടെ പ്രോജക്ടാണ് പ്രോഗ്രസ്സ് ചെയ്തുകൊണ്ടിരിക്കുന്നത്. അതിന്റെ ഡീറ്റെയിൽസ് എന്റെ കയ്യിലുണ്ട്. ഞാൻ ഒരു ഉദാഹരണത്തിലൂടെ കൺവിൻസ് ചെയ്തു തരാം. കാരണം പ്രോജക്ട് വന്നോ എന്ന് ചോദിച്ചാൽ ജിന്ന് കൊട്ട കെട്ടുന്ന മാതിരി ഒറ്റ രാത്രികൊണ്ട് പ്രോജക്ട് ഉണ്ടാക്കാൻ പറ്റുമോ? ഏത് വലിയ പ്രോജക്ടിനും gestation period ഉണ്ട്. അതിന് കുറച്ച് സമയമെടുക്കും. ജിം-ൽവെച്ച് എല്ലാ പ്രോജക്ടും വരും; ചില പ്രോജക്ടുകളൊഴിച്ച്. ഇന്ന് രാവിലെ ഇവിടെ സൂചിപ്പിച്ച ചുരുക്കം ചില പ്രോജക്ടുകൾ പോയത് കഷ്ടമാണ്. പ്രൊഫ. കെ. വി. തോമസ് ഒരു സബ്മിഷൻ ഉന്നയിക്കുന്നതുകേട്ടു. കൊച്ചിയിലെ കുടിവെള്ള ക്ഷാമത്തെക്കുറിച്ച് ഞങ്ങൾ കൊച്ചിയെ പ്രോജക്ട് ചെയ്യാനാണ് നോക്കിയത്. ഞങ്ങൾ അധികാരത്തിൽ വന്ന സമയത്ത് അമേരിക്കയിലും ബാക്കിയുള്ള സ്ഥലത്തും പോയി പ്രോജക്ട് ചെയ്ത സമയത്ത് ഐ. ടി. വികസനത്തിന് ഇത്ര ഐഡിയൽ ആയിട്ടുള്ള ഒരു സ്ഥലം വേറെയില്ല എന്നാണ് മനസ്സിലാക്കിയത്. ഞങ്ങൾ അത് പറഞ്ഞ സമയത്ത് കൊച്ചിയെക്കുറിച്ച് ആർക്കും വലിയ അറിവില്ല. എല്ലാവരും ബാംഗ്ലൂരിനെക്കുറിച്ച് പറഞ്ഞുകൊണ്ടിരിക്കുന്ന സമയമാണ്. പക്ഷെ ഇന്നിപ്പോൾ കൊച്ചിയുടെ സ്ഥിതിയെന്താണ്? അവിടെയുണ്ടായിരുന്ന ആളുകളൊക്കെ രക്ഷപ്പെട്ടു. കൊച്ചി വ്യവസായ നഗരമായി വളരുകയാണ്. ടെക്നോ പാർക്കിൽ കുറച്ച് സ്ഥലം ഒഴിഞ്ഞു കിടക്കുന്നു എന്ന് ഞാൻ പറഞ്ഞപ്പോൾ അന്ന് പ്രതിപക്ഷ നേതാവ് പ്രസംഗിച്ചത് എനിക്ക് ഓർമ്മയുണ്ട്. അവിടെ ഇൻഫോ പാർക്ക് ഉണ്ടാക്കാൻ പോകുന്നതിനെക്കുറിച്ച് തിരുവനന്തപുരത്തുതന്നെ ടെക്നോപാർക്കിൽ സ്ഥലം ഒഴിഞ്ഞു കിടക്കുന്നുണ്ട്. പിന്നെ എന്തിനാണ് അവിടെ ഒരു കെട്ടിടം കെട്ടിയിടുന്നതെന്നാണ് ഈ നിയമസഭയിൽ ബഹുമാന്യനായ പ്രതിപക്ഷ നേതാവ് അന്ന് ചോദിച്ചത്. ആ ഇൻഫോ പാർക്കിൽ ഒരു സെന്റ് സ്ഥലം ഇപ്പോൾ കിട്ടാനില്ല. കംപ്ലീറ്റ് ഓവർ ബുക്ക്ഡ് ആണ്. വ്യവസായം എവിടെയും പോയിട്ടില്ല. സ്മാർട്ട് സിറ്റി കേരളത്തിൽ തുടങ്ങുന്നു എന്നു പറഞ്ഞ ഒറ്റക്കാരണത്താൽ ലോക ഐ. ടി. രംഗത്ത് കൊച്ചിയുടെ സ്ഥാനം ഇന്നെന്താണ്? ദുബായിലെ ഇന്റർനെറ്റ് സിറ്റി പോയി നോക്കിയിട്ടില്ലേ? ലോകത്തിലുള്ള വൻകിട കമ്പ്യൂട്ടർ കമ്പനികൾ മുഴുവൻ

LIBRARY ARCHIVES Kerala Legislative Assembly

ആ ഇന്റർനെറ്റ് സിറ്റിയിൽ ഓഫീസ് തുറന്നു. എല്ലാം ദുബായിലേക്ക് പോയി. ദുബായുടെ ഡെവലപ്പ്മെന്റിൽ ഏറ്റവും കൂടുതൽ പ്രയോജനം കിട്ടിയ ഒന്നാണ് അവിടുത്തെ ഇന്റർനെറ്റ് സിറ്റി. അതിന്റെ ഒരു ബ്രാഞ്ച് ലോകത്തിലാദ്യമായി കൊച്ചിയിൽ തുടങ്ങുകയാണ്. ആ ഒറ്റ തീരുമാനംകൊണ്ട് ലോകത്തിലുള്ള സകല ഐ. ടി. കമ്പനികളും കൊച്ചിയിൽ ഓഫീസ് തുടങ്ങാൻ തീരുമാനിച്ച് സ്ഥലം ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ ഒറ്റ സ്മാർട്ട് സിറ്റി വരുന്നു എന്നുള്ളതുകൊണ്ടുതന്നെ ഇന്റർ നാഷണലായി കേരളത്തിന്റെ പേര് പ്രശസ്തമായി എന്നുള്ളത് അറിയാമോ? നമ്മുടെ ടൂറിസംപോലെതന്നെ ഐ. ടി.ക്കും വരുമാനമുണ്ടാക്കുന്നതിൽ മഹത്തായ പങ്കുണ്ട്. കർണ്ണാടകയുടെ വരുമാനത്തിൽ മുഖ്യമായ പങ്ക് ഐ. ടി.-ക്കാണ്. ബഡ്ജറ്റിൽ വലിയ സംഭാവന കൊടുക്കുന്നത് ഐ. ടി.യാണ്. നിങ്ങൾ മനസ്സിലാക്കണം. എത്രയോ ആളുകളാണ് അവിടെ ജോലി ചെയ്യുന്നത്. എത്രയോ മലയാളികളാണ് അവിടെ ജോലി ചെയ്യുന്നത്. ഐ. ടി. കമ്പനികളിൽ ജോലി ചെയ്യുന്നവരിൽ മുപ്പത് ശതമാനം മലയാളികളാണ്. ഒരൊറ്റ ഉദാഹരണം പറയാം. ബാഗ്ലൂരിൽ അനവധി സ്വകാര്യ പാർക്കുകളുണ്ട്. കേരളത്തിൽ ഐ. ടി. പാർക്കുകളുടെ ഗ്രൂപ്പിൽ വന്നതോടുകൂടി എത്ര ഐ. ടി. പാർക്കുകളാണ് കേരളത്തിൽ വരാൻ പോകുന്നത് എന്ന് അറിയുമോ? ലീലാ ഗ്രൂപ്പ് കൊച്ചിയിൽ ഐ. ടി. പാർക്ക് തുടങ്ങാൻ പോകുകയാണ്. അതുപോലെ ഡി. എൽ. എഫ്., സും ഡെവലപ്പേഴ്സ്, റഹേജ ഇതൊക്കെ ഇന്റർ നാഷണൽ കമ്പനികളാണ്. തമിഴ്നാട്ടിലും ബാംഗ്ലൂരും ഒക്കെ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ് ചെയ്തുകൊണ്ടിരിക്കുന്നത് ഇവരാണ്. ഐ. ടി കമ്പനികൾ മുഴുവൻ കൊച്ചിയിൽ തുടങ്ങാൻ പോകുകയാണ്. മുത്തൂറ്റ് തുടങ്ങി. ഓഹരി മുഴുവൻ വിറ്റുപോയി. കഴിഞ്ഞ ദിവസം കൊച്ചിയിൽ 'ഐ. ടി. കേരള' ഉണ്ടായിരുന്നു. കേരളത്തിൽ ഇതുവരെ നടന്നതിൽ വച്ച് ഏറ്റവും വലിയ മേളയായിരുന്നു അത്. അവിടെ on the spot-ൽ എഡ്യൂക്കേറ്റഡ് ആയ ആളുകളെ ജോലിക്ക് ഇൻവൈറ്റ് ചെയ്തിരുന്നു, വലിയ ഇന്റർ നാഷണൽ കമ്പനികളെല്ലാം അഭ്യസ്തവിദ്യരായവർക്ക് ജോലി കൊടുക്കും. അൺ എംപ്ലോയ്മെന്റിനെക്കുറിച്ചാണല്ലോ നമ്മൾ പറഞ്ഞു കൊണ്ടിരിക്കുന്നത്. ഗവൺമെന്റിൽ എത്ര വേക്കൻസികൾ വരുമെന്ന് നമുക്ക് അറിയാവുന്നതെയുള്ളൂ. ഇവിടെയുള്ള വിദ്യാഭ്യാസമുള്ള 25,000 ആളുകളെ അവിടെ ഇന്റർവ്യൂ ചെയ്തു. ഒറ്റ ദിവസം 3,000 ആളുകളെ on the spot-ൽ സെലക്ട് ചെയ്തു. ഈ കഴിഞ്ഞയാഴ്ച കൊച്ചിയിലുണ്ടായ സംഭവമാണ് ഐ. ടി. കമ്പനികൾ കാക്കനാട് വച്ച് മൂവായിരത്തോളം മലയാളികളെ സെലക്ട് ചെയ്തു. ഇതൊക്കെ എന്തിനാണ് നിങ്ങൾ മുടക്കുന്നത്?

<u>ശ്രീ. ബിനോയ് വിശ്വം:</u> ഞാൻ അങ്ങ് പറഞ്ഞ കാര്യങ്ങളെല്ലാം ശ്രദ്ധാപൂർവ്വം കേട്ടുകൊണ്ടിരിക്കുകയാണ്. ഐ. ടി. പുരോഗതിയെല്ലാം തീർച്ചയായും നല്ലതുതന്നെ. പക്ഷേ ഇൻഫോ പാർക്ക് സ്മാർട്ട് സിറ്റിക്ക് കൈമാറണം എന്നു പറയുന്ന ഒരു വ്യവസ്ഥക്ക് വേണ്ടിയുള്ള നിങ്ങളുടെ പിടിവാശി ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. അതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: വ്യവസ്ഥകളെല്ലാം വളരെ മൈന്യൂട്ടായി നോക്കി മാത്രമേ ചെയ്യുകയുള്ളൂ. വ്യവസ്ഥകൾ നമ്മുടെ സംസ്ഥാനത്തിന് ഗുണമുണ്ടാക്കണം. അതിനുവേണ്ടി ശക്തമായി ബാർഗെയിൻ ചെയ്യണം. അതിൽ അഭിപ്രായ വ്യത്യാസമില്ലല്ലോ. പക്ഷേ പറഞ്ഞു പറഞ്ഞ് സ്മാർട്ട് സിറ്റിതന്നെ വേണ്ട എന്നാണല്ലോ നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. രണ്ട് മൂന്ന് ആയിരം ആളുകൾക്ക്.......... (ബഹളം)............ആരാണ് പറഞ്ഞതെന്ന് ചോദിച്ചാൽ ഞാനിപ്പോൾ പ്രതിപക്ഷ നേതാവിന്റെ പ്രസംഗമൊക്കെ പറയേണ്ടിവരും. എന്നെക്കൊണ്ട് പറയിപ്പിക്കേണ്ട. എന്റെ കയ്യിലുണ്ട് പ്രതിപക്ഷ നേതാവിന്റെ പ്രസംഗമൊക്കെ. ഞാൻ കാണിക്കണമോ? പേഴ്സണലായി പറയുക ....(ബഹളം)............നിങ്ങൾക്ക് അറിയാമോ ബി. എം. ഡബ്ല്യൂ. കനാറി-കാർ കമ്പനി ഇതൊക്കെ വഴിയിൽ നിന്ന് പറഞ്ഞു വിട്ടതാണ്. പല കമ്പനികളും കൊച്ചിയിൽ വരുമായിരുന്നു. തീരുമാനിച്ചതാണ്. ഇതൊക്കെ വഴിയിൽ നിന്ന് തടഞ്ഞു വിട്ടതാണ്. ആരാണ് എന്ന് ചോദിച്ചാൽ നിങ്ങൾ നേരെ പോയി വഴിക്കു നിന്ന് പറഞ്ഞു വിട്ടു എന്ന് ഞാൻ പറയുന്നില്ല. അവർ ഇവാല്യൂവേറ്റ് ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. മത്തായി ചാക്കോ: നിങ്ങൾ വ്യവസായം വരുമെന്ന് പറഞ്ഞുകൊണ്ടിരിക്കുകയാണ്. വന്നത് എന്താണ്?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: കൊച്ചിയിലെ സ്മാർട്ട് സിറ്റി ഏറ്റവും വലിയത് അതല്ലേ? ഞാൻ ചോദിക്കട്ടെ. ഇന്റർനാഷണലായിട്ടുള്ള സകല കമ്പനികളും മത്സരിച്ചു. ഇൻഡ്യയിലെ സകല സ്റ്റേറ്റുകളും മത്സരിച്ചു. എന്നാൽ ദുബായ് ഗവൺമെന്റിന്റെ ഏറ്റവും വലിയ ഇൻവെസ്റ്റ്മെന്റായ സ്മാർട്ട് സിറ്റി കേരളം നേടിയെടുത്തു എന്ന ഒറ്റ ഉദാഹരണം മതി ഞങ്ങൾ വിജയിച്ചു എന്ന് പറയാൻ. യു. ഡി. എഫ്-ന്റെ തൊപ്പിയിലെ ഏറ്റവും വലിയ തൂവലാണ് കൊച്ചിയിൽ വരാൻ പോകുന്ന സ്മാർട്ട്സിറ്റി. അത് കേരളത്തിന്റെ മുഖച്ഛായമാറ്റും. അതാണ് നമുക്കാവശ്യം............ ഞങ്ങൾ നിങ്ങളെ കുറ്റപ്പെടുത്തുകയല്ല. ഡോ. തോമസ് ഐസക് ഒരു ദിവസം എന്നെകണ്ടപ്പോൾ ഒരു നെഗോഷ്യേഷനെപ്പറ്റി പറഞ്ഞു. ഒരു കാര്യം നിങ്ങൾ ശ്രദ്ധിക്കണം. ദുബായിക്കാർ കൊച്ചിയെ അവർ അല്ലാതെ വേറെ ആരും പ്രൊമോട്ട് ചെയ്യാൻ പാടില്ല എന്നൊരു ക്ലോസ് നെഗോഷ്യേറ്റ് ചെയ്തിട്ടുണ്ട്. അത് മാറ്റണം, സമ്മതിക്കരുത് എന്ന് പറഞ്ഞു ഞാൻ ഉടനെ അദ്ദേഹത്തോടേ പറഞ്ഞു, ശരി അത് നമ്മൾ സമ്മതിക്കാൻ പാടില്ല. എന്ന്. അങ്ങനെ കൺസ്ട്രക്ടീവായി നിങ്ങൾ പറയണം. ഏത് വിഷയങ്ങളെ സംബന്ധിച്ചും ഒരു സ്റ്റാന്റ് വേണം. നിങ്ങളുടെ ഇടയിൽ പലകാര്യങ്ങൾക്കും അഭിപ്രായ വ്യത്യാസങ്ങളുണ്ട്. അതു പല കാര്യങ്ങളെയും ബാധിക്കുന്നുണ്ട്. എ. ഡി. ബി. യുടെ കാര്യത്തിൽ നിങ്ങൾ സ്വീകരിക്കുന്ന സമീപനം എന്താണ്? തിരുവനന്തപുരത്ത് എ. ഡി. ബി.-യുടെ ആളുകളെ തടയുകയും കൊച്ചി കോർപ്പറേഷനിൽ മേയർ എ.ഡി.-ബിയുടെ ആളുകൾക്ക് മഴയത്ത് കുട പിടിച്ചുകൊടുക്കുകയും ചെയ്യുന്നു. ഇക്കാര്യത്തെക്കുറിച്ച് നിങ്ങൾ ചർച്ച ചെയ്ത് ഒരു തീരുമാനമെടുക്കണം. എത്ര കാലമാണ് കേരളം ഇത് സഹിക്കുന്നത്? നേരത്തെ

ശ്രീ. സി. പി. മുഹമ്മദ് പറഞ്ഞതുപോലെ, എല്ലാത്തിനും ഒരു എക്സ്പയറി ഡേറ്റ് എന്നു പറഞ്ഞപോലെ, ഈ നയം നിങ്ങൾ ഇനിയെങ്കിലും മാറ്റണം. ലോകം മുഴുവൻ മാറിക്കഴിഞ്ഞു. അതുപോലെ ഒരു ബുദ്ധിമുട്ട് ഇപ്പോൾ ഇൻഡ്യയ്ക്കും അനുഭവപ്പെടുന്നുണ്ട്. കോൺഗ്രസ്സിന് കുറച്ച് സീറ്റ് കുറഞ്ഞുപോയി. ഇപ്പോൾ മനസ്സിലായില്ലേ? നിങ്ങൾ പിന്താങ്ങാൻ തുടങ്ങി. ബഹുമാന്യനായ സീതാറാം യച്ചൂരി പറയുന്നു. ഞങ്ങൾ വാച്ച് ഡോഗ് മാത്രമല്ല, കേറി കടിക്കുമെന്ന്. കേറി കടിക്കില്ല എന്ന് എല്ലാവർക്കും അറിയാം. അത് പറയാനാണ് ഞാൻ ഈ മുഖവുര പറഞ്ഞത്. ഇത് ഇപ്പോൾ ഒരു വാച്ച് ഡോഗല്ല. ഈ ഡോഗിന്റെ പരിപാടി ഒരുമാതിരി യജമാനനെപ്പറ്റിക്കുന്ന ഇടപാടാണ്. ഞാൻ ഇവരുടെ പ്രശ്നം പറയാനാണ് പറഞ്ഞത്. എന്താണ് യഥാർത്ഥത്തിൽ നടക്കുന്നത്? നിങ്ങൾ എതിർത്ത വിഷയങ്ങൾ എന്തൊക്കെയാണ്? ജനങ്ങളുമായിട്ട് യാതൊരു ബന്ധവുമില്ലാത്ത പല പ്രശ്നങ്ങളുമെടുത്ത് വലിയ എതിർപ്പുണ്ടെന്ന് പ്രകടിപ്പിക്കുകയാണ്. ഇവിടെ പാവപ്പെട്ടവന്റെ എത്ര കാര്യങ്ങളുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ പോളിസിയിൽ സ്വാധീനം ചെലുത്തേണ്ട എത്രയെത്ര വിഷയങ്ങളുണ്ട്. അതിലൊന്നിലും നിങ്ങളുടെ ഇടപെടൽ ഉണ്ടായില്ലല്ലോ? .... (ബഹളം) .... എയർപോട്ടിൽ കുറച്ച് തൊഴിലാളി പ്രശ്നമുണ്ട്. കോഴിക്കോട് എയർപോട്ട് ആരാണ് ഉപയോഗിക്കുന്നത്? ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞു വഹാബുമാർക്കും, ബാക്കിയുള്ളവർക്കുമൊക്കെയുള്ളതാണിവിടമെന്ന്. അങ്ങനെയാണോ? പാവപ്പെട്ട- കൂലിപ്പണിക്കുപോകുന്ന ആളുകൾ വിമാനത്തിൽ എങ്ങനെയോ കയറിക്കൂടി അവിടെപ്പോയി പെരുംവെയിലത്ത് പണി എടുത്തു ജീവിക്കുന്നു. അവിടെ കുറച്ച് സൗകര്യം കൂടിയാൽ, അവിടെ മറ്റ് വിമാന കമ്പനികൾ വന്ന് മത്സരം ഉണ്ടായാൽ വിമാനചാർജ്ജ് കുറയും. ഇപ്പോൾ എത്ര കുറഞ്ഞു. തൊഴിലാളികളുടെ പ്രശ്നം പറയേണ്ട എന്നു പറയുന്നില്ല. അതിന് എയർപോട്ട് വികസിക്കാൻ പാടില്ല, ഫ്ളൈറ്റ് വരാൻ പാടില്ല എന്നൊക്കെ പറയുന്നത് എന്തൊരു പോളിസിയാണ് ഇതൊക്കെ .... (ബഹളം) ....

12.00 Noon

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ് .... പ്ലീസ്

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: നിങ്ങൾ ബഹളം ഉണ്ടാക്കേണ്ട. ഞാൻ താത്വികമായല്ലേ പറയുന്നത്? പേഴ്സണലായി ഒന്നും പറയുന്നില്ല. ....(ബഹളം)................. എതിർപ്പിന്റെ സ്വഭാവം പറയാം. വിമാനത്തിന്റെ കാര്യത്തെക്കുറിച്ച് എതിർത്തോ. ഞങ്ങൾക്കു കുഴപ്പമില്ല. പക്ഷേ എണ്ണവിലയെക്കുറിച്ചുള്ള നിങ്ങളുടെ എതിർപ്പും ആളുകളെ പറ്റിക്കുന്നതിനുവേണ്ടിയാണ്. കുറച്ചുദിവസം കഴിഞ്ഞിട്ട് നിങ്ങൾ പറയും ഞങ്ങൾ എതിർത്തുവെന്നേയുള്ളൂ. ആയിക്കോ........................ആയിക്കോയെന്ന് .... (ബഹളം) .... ഇതെന്തു നയമാണ്? നിങ്ങളുടെ കേന്ദ്ര നയങ്ങൾ ആളുകളുടെ ഇടയിൽ വളരെ പരിഹാസ്യമാകുന്നതരത്തിലുള്ളതാണ് .... (ബഹളം) ....

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: അങ്ങ് ഉദ്ദേശിക്കുന്നത് കേന്ദ്രഗവൺമെന്റിനുള്ള സി. പി. ഐ. (എം.) പിൻതുണ പിൻവലിക്കണം; എന്നിട്ട് ബി. ജെ. പി.-യെ വീണ്ടും അധികാരത്തിൽ കൊണ്ടുവരണമെന്നാണോ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: ....(ബഹളം).................ഇന്നലെ ഞാനും ശ്രീ. ആർ. ബാലകൃഷ്ണപ്പിള്ളയും കൂടെ തമാശ പറഞ്ഞുകൊണ്ടിരുന്നപ്പോൾ ഇവിടെയിരുന്ന് ശ്രീ. എ. എ. അസീസ് തമാശയായി പറഞ്ഞു. പിൻവലിക്കുന്ന കാര്യം പറയാം തിരഞ്ഞെടുപ്പ് കഴിയട്ടെയെന്ന്. അപ്പോൾ ഞാൻ അദ്ദേഹത്തോട് ചോദിച്ച ചോദ്യമാണ് ഇപ്പോൾ ശ്രീ. കോടിയേരി ബാലകൃഷ്ണൻ എന്നോട് ചോദിക്കുന്നത്. കേരളത്തിലേയും ബംഗാളിലേയും തിരഞ്ഞെടുപ്പ് കഴിഞ്ഞാൽ ബി. ജെ. പി. ഭരിച്ചോട്ടെയെന്നാണോ നിങ്ങളുടെ നയം? ഇപ്പോൾ ബി. ജെ. പി.യുടെ കാര്യമൊന്നും അങ്ങനെ പറയേണ്ട. നേരത്തെ ഇവിടെ പറഞ്ഞതുപോലെ ശ്രീ. ദേവഗൗഡ ചെയ്ത പണി ഇപ്പോൾ കണ്ടില്ലേ? എന്തു നാടകമാണ് കളിച്ചത്? ദക്ഷിണേന്ത്യയിൽ ബി. ജെ. പി. ഇതുവരെ കാലുകുത്തിയിട്ടില്ല. തലസ്ഥാനനഗിരിയിൽ രണ്ടു സീറ്റുമായി ഒരു മൂലയിൽ തിരിഞ്ഞിരുന്ന ആളുകളെ അന്തിക്ക് അത്താഴവും വിരുന്നുമൊക്കെ നൽകി അവിടെ കയറ്റി ഇരുത്തിയതിന്റെ ഖ്യാതി നിങ്ങൾക്ക്. ഇപ്പോൾ അവസാനം ദക്ഷിണേന്ത്യയിൽ കുടിയിരുത്തിയതിന്റെ ക്രെഡിറ്റും നിങ്ങൾക്കുതന്നെ. യാതൊരു സംശയവും ഇല്ല. .... (ബഹളം) .... ഈ രാജ്യത്ത് ബി. ജെ. പി.യിൽനിന്നും രക്ഷിക്കാൻ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് മാത്രമേയുള്ളൂ. അതിന് അവസാനം ശ്രീമതി സോണിയാഗാന്ധി വരേണ്ടി വന്നു. അപ്പോൾ ബി. ജെ. പി. കയറാൻ, ഇടയായതിന്റെ പിന്നിലുള്ളത് നിങ്ങളാണെന്ന് ആർക്കാണ് അറിഞ്ഞു കൂടാത്തത്. .... (ബഹളം) ....

<u>ശ്രീ. സി. കെ. നാണു</u>: വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ് ഞങ്ങളുടെ കക്ഷിയെ സംബന്ധിച്ച് അദ്ദേഹം ചോദിച്ചത്, ഒന്ന് ഇന്ത്യാരാജ്യത്ത് സമീപകാലത്ത് ബി. ജെ. പി.യുടെ പ്രധാനമന്ത്രി 6 കൊല്ലം ഇന്ത്യ ഭരിച്ചത് ഞങ്ങളുടെ നടപടി കൊണ്ടല്ലേ. ശ്രീ. ദേവഗൗഡയുടെയും, ശ്രീ. ഐ. കെ. ഗുജറാളിന്റെയും ഗവൺമെന്റിനെ കേന്ദ്രത്തിൽ അട്ടിമറിച്ചത് കോൺഗ്രസ്സാണ്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: ഇതിനൊക്കെ എന്തു എക്സ്പ്ലനേഷൻ പറഞ്ഞാലും നാട്ടുകാർ നോക്കിക്കാണുന്നതാണ്. ഇപ്പോൾ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെഗുണം..........................(ബഹളം)......................ഞാൻ പറയുന്നതിൽ നിങ്ങൾക്ക് അസഹിഷ്ണുത തോന്നും. എല്ലാം ഞങ്ങൾക്ക്മനസ്സിലാകുന്നുണ്ട്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ ഗുണം മറയ്ക്കുന്നതിനുവേണ്ടി ഇറാൻ നയവും പറഞ്ഞുകൊണ്ടുവരാമെന്നാണ് നിങ്ങൾ വിചാരിക്കുന്നത്. അത് നടക്കുകയില്ല. കാരണം ഈ നിയമസഭയിൽ ഞാൻ പറയുകയാണ് ഇറാൻ നയത്തിന്റെ പ്രധാന ആർക്കിടെക്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

ഇടതുപക്ഷമാണ് .... (ബഹളം) .... കേന്ദ്രമന്ത്രിസഭയിൽ മുസ്ലീംലീഗിന് ഒരു സഹമന്ത്രി സ്ഥാനമുണ്ട്. ഈ നയം രൂപീകരിക്കുന്നതിനു മുമ്പുതന്നെ ഇത് സംബന്ധിച്ച് ഞങ്ങളുടെ കമ്മിറ്റിയിൽ ചർച്ച ചെയ്തതാണ്. മാത്രമല്ല ഞങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയതുമാണ്. കാരണം സെന്റിമെന്റ്സ് ഉണ്ടാകും. ഒരു രാജ്യത്തിന്റെ പരമാധികാരം വളരെ സൂക്ഷിച്ചുവേണം കൈകാര്യം ചെയ്യാൻ. പക്ഷെ ഒരു രാജ്യത്തിന്റെ പ്രശ്നം അവിടെ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് മുമ്പ് നിങ്ങൾ എന്താണ് ഒന്നും മിണ്ടാതിരുന്നത്? തീരുമാനം ആയതിനുശേഷം .... (ബഹളം) ....

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> പ്ലീസ് കൺക്ലൂഡ്.................................പ്ലീസ്.........................

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:</u> നയം രൂപീകരിക്കുമ്പോൾ രാഷ്ട്രീയ പാർട്ടികൾക്ക് പല അഭിപ്രായങ്ങളുമുണ്ടാകും. ഞങ്ങളുടെ പാർട്ടിയിലെ അഭിപ്രായം ഇന്ത്യയുടെ വിദേശകാര്യം സംബന്ധിച്ച നയം രൂപീകരിക്കുന്നതാണ്. അതിൽ ഇന്റർനാഷണലായ പല പ്രശ്നങ്ങളുമുണ്ട്. അവിടെ നമ്മൾ ചെയ്യേണ്ടത് തീരുമാനിക്കുന്നതിനുമുമ്പ് ചർച്ച ചെയ്യുകയെന്നതാണ് നിങ്ങൾ എന്താണ് ചെയ്യുന്നത്? ഞാൻ നേരത്തെ പറഞ്ഞതുപോലെതന്നെ റഷ്യയും ചൈനയും അനുകൂലിച്ചിട്ട് നിങ്ങളും ബാക്ക്റോഡിലൂടെ അനുകൂലിച്ചു. എന്നിട്ട് ആളുകളെ പറ്റിക്കാൻ വേണ്ടി ഇറാൻ നയവും കൊണ്ടിറങ്ങിയിരിക്കുകയാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ മുസ്ലീംലീഗിന്റെ അഭിപ്രായം പറയേണ്ടിടത്തുപറയും. നിങ്ങളെപ്പോലെ പറയേണ്ടിടത്ത് പറയാതെ റോഡിലിറങ്ങി ബഹളം വെക്കുന്ന ഏർപ്പാട് ഞങ്ങൾക്കില്ല. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെപ്പറ്റി ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ....(ബഹളം)..............ഞാൻ പ്രസംഗിക്കുമ്പോൾ അവർക്ക് വിഷമമുണ്ടാകും. കാരണമെന്താണ്? കെട്ടിപ്പൂട്ടി കൊണ്ടുവരുന്ന പല സംഗതികളും വെറും കപടസാധനങ്ങളെന്നപോലെ അഴിഞ്ഞു വീഴുന്നുണ്ട്. അതുകൊണ്ടാണ് ഈ വിഷമവും ചാട്ടവുമൊക്കെ.

ഇനി ഞാൻ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെപ്പറ്റി പറയാം. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ചുള്ള ചർച്ച ഈ നിയമസഭയിൽ നടന്നപ്പോൾ ഞാനിവിടെ നിന്ന് പ്രസംഗിച്ചത് ഞാൻ ഓർക്കുകയാണ്. അന്ന് നിങ്ങൾ പുറത്തിറങ്ങിയിട്ട് എനിക്കെതിരായി സമരമുണ്ടാകണമെന്നു പറഞ്ഞു. കേരളത്തിന്റെ പാരമ്പര്യം എന്റെ ജാതിക്ക് ഞാൻ, അവന്റെ ജാതിക്ക് അവൻ എന്നുള്ളതല്ല. ഇവിടെ മുന്നോക്കക്കാരും പിന്നോക്കക്കാരു മൊക്കെ ചേർന്ന അവശജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുന്നതാണ് കേരളത്തിന്റെ രീതി. അതുകൊണ്ട് സമരം വേണമെന്ന് ഞാൻ ഈ നിയമസഭയിൽ പ്രസംഗിച്ചു. ഞാൻ അഭിമാനം കൊള്ളുന്നു. ശ്രീ. ഉമ്മൻ ചാണ്ടിയുടെ ജാതിക്കാർക്കു വേണ്ടിയല്ല, ശ്രീ രമേശ് ചെന്നിത്തലയുടെ ജാതിക്കാർക്കുവേണ്ടിയല്ല, ഐക്യ ജനാധിപത്യ മുന്നണി അവശ ജനവിഭാഗങ്ങൾക്കുവേണ്ടി ആ പാരമ്പര്യം ഉയർത്തിപ്പി ടിച്ചുകൊണ്ട് ഇവിടെ പരിഹാരമുണ്ടാക്കിയിരിക്കുന്നു ....(ബഹളം) ....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്റെ വാക്കുകൾ കുറിക്കുകൊള്ളുന്നുണ്ടെന്നുള്ളതുകൊണ്ടാണ് ഈ ചാട്ടം. കുറിക്കുകൊള്ളുന്ന രണ്ടുമൂന്നെണ്ണംകൂടി പറയാനുണ്ട്. ഇന്നലെ ഇവിടെ പ്രതിപക്ഷ നേതാവ് പ്രസംഗിച്ചു. എന്താണ് പ്രസംഗിച്ചത്? പ്രസംഗിച്ചു പ്രസംഗിച്ചു വന്നപ്പോൾ അദ്ദേഹത്തിനുതന്നെ താൻ പറഞ്ഞതിൽ ചെറിയ അബദ്ധമുണ്ടെന്ന് മനസ്സിലായി. പിന്നെ കൂടുതൽ പറഞ്ഞില്ല. അതെന്താണെന്നുവെച്ചാൽ, സ്പെഷ്യൽ റിക്രൂട്ട്മെന്റ് സംബന്ധിച്ച അഭിപ്രായം ചോദിച്ചു അവർ പറഞ്ഞില്ല. പക്ഷേ വന്നുപോയത് - സ്പെഷ്യൽ റിക്രൂട്ട്മെന്റ് നരേന്ദ്രൻ പറഞ്ഞിട്ടില്ല എന്നാണ്. അപ്പോൾ സ്പെഷ്യൽ റിക്രൂട്ട്മെന്റിന് ഞങ്ങൾ അനുകൂലമല്ലെന്ന് യഥാർത്ഥത്തിൽ പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞു. അങ്ങനെ ഒന്നുകൂടി പറഞ്ഞു .... (ബഹളം) .... സി. പി. ഐ. എന്താണ് പറഞ്ഞതെന്നറിയാമോ? സ്പെഷ്യൽ റിക്രൂട്ടുമെന്റും വേണം മുന്നോക്ക സംവരണവും വേണമെന്നാണ്—അതുണ്ടും നടക്കരുതെന്നുള്ളതിന്റെ ഏറ്റവും വലിയ ഉദാഹരണം. ഇതുപോലെ നിരുത്തരവാദപരമായ ഒരു സ്റ്റേറ്റ്മെന്റ് വേറെയുണ്ടോ? പ്രതിപക്ഷ നേതാവ് ഇന്നലെ ചോദിച്ചു, ഡയറക്ട് റിക്രൂട്ടുമെന്റ് എന്നു പറഞ്ഞത് നടക്കുമോ, നിങ്ങൾ എന്താണ് പറയുക, അറബി അദ്ധ്യാപകർക്ക് അത് ദോഷമാകില്ലേ എന്ന്. സി. എച്ച്. മുഹമ്മദ്കോയയുടെ കാലത്ത് ഇവിടെ അറബി നടപ്പിലാക്കിയപ്പോൾ കുട നന്നാക്കുന്നതിനുപോലും ഇനി നാട്ടിൽ ആളെകിട്ടാതാവുമെന്ന് പ്രസംഗിച്ചത് റിക്കോർഡിൽ കിടപ്പുണ്ട്. അതുപോലൊരു വർത്തമാനമായിപ്പോയി ഇന്നലെ. കാരണമെന്താണ്? അറബി അദ്ധ്യാപകന്മാർ ഇവിടെ ഇല്ലാതായതുപോലെയാണ് പറയുന്നത്. മുസ്ലീങ്ങൾക്ക് മാത്രമേ അറബി പഠിക്കാൻ പാടുള്ളൂവെന്ന് ആരാണ് പ്രതിപക്ഷ നേതാവിനോട് പറഞ്ഞുകൊടുത്തതെന്ന് എനിക്കറിയില്ല. അറബി ഒരു ഭാഷയല്ലേ? അറബി ഭാഷ ഏതു ജാതിക്കാരനും ഏതു മതക്കാരനും പഠിക്കാം. ഒരു കുഴപ്പവുമില്ല. അതുകൊണ്ട് നാനാജാതി മതസ്ഥരും അറബി അദ്ധ്യാപകരായി വരട്ടെ. ഞങ്ങൾക്ക് സന്തോഷമേയുള്ളൂ. ഡയറക്ട് റിക്രൂട്ട്മെന്റിനെ അദ്ദേഹം എതിർക്കുകയാണ് ചെയ്തത്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ച് ഡോ. നീലലോഹിതദാസൻ നാടാർ ഇവിടെ പ്രസംഗിക്കുന്നത് കേട്ടു. അദ്ദേഹത്തിനൊക്കെ നിർബന്ധമായതുകൊണ്ട് അങ്ങനെ പറയുകയാണ്. അവിടെയിരിക്കുന്നതുകൊണ്ട് അങ്ങനെ പറയുകയാണ്. ഉണ്ടാകാവുന്നതിൽവെച്ച് ഏറ്റവും മനോഹരമായ ഒരു തീരുമാനമാണ് ഉണ്ടായിരിക്കുന്നത്. മാത്രമല്ല, സമന്വയത്തിന്റെ ഏറ്റവും വലിയ മാതൃക എന്നുപറയുന്നത് കേരളത്തിന്റെ മതേതരത്വമാണ്. ഞാൻ ഇവിടെയിരുന്ന് എൻ. എസ്. എസ്-ന്റെ സമീപനത്തിന് ഏറ്റവും വലിയ നന്ദി പറയുന്നു. അവർക്ക് നന്ദി പറയുന്നതിൽ എനിക്ക് യാതൊരു മടിയുമില്ല. കാരണം സാമൂഹ്യനീതി നടപ്പിലാക്കുന്നതിന് ഞങ്ങൾ എതിരല്ലെന്ന് പറയാനുള്ള തന്റേടം എൻ. എസ്. എസ്.-നുണ്ടായി. സാമൂഹ്യനീതി എന്നുള്ള മുദ്രാവാക്യം ഉറക്കെ വിളിക്കുകയും അതിനുവേണ്ടി യാതൊരു സ്റ്റെപ്പും എടുക്കാതെയിരിക്കുകയും ചെയ്യുന്ന ചില രാഷ്ട്രീയ നേതാക്കന്മാരുണ്ടല്ലോ അവരേക്കാൾ എത്രയോ മെച്ചമാണ് എൻ. എസ്. എസി-ന്റെ സമീപനമെന്നാണ് എന്റെ അഭിപ്രായം. ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ഈ ഗവൺമെന്റ് കുഴിയിലേക്ക് കാലുംനീട്ടിയിരിക്കുന്ന ഒരു ഗവൺമെന്റാണ്. മൂക്കിൽ പഞ്ഞിവയ്ക്കാൻ ഇനി വെറും മൂന്നുമാസം മാത്രമേ ബാക്കിയുള്ളൂ. മരിക്കാൻ കിടക്കുന്നവന്റെ നയപ്രഖ്യാപനങ്ങളാണ് ഇവിടെ കേൾക്കുന്നത്. ഒന്നാമതായുള്ള പ്രഖ്യാപനം അതിവേഗം വിശപ്പില്ലാത്ത കേരളം ...... മുഖ്യമന്ത്രി, ഇതു കേൾക്കുമ്പോൾ എന്റെ രോമം എഴുന്നേറ്റു വരികയാണ്. പിന്നെ രണ്ടാമതായി മൂന്ന് രൂപയ്ക്ക് അരി. വീണ്ടും എനിക്ക് കോൾമയിർ കൊള്ളുകയാണ്. വീണ്ടും ധനകാര്യ വകുപ്പുമന്ത്രി വെള്ളിയാഴ്ച ഇവിടെ പറഞ്ഞു ഇവിടെ തേനും പാലും ഒഴുക്കുമെന്ന്. ഇതൊക്കെ കേട്ടപ്പോൾ എനിക്ക് തളർച്ച വരികയാണ്. 'അപ്പുനുറങ്ങാത്ത വീട്' എന്ന സിനിമ ഇപ്പോൾ ചർച്ചാവിഷയമാണ്. അതുപോലെ അനന്തപുരി ഇപ്പോൾ മന്ത്രിമാർ ഉറങ്ങാത്ത നഗരമായി മാറിയിരിക്കുകയാണ്. അവശേഷിക്കുന്ന കാലം എത്രയെങ്കിലും പണം വാരിക്കൂട്ടുന്നതിനുവേണ്ടിയാണ് ഇവർ ഉറങ്ങാതിരിക്കുന്നത്. നാലര വർഷങ്ങൾക്കുമുമ്പ് അധികാരത്തിൽ കയറിയ ഈ ഗവൺമെന്റ് വളരെ പ്രധാനപ്പെട്ട ഒരു മുദ്രാവാക്യം തെരഞ്ഞെടുപ്പുവേളയിൽ ഉയർത്തിയിരുന്നു. എന്റെ നാട്ടുകാരനായ ശ്രീ. അബ്ദുൽ നാസർ മഅ്ദനിയെ മോചിപ്പിക്കുമെന്ന് യു. ഡി. എഫ്. നേതാക്കന്മാർ എല്ലാ പ്രധാനപ്പെട്ട വേദികളിലും വന്നു പ്രസംഗിച്ചു. നാലര വർഷക്കാലം കഴിഞ്ഞു. കയ്യാമം വച്ച് കോയമ്പത്തൂർ സെൻട്രൽ ജയിലിൽ കഴിയുന്ന ശ്രീ. അബ്ദുൽ നാസർ മഅ്ദനിയെ ഇറക്കുവാൻ ഈ ഗവൺമെന്റിൽ ആരെങ്കിലും മുൻകൈ പ്രവർത്തനം നടത്തിയോ? എന്തിനാണ് പൊള്ളയായ വാഗ്ദാനങ്ങൾ മാത്രം നൽകുന്നത്? അതുകൊണ്ട് ഇനിയെങ്കിലും അവശേഷിക്കുന്ന കാലഘട്ടത്തിലെങ്കിലും മഅ്ദനിയെ മോചിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? .... (ബഹളം) ....

ഈ ഗവൺമെന്റിന് വാഗ്ദാനങ്ങൾ നിറവേറ്റാൻ കഴിയുന്നുണ്ടോ? എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ഇന്ന് നോക്കുകുത്തികളാക്കി മാറ്റിയിരിക്കുകയാണ്. കഴിഞ്ഞ നാലര വർഷക്കാലമായി കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി ഒരു നിയമനവും നടക്കുന്നില്ല. 1,15,865 തസ്തികകൾ ഇന്ന് കേരളത്തിൽ ഒഴിഞ്ഞു കിടക്കുകയാണ്. ഇതിൽ നിയമനം നടത്താൻ ആർക്കെങ്കിലും ഉത്തരവാദിത്വമുണ്ടോ? എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നോക്കുകുത്തികളായി മാറുന്നു, അതല്ലേ നമുക്കിവിടെ കാണാൻ കഴിയുന്നത്? ഇപ്പോൾ ലോക് ആയുക്തിനെ പേടിക്കുന്ന മന്ത്രിമാരാണ് ഇവിടെയിരിക്കുന്ന 20 മന്ത്രിമാരും. അഴിമതിയിൽ മുങ്ങിക്കുളിച്ചുനിൽക്കുന്ന ഈ സർക്കാരിനെ ഇന്നത്തെ നിലയിൽ എങ്ങനെ മുന്നോട്ടു കൊണ്ടുപോകാൻ കഴിയും? പണ്ട് ചാരായ നിരോധനം പ്രഖ്യാപിച്ചു. ഇപ്പോൾ ഒരു കിലോഗ്രാം അരിക്ക് മൂന്നു രൂപ എന്ന തട്ടിപ്പുമായി ഇറങ്ങിയിരിക്കുകയാണ്. നരേന്ദ്രൻ കമ്മീഷന്റെ പേരുപറഞ്ഞ് തട്ടിപ്പു നടത്തുവാനാണല്ലോ ഇപ്പോൾ ഇവർ ശ്രമിക്കുന്നത്. കഴിഞ്ഞ നാലര വർഷക്കാലമായി കേരളീയന്റെ രക്തം ഊറ്റിക്കുടിച്ച ഒരു ഗവൺമെന്റായി ഈ ഗവൺമെന്റ് മാറിയിരിക്കുകയാണ്. അതുകൊണ്ട് വരും നാളുകളിൽ കേരളത്തിലെ ജനത ഉയർത്തെഴുന്നേൽക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നു, ഉജ്ജ്വലമായ പ്രക്ഷോഭത്തിലൂടെ, ഉജ്ജ്വലമായ സമരത്തിലൂടെ, ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തെ അധികാരത്തിൽ കയറ്റുന്നതിനുവേണ്ടി കേരളത്തിലെ ജനത സജ്ജരായികഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ഈ ഗവൺമെന്റിന്റെ തെറ്റായിട്ടുള്ള നയങ്ങളെ തിരുത്തുവാൻ നിങ്ങൾ അന്ത്യനിമിഷങ്ങളിലെങ്കിലും തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. കെ. നാരായണക്കുറുപ്പ്: സർ, ആരാദ്ധ്യനായ ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ഒരുപാടു പ്രശ്നങ്ങളുണ്ട്. അതു പറയുകയാണെങ്കിൽ കുഴപ്പത്തിലേ കലാശിക്കൂ. ഇവിടെ പ്രസംഗമാണോ പ്രസംഗത്തിനെ എതിർക്കലാണോ ബഹളമാണോ എന്നൊന്നും അറിഞ്ഞുകൂടാ. വിദ്യാഭ്യാസമുള്ള ആളുകളല്ലേ നമ്മളെല്ലാവരും. ഒരു കാര്യം പറഞ്ഞാൽ, മറ്റുള്ള ആളുകൾ കേൾക്കണമെന്നുള്ള താല്പര്യത്തോടുകൂടി അല്പം ക്ഷമിക്കാൻ പാടില്ലേ? ബഹളമുണ്ടാക്കി മിടുക്കന്മാർ ആകണമെന്ന രാഷ്ട്രീയ പാർട്ടിക്കാരാണ് ഇന്ന് എല്ലായിടത്തുമുള്ളത്. ഉറക്കെ കാറുക, അല്ലാതെ ഉള്ളതല്ല കാറുക. ഈ ഗവൺമെന്റിന്റെ പരിപാടികളെക്കുറിച്ച് ധാരാളം കുറ്റങ്ങൾ പറയാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലുള്ള സ്നേഹിതന്മാർക്ക് താല്പര്യമുണ്ട്. പക്ഷെ അവരൊന്ന് ആലോചിക്കണം, ഈ രാജ്യത്ത് എന്തെങ്കിലും നല്ലതു സംഭവിച്ചിട്ടുണ്ടെങ്കിൽ, നിലനിൽക്കുന്നുണ്ടെങ്കിൽ, അതു വലതുപക്ഷ ഗവൺമെന്റ് ഭരിച്ചപ്പോൾ മാത്രമേ നടന്നിട്ടുള്ളൂ. സംസാരിക്കാൻ നിങ്ങൾ മിടുക്കന്മാരാണ്. അത് ഉറക്കെ പറയാനും നിങ്ങൾ മിടുക്കന്മാരാണ്. പക്ഷെ എന്തെങ്കിലും കാര്യമായി ഈ രാജ്യത്തെ ജനങ്ങൾക്ക് ഉപയോഗയോഗ്യമായി ചെയ്തിട്ടുണ്ടെങ്കിൽ, അത് നിങ്ങൾ എതിർക്കുന്ന ഈ കോൺഗ്രസ്സ് ഗവൺമെന്റാണ് ചെയ്തിട്ടുള്ളത് എന്ന് ഓർമ്മിക്കണം. കോൺഗ്രസ്സ് ഗവൺമെന്റിനെ പൊക്കാൻ വേണ്ടി പറയുന്നതല്ല. പറച്ചിൽ മാത്രം പോരാ. നിങ്ങൾക്ക് പറച്ചിലേയുള്ളൂ. അപ്പോൾ പറയുന്നതിൽ കൂടുതൽ പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റിനെ കുറ്റം പറയാൻ നിങ്ങൾക്ക് ധാരാളം സാമർത്ഥ്യം ഉണ്ടായിരിക്കും. നാലേമുക്കാൽ വർഷം കഴിഞ്ഞപ്പോഴും നല്ല കാര്യങ്ങളെല്ലാതെ മറ്റൊന്നും തെറ്റായി പറയാൻ ഉണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. വ്യക്തിപരമായി ഓരോ മന്ത്രിമാരെപ്പറ്റിയും പറയുക, അതൊന്നും ശരിയല്ല. ഇവിടെ അഴിമതിയെപ്പറ്റി പറഞ്ഞു. എല്ലായിടത്തും അഴിമതിയാണ്. മന്ത്രിമാർക്കല്ല അഴിമതി, ഇവിടത്തെ ജനങ്ങൾക്കാണ് അഴിമതി. എവിടെയെങ്കിലും ഒരാളെപ്പറഞ്ഞ് ഒരു സാധനം വാങ്ങാൻ അയച്ചാൽ, അവിടെയും അഴിമതിയാണ്. നാം കൊടുക്കുന്ന വണ്ടിക്കൂലിയിലും അഴിമതിയാണ്. അങ്ങനെ അഴിമതി നന്നായി നടക്കുന്ന ഈ രാജ്യത്ത്, വിദ്യാഭ്യാസം ഉള്ളവരുണ്ടോയെന്ന് പലപ്പോഴും ചിന്തിച്ചിട്ടുണ്ട്. ഇവിടെ വിദ്യാഭ്യാസം കൂടുന്തോറും അഴിമതിയും വേലകളും പാവപ്പെട്ട ആളുകളെ ഞെക്കലും കൂടുതലാണ്. ഇങ്ങനെയുള്ള ഒരു ചുറ്റുപാടിലാണ് ബഹുമാനപ്പെട്ട ഗവർണ്ണർ ഈ സഭയിൽ വന്ന് പ്രസംഗിച്ചതും ബഹുമാനപ്പെട്ട എന്റെ സ്നേഹിതൻ ഈ നന്ദിപ്രമേയം കൊണ്ടുവന്നിട്ടുള്ളതും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജു എബ്രഹാം : ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും നൽകുന്ന ഉറപ്പുകൾ കുറുപ്പിന്റെ ഉറപ്പുപോലെയല്ലേ എന്ന് എനിക്ക് സംശയമുണ്ട്. അത് സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. കെ. നാരായണക്കുറുപ്പ്: കുറുപ്പിന്റെ ഉറപ്പെന്ന് പറഞ്ഞാൽ ശക്തമായി പറയുകയും അതു നടപ്പാക്കുകയും ചെയ്യുന്ന ഉറപ്പാണ്. ഈ ഗവൺമെന്റ് ചെയ്ത നല്ല കാര്യങ്ങളെപ്പറ്റിയൊന്നും ഇവിടെ വിശദീകരിക്കാനോ പ്രസംഗിക്കാനോ ഞാൻ തയ്യാറല്ല. നല്ലതേ ചെയ്തിട്ടുള്ളൂ എന്നു പറഞ്ഞാൽ, നല്ലത് എപ്പോഴും ചെയ്യാൻ കഴിയുമോ? കഴിയില്ല. ഒരുപാട് നന്മ ചെയ്താൽ ചിലപ്പോൾ ഒരു നന്മയല്ലാത്തതും ചെയ്യേണ്ടിവരും അതല്ലാതെ ഒരു തെറ്റും ഈ ഗവൺമെന്റ് ചെയ്തിട്ടുണ്ടെന്ന് എനിക്കു തോന്നുന്നില്ല. കോൺഗ്രസ്സ് എന്താണോ ചെയ്യുന്നത്, അതിനെ കമ്മ്യൂണിസ്റ്റ് പാർട്ടിക്കാർ എതിർക്കും. അത് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു തന്ത്രമാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി എതിർക്കാത്ത ഏതെങ്കിലും വസ്തുതയുണ്ടോ ഈ രാജ്യത്ത്? എല്ലാ കാര്യങ്ങളിലും അവർ എതിർത്തിട്ടുണ്ട്. എതിർത്തുകഴിഞ്ഞ്, ഒരു കൊല്ലമൊക്കെ കഴിയുമ്പോൾ, ആ എതിർത്തതിന് അനുകൂലമായ നിലപാടും അവർ സ്വീകരിച്ചിട്ടുണ്ട്. അങ്ങനെ രാഷ്ട്രീയമായി പറഞ്ഞാൽ, നല്ല ഒരു കാലാവസ്ഥയിൽ, വളരെ വേഗത്തിൽ, ചില നല്ല കാര്യങ്ങൾ ചെയ്യുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും ശ്രമിച്ചുകൊണ്ടിരുന്നപ്പോഴാണ് മുഖ്യമന്ത്രിക്ക് ഈ അപകടം സംഭവിച്ചത്. അദ്ദേഹം അവിടെ ഇരുന്നുകൊണ്ട് ഈ രാജ്യത്തെ നിയന്ത്രിക്കുകയും ഭരണം നടത്തുകയും ചെയ്യുന്നു എന്നറിയുമ്പോൾ എനിക്ക് ചാരിതാർത്ഥ്യമുണ്ട്. അദ്ദേഹത്തിന് എപ്പോഴും രാജ്യകാര്യങ്ങളെക്കുറിച്ചാണ് ചിന്ത. ഇ. എം. എസ്. കേരളം ഭരിച്ചിരുന്നപ്പോൾ, അദ്ദേഹം ചെയ്ത നല്ല കാര്യങ്ങൾ അംഗീകരിച്ചവരാണ് ഞങ്ങൾ. അത് കോൺഗ്രസ്സ് ചെയ്തപ്പോൾ തെറ്റ്, അപ്പുറത്തിരിക്കുന്നവർ ചെയ്തപ്പോൾ ശരി. അങ്ങനെയുള്ള ചിന്താഗതി മാറ്റി, ഇനിയെങ്കിലും നല്ല കാര്യങ്ങൾക്കുവേണ്ടി കൂട്ടായ്മയോടുകൂടി പ്രവർത്തിക്കാൻ നിങ്ങൾ തയ്യാറാകണമെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. ഈ നയപ്രഖ്യാപന പ്രസംഗത്തിൽ ഒരുപാട് നല്ല കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അതൊക്കെ പ്രായോഗികമാക്കുന്ന, നടപ്പാക്കുന്ന കാലത്ത് ഒരു പക്ഷെ ഈ രാജ്യത്തിന് വളരെ നേട്ടമുണ്ടാകുമെന്നാണ് എന്റെ വിശ്വാസം. രണ്ടുമൂന്ന് മാസംകൊണ്ട് ഇത് മുഴുവൻ ചെയ്യാൻ കഴിയില്ല. അതൊക്കെ നടപ്പാക്കാൻ നിങ്ങൾക്ക് ഭാഗ്യമുണ്ടാകുമെന്നൊന്നും ചിന്തിക്കേണ്ട. അടുത്ത ഗവൺമെന്റ് ആ കാര്യങ്ങൾ ചെയ്താൽ, ഈ രാജ്യത്തിനു വളരെ ഗുണം ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല. ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗം വളരെ ഉത്തമമായിരുന്നു എന്ന് ഞാൻ പറയുകയാണ്. ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിന് അദ്ദേഹത്തെ അനുമോദിക്കുന്നതോടൊപ്പം അതിന് നന്ദിപ്രമേയം അവതരിപ്പിച്ച വ്യക്തിക്കും നന്ദി രേഖപ്പെടുത്തുന്നു.

ശ്രീ. സാജുപോൾ : ബഹുമാനപ്പെട്ട കുറുപ്പുചേട്ടൻ ഇപ്പോൾ ഇരിക്കുന്നവർ വരുമെന്ന് നിശ്ചയമില്ലെന്നു പറഞ്ഞു. കുറുപ്പുചേട്ടനുവീണ്ടും അവസരം തരാതെ പാർലമെന്റിലേക്ക് അയയ്ക്കാൻ ആലോചിക്കുന്നതായി കേട്ടു. അതിനെപ്പറ്റി വല്ലതും പറയാനുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. കെ. നാരായണക്കുറുപ്പ്</u> : കുറുപ്പ് വരുമെന്ന് പറഞ്ഞാൽ കുറുപ്പ് വരും. അടുത്ത പ്രാവശ്യവും കുറുപ്പ് വരും. പേടിക്കേണ്ട. നമ്മൾ തമ്മിലുള്ള വിരോധങ്ങളൊക്കെ മാറ്റി വച്ചിട്ട് രാജ്യത്തിന്റെ പൊതുവായ താല്പര്യങ്ങൾക്ക് അനുകൂലമായ പ്രവർത്തനങ്ങൾ ആര് നടത്തിയാലും അവരെ പിന്തുണയ്ക്കാനുള്ള ഒരു നല്ല മനസ്സ് ഇതുവരെ കിട്ടിയ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനത്തിലെങ്കിലും കാട്ടേണ്ടതായിരുന്നു.

<u>ശ്രീ. എം. വി. ജയരാജൻ</u>: അങ്ങ് പറഞ്ഞു. കുറുപ്പെന്തായാലും വരുമെന്ന്. ജൂനിയർ കുറുപ്പ് വരുമോ അതോ സീനിർ കുറുപ്പ് വരുമോ? ഏതു കുറുപ്പ് വരുമെന്ന് അങ്ങേക്ക് വ്യക്തമാക്കാമോ?

<u>ശ്രീ. കെ. നാരായണക്കുറുപ്പ്</u>: കുറുപ്പെന്നു പറഞ്ഞാൽ തന്നെ സീനിയർ ആണ്. ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. എ. സി. ഷൺമുഖദാസ്</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. യഥാർത്ഥത്തിൽ നമ്മുടെ ഗവർണ്ണർ നന്ദി അർഹിക്കുന്നില്ല എന്നാണ് എന്റെ വിശ്വാസം. അദ്ദേഹം ഇവിടെ വന്ന് ഈ നിയമസഭ പിരിച്ചുവിടാൻ ഈ ഗവൺമെന്റിനെ ഉപദേശിച്ചിരുന്നുവെങ്കിൽ ഈ സംസ്ഥാനത്തെ ജനങ്ങൾ അദ്ദേഹത്തോട് എന്നും കടപ്പെട്ടവരും നന്ദിയുള്ളവരും ആകുമായിരുന്നു. കിട്ടുന്ന സന്ദർഭങ്ങളിലൊക്കെ ജനങ്ങൾ ഈ ഗവൺമെന്റ് ഭരിക്കരുതെന്നു പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷേ പതിനൊന്നാം കേരള നിയമസഭയുടെ ഈ സമ്മേളനത്തിൽ ഗവർണ്ണർ നടത്തിയ പ്രസംഗം യു. ഡി. എഫ്.-നു വേണ്ടിയാണ്. യു ഡി. എഫ്.-നു വേണ്ടി അവസാനത്തെ നയപ്രഖ്യാപന പ്രസംഗമാണ് ഗവർണ്ണർ നിർവ്വഹിച്ചിരിക്കുന്നത്. ഇനി ഏതായാലും ഈ സംസ്ഥാനത്ത് യു. ഡി. എഫ്.-ന്റെ അർത്ഥത്തിലുള്ള ഒരു രാഷ്ട്രീയ മുന്നണിക്ക് പ്രസക്തിയില്ലെന്ന് ഞാൻ പറഞ്ഞത്, കേരളത്തിൽ ഈ രണ്ട് മുന്നണികൾക്കും രൂപം കൊടുക്കപ്പെടുന്നത് ദേശീയ രാഷ്ട്രീയവുമായി ബന്ധിപ്പിച്ചുകൊണ്ടാണ്. ഇന്ത്യയിലെ രാഷ്ട്രീയ രംഗത്ത്, പ്രത്യേകിച്ച് കോൺഗ്രസ്സിൽ വർഗ്ഗീയാധിപത്യം ഉണ്ടായപ്പോൾ, ഏകാധിപത്യ പ്രവണതയുണ്ടായപ്പോൾ, അതിനെതിരായ രാഷ്ട്രീയ താൽപ്പര്യത്തിന്റെ ഫലമായിട്ടാണ് എന്റെ പാർട്ടി ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ വരുന്നത്. രാഷ്ട്രീയമായും ദേശീയാടിസ്ഥാനത്തിലുണ്ടായിട്ടുള്ള മാറ്റം ഏത് കാലഘട്ടത്തേക്കാൾ കൂടുതൽ ചിന്തിക്കേണ്ട ഒരു കാലഘട്ടത്തിലാണ് നമ്മൾ ഇപ്പോൾ വന്നിരിക്കുന്നത്. കേരള രാഷ്ട്രീയത്തെ സംബന്ധിച്ചിടത്തോളം, ഡൽഹിയിലുള്ള രാഷ്ടീയ സംവിധാനത്തെക്കുറിച്ച് ആലോചിക്കുമ്പോൾ, സ്വാഭാവികമായും ഐക്യജനാധിപത്യ മുന്നണി എന്ന ഒരു പിന്തിരിപ്പൻ രാഷ്ട്രീയ മുന്നണിക്ക് ഇനി കേരളത്തിൽ പ്രസക്തിയില്ല എന്നുള്ളതിന് പല തെളിവുകളുമുണ്ട്. ഈ നിയമസഭയിൽ 11 സീറ്റുകൾ ഒഴിഞ്ഞു കിടക്കുകയാണ്. 141 സീറ്റുകളിൽ ആളുണ്ടാകണം 11 സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന ഒരു നിയമസഭ, കേരള ചരിത്രത്തിലെ ഒരു കറുത്ത പുള്ളിയാണ്. ഐക്യ ജനാധിപത്യ മുന്നണി എന്ന നിലയിൽ ഭരിക്കാനും നിയമസഭയെ അഭിമുഖീകരിക്കാനുമുള്ള എന്ത് അർഹതയാണ് ഇവർക്കുള്ളത്? നാലഞ്ചുകൊല്ലം മുമ്പ് പറഞ്ഞ മാനിഫെസ്റ്റോയും

LIBRARY ARCHIVES Kerala Legislative Assembly

നാലഞ്ചുപേരുക്കാർ കൊല്ലുന്നത് മരണ രീതിയുകളുമൊക്കെ പറഞ്ഞാൽ ഒരു കാരണവശാലും ഇവർക്ക് ഭരിക്കാൻ അർഹതയില്ല. ഈ സംസ്ഥാനത്തിനു ചില പൈതൃകങ്ങളുണ്ട്. ആ പൈതൃകത്തെ അവർ തകർത്തിരിക്കുന്നു. ഉള്ളവനും ഇല്ലാത്തവനും എന്നുള്ള അന്തരം ചുരുക്കിക്കൊണ്ടുവരാൻ ഒരുപക്ഷെ സാമ്പത്തികമായി മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമുക്ക് കഴിഞ്ഞില്ലെങ്കിലും, സാമൂഹ്യമായും ദേശീയമായും സ്വതന്ത്ര ഇന്ത്യ ആഗ്രഹിച്ച ഇന്ത്യയുടെ ഒരു കൊച്ചു മാതൃക, ഈ കേരളത്തിൽ ഉണ്ടാക്കിയെടുക്കാൻ നമുക്ക് കഴിഞ്ഞു. അതു തകർത്തു എന്നുള്ളതാണ് യു. ഡി. എഫ്.-നു എതിരെ ഞങ്ങൾക്കുള്ള ഏറ്റവും വലിയ ആക്ഷേപം. സ്വാശ്രയ കോളേജുകളുടെ കാര്യത്തിലായാലും ഇന്ന് നടക്കുന്ന വ്യാപാര വ്യവസായ രംഗങ്ങളിലെ ബന്ധങ്ങളിലായാലും സ്മാർട്ട് സിറ്റിയായാലും ശരി നാലഞ്ചുപേരുക്കാർ കൊല്ലം ഈ രാജ്യത്ത് ഇവർ നടത്തിയ ഭരണം, കഴിഞ്ഞ 50 കൊല്ലക്കാലമായി രണ്ട് മുന്നണികളും മാറി മാറി ഭരിച്ചപ്പോഴും, നാം കൈവരിച്ചിട്ടുള്ള സാമൂഹ്യ ഭദ്രതയ്ക്ക് വേണ്ടിയുള്ള, സാമൂഹ്യ മാറ്റത്തിനുവേണ്ടി ഉള്ള നമ്മുടെ പ്രവർത്തനങ്ങളെ തകർത്തു എന്ന കുറ്റാരോപണമാണ് ഐക്യ ജനാധിപത്യ മുന്നണിക്ക് എതിരായി ഞങ്ങൾ ഉന്നയിക്കുന്നത്. കേരളത്തിലെ ജനങ്ങൾ മറ്റെന്ത് പൊറുത്താലും ഇത് പൊറുക്കില്ല. പൊറുക്കാത്തതുകൊണ്ടാണ് ഈയിടെ നടന്ന എല്ലാ തെരഞ്ഞെടുപ്പുകളിലും ജനങ്ങൾ അവരെ കൈവിട്ടത്. അങ്ങനെയുള്ള സമയത്താണ് ഗവർണ്ണർ ഇവിടെ പ്രസംഗിക്കുന്നത്. അദ്ദേഹത്തിന്റെ പ്രസംഗം ഞാൻ നാലു തവണ വായിച്ചു. ഗവർണ്ണർ നിയമസഭയിൽ ചെയ്ത പ്രസംഗം ജീവനില്ലാത്ത ഒരു പ്രസംഗമാണ്. ഐക്യ ജനാധിപത്യ മുന്നണിയുടെ അന്ത്യോപചാര പ്രസംഗമായി ഇതിനെ വിശേഷിപ്പിക്കാവുന്നതാണ്. അദ്ദേഹം പ്രസംഗിച്ചപ്പോൾ അദ്ദേഹത്തിന്റെ ശബ്ദം ഇടറിക്കൊണ്ടുള്ള സംസാരവും അദ്ദേഹത്തിന്റെ മുഖവും നാം കണ്ടതാണ്. ഗവർണ്ണറുടെ ആ പ്രസംഗത്തിന് നന്ദി പറയണമോ? ഇവിടെ ഭരണകക്ഷി അംഗങ്ങൾ ഉറങ്ങുന്നതിന്റെ ഫോട്ടോ പത്രത്തിൽ വന്നു. ആ പ്രസംഗം കേട്ടാൽ ഉറങ്ങാത്തവർ ആര് കാണും? ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം കേട്ടാൽ ഉറങ്ങാത്തവരായി ആരെങ്കിലും ഉണ്ടാകുമോ? എന്തിനാണ് ഈ പാവത്തിനെ കുറ്റപ്പെടുത്തുന്നത്?

ശ്രീ. ഉമേഷ് ചള്ളിയിൽ: ഞാൻ ആരെയും ഹിഡിപ്പിച്ചില്ലല്ലോ. ഞാൻ മന്ത്രിയല്ലല്ലോ. അതാണ് വലിയ കാര്യമായി ദേശാഭിമാനി പത്രത്തിൽ പറഞ്ഞിരിക്കുന്നത്.

ശ്രീ. എ. സി. ഷൺമുഖദാസ് : ഹിഡിപ്പിച്ചവർ അവിടെയാണ് ഇരിക്കുന്നത്. പിടിച്ചുപറിയും കളവും കാരണം ഇവിടെ ജനങ്ങൾക്ക് റോഡിലിറങ്ങി നടക്കാൻ പറ്റാത്ത അവസ്ഥയാണുള്ളത്. കേരളത്തിൽ, മറ്റ് സംസ്ഥാനങ്ങളിലെ ആളുകളാണ് നമ്മൾ നടന്നു പോകുമ്പോൾ കഴുത്തിൽ കിടക്കുന്ന മാല പൊട്ടിച്ചുകൊണ്ട് പോകുന്നത്. നമ്മുടെ നാട്ടിൽ ഗുണ്ടാവിളയാട്ടമാണ് നടക്കുന്നത്. ഇവിടത്തെ ജനങ്ങൾക്ക് സംരക്ഷണമുണ്ടോ? പോലീസുകാർക്ക് സംരക്ഷണമുണ്ടോ? അപ്പോൾ ഭരണത്തിലും നിങ്ങൾക്ക് വോട്ട് ചോദിക്കാനോ പിൻതുണ നേടാനോ അവകാശമില്ല. അത്തരത്തിൽ അവകാശമില്ലാത്ത ഒരു ഗവൺമെന്റിനുവേണ്ടി അവതരിപ്പിച്ച ഈ നന്ദി പ്രമേയത്തെ എതിർക്കാതിരിക്കാൻ ഒക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ഇവിടെ ഒരു കാര്യംകൂടി സൂചിപ്പിക്കുകയാണ്. കേരള നിയമസഭ 2000-ത്തിൽ പാസ്സാക്കിയ സ്പോർട്ട്സ് ബിൽ 2001-ൽ രണ്ടാമത്തെ ആക്ടായി മാറി. എന്നാൽ അഞ്ച് കൊല്ലമായിട്ട് ഇന്നുവരെ ഇതിന് റൂൾസ് ഉണ്ടാക്കിയിട്ടില്ല. അഞ്ച് വർഷത്തിന് മുൻപ് ശ്രീ. എ. കെ. ആന്റണി പ്രതിപക്ഷ നേതാവെന്ന നിലയിൽ നടത്തിയ പ്രസംഗം ഞാൻ ഓർമ്മിക്കുന്നു. ഈ സ്പോർട്ട്സ് ബില്ലിൽ അപൂർവ്വം ഭേദഗതികളൊഴിച്ച് ബാക്കിയാറും എല്ലാ ഭേദഗതികളും ഏകകണ്ഠമായിരുന്നു. കേരള നിയമസഭയിൽ ഇത്രയും ഏകകണ്ഠമായി ഒരു നിയമനിർമ്മാണം ഇതുവരെ നടത്താൻ കഴിഞ്ഞിട്ടില്ല. ഇത്തരത്തിലുള്ള ഒരു സ്പോർട്ട്സ് നിയമത്തിന് അഞ്ച് വർഷക്കാലമായി റൂൾസുണ്ടാക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് സത്യം. കേരളത്തിൽ സമ്പത്തിന്റെ ആധാരമെന്ന് പറയുന്നത് നാളികേരമാണ്. ഇന്ന് തെങ്ങുകൾക്ക് കൂമ്പ് ചീയൽ രോഗമാണ്. കഴിഞ്ഞ ഒക്ടോബർ മാസത്തിൽ കേന്ദ്ര ഗവൺമെന്റ് ഗോവയിൽ വച്ച് കൂമ്പ് ചീയൽ രോഗത്തിനെതിരായിട്ടുള്ള പദ്ധതിയും പണവും കൊടുത്തപ്പോൾ ഈ ഗവൺമെന്റ് ഇന്നുവരെ ഇതിനുവേണ്ടി ഒരു കാര്യവും ചെയ്തിട്ടില്ല. ഈ നയപ്രഖ്യാപനത്തിലും ഒന്നും പറഞ്ഞിട്ടില്ല. മലബാർ പ്രദേശത്തെ തെങ്ങുകൾക്ക് മുഴുവൻ കൂമ്പ് ചീയൽ രോഗമാണ്. നട്ട് നനച്ച് പത്ത് കൊല്ലം വളർത്തി അറുപത്-എഴുപത് കൊല്ലം വരെ നിൽക്കേണ്ട തെങ്ങ് പൂർണ്ണമായും നശിച്ചാൽ ഈ സംസ്ഥാനം രക്ഷപ്പെടുമോ? അതുപോലെ കമ്പ്യൂട്ടർ, ഇലക്ട്രോണിക്സ്, ഐ. ടി. എന്നിവയിലൂടെയുള്ള തൊഴിലവസരങ്ങളെക്കുറിച്ച് പറഞ്ഞു. സംസ്ഥാനത്ത് സമ്പൂർണ്ണമായി ഇതൊക്കെ നടപ്പാക്കിയാലും എത്ര ലക്ഷം പേർക്കാണ് ജോലി ലഭിക്കുന്നത്? പരമ്പരാഗത വ്യവസായം തകർന്നുകൊണ്ടിരിക്കുന്നു. ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നു. ഏതെങ്കിലും ഒരു പരമ്പരാഗത വ്യവസായത്തെ സംരക്ഷിച്ചുവെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ? പതിനായിരങ്ങൾക്ക് ജോലി കൊടുക്കുന്ന ഐ. ടി. മേഖലയെ ചൂണ്ടിക്കാണിച്ചു. ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടുത്തിയതിനെ മറച്ചുവച്ചുകൊണ്ട് ഇങ്ങനെ പറയുന്നതിന് ഈ സംസ്ഥാനം മാപ്പ് തരില്ല. ഈ സംസ്ഥാനത്തിന്റെ എല്ലാ മേഖലകളെയും തകർക്കുന്ന യു. ഡി. എഫ്. ഗവൺമെന്റിനോട് ഈ സംസ്ഥാനത്തെ ജനങ്ങൾ കിട്ടുന്ന സന്ദർഭങ്ങളിലൊക്കെ പ്രതികാരം ചെയ്തിട്ടുണ്ട്. നെഞ്ചത്ത് കൈവച്ചുകൊണ്ട് അപ്പുറത്തിരിക്കുന്ന ആളുകൾ വോട്ട് ചെയ്താൽ ഈ പ്രമേയം പാസ്സാകില്ല. ഈ പ്രമേയം പരാജയപ്പെടുത്താനുള്ള മാനസികാവസ്ഥയിലാണ് അപ്പുറത്തിരിക്കുന്ന പല സുഹൃത്തുക്കളും. അതുകൊണ്ടുതന്നെയാണ് പലരെയും മാറി മാറിയൊക്കെ മന്ത്രിസഭയിൽ കൊണ്ടുവന്നത്. ഞാൻ പ്രസംഗം ദീർഘിപ്പിക്കുന്നില്ല. ഈ നിയമസഭ കണ്ട ഏറ്റവും വികൃതവും നിഷേധാത്മകവുമായ പ്രവർത്തനങ്ങൾ നടത്തിയ മന്ത്രിസഭയ്ക്കുവേണ്ടി ഗവർണ്ണർ നടത്തിയ പ്രസംഗത്തിന് നന്ദി അർഹിക്കുന്നില്ല; ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കെ. ഷാജു : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അഭിമാനപൂർവ്വം പിൻതാങ്ങുകയാണ്. 2001-ൽ നഷ്ടപ്പെട്ട അധികാരം തിരിച്ചുകിട്ടാൻ പോകുന്നുവെന്നുള്ള മിഥ്യാധാരണയിൽ പരിസരബോധം നഷ്ടപ്പെട്ട രാഷ്ട്രീയ തിമിരം ബാധിച്ചവർക്കു

2/286/12-29

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേ ഈ നന്ദി പ്രമേയത്തെ എതിർക്കാന പറ്റുകയുള്ളൂ. 1996 മുതൽ 2001 വരെയുള്ള അഞ്ചുവർഷത്തെ എൽ. ഡി. എഫ്. ഭരണകൂടത്തിന്റെ ബാക്കിപത്രമായി അധികാരത്തിൽ വന്ന യു. ഡി. എഫ്. ഗവൺമെന്റ് സർവ്വ മേഖലകളിലും നിലനിന്നിരുന്ന മരവിപ്പിന്റെയും കെടുകാര്യസ്ഥതയുടെയും അവസ്ഥ മാറ്റി കേരളത്തെ വികസനത്തിന്റെയും പുരോഗതിയുടെയും പാതയിലേക്ക് എത്തിച്ചുവെന്നുള്ളത് ഏറ്റവും വലിയ മാറ്റമാണ്. നിങ്ങളുടെ ഭരണത്തിന്റെ അവസാന നാളുകളിലുണ്ടായ ദുരിതത്തിന്റെയും വറുതിയുടെയും കാലത്തേക്ക് ഒരു നിമിഷം തിരിഞ്ഞുനോക്കാൻ എന്തേ നിങ്ങൾക്ക് കഴിയുന്നില്ല? 2001-നു മുൻപുള്ള നാളുകളുടെ ഭീകരമായ ഭരണത്തിന്റെ അവസ്ഥ കണ്ട ജനതയ്ക്ക് ഇന്ന് നിങ്ങളുടെ ഗീർവാണ പ്രസംഗങ്ങൾ കേൾക്കുമ്പോൾ നാണിച്ച് മുഖം കുനിക്കേണ്ടിവരും. നിങ്ങൾ ഭരണത്തിൽ നിന്നിറങ്ങുമ്പോൾ 28 മാസത്തെ കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശികയുണ്ടായിരുന്നു. അഗതി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ ഇവയൊന്നും നൽകിയിരുന്നില്ല. ത്രിതല പഞ്ചായത്തുകൾ നൽകിയ ബിൽ, ചെക്ക് തുടങ്ങിയവ മടങ്ങിയതുമൂലം വികസന പ്രവർത്തനങ്ങൾ സ്തംഭിച്ച് കേരളം നരകമായി മാറി. നിങ്ങൾ സൃഷ്ടിച്ച ദുരിതത്തിന്റെ ഭാരം ചുമലിലേറ്റിയ ഞങ്ങൾക്ക് ആദ്യനാളുകളിൽ ജനങ്ങൾക്കിഷ്ടമില്ലാത്ത ചില തീരുമാനങ്ങളെടുക്കേണ്ടിവന്നു. അതിന്റെ ഫലമായി നിങ്ങൾ ദ്രോഹിച്ച ജനങ്ങൾക്ക് വീണ്ടും ദുരിതം പേറേണ്ടിവന്നപ്പോൾ ഞങ്ങളോട് ദേഷ്യമുണ്ടായി. അതാണ് പാർലമെന്റ് തെരഞ്ഞെടുപ്പിൽ കണ്ടത്. പക്ഷേ അത് താൽക്കാലികമാണ്. ഞങ്ങൾ കേരളത്തിന്റെ വികസനത്തിനും പുരോഗതിക്കുംവേണ്ടിയെടുത്ത തീരുമാനങ്ങളുടെ നന്മകൾ പൂത്തുലഞ്ഞു തുടങ്ങിയിരിക്കുന്നു. വൈദ്യുതി നിരക്ക് കുറച്ചു. ഇന്ത്യയിലാകെ പെട്രോളിന്റെ വില കൂടിയപ്പോൾ കേരളത്തിൽ മാത്രം പെട്രോളിന് വില കുറച്ച് മാതൃക കാണിച്ച ഗവൺമെന്റാണ് കേരളത്തിൽ ഇന്ന് അധികാരത്തിലിരിക്കുന്നത്. ഈ ഇനത്തിൽ സംസ്ഥാന ഗവൺമെന്റിന് 100 കോടി രൂപയുടെ നഷ്ടമാണുണ്ടായത്. ശബരിമലയിലേക്ക് പോകുന്ന തമിഴരായിട്ടുള്ള ആളുകൾ നമ്മുടെ നാട്ടിൽ വരുമ്പോൾ അവർ പറയുന്നത് തമിഴ്നാട്ടിനേക്കാൾ പെട്രോളിന് വിലക്കുറവ് കേരളത്തിലാണെന്നാണ്. ഇത് കേരളത്തിലെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയുടെയും ശ്രീ. വക്കം പുരുഷോത്തമന്റെയും ഭരണത്തിന്റെ മേന്മയല്ലാതെ മറ്റെന്താണ്? സർക്കാർ ജീവനക്കാർക്ക് നാല് ഡി. എ. കൂട്ടിക്കൊടുത്തു. പുതിയ ശമ്പള കമ്മീഷനെ വച്ചു. ഇടതുപക്ഷം ചെയ്തതെന്താണെന്നോ, കേന്ദ്ര പാരിറ്റി പ്രഖ്യാപിച്ചിട്ട് മുങ്ങി. ഞങ്ങൾ മാർച്ച് 31-ാം തീയതിക്കകം പുതിയ ശമ്പള കമ്മീഷന്റെ തീരുമാനം പ്രഖ്യാപിക്കാൻ പോകുകയാണ്. നിങ്ങൾ കേരളത്തിന്റെ ഭൂമിയിലേക്കൊന്ന് തിരിഞ്ഞുനോക്കൂ. അവിടെ സമാധാനത്തിന്റെ വെള്ളരി പ്രാവുകൾ പാറിപ്പറക്കുന്നത് നിങ്ങൾ കാണുന്നില്ലേ? നിങ്ങൾ സൃഷ്ടിച്ച വിദ്വേഷത്തിന്റെയും ഭീതിയുടെയും അന്തരീക്ഷം മാറി കേരള സമൂഹം ഇന്ന് പരസ്പരം വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ഊഷ്മളതയിൽ ആശ്വാസം കൊള്ളുകയാണ്. ഇവിടെ പിഞ്ചുകുഞ്ഞുങ്ങളുടെ നിഷ്കളങ്ക മനസ്സുകളിൽ ആവിപറക്കുന്ന രക്തച്ചാലുകൾ ഒഴുകുന്നില്ല. അന്നംതേടി പോകുന്ന സ്വന്തം മക്കളുടെ ചേതനയറ്റ ശരീരം പെറ്റ തള്ളമാരുടെ മുന്നിലേക്ക് കടന്നുവരുന്നില്ല. സഹോദരിമാരുടെ അലമുറയിട്ട കരച്ചിൽ കേരളത്തിൽ കേൾക്കുന്നില്ല. ഇതൊക്കെ മാറ്റങ്ങളല്ലേ? ഒറ്റപ്പെട്ട ചില സംഭവങ്ങൾ ഊതിപ്പെരുപ്പിച്ച്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ സമാധാനം തകർന്നുവെന്ന് മുറവിളികൂട്ടുമ്പോൾ കഴിഞ്ഞ അഞ്ച് വർഷക്കാലം മനസ്സമാധാനം തിരികെ ലഭിച്ച ലക്ഷക്കണക്കിന് മാതാപിതാക്കളുടേയും സഹോദരിമാരുടേയും ശാപം ഇടിത്തീപോലെ നിങ്ങളുടെ മേൽ പതിക്കുമെന്നുള്ള കാര്യം മറന്നുപോകരുത്. കാർഷിക മേഖലയിൽ വസന്തം വിരിയുകയാണ്. പരമ്പരാഗത വ്യവസായ മേഖല ശാശ്വതമാകുകയാണ്. വിദ്യാഭ്യാസ മേഖലയിൽ പുതിയ മാനങ്ങൾ തേടുകയാണ്. ആരോഗ്യ വിദ്യാഭ്യാസ മേഖല ചിറകുകൾ വിരിച്ച് മുന്നേറുകയാണ്. ആദിവാസികൾക്ക് പാറക്കെട്ടിന് പകരം ഭൂമി കൊടുത്തു. പട്ടികജാതി വിഭാഗങ്ങൾക്ക് ഭൂമിയും വീടും കൊടുത്തു. പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം വർദ്ധിപ്പിച്ചു. അവർക്കുവേണ്ടി പുതിയ നഴ്സിംഗ് കോളേജ് കൊണ്ടുവന്നു. റെഗുലർ കോളജുകളെപ്പോലെതന്നെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പട്ടികജാതി വിഭാഗക്കാരുടെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നു. ടൂറിസം മേഖലയിൽ വൻ നേട്ടമുണ്ടായി. വിനോദസഞ്ചാര മേഖല-കേരളം സഞ്ചാരികളുടെ പറുദീസയായി മാറുകയാണ്. യു. ഡി. എഫ്. ഭരണത്തെ എതിർക്കുന്ന പ്രതിപക്ഷത്തിരിക്കുന്നയാളുകൾ പുതിയ റോഡിന്റെ പേരിൽ സ്വന്തം മണ്ഡലങ്ങളിൽ ഊറ്റംകൊള്ളുകയാണ്; പുതിയ കുടിവെള്ള പദ്ധതിയുടെ പേരിൽ അഭിമാനംകൊള്ളുകയാണ്. കെ. എസ്. ആർ. ടി. സി.-യെ ഈ സഭയിൽ എതിർക്കുന്നയാളുകൾ സ്വന്തം മണ്ഡലത്തിൽ പുതിയ ബസ്സുകൾ ആരംഭിച്ചതിന്റെ പേരിൽ ബഹുവർണ്ണ പോസ്റ്ററുകളിറക്കുകയാണ്. യു. ഡി. എഫ്. സർക്കാർ ക്ഷീര കർഷകർക്ക് പെൻഷൻ കൊടുക്കുമ്പോൾ നിങ്ങൾ എന്തേ ഉറങ്ങുകയാണോ? 20 ലക്ഷം ആളുകൾക്ക് മൂന്ന് രൂപ നിരക്കിൽ 25 കിലോഗ്രാം അരിവീതം കൊടുക്കുന്നത് നിങ്ങൾ കാണുന്നില്ലേ? 1983-ൽ ശ്രീ. കെ. കരുണാകരന്റെ ഗവൺമെന്റ് കൊണ്ടുവന്ന 6000 രൂപയുടെ ഭവന വായ്പാ പദ്ധതിയുടെ മുഴുവൻ കുടിശ്ശികയും ഞങ്ങൾ എഴുതിത്തള്ളി. 23 വർഷങ്ങൾക്കുമുമ്പ് സർക്കാരിന്റെ അലമാരയിൽ കാത്തുസൂക്ഷിക്കാൻ വച്ച ആധാരങ്ങൾ തിരികെ ലഭിക്കുമ്പോൾ സാധാരണ ജനങ്ങൾ അശ്രു പൊഴിച്ച്, കണ്ണീർ വാർത്തുകൊണ്ട് മാണിസാറിനും യു. ഡി. എഫ്. സർക്കാരിനും ദീർഘായുസ് നേരുമ്പോൾ നിങ്ങളെന്തിനാണ് അസൂയപ്പെടുന്നത്? കേരളോത്സവം മുഴുവൻ വില്ലേജുകളിൽത്തന്നെ നടത്താൻ നിശ്ചയിച്ചത്. ഈ ഗവൺമെന്റിന്റെ നേട്ടമല്ലേ? മണിക്കൂറുകൾ ക്യൂ നിന്ന് കാലിച്ചാക്കുകൾ കണ്ടു മടങ്ങുന്ന റേഷൻ കടകളുടെ സ്ഥാനത്ത് ഇപ്പോൾ മാവേലി സ്റ്റോറുകൾ ശബരി സ്റ്റോറുകളായി സമൃദ്ധിയുടെ സങ്കേതങ്ങളായി മാറുന്നത് നിങ്ങൾ കാണുന്നില്ലേ? കേരളത്തിൽ എവിടെ നെല്ല് വിളഞ്ഞാലും ഇനിമേൽ 700 രൂപയിൽ കുറച്ച് എടുക്കാൻ പാടില്ലെന്ന് പറഞ്ഞ് കേന്ദ്ര ഗവൺമെന്റുമായി കരാറുണ്ടാക്കി സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരണ പ്രക്രിയ നടത്തുന്നത് നിങ്ങൾ കാണുന്നില്ലേ? സർ, ഇത് കേരളത്തിന്റെ വസന്തകാലമാണ്. ഈ വസന്തത്തെ തല്ലിക്കെടുത്താൻ, വികസന മുദ്രാവാക്യങ്ങളുമായി എൽ. ഡി. എഫ്.-കാർ അന്തിക്രിസ്തുവിന്റെ രൂപത്തിൽ രക്ഷകരുടെ വേഷം കെട്ടുകയാണ്. ഇവർ ഇവിടെ കേരള മാർച്ച് സംഘടിപ്പിച്ചു. അതിന്റെ മുദ്രാവാക്യം സാമൂഹ്യനീതിയായിരുന്നു. ആ ജാഥയിൽ അംഗമായിരുന്ന ശ്രീ. എ. കെ. ബാലൻ സാമൂഹ്യനീതിയുടെ കുലദൈവമായിട്ടുള്ള അംബേദ്കറുടെ കാരുണ്യംകൊണ്ട് എന്നെക്കാൾ മുമ്പ് പാർലമെന്റിലും ഈ സഭയിലും മെമ്പറായ ആളാണ്. ശ്രീ. എ. കെ. ബാലൻ എന്റെ

മണ്ഡലത്തിൽ വന്ന് പ്രസംഗിച്ചത് മുസലിയാർ കേരള മാർച്ചിന് മാല ഇട്ടു എന്നാണ്. മുസലിയാർ ജാഥയ്ക്ക് മാലയിടുന്നതാണോ സാമൂഹ്യനീതി? സാമൂഹ്യനീതിയെപ്പറ്റി ഞങ്ങൾ പഠിച്ചിരിക്കുന്നത്, നൂറ്റാണ്ടുകളായി ചരിത്രപരമായ കാരണങ്ങളാൽ അധികാരത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് ആട്ടിയോടിക്കപ്പെട്ട ജനസമൂഹത്തിന് അധികാരം നിയന്ത്രിക്കാൻ കഴിയുംവിധം അധികാരത്തിന്റെ പങ്ക് പകർന്നു കൊടുക്കുന്നതാണ് സാമൂഹ്യനീതി. ഞാൻ വെല്ലുവിളിച്ച് ചോദിക്കുകയാണ്, കേരള മാർച്ച് കാസർഗോഡു നിന്ന് ആരംഭിച്ച് തിരുവനന്തപുരത്ത് അവസാനിക്കുന്നതുവരെ സാമൂഹ്യനീതിയെപ്പറ്റി ഒറ്റ അക്ഷരം ആ ജാഥയുടെ ക്യാപ്റ്റനായിട്ടുള്ള ശ്രീ. പിണറായി വിജയനോ മറ്റു സഹപ്രവർത്തകരോ പറഞ്ഞോ? സാമൂഹ്യനീതിയെപ്പറ്റി ഒരു വാക്കും പറഞ്ഞിട്ടില്ല. സാമൂഹ്യനീതി എന്താണെന്ന് തിരിച്ചറിയാത്ത ആളുകൾ സാമൂഹ്യനീതിയെ സംബന്ധിച്ച ജാഥ നടത്തുന്നു! എന്താണ് കേരള മാർച്ച്? നിങ്ങൾ പാവങ്ങളെയും തൊഴിലാളികളെയും കൃഷിക്കാരെയും രക്തസാക്ഷികളെയും മറന്നു. കേരള മാർച്ച് ആലപ്പുഴയിൽ പുന്നപ്രവയലാർ രണഭൂമിയിൽ കടന്നുവരുമ്പോൾ ആർച്ചിലും കമാനങ്ങളിലും എഴുതി വച്ചിരിക്കുന്നത്, വിപ്ലവനായകന് സമരഭൂമിയിലേക്ക് സ്വാഗതം എന്നാണ്. ഞാൻ ചോദിക്കട്ടെ, പുന്നപ്ര വയലാറിന്റെ മണ്ണിലൂടെ കടന്നുപോകുമ്പോൾ വലിയ തമിഴ് സിനിമകളെ കവച്ചുവയ്ക്കുന്ന രൂപത്തിലുള്ള ബഹുവർണ്ണ കട്ടൗട്ടുകളുമായി നിൽക്കുന്ന ശ്രീ. പിണറായി വിജയന്റെ ഫോട്ടോയും ഫ്ളക്സുമൊക്കെയായി കടന്നുപോകുമ്പോൾ ഞാൻ ചോദിക്കട്ടെ, വയലാറിന്റെ മണ്ണിലേക്ക്, രക്തസാക്ഷികൾ കുടികൊള്ളുന്ന പുന്നപ്രയുടെ ബലികുടീരങ്ങളിൽ ഒരുപിടി രക്തപുഷ്പം അർപ്പിക്കാൻ നിങ്ങളുടെ നേതാവിന് കഴിഞ്ഞോ? നിങ്ങൾ അവിടെ രക്തസാക്ഷികളെ മറന്നു, നിങ്ങൾ എല്ലാവരെയും മറന്നു. നിങ്ങൾ വിപ്ലവഭൂമിയെ മറക്കുന്നു. മലബാറിൽനിന്ന് മാർച്ച് തുടങ്ങി ഇങ്ങോട്ട് അടിവച്ചടിവച്ച് നീങ്ങുകയാണ്. അത് കുറച്ചിങ്ങോട്ട് മാറിക്കഴിഞ്ഞപ്പോൾ സാമൂഹ്യ നീതിയും സമഗ്രവികസനവും പോയി. ആ മാർച്ച് ശ്രീ. വെളിയം ഭാർഗ്ഗവനെ തിരായി. ആ മാർച്ച് ശ്രീ. വെളിയത്തെ ഭീഷണിപ്പെടുത്തലായി ശ്രീ. ചന്ദ്രചൂഡനെ ആക്ഷേപിക്കലായി. അത് ഇങ്ങനെ മുന്നേറിപ്പോകുമ്പോൾ നമ്മുടെ പഴയ നേതാവായ ലീഡർ ശ്രീ. കെ. കരുണാകരൻ "ഇവൻ പുലിയാണെടാ" എന്ന് മകനോട് പറഞ്ഞു. സിനിമയിൽ പറയുന്നതുപോലെ ആ മാർച്ച് തിരുവിതാംകൂറിൽ എത്തിയപ്പോൾ പുലി എലിയായിട്ട് മാറി. ശ്രീ. പിണറായി വിജയൻ പറയുകയാണ്, ഞങ്ങൾ ആർക്കും വാക്ക് കൊടുത്തിട്ടില്ലായെന്ന്. ആ മാർച്ച് മലബാറിൽ തുടങ്ങി എത്താണ്ട് തിരുവിതാംകൂറിൽ എത്തുന്നതുവരെ ഡി. ഐ. സി.-യെ മുന്നണിയിൽ കൊണ്ടുവരാമെന്ന് വാശിപിടിച്ച ആളുകൾ തിരുവിതാംകൂറിൽ എത്തുമ്പോൾ പറയുന്നത്, ഞങ്ങൾ ആർക്കും വാക്ക് കൊടുത്തിട്ടില്ലായെന്ന്. ഈ രൂപത്തിലേക്ക് ആ മാർച്ച് അധഃപതിച്ചു, മുദ്രാവാക്യം അധഃപതിച്ചു. ഇവിടെ ശ്രീ. മത്തായി ചാക്കോ പറഞ്ഞു—മത്തായിക്കെന്തും പറയാം—കെ. ആർ. നാരായണനെ കമ്മ്യൂണിസ്റ്റ് പാർട്ടി ലൈസൻസ് കൊടുത്താണ് പഠിപ്പിച്ചത് എന്ന്. ചരിത്രത്തെപ്പറ്റി ഇവർക്ക് വല്ല വിവരവും ഉണ്ടോയെന്ന് ഞാൻ ചോദിക്കുകയാണ്, നവോത്ഥാന പ്രസ്ഥാനങ്ങൾ കമ്മ്യൂണിസ്റ്റ് പാർട്ടി ഉണ്ടായതുകൊണ്ടാണ് വളർന്നു വന്നതെന്ന് ശ്രീ. മത്തായി ചാക്കോ പറയുകയുണ്ടായി. ഞങ്ങൾ പഠിച്ചത് തിരിച്ചാണ്. നവോത്ഥാന പ്രസ്ഥാനങ്ങൾ ഉഴുതു മറിച്ച മണ്ണിലാണ് കമ്മ്യൂണിസ്റ്റ് പാർട്ടികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

വളരാൻ അവസരം ഉണ്ടായതെന്നാണ് ഞങ്ങൾ പഠിച്ചത്. ശ്രീ. മത്തായി ചാക്കോ പറയുന്നത്, കെ. ആർ. നാരായണൻ വളർന്നതും പഠിച്ചതുമൊക്കെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്വാധീനം കൊണ്ടാണെന്നാണ്. ഇവരുടെ ചരിത്രബോധത്തെപ്പറ്റി എന്താണ് പറയുക? സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ``സൂര്യൻ കിഴക്കുദിക്കും'', മഴവില്ലിന്നേഴു നിറം, കേരളത്തിൽ യു. ഡി. എഫ്. അധികാരത്തിൽ തിരിച്ചുവരും. ഇത് പ്രപഞ്ച സത്യം. ഞാൻ ഈ നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ഞാൻ യു. ഡി. എഫ്. ഗവൺമെന്റിന്റെ വിടവാങ്ങൽ നന്ദിപ്രമേയത്തെ എതിർക്കുന്നു. സാധാരണ ഗതിയിൽ വിടവാങ്ങൽ ഒരു വികാരനിർഭരമായ ചടങ്ങാണ്. എന്നാൽ, ചില പ്രാകൃത ഗോത്രവർഗ്ഗക്കാരെപ്പോലെ വേർപാടിന്റെ വേദനയെ യു. ഡി. എഫ്. ഒരു വെടിക്കെട്ടുൽസവമാക്കി മാറ്റിയിരിക്കുകയാണ്. അഞ്ച് വർഷംമുമ്പ് ഞാൻ ഈ സഭയിൽ ആദ്യമായി എത്തുമ്പോൾ എന്തായിരുന്നു ഇവിടത്തെ വീരവാദങ്ങൾ? എന്തെല്ലാം കാര്യങ്ങളാണ് ഇവിടെ പറഞ്ഞത്? ഡൽഹിക്കു പോകാൻ ഒരു ടികക്കറ്റുപോലും കടം കിട്ടാനില്ല എന്നു പറഞ്ഞ് നെഞ്ചത്തടിച്ചു വിലപിച്ച മുഖ്യമന്ത്രി മുണ്ട് മുറുക്കിയുടുക്കാനാണ് എല്ലാ പേരോടും ആഹ്വാനം ചെയ്തത്. 20 മന്ത്രിമാരും മുണ്ട് നന്നായി മുറുക്കിയുടുത്തപ്പോൾ കടം 29,000 കോടി രൂപ. ഈ തുക എന്തിന് ചെലവഴിച്ചു എന്നതിന് ആർക്കും വ്യക്തമായ ഒരു ഉത്തരം നൽകാനില്ല. ഈ അഞ്ച് വർഷക്കാലത്തിനിടയ്ക്ക് ഈ സർക്കാരിന് ധാരാളം റിക്കാർഡുകൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. കടക്കെണിയുടെ എവറസ്റ്റ് കൊടുമുടിയാണ് ഈ ഗവൺമെന്റ് കീഴടക്കിയിരിക്കുന്നത്. മാഫിയകളുടെ കാര്യത്തിൽ ഇറ്റലിയേയും കൂടി കടത്തിവെട്ടിയരിക്കുന്നു. കുറ്റകൃത്യ നിരക്കിൽ ഇവർ ദക്ഷിണാഫ്രിക്കയെ പിന്നിലാക്കി. ആത്മഹത്യാ നിരക്കിൽ ഹംഗറിക്കു മുന്നിൽ നാം നാണിച്ചു നിൽക്കുന്നു. സംസ്ഥാന രൂപീകരണത്തിനു ശേഷം ലോക്സഭയിൽ കേരളത്തിൽനിന്ന് ഒരു കോൺഗ്രസുകാരൻപോലും ഇല്ലാത്തത് ഈ ഭരണകാലത്താണ്. ഉപതെരഞ്ഞെടുപ്പുകളിലും പഞ്ചായത്ത് തെരഞ്ഞെടുപ്പുകളിലുമെല്ലാം തോറ്റ് തൊപ്പിയിട്ടു എന്ന റിക്കാർഡും ഈ സർക്കാരിനു മാത്രം അവകാശപ്പെട്ടതാണ്. ഈ സർക്കാരിന് തുടക്കംമുതലേ ജാതകദോഷമാണ്. നൂറു പേരിൽ 11 പേരെ സഭയിൽ ഇപ്പോൾ കാണാനില്ല. ഇനിയും ഇത് സഹിക്കാൻ വയ്യായെന്ന് പറഞ്ഞ് സലാം ചെയ്തു പിരഞ്ഞുപോയി. ഒരു മുഖ്യമന്ത്രിയടക്കം 15 പേർക്കാണ് മന്ത്രിസ്ഥാന നഷ്ടവും മാനഹാനിയും ഉണ്ടായിട്ടുള്ളത്. ഇനിയുള്ള ദിവസങ്ങളിൽ എത്ര പേർക്കുകൂടി ഈ മാനഹാനി ഉണ്ടാകുമെന്ന് പറയാൻ പറ്റുകയില്ല. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്ററെ പിടികൂടിയ ലോക്-ആയുക്ത രണ്ട് മന്ത്രിമാരെക്കൂടി നോട്ടമിട്ടിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ സംസ്ഥാനത്തെ ഏറ്റവും വലിയ ദുരന്തം പോലീസിന്റെ ക്രിമിനൽവൽക്കരണമാണ്. പോലീസുകാർ പ്രതികളായിട്ടുള്ള കേസുകളുടെ എണ്ണം ഏവരേയും ഞെട്ടിപ്പിക്കുന്നതാണ്. സംസ്ഥാനത്ത് ചില പോലീസുകാരും ക്രിമിനലുകളും തമ്മിലുള്ള ബന്ധം ഏതൊരു പരിഷ്കൃത സമൂഹത്തെയും നാണിപ്പി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നതാണ്. കേരളം ഒരായുധപ്പുരയായി മാറിയിട്ടുണ്ട്. വിവധതരം സ്ഫോടക വസ്തുക്കൾ, ജലാറ്റിൻ സ്റ്റിക്, നാടൻ തോക്കുകൾ മുതൽ എ. കെ. 47 വരെയുള്ള എല്ലാത്തരം തോക്കുകളും ഈ നാട്ടിൽ സുലഭമാണ്. കോഴിക്കോട്ടും മാറാട്ടും ബേപ്പൂരും പട്ടാമ്പിയിലുമൊക്കെ കണ്ട സ്ഫോടക വസ്തുക്കളുടെ ഉറവിടം നാളിതുവരെ കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. ഭീകരവാദികളുടെയും വിദേശ ചാരൻമാരുടെയും ഒളിത്താവളമായി കേരളം മാറിയിരിക്കുന്നു. ഈ സമ്മേളനം തുടങ്ങിയ സമയംമുതൽ നരേന്ദ്രൻ, നരേന്ദ്രൻ എന്നാണ് അപ്പുറത്തിരിക്കുന്നവർ പറയുന്നത്. നരേന്ദ്രൻ കമ്മീഷൻ പറഞ്ഞ പിന്നാക്കക്കാരുടെ തൊഴിൽനഷ്ടം നികത്താൻ ഈ ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? സമവായം, സമവായം എന്നൊക്കെ പറയുന്നുണ്ട്. ഇലക്ഷൻ മുന്നിൽക്കണ്ടുകൊണ്ട് അവരുടെ സ്പോൺസേർഡ് സംഘടനകളുംകൂടി ചേർന്ന് തയ്യാറാക്കിയ ഒരു ട്രിപ്പീസുകളിയാണ് ഇവിടെ നടക്കുന്നത്. കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കിയ സാക്ഷാൽ ജസ്റ്റീസ് നരേന്ദ്രൻതന്നെ താൻ പറഞ്ഞത് ഒന്നും ഇവിടെ നടപ്പിലാക്കിയിട്ടില്ല എന്ന് വളരെ പ്രയാസത്തോടെ പറയുകയുണ്ടായി. ഇതിന്റെ ഗുണഭോക്താക്കളായ ന്യൂനപക്ഷ-പിന്നാക്ക സംഘടനകൾ ഒന്നടങ്കം സർക്കാരിന്റെ കള്ളക്കളിയെ ഇതിനോടകം തുറന്നുകാണിച്ചിട്ടുണ്ട്. ഇവരെല്ലാപേരും ഇതിനെതിരാണ് പറയുന്നത്. എന്നാൽ നമ്മുടെ ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടിയും ശ്രീ. എം. എം. ഹസ്സനും ഇവിടെ എല്ലാം റഹത്ത് ആയി ഇവിടെ എല്ലാപേരും ഇത് കബൂലാക്കി എന്നുമാത്രം പറഞ്ഞുകൊണ്ടിരിക്കുകയാണ്. പ്രവാസികൾക്ക് വോട്ടവകാശം നൽകുമെന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ പറയുന്നു. സംസ്ഥാന ഗവൺമെന്റ് ഇത് പറയുമ്പോൾ മലയാളി പ്രവാസികൾ താമസിക്കുന്ന ഗൾഫ് രാജ്യങ്ങളെ നമ്മുടെ ശത്രുക്കളാക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ഇറാൻ ആണവ പ്രശ്നത്തിൽ അമേരിക്കയെ സഹായിക്കാൻ ഇന്ത്യ എടുത്തിരിക്കുന്ന നിലപാട് പ്രവാസി മലയാളികളുടെ കഞ്ഞികുടി മുട്ടിക്കുന്നതാണ്. ചേരിചേരാ നയം കുഴിച്ചുമൂടി ഇറാനെതിരെ വോട്ട് ചെയ്ത ഇന്ത്യാ ഗവൺമെന്റിന്റെ വിദേശകാര്യ വകുപ്പുസഹമന്ത്രി സ്ഥാനത്തുനിന്നും ശ്രീ. ഇ. അഹമ്മദ് രാജി വയ്ക്കുന്നതായിരിക്കും ഏറ്റവും ഉചിതം. ഇറാൻ ആണവ പ്രശ്നത്തിൽ മുസ്ലീം ലീഗ് അവരുടെ നിലപാട് വ്യക്തമാക്കണം. .... ഞാൻ ഈ യു. ഡി. എഫ്. ഗവൺമെന്റിന്റെ ഒടുക്കത്തെ നന്ദി പ്രമേയത്തെ അതിശക്തമായി എതിർക്കുന്നു.

<u>ശ്രീ. ടി. എൻ. പ്രതാപൻ:</u> സർ, ഗവർണ്ണറുടെ പ്രസംഗത്തിന് ശ്രീ. കടവൂർ ശിവദാസൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. പതിനൊന്നാം കേരള നിയമസഭയുടെ അവസാനത്തെ സമ്മേളനമാണിത്. പുതിയ തലമുറയിൽ നിന്ന് കേരള നിയമസഭയിലേക്ക് കടന്നുവരാൻ ഭാഗ്യമുണ്ടായ ഒരാൾ എന്ന നിലയിൽ ഞാൻ അതിൽ അഭിമാനംകൊള്ളുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ 25 വർഷകാലത്തിനിടയിൽ ഉണ്ടാവാത്ത വമ്പിച്ച നേട്ടങ്ങൾക്കും സാമൂഹ്യ പരിവർത്തനങ്ങൾക്കും അത്ഭുതകരമായ വികസനങ്ങൾക്കും സാക്ഷ്യംവഹിക്കുകയും കേരളത്തിൽ ഒരു പുതിയ അജണ്ട ഉണ്ടാക്കാൻ കഴിയുകയും ചെയ്ത മഹത്തായ ഒരു നിയമസഭയാണ് പതിനൊന്നാം കേരള നിയമസഭ എന്ന് പറയാൻ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ആഗ്രഹിക്കുകയാണ്. ഈ നിയമസഭയുടെ കേരളത്തിന്റെ സാമൂഹ്യ ജീവിതത്തിന്റെ ചരിത്രത്തിൽ അത്ഭുതകരമായ മാറ്റം ഉണ്ടാക്കുന്ന, ദൂരവ്യാപകമായ വികസന പ്രത്യാഘാതങ്ങൾക്ക് സഹായകരമായ നിലപാട് ഉണ്ടാക്കുന്ന, വമ്പിച്ച നേട്ടങ്ങൾ ഈ ഗവൺമെന്റിന് ഉണ്ടാക്കുവാൻ കഴിഞ്ഞു എന്നുള്ളത് പ്രത്യേകം എടുത്തുപറയട്ടെ. സാമ്പത്തിക മേഖലയിലെ വളർച്ചയുടെ ഫലമായി കേരളത്തിലെ ദാരിദ്ര്യം കുറഞ്ഞു എന്നത് അങ്ങേയറ്റം അഭിമാനമുള്ള ഒരു കാര്യമാണ്. ദേശീയ ദാരിദ്ര്യത്തിന്റെ ശതമാനം 26.3 ആണെങ്കിൽ ഇന്ന് കേരളത്തിന്റെ ദാരിദ്ര്യ ശതമാനം 12.72 ആയി കുറയ്ക്കാൻ കഴിഞ്ഞു. 2006 ജനുവരിയിൽ ഇദംപ്രഥമമായി പുറത്തുവന്ന സോഷ്യൽ ഡെവലപ്മെന്റ് റിപ്പോർട്ടിൽ ഇത് വളരെ വ്യക്തമായി പറയുന്നുണ്ട്. പഞ്ചാബ്, ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങൾക്ക് തൊട്ടു പിന്നിലാണ് ഇന്ന് ദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ കേരളം എന്നതിൽ നമുക്ക് വളരെയേറെ അഭിമാനിക്കാം. ഗ്രാമീണ വികസന സൂചികയിൽ കേരളം ഒന്നാമത് എത്തി. നഗര വികസന സൂചികയിൽ ഇന്ന് കേരളം മൂന്നാം സ്ഥാനത്തായി. നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥിതി ഇതൊക്കെയാണെങ്കിലും വളരെയേറെ ഇനിയും മുന്നോട്ടു പോകേണ്ടതുണ്ട്. കേരള മോഡൽ വികസനം എന്ന് നാം പറഞ്ഞിരുന്നല്ലോ, കേരള വികസനത്തിന്റെ നേട്ടം എന്തായി എന്ന് നോക്കണം. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് പ്രഖ്യാപിച്ചതാണ് കേരള മോഡൽ വികസനം എന്നത്. ഇന്നും തൊഴിലില്ലായ്മ വലിയൊരു പ്രശ്നമാണ്. വ്യവസായ, കാർഷിക, പരമ്പരാഗത മേഖലയിലെ തകർച്ച മറ്റൊരു പ്രതിസന്ധിയാണ്. അടിസ്ഥാന സൗകര്യ വികസനത്തിൽ കേരളം ഇപ്പോഴും മൃതകാല തടവറയിലാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളത്തിന് നേരത്തെ വിലാസം ഉണ്ടായിരുന്നില്ല. ഐ. ടി. മേഖലയിൽ കേരളത്തിന്റെ സംഭാവന പൂജ്യത്തിനടുത്തായിരുന്നു. കേരളം നിക്ഷേപം നടത്താൻ കൊള്ളാത്ത ഒരു സംസ്ഥാനമാണ് എന്നുള്ള ധാരണയായിരുന്നു ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്നത്. മലയാളി വ്യവസായ സംരംഭകർ പോലും കേരളത്തിൽ നിക്ഷേപം നടത്താൻ തയ്യാറല്ല. കേരളത്തിൽ നിക്ഷേപം നടത്തിയ പലരും തമിഴ്നാട്ടിലേക്കും മറ്റു സംസ്ഥാനങ്ങളിലേക്കും അതു പറിച്ചുനട്ടു. വൻകിട സംരംഭകർ തമിഴ്നാടിന്റെ അതിർത്തിയിൽനിന്നും അടിമുടി മുന്നോട്ടുവയ്ക്കാൻ വിസമ്മതിച്ചു. ലോകമെമ്പാടും നിക്ഷേപത്തിനുവേണ്ടി മത്സരം നടക്കുകയാണ്. ചൈനയും പശ്ചിമബംഗാളുമൊക്കെ മത്സരിച്ച് കൂറ്റൻ നിക്ഷേപങ്ങൾ നേടിയെടുത്തപ്പോൾ കേരളം വളരെയേറെ പുറകിലായിരുന്നു എന്നു മാത്രമല്ല, വികസന രംഗത്ത് പത്തോ ഇരുപതോ വർഷം നമ്മൾ പുറകിലോട്ടുപോയി. വളരെയേറെ അനുകൂലമായ സാഹചര്യമുള്ള, പ്രകൃതിരമണീയമായ, വർഷത്തിൽ മുഴുവൻ സമയവും ജോലി ചെയ്യാവുന്ന കാലാവസ്ഥയുള്ള, വിദ്യാഭ്യാസ ജനസമൂഹമുള്ള, അടിസ്ഥാന സൗകര്യം ഏറെ മുന്നിലുള്ള, വൈദ്യുതിയും വെള്ളവും അങ്ങേയറ്റം ലഭിക്കാൻ സാദ്ധ്യതയുള്ള, കഠിനമായി ജോലി ചെയ്യാൻ തയ്യാറുള്ള തൊഴിലാളികളുള്ള ഈ ഒരു സംസ്ഥാനം വികസനത്തിന്റെ കാര്യത്തിൽ എന്തുകൊണ്ടാണ് പുറകിലോട്ടു പോയത് എന്നുള്ളത് അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന ആളുകൾ രാഷ്ട്രീയത്തിനതീതമായി ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. വരും തലമുറയോടുള്ള നീതി

രാഷ്ട്രീയ നിറങ്ങളുടെ പേരിൽ മറന്നുകൂടാ എന്നത് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കട്ടെ. നാം പലപ്പോഴും താൽക്കാലികമായ രാഷ്ട്രീയ നേട്ടങ്ങൾക്കുവേണ്ടിയും തിരഞ്ഞെടുപ്പുകൾക്കുവേണ്ടിയും നമ്മുടെ നിലപാടുകൾ മാറ്റിയും മറിച്ചും പറയാറുണ്ട്. ഒരു പൊതു താൽപ്പര്യത്തിന്റെ അടിസ്ഥാനത്തിൽ പലപ്പോഴും നമ്മളാരും മുന്നോട്ട് വരാറില്ല. ആ ഒരു ചിത്രം കേരളത്തിൽ വരേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. ഈ നിയമസഭയുടെ അവസാന സമ്മേളന ഘട്ടത്തിലെങ്കിലും ഇവിടെയിരിക്കുന്ന ജനപ്രതിനിധികളായ നാമെല്ലാവരും കേരളത്തിന്റെ വരും തലമുറയോടുള്ള നീതി നിർവ്വഹിക്കുന്ന കാര്യത്തിനുവേണ്ടി ഒരു തുറന്ന മനസ്സോടുകൂടിയ വികസനശൈലിയും സംസ്കാരവും സാമൂഹ്യ കാഴ്ചപ്പാടും കെട്ടിപ്പടുക്കുന്നതിനുള്ള ശ്രമം നടത്തും എന്ന് പ്രതീക്ഷിക്കുകയാണ്. നമ്മുടെ രാജ്യത്ത് ഇന്ന് ഏറ്റവും പ്രതീക്ഷയുള്ളത് ഐ. ടി മേഖലയിലാണ്. ബഹുമാന്യനായ മുൻ വ്യവസായ വകുപ്പുമന്ത്രി ഇവിടെ പ്രത്യേകം എടുത്തു പറയുകയുണ്ടായി. ഐ. ടി. കയറ്റുമതിയിൽ 0.04 ശതമാനമായിരുന്നു നമ്മുടെ നേട്ടം. കർണ്ണാടക 27,800 കോടിയും തമിഴ്നാട് 11,087 കോടിയും ആന്ധ്രാപ്രദേശ് 8,28 കോടിയും നേട്ടം ഉണ്ടാക്കിയപ്പോൾ കേരളം കേവലം 300 കോടിയാണ് ഐ. ടി.-യിൽ നിന്ന് ഉണ്ടാക്കിയ നേട്ടം. 33,300 ഐ. ടി. തൊഴിലാളികൾതന്നെയാണ് സ്മാർട്ട് സിറ്റിയുടെ പ്രധാന ആകർഷണം. ശ്രീ. കുഞ്ഞാലിക്കുട്ടി സാഹിബ് ഇവിടെ പറയുകയുണ്ടായി, വർഷം തോറും പഠിച്ചിറങ്ങുന്ന ആയിരക്കണക്കിന് വിദ്യാർത്ഥികൾക്കുവേണ്ടി പ്രതീക്ഷാനിർഭരമായ ഒരു നിക്ഷേപം തന്നെയാണ് ഇന്ന് കേരളത്തിൽ ഉണ്ടായിട്ടുള്ളത്. കേരളത്തിന് പുറത്ത് ജോലി ചെയ്യുന്ന ഐ. ടി. വിദഗ്ധന്മാർക്ക് കേരളത്തിലേക്ക് മടങ്ങി വരാൻ ഒരു അപൂർവ്വ അവസരം ഉണ്ടായിരിക്കുകയാണ്. ഐ. ടി. രംഗത്തെ കുതിച്ചുചാട്ടാൻ കേരളത്തെ സഹായിക്കുന്ന ഇപ്പോഴത്തെ സ്മാർട്ട് സിറ്റി ഉൾപ്പെടെയുള്ള ആധുനിക രംഗത്തെ കാൽവയ്പുകൾക്കുവേണ്ടി ശ്രമിക്കുന്ന യു. ഡി. എഫ് ഗവൺമെന്റ് കഴിഞ്ഞ 5 വർഷംകൊണ്ട് കേരളത്തെ എവിടെക്കൊണ്ടെത്തിച്ചു എന്നുള്ളതിന് കാലം വിധി പറയും എന്നുള്ളതിൽ യാതൊരു സംശയവും വേണ്ട. "കള്ളനും കാറ്റും ചതിച്ചില്ലെങ്കിൽ വെള്ളാരം കല്ലിന്മേൽ കണ്ടുമുട്ടാം" എന്നൊരു പഴമൊഴിയുണ്ട്. കടലാമ കരയിൽ വന്ന് കടലിലേക്ക് തിരിഞ്ഞാണ് മുട്ടയിടുന്നത്. മുട്ടയിട്ട് മുടിക്കഴിഞ്ഞാൽ അത് കിഴക്കോട്ട് തിരിഞ്ഞു നിൽക്കും. എന്നിട്ട് നിശ്ശബ്ദമായി കടലാമ മുട്ടയോട് പറയും "കള്ളനും കാറ്റും ചതിച്ചില്ലെങ്കിൽ വെള്ളാരം കല്ലിന്മേൽ കണ്ടുമുട്ടാം" എന്ന്. കേരളത്തിലെ ജനങ്ങൾക്ക് യാതൊരു സംശയവും വേണ്ട. കഴിഞ്ഞ 5 വർഷക്കാലംകൊണ്ട് രാഷ്ട്രീയാതീതമായ കാഴ്ചപ്പാടോടുകൂടി ചിന്തിക്കുകയാണെങ്കിൽ ഈ വരുന്ന കാലയളവിൽ കേരളത്തിലെ ജനങ്ങൾ അത് തെളിയിക്കും. ശ്രീ. കെ. രാധാകൃഷ്ണൻ ഉൾപ്പെടെയുള്ളവർ അവിടെയിരുന്നു സമ്മതപൂർവ്വം തലയാട്ടുകയാണെന്നറിയാം. "കള്ളനും കാറ്റും ചതിച്ചില്ലെങ്കിൽ, ശ്രീ. കെ. രാധാകൃഷ്ണാ... വെള്ളാരം കല്ലിന്മേൽ കണ്ടുമുട്ടാം". എന്റെ സ്നേഹിതൻ ശ്രീ. സുപാലിന്റെ പ്രസംഗം കേട്ടപ്പോൾ എനിക്ക് അതിശയം തോന്നി. ശ്രീ. കെ. പി. രാജേന്ദ്രൻ ഉൾപ്പെടെ അവിടെയിരുന്ന് അത് വളരെ വികാരത്തോടുകൂടി ശ്രദ്ധിക്കുകയായിരുന്നു. ശ്രീ. സുപാൽ ചില കാര്യങ്ങൾ പറഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

"ഞങ്ങൾ എതിർക്കും. ഞങ്ങൾ എതിർക്കാൻവേണ്ടി എതിർക്കുന്നവരല്ല. എതിർക്കേണ്ടതിനെ എതിർക്കും". ഒരു വിട്ടുവീഴ്ചയുമില്ല. അതിൽ എ. ഡി. ബി. ഉൾപ്പെടെയുള്ള കാര്യങ്ങൾ ആര് അനുകൂലിച്ചാലും ഞങ്ങൾ എതിർക്കും. ശ്രീ. പി. എസ്. സുപാൽ ഒരിക്കൽക്കൂടി പറഞ്ഞു. "സി. പി. ഐ.-ക്ക് എതിരെ ആരും ഞൊട്ടും ഞൊടുക്കുമായി വരണ്ട എന്ന്". അത് പറഞ്ഞത് ആരോടാണെന്ന് എനിക്ക് ബോദ്ധ്യമായി ഫെബ്രുവരി 5-ാം തീയതി ഞായറാഴ്ചയിലെ മലയാള മനോരമ പത്രത്തിൽ 1-ാം പേജിൽ തൃശൂരിലെ കാര്യം എല്ലാവരും വായിച്ചതാണ്. ആളില്ലാ പാർട്ടി എന്ന സംശയം തീർക്കും-സി. പി. ഐ. നേതാവ്. എന്റെ സ്നേഹിതനായ ശ്രീ. കെ. പി. രാജേന്ദ്രൻ ആ യോഗത്തിൽ പ്രസംഗിച്ചില്ല എന്നത് വേറെ വാർത്ത. ശ്രീ. സുപാൽ അതിന്റെ പിൻതുടർച്ചയാണ് പറഞ്ഞത്. മനോരമയിൽ മാത്രമല്ല മാതൃഭൂമിയുലും ഇതു തന്നെയാണ്. "ആളില്ലാ പാർട്ടിയാണ് വലിയ ഇളക്കമൊന്നും നടത്തണ്ട, ഞങ്ങൾക്കറിയാം അവരെ എവിടെ നിലയ്ക്ക് നിർത്തണമെന്ന്" ശ്രീ. ഇ. പി. ജയരാജൻ പ്രസംഗിച്ചു. തൃശൂർ ജില്ലയിൽ കോർപ്പറേഷനു മുന്നിൽ എ. ഐ. വൈ. എഫ്. നടത്തിയ ജനകീയ കൺവെൻഷൻ ശ്രീമതി സാറാ ജോസഫ് ആയിരുന്നു ഉദ്ഘാടനം ചെയ്തത്. ശ്രീമതി സാറാ ജോസഫ് പ്രസംഗിക്കുമ്പോൾ ശ്രീ. കെ. പി. രാജേന്ദ്രന്റെ സാന്നിദ്ധ്യം അവിടെയുണ്ട്. അവിടെവച്ചാണ് സി. പി. ഐ.-യുടെ ജില്ലാ സെക്രട്ടറി ശ്രീ. എ. കെ. ചന്ദ്രൻ തുറന്നടിച്ചത്. "ഒപ്പമുള്ള ആളുകളുടെ എണ്ണം 1969-ൽ ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും എണ്ണത്തെക്കുറിച്ച് ഇപ്പോൾ സംശയമുണ്ടെങ്കിൽ മാറിനിന്ന് നോക്കാം" എന്നുമായിരുന്നു സി. പി. ഐ. ജില്ലാ സെക്രട്ടറി ശ്രീ. എ. കെ. ചന്ദ്രന്റെ പ്രഖ്യാപനം "അന്ന് 11 വർഷം ഞങ്ങളുടെ ശക്തി കണ്ടവർ ഇപ്പോൾ ആളുകളുടെ എണ്ണമെടുക്കാൻ നടക്കുന്നുണ്ട്". സി. പി. ഐ.-യുടെ കേന്ദ്ര കമ്മിറ്റി അംഗം ശ്രീ. ഇ. പി. ജയരാജൻ കഴിഞ്ഞ ദിവസം ആളില്ലാ പാർട്ടി എന്നൊക്കെ അധിക്ഷേപിച്ചതിന്റെ മറുപടിയായാണ് സി. പി. ഐ.-യുടെ ജില്ലാ സെക്രട്ടറി പറഞ്ഞത്. എ. ഡി. ബി. വായ്പയ്ക്കെതിരെ ഇന്ന് കൊല്ലത്ത് ശ്രീ. പി. എസ്. സുപാൽ ഒരു കൺവെൻഷൻ നടത്തുന്നുണ്ട്. എ. ഐ. വൈ. എഫ്.-ന്റെ മിടുക്കന്മാർ ആഞ്ഞടിക്കുകയാണ്. ഡി. വൈ. എഫ്. ഐ.-യുടെ സ്നേഹിതന്മാർ നിരവധി തവണ താറടിച്ച് പുശിയതാണ്. അതുകൊണ്ടാണ് ശ്രീ. സുപാലിന്റെ പ്രസംഗത്തിന്റെ ആദ്യഭാഗത്തെ, ഒരു യുവജന പ്രവർത്തൻ എന്ന നിലയിൽ അഭിനന്ദിക്കാൻ ഈ അവസരം പ്രയോജനപ്പെടുത്തിയത്.

ശ്രീ. കെ. ബാബു: ബഹുമാനപ്പെട്ട പ്രതാപൻ, എ. ഐ. വൈ. എഫ്. കൈയെടുത്ത നിലപാടിനെ സംബന്ധിച്ചും എ. ഡി. ബി. വായ്പ സംബന്ധിച്ചുമാണ് പറഞ്ഞുവരുന്നത്. ഇന്നലെ എ. ഡി. ബി. മുന്നോട്ടുവച്ച നിബന്ധനകളിൽ ജനവിരുദ്ധമായ അഞ്ചെണ്ണം ഉപേക്ഷിച്ചു എന്നു പറഞ്ഞതുകൊണ്ട് എ. ഡി. ബി. പ്രക്ഷോഭം വേണ്ടെന്ന് ഡി. വൈ. എഫ്. ഐ. തീരുമാനിച്ചു. തൃശൂരിൽ ഡി.വൈ.എഫ്. ഐ.-യുടെ പ്രസിഡന്റ് ഒരു പ്രസംഗം നടത്തിയിരുന്നു. അതിനകത്ത് എ. ഐ. വൈ. എഫ്. എടുക്കുന്ന നിലപാട് ഇടതുപക്ഷ ശക്തി തെളിയിക്കാൻ വേണ്ടിയാണ് എന്നു കേൾക്കുമ്പോൾ എ. ഐ. വൈ. എഫ്. ചാടുകയാണ് എന്ന് ഡി. വൈ. എഫ്. ഐ.-യുടെ പ്രസിഡന്റ് ഒരു പ്രസംഗം നടത്തിയിട്ടുണ്ട്. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നുള്ള കാര്യം വ്യക്തമാക്കുമോ?

2/286/12-30

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എൻ. പ്രതാപൻ: ബഹുമാനപ്പെട്ട തൃപ്പൂണിത്തുറ അംഗം ശ്രീ. കെ. ബാബു, എ. ഡി. ബി. അതിലെ വ്യവസ്ഥയിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. ഇന്നലെയും മിനിഞ്ഞാന്നും ശ്രീ. മത്തായി ചാക്കോ പ്രസംഗിക്കുമ്പോൾ പറഞ്ഞു, പാർട്ടി സെക്രട്ടറിയുടെ ലേഖനം ദേശാഭിമാനി പത്രത്തിൽ നാളെ വരുമെന്ന്, ഇന്നലെ വന്നു, ഞങ്ങൾ വായിച്ചു, അത് ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. നമ്മുടെ എ. ഡി. ബി.-യുടെ വെബ്സൈറ്റ് ഉണ്ട്. http. www.adb. org എന്റെ പ്രിയപ്പെട്ട സ്നേഹിതൻ ശ്രീ. മത്തായി ചാക്കോ ഉൾപ്പെടെയുള്ളവർക്ക് ഇന്ന് ഈ സമ്മേളനം പിരിഞ്ഞതിനു ശേഷം എ. കെ. ജി. സെന്ററിൽ പോയാൽ ഇത് കാണാവുന്നതാണ്. അവിടെ കമ്പ്യൂട്ടറും വെബ്സൈറ്റും ഉണ്ട്, ദയവുചെയ്ത് ഇന്നുതന്നെ ഈ വെബ്സൈറ്റ് ഒന്നു പരിശോധിക്കണം. ഒരു മാറ്റവുമില്ല; കേരളത്തിലെ നഗരസഭകൾക്ക് വായ്പ നൽകുന്നതിനു മുമ്പ് ഉണ്ടായിരുന്ന ആ നിബന്ധനകളിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. ഇന്ന് നിയമസഭാ പ്രസംഗം ഉള്ളതുകൊണ്ട് ആ വെബ്സൈറ്റ് ഇന്നലെ രാത്രിയും ഞാൻ സെർച്ച് ചെയ്തു. അതിൽനിന്നും എടുത്ത ഡീറ്റെയിൽസാണ് എന്റെ കൈയിലുള്ളത്. നമുക്ക് വെബ്സൈറ്റിൽനിന്ന് പ്രിന്റ് എടുക്കാം. അതിൽ ഒരു കാര്യം പറഞ്ഞിട്ടുണ്ട്. വായ്പയ്ക്കു വേണ്ടി 2005 ജൂലൈ 21-ന് ഈ പദ്ധതി ആദ്യമായി എ. ഡി. ബി. പരിഗണനയ്ക്കെടുത്തതു മുതൽ ഡിസംബർ 20-ന് അന്തിമ തീരുമാനം എടുത്തതു വരെയുള്ള ഒരു കാര്യത്തിലും മാറ്റം വരുത്തിയിട്ടില്ല. ബഹുമാന്യനായ പിണറായിയുടെ ലേഖനം വായിച്ചു. ആ ലേഖനത്തിന് ഒരു കാമ്പും ഇല്ല. അങ്ങോട്ടുമിങ്ങോട്ടും തിരിച്ചും മറിച്ചും പറഞ്ഞിരിക്കുകയാണ്. അവസാനം സ്വീകാര്യമല്ലാത്ത കാര്യങ്ങൾ എന്നു പറഞ്ഞ് ആറ് കാര്യം കൂടി ആ ലേഖനത്തിൽ കൊടുത്തിട്ടുണ്ട്. ആ ആറ് കാര്യങ്ങൾതന്നെയാണ് നിലവിൽ വന്നത്. എന്ത് മാറ്റമാണ് വരുത്തിയത് എന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവിന്റെ പ്രസംഗത്തിൽ പറയുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അവസാനം ഡിസംബർ രണ്ടാം തീയതി എ. ഡി. ബി. അന്തിമ തീരുമാനം എടുത്തതുസംബന്ധിച്ച് വെബ്സൈറ്റിൽ നിന്നും എടുത്ത ഡീറ്റെയിൽസ് ഞങ്ങൾ ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. അത് വേണമെങ്കിൽ പരിശോധിക്കാൻ തരാം.

ശ്രീ. കെ. പി. രാജേന്ദ്രൻ: ശ്രീ. പ്രതാപൻ, ഞങ്ങളുടെ പ്രസ്താവനകളും, പ്രസംഗങ്ങളുമൊക്കെ വായിച്ച് ഇങ്ങനെ ആവേശം കൊള്ളുകയാണല്ലോ. ശ്രീ. പ്രതാപനോട് ഞാൻ ഒരു കാര്യം പറയാം, ഈ കട്ടിൽ കണ്ട് പനിക്കേണ്ട, ആ വെള്ളമങ്ങ് വാങ്ങിവച്ചേക്ക്. നിങ്ങളെ പരാജയപ്പെടുത്താൻ, ചരിത്രത്തിൽ ഏറ്റവും വലിയ പരാജയം യു. ഡി. എഫ്.-നും കോൺഗ്രസ്സിനും വരുന്ന തെരഞ്ഞെടുപ്പിൽ നൽകാൻ വലിയ പ്രക്ഷോഭവുമായി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഒറ്റക്കെട്ടായി മുന്നോട്ടുപോകുകയാണ്.

ശ്രീ. ടി. എൻ. പ്രതാപൻ: ശ്രീ. കെ. പി. രാജേന്ദ്രൻ, അങ്ങ് പറഞ്ഞത് വളരെ സന്തോഷത്തോടുകൂടി ഞങ്ങൾ കേട്ടിരുന്നു. ഇന്നത്തെ പത്രത്തിലെ മെയിൻ വാർത്ത എന്താണ്? വെളിയത്തിന് ശ്രീ. പിണറായിയുടെ താക്കീത്, വെളിയത്തിന്റെ വെളിപാടുകൾ ദുരൂഹം. "ശത്രു ഭരണം ഏറ്റെടുക്കണ്ട", ഇത് ആരാണ് പറഞ്ഞത് എന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

സാക്ഷാൽ ശ്രീ. പിണറായി വിജയൻ "സി. പി. ഐ. പ്രചരണ ജാഥയ്ക്ക് നേതാക്കളുടെ പടംവച്ചുള്ള പോസ്റ്ററും മറ്റും വേണ്ട എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതെല്ലാം ചീത്ത വഴിയിൽകൂടി പണം സമ്പാദിക്കുന്നവർ, ആളുകളെ പറ്റിക്കാൻ ചെയ്യുന്നതാണ്". ആരാണ് ഇത് പറഞ്ഞിരിക്കുന്നത്? പ്രിയപ്പെട്ട കെ. പി. രാജേന്ദ്രന്റെ പാർട്ടി സെക്രട്ടറി സാക്ഷാൽ വെളിയം. അദ്ദേഹം പറഞ്ഞത് ആളെ പറ്റിക്കാൻ വേണ്ടി ചീത്തവഴിയിലൂടെ സമ്പാദിച്ച പണം കൊണ്ടാണെന്ന്..... ഇനിയുമുണ്ട്, ശ്രീ. കരുണാകരനും മകനും മകളും ശ്രീ. ആന്റണിയും, ശ്രീ. ഉമ്മൻചാണ്ടിയും എല്ലാ ചുമരുകളിലും പോസ്റ്ററുകളിലും നിറയുകയാണ്. ശ്രീ. പിണറായി വിജയനും ഇതുപോലെ നിറയുന്നുണ്ടല്ലോ എന്ന് ചോദിച്ചപ്പോൾ ആര് ചെയ്താലും ഇത് തെറ്റാണ്. ശ്രീ. ഉമ്മൻചാണ്ടിയേയും ശ്രീ. കരുണാകരനേയും ശ്രീ. മുരളീധരനേയും ശ്രീമതി പത്മജയേയും പ്രിയപ്പെട്ട വെളിയം മനഃപൂർവ്വം പറഞ്ഞതാണ്. ആരുടെ പേര് പറയാൻവേണ്ടി? പത്രക്കാർ ശ്രീ. പിണറായിയെ ചോദിക്കാൻ വേണ്ടി പ്രിയപ്പെട്ട കെ. പി. രാജേന്ദ്രൻ ഈ പതിനൊന്നാം നിയമസഭാ സമ്മേളനത്തിൽ ഞാനൊക്കെ വന്ന ദിവസംമുതൽ ഇവിടെ പ്രസംഗം കേട്ടു, ഞങ്ങളിലുള്ള വിയോജിപ്പ്, ഞങ്ങളുടെ അഭിപ്രായ വ്യത്യാസം, സഭയിലും അഭിപ്രായ വ്യത്യാസം. നിങ്ങൾ ആഹ്ലാദിക്കുകയായിരുന്നു. ഇവിടെ എന്തുണ്ടായി; ഇപ്പോൾ എന്താണ് സ്ഥിതി; യു. ഡി. എഫ്.-ൽ വല്ല അഭിപ്രായ വ്യത്യാസവും ഉണ്ടോ? യു. ഡി. എഫ്. ഒറ്റക്കെട്ടാണ്. നിങ്ങൾ നോക്കിക്കോ ശ്രീ. കെ. പി. രാജേന്ദ്രനെ ഞാൻ വെല്ലുവിളിക്കുന്നു-കേരള നിയമസഭയിലേക്ക് ഈ വരുന്ന തെരഞ്ഞെടുപ്പിൽ ഞാൻ ശ്രീ. രാധാകൃഷ്ണനോടു പറഞ്ഞതുപോലെ കള്ളനും കാറ്റും ചതിച്ചില്ലെങ്കിൽ വെള്ളാരം കല്ലിന്മേൽ കണ്ടുമുട്ടാം. യു. ഡി. എഫ്. കേരളത്തിൽ വീണ്ടും വരുന്ന കാര്യത്തിൽ യാതൊരു തർക്കവും വേണ്ട.

ശ്രീ. കെ. ബാബു: ഇപ്പോൾ ശ്രീ. കെ. പി. രാജേന്ദ്രൻ പറഞ്ഞു 'ഈ കട്ടില് കണ്ട് പനിക്കേണ്ട' എന്ന്. യഥാർത്ഥത്തിൽ സി. പി. ഐ.-യുടെ സ്ഥിതി വളരെ ദയനീയമാണ്. കാരണം സി. പി. ഐ.-യിൽ പണ്ട് ശ്രീ. രാജേന്ദ്രൻ ഇരിക്കുന്ന കസേരയിൽ ഇരുന്നത് എം. എൻ. ഗോവിന്ദൻ നായരും, ടി. വി. തോമസും, സി. അച്ചുതമേനോനും ഒക്കെയായിരുന്നു. ഇന്ന് ഉറക്കെ ഒന്ന് കരയാൻപോലും തന്റേടമുള്ള ഒരു നേതാവും സി. പി. ഐ.-യിൽ ഇല്ല എന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. എൻ. പ്രതാപൻ: അതാണ് ഞാൻ പറഞ്ഞത്, ബഹുമാനപ്പെട്ട അംഗം ശ്രീ. ബിനോയ് വിശ്വം മിനിഞ്ഞാന്ന് പ്രസംഗിച്ചു. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ശ്രീ. സുപാലിന്റെ പ്രസംഗം അല്ലല്ലോ കേട്ടത്. നിങ്ങൾ ഈ നിയമസഭാ പ്രസംഗത്തിന്റെ രേഖ പരിശോധിച്ചാൽ മതി. എന്തുകൊണ്ട് ശ്രീ. കെ. പി. രാജേന്ദ്രൻ പ്രസംഗിച്ചിട്ടില്ല. ഈ നിമസഭാ സമ്മേളനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട അവസാന ദിവസങ്ങൾ ബജറ്റിന്റെ ചർച്ച അല്ലല്ലോ. ഇവിടെയല്ലേ പൊളിറ്റിക്കൽ ഡിബേറ്റ് നടക്കുന്നത്? അങ്ങയുടേയും, പ്രിയപ്പെട്ട ബിനോയ് വിശ്വത്തിന്റേയും ശബ്ദത്തിന്റെ ഗാംഭീര്യം കുറയാൻ കാരണം അറിയാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഡി. സതീശൻ: ബഹുമാനപ്പെട്ട അംഗം എ. ഡി. ബി.-യെക്കുറിച്ച് സി. പി. ഐ.-യും, സി. പി. ഐ. (എം)-ഉം തമ്മിലുള്ള തർക്കത്തെക്കുറിച്ച് സൂചിപ്പിക്കുകയും എ. ഡി. ബി. ഒരുപാട് ഇളവുകൾ വരുത്തിയ കാര്യത്തെക്കുറിച്ച് പറയുകയും ചെയ്തു. പക്ഷെ നായനാരുടെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ ഇരിക്കുമ്പോൾ അതിനുമുമ്പ് എ. ഡി. ബി.-യിൽ നിന്ന് ലോൺ വാങ്ങിച്ച രണ്ട് സംസ്ഥാനങ്ങൾ ഗുജറാത്തും മധ്യപ്രദേശും. എ. ഡി. ബി. ലോൺ വാങ്ങിയ അതേ നിബന്ധന അംഗീകരിക്കാൻ ഞങ്ങൾ തയ്യാറാണ് എന്നുപറഞ്ഞ് എൽ. ഡി. എഫ്. ഗവൺമെന്റ് കത്തെഴുതിയ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. എൻ. പ്രതാപൻ: ബഹുമാന്യനായ തൊടുപുഴ അംഗം ശ്രീ. പി. ടി. തോമസ് ഇറക്കിയ ഒരു പുസ്തകത്തിൽ പ്രിയപ്പെട്ട ശ്രീ. വി. ഡി. സതീശൻ ചോദിച്ച കാര്യത്തെക്കുറിച്ച് വളരെ വിശദമായി പറയുന്നുണ്ട്. വളരെ ഗൗരവമുള്ള കാര്യമാണത്.

ശ്രീ. ബിനോയ് വിശ്വം: ഇവിടെ ബഹുമാനപ്പെട്ട നാട്ടിക അംഗം ശ്രീ. പ്രതാപൻ കഥയറിയാതെ ആട്ടം കാണുകയാണ്. അദ്ദേഹം പത്രം വായിച്ചിട്ട് ആവേശം കൊള്ളുന്നു, അദ്ദേഹം മനസ്സിലാക്കുന്നില്ല എന്താണ് സി. പി. ഐ., സി. പി. ഐ. (എം) ബന്ധമെന്ന്. ആ ബന്ധത്തിന് രാഷ്ട്രീയ അടിത്തറയുണ്ട്. ഞങ്ങൾ രണ്ട് പാർട്ടികളാണ്. ഞങ്ങൾക്ക് പല വിഷയങ്ങളിലും വ്യത്യസ്തമായ കാഴ്ചപ്പാടുണ്ട്. പക്ഷെ വ്യത്യസ്തമായ ഏത് കാഴ്ചപ്പാടിനെക്കാളും കവിഞ്ഞ രാഷ്ട്രീയ സ്ഥിരതയുണ്ട്. സി. പി. ഐ.-യും, സി. പി. ഐ. (എം)-ഉം ഒന്നുപോലെ നിൽക്കുന്നതിന്റെ രാഷ്ടീയ അടിത്തറ എന്താണ്? കോൺഗ്രസ്സിനും ബി. ജെ. പി.-ക്കും ബദലായ ഒരു പുത്തൻ രാഷ്ടീയ ഐക്യത്തിന്റെ മുദ്രാവാക്യമാണ് സി. പി. ഐ-ക്കും, സി. പി. ഐ. (എം)-നും ഒരുപോലെയുള്ളത്. ഞങ്ങൾ രണ്ട് പാർട്ടിയും അതിനുവേണ്ടി ഒറ്റക്കെട്ടായി നിൽക്കും, ഒറ്റക്കെട്ടായി പോരാടും, ഞങ്ങൾ കോൺഗ്രസ്സ്, ബി. ജെ. പി. ഐക്യത്തെ പരാജപ്പെടുത്തും എന്നുള്ള കാര്യത്തിൽ തർക്കമൊന്നും വേണ്ട.

ശ്രീ. ടി. എൻ. പ്രതാപൻ: പ്രിയപ്പെട്ട ബിനോയ്, സി. പി. ഐ.-യും സി. പി. ഐ. (എം)-ഉം തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പറഞ്ഞു. മനോരമ, മാതൃഭൂമി, കേരള കൗമുദി, മാധ്യമം ഈ പത്രങ്ങളിലൊക്കെ വാർത്തയുണ്ട്. അതു കൂടാതെ ഇന്ന് ശ്രീ. സുപാലിന്റെ പ്രസംഗം എന്റെ പ്രിയപ്പെട്ട ബിനോയ് കേട്ടിരിക്കും. വളരെ മിടുക്കനായ ശ്രീ. സുപാൽ പറഞ്ഞില്ലേ, "കളിക്കണ്ട, ഞൊട്ട് ഞൊടുക്ക് പറഞ്ഞ് ഞങ്ങളുടെ അടുത്തേക്ക് വരണ്ട" എന്ന്. ശ്രീ. സുപാൽ പറഞ്ഞത് ശ്രീ. പിണറായി വിജയനോടാണ്. പിന്നെയാണോ ബന്ധത്തിന്റെ കാര്യം ഞങ്ങളെ പറഞ്ഞ് ബോദ്ധ്യപ്പെടുത്തുന്നത്. ഈ സഭയിൽ ഒരിക്കലും ഇതിനുമുമ്പ് ഇങ്ങനെ ഉണ്ടായിട്ടില്ല. യു. ഡി. എഫ്.-ൽ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായ സന്ദർഭങ്ങളിൽപ്പോലും സഭയ്ക്കകത്ത് ഞങ്ങൾ ഇങ്ങനെ പറഞ്ഞിട്ടില്ല. ഒരിക്കലും പറഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. മുഹമ്മദ്: ശ്രീ. പിണറായി വിജയന്റെ വിരട്ടൽ ഏറ്റു എന്ന് ശ്രീ. ബിനോയ് വിശ്വത്തിന്റെ ചോദ്യം കേട്ടപ്പോൾ ശ്രീ. പ്രതാപന് മനസ്സിലായില്ലേ? ഇനിയിപ്പോൾ ശ്രീ. വെളിയം ഭാർഗ്ഗവന്റെ കാല് വാരാൻ പോകുകയാണെന്നും മനസ്സിലായില്ലേ?

ശ്രീ. ടി. എൻ. പ്രതാപൻ: ഞങ്ങളുടെ പഴയ ലീഡർ ശ്രീ. കെ. കരുണാകരൻ ഇവർ പറഞ്ഞപ്പോൾ പറഞ്ഞു, വേണ്ട കളിക്കണ്ട, എണ്ണം കുറയും, എണ്ണം കുറപ്പിക്കും. അതോടുകൂടി മിണ്ടാട്ടമില്ലാതെയായി. ഇവിടെ ഞാൻ പറഞ്ഞുവന്ന കാര്യം കേരളത്തിലെ വികസന രംഗത്ത് നിങ്ങൾ എ. ഡി. ബി.-യെ നേരത്തെ എതിർത്തു. ഇപ്പോൾ എ. ഡി. ബി.-യെ അനുകൂലിക്കുന്നു. നിങ്ങൾ എക്സ്പ്രസ് ഹൈവേയെ എതിർക്കുന്നു. ഇപ്പോൾ അനുകൂലിക്കുന്നു. നിങ്ങൾ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ എതിർത്തു, ഇപ്പോൾ അനുകൂലിക്കുന്നു. നിങ്ങൾ കരിമണലിനെ എതിർത്തു, ഇപ്പോൾ അനുകൂലിക്കുന്നു. നിങ്ങൾ നേരത്തെ വിദേശ മൂലധനത്തെ എതിർത്തു, ഇപ്പോൾ അനുകൂലിക്കുന്നു. നിങ്ങൾ ട്രാക്ടർ വന്നപ്പോൾ എതിർത്തു, ഇപ്പോൾ അനുകൂലിക്കുന്നു. നിങ്ങൾ കമ്പ്യൂട്ടർ വന്നപ്പോൾ എതിർത്തു, ഇപ്പോൾ അനുകൂലിച്ചു. നിങ്ങൾ എല്ലാ മേഖലയിലും ആധുനികവൽക്കരണത്തെ എതിർക്കുകവഴി പുരോഗതിയിൽ പിറകിലാണ് കേരളം. അതിൽ വലിയൊരു പങ്ക് കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്കുണ്ട്. ഞാൻ രാഷ്ട്രീയം പറയുകയല്ല. നമ്മുടെ ഈ നിയമസഭയുടെ അവസാനത്തെ സമ്മേളനമാണ്. ഞങ്ങളെപ്പോലുള്ള പുതിയ ആളുകൾ രാഷ്ട്രീയമല്ല പറയുന്നത്. നിങ്ങൾ ദയവുചെയ്ത് ഒരു ആത്മ പരിശോധന നടത്തണം. വികസന കോൺഗ്രസും പഠന കോൺഗ്രസുമൊക്കെ വന്നപ്പോൾ മാറ്റം വന്നു. അതു മാത്രമേയുള്ളൂ. അതിനെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. ഒരു ആമയുടെ പ്രസിദ്ധമായ കഥയുണ്ട്. 'വൈകി വന്ന ബുദ്ധി'യെന്നാണ് കഥയുടെ പേര്. ഒരു കാട്ടിൽ മൃഗരാജാവായ സിംഹം ഒരു ദിവസം എല്ലാ മൃഗങ്ങളുടേയും യോഗം വിളിച്ചു. ആ ദിവസം ആഘോഷിക്കാൻ ഓരോ മൃഗത്തോടും ഓരോ തമാശ പറയണമെന്നും തമാശ കേട്ട് ഏതെങ്കിലും മൃഗം ചിരിച്ചില്ലെങ്കിൽ തമാശ പറയുന്ന മൃഗത്തെ വധിക്കുമെന്നും പ്രഖ്യാപിച്ചു. ആദ്യം തമാശ പറയാൻ ആവശ്യപ്പെട്ടത് കുരങ്ങനോടായിരുന്നു. ഒരു മൃഗവും കേട്ടിട്ടില്ലാത്ത മനോഹരമായ തമാശയാണ് കുരങ്ങൻ പറഞ്ഞത്. എല്ലാ മൃഗങ്ങളും പൊട്ടിച്ചിരിച്ചെങ്കിലും ആമ പൊട്ടിച്ചിരിച്ചില്ല. അതുകൊണ്ട് കുരങ്ങനെ വധിച്ചു. രണ്ടാമതായി അതിനേക്കാൾ മെച്ചപ്പെട്ട തമാശ ആന പറഞ്ഞു. വീണ്ടും ആമ ചിരിക്കാത്തതിനാൽ ആനയെയും തലവെട്ടിക്കൊന്നു. മൂന്നാമതായി തമാശ പറയാൻ വന്ന പുലി വളരെ ദയനീയമായി ആമയുടെ മുഖത്തു നോക്കി തമാശ പറയാൻ തുടങ്ങിയപ്പോഴേക്കും ആമ നിയന്ത്രണം വിട്ട് പൊട്ടിച്ചിരിച്ചു. പുലി തമാശ പറഞ്ഞു തുടങ്ങുന്നതിനു മുമ്പ് തന്നെ എന്തിനാണ് ആമ ചിരിച്ചതെന്ന് സിംഹം ചോദിച്ചപ്പോൾ ആമ പറഞ്ഞു, ആ കുരങ്ങൻ പറഞ്ഞ തമാശ എത്ര ഉഗ്രൻ, എത്ര മനോഹരം, എത്ര അത്ഭുതകരം ആ തമാശയോർത്താണ് ഞാൻ ചിരിച്ചതെന്ന്. കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥിതി ആമയുടെ സ്ഥിതിയാണ് എന്ന കാര്യം ഓർമ്മപ്പെടുത്താൻ

വേണ്ടി ആഗ്രഹിക്കുകയാണ്. വൈകി മാത്രമേ നിങ്ങൾക്ക് ബുദ്ധി ഉദിക്കുകയുള്ളൂ അതുകൊണ്ട് കേരളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് കഴിഞ്ഞ അഞ്ച് വർഷം നടത്തി വന്ന അത്ഭുതകരമായ പ്രവർത്തനങ്ങൾക്ക് ജനങ്ങളുടെ അംഗീകാരമുണ്ടാകും. യാതൊരു സംശയവും വേണ്ട എന്നുകൂടി ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. തോമസ് ചാഴികാടൻ: ബഹുമാന്യനായ ശ്രീ. കടവൂർ ശിവദാസൻ ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. സാമ്പത്തികദുരിതത്തിന്റെ കൂരിരുട്ടിൽ അകപ്പെട്ടിരുന്ന കേരള ജനതയെ സാമ്പത്തിക പുരോഗതിയുടെ പ്രകാശത്തിലേയ്ക്ക് നയിച്ച യു.ഡി.എഫ്. സർക്കാരിനുവേണ്ടി ബഹുമാന്യനായ ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗമായിരുന്നു ഈ സഭയിൽ നടന്നത്. ഞാൻ സഭയുടെ ശ്രദ്ധ അഞ്ച് വർഷങ്ങൾക്ക് മുമ്പിലേക്ക് കൊണ്ടുപോകാൻ ആഗ്രഹിക്കുകയാണ്. അഞ്ച് വർഷങ്ങൾക്ക് മുമ്പുള്ള കേരളത്തിന്റെ സ്ഥിതിയും ഇന്നത്തെ കേരളത്തിന്റെ സ്ഥിതിയും താരതമ്യപ്പെടുത്തേണ്ടത് ആവശ്യമാണെന്ന് എനിക്ക് തോന്നുകയാണ്. അഞ്ചു വർഷം മുമ്പ് കേരളത്തിന്റെ കാർഷിക മേഖല തകർന്നടിഞ്ഞ് കാർഷികോൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കാത്ത സാഹചര്യമുണ്ടായിരുന്നുവെങ്കിൽ ഇന്ന് കേരളത്തിലെ മിക്കവാറുമെല്ലാ കാർഷികോൽപ്പന്നങ്ങൾക്കും ന്യായവില ലഭിക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. 2001-ൽ ഒരു കിലോ റബ്ബറിന് 22 രൂപയായിരുന്നു വിലയെങ്കിൽ ഇന്ന് അത് 75 രൂപയായി. 450 രൂപയ്ക്കാണ് ഇടതുപക്ഷജനാധിപത്യമുന്നണി സർക്കാർ നെല്ല് സംഭരിച്ചതെങ്കിൽ ഇന്ന് 700 രൂപ കൊടുത്താണ് ഐക്യജനാധിപത്യമുന്നണി സർക്കാർ കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുന്നത്. അവർ വെട്ടിനിരത്തിയെങ്കിൽ ഐക്യജനാധിപത്യമുന്നണി സർക്കാർ നട്ടുവളർത്തി. വൈദ്യുതി പവർകട്ട്മൂലം അഞ്ച് വർഷം മുമ്പ് ഇരുളിലായിരുന്ന കേരളത്തെ പ്രകാശപൂർണ്ണമാക്കി ഒരു ദിവസംപോലും പവർകട്ട് ഇല്ലാത്ത കേരളം ഇന്ന് ഐക്യജനാധിപത്യമുന്നണി സർക്കാർ സംഭാവന ചെയ്തിരിക്കുന്നു. അഞ്ച് വർഷം മുമ്പ് കച്ചവടക്കാർ കച്ചവടമില്ലാത്തവരായി കഴിയേണ്ടിവന്നിരുന്നു. ഇന്ന് സമൃദ്ധമായ കച്ചവടമുള്ള കച്ചവട സ്ഥാപനങ്ങൾ കേരളത്തിൽ നമുക്ക് കാണാൻ കഴിയുന്നുണ്ട്. തൊഴിലില്ലാത്ത തൊഴിലാളികളെയാണ് അഞ്ച് വർഷം മുമ്പ് കേരളം കണ്ടതെങ്കിൽ ഇന്ന് എല്ലാ ദിവസവും തൊഴിൽ ലഭിക്കുന്ന പാവപ്പെട്ട സാധാരണക്കാരായ തൊഴിലാളികളെ കേരളം കാണുകയാണ്. റോഡുകൾ മുഴുവൻ കുണ്ടും കുഴിയും നിറഞ്ഞ് യാത്രായോഗ്യമല്ലാത്ത സ്ഥിതിയായിരുന്നു അഞ്ച് വർഷം മുമ്പ് കേരളത്തിലുണ്ടായിരുന്നതെങ്കിൽ ഇന്ന് അന്താരാഷ്ട്ര നിലവാരമുള്ള റോഡുകൾ കേരളത്തിൽ അങ്ങോളമിങ്ങോളം കാണാൻ കഴിയുന്ന സാഹചര്യമാണ്. ഐക്യജനാധിപത്യമുന്നണി സർക്കാർ കൊണ്ടുവന്നിരിക്കുന്നത്. കലാപകലുഷിതമായ അന്തരീക്ഷമായിരുന്നു അഞ്ച് വർഷം മുമ്പ് കണ്ണൂരും കാസർകോഡും ഉണ്ടായിരുന്നതെങ്കിൽ സമാധാനപൂർണ്ണമായ ഒരു കേരളം ഇന്ന് ഐക്യജനാധിപത്യമുന്നണി സർക്കാർ ജനങ്ങൾക്ക് സംഭാവന ചെയ്തിരിക്കുകയാണ്. പറന്ന് നടന്ന സർക്കാർ ചെക്കുകൾ കേരളത്തിൽ അങ്ങോളമിങ്ങോളം കാണുവാൻ കഴിയുമായിരുന്ന ഒരു സാഹചര്യമായിരുന്നു 2001-ൽ ഉണ്ടായിരുന്നതെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് ഒരൊറ്റ ചെക്കുപോലും തിരിച്ചുവിടാതെ, ട്രഷറി അടച്ചുപൂട്ടാതെ കാലിയായ ഖജനാവിന്റെ സ്ഥാനത്ത് പണം നിറഞ്ഞ ഖജനാവുനൽകിയ ഐക്യജനാധിപത്യ മുന്നണി സർക്കാരാണ് ഇന്ന് കേരളം ഭരിക്കുന്നത്. സാമൂഹ്യക്ഷേമ പെൻഷനുകൾ മുഴുവൻ കുടിശ്ശികയായിരുന്നു. കർഷകത്തൊഴിലാളി പെൻഷനും അതുപോലെത്തന്നെ മുഴുവൻ സാമൂഹ്യക്ഷേമ പെൻഷനുകളും വികലാംഗ പെൻഷനും തൊഴിലില്ലായ്മാ വേതനമുൾപ്പെടെയുള്ള മുഴുവൻ ആനുകൂല്യങ്ങളും കുടിശ്ശിക തീർത്തു നൽകി. അവ ഇപ്പോൾ മാസന്തോറും സർക്കാർ ജീവനക്കാരുടെ ശമ്പളത്തോടൊപ്പം നൽകുന്ന സാഹചര്യം സൃഷ്ടിച്ചത് ഐക്യജനാധിപത്യമുന്നണി സർക്കാരാണ്.

കേരളം ടൂറിസത്തിന്റെ കാര്യത്തിൽ ഒന്നാം സ്ഥാനത്ത് എത്തിയിരിക്കുന്നു. ഇന്ത്യയിൽവച്ച് ഏറ്റവും കൂടുതൽ ടൂറിസ്റ്റുകൾ കടന്നുവരുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്ത് അന്യരാജ്യങ്ങളിൽ നിന്നുവരെ വിദ്യാർത്ഥികൾ ഇങ്ങോട്ട് കടന്നുവരുന്ന ഒരു സാഹചര്യം ഇന്ന് ഉണ്ടായിരിക്കുന്നു. ഈ തരത്തിൽ എല്ലാ രംഗത്തും കേരളത്തിൽ പുരോഗതിമാത്രം യു.ഡി.എഫ്. കൊണ്ടുവന്നുവെങ്കിൽ സാമൂഹ്യനീതിക്കുവേണ്ടിയും ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് നല്ല നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് വളരെ വിശദമായി ഇവിടെ ചർച്ച നടന്നു. കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും പാവപ്പെട്ടവനും അതുപോലെ പിന്നോക്കം നിൽക്കുന്നവനും ഉന്നതകുലജാതരായിട്ടുള്ളവർക്കും നീതി ലഭിക്കുന്ന സാഹചര്യം സൃഷ്ടിക്കാൻ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്മേലുള്ള സമവായത്തിലൂടെ കഴിഞ്ഞു. കേരളം ഒരു പൊട്ടിത്തെറിയുടെ വക്കിൽ എത്തിനിന്നപ്പോൾ അതിൽനിന്നും കേരളത്തെ മോചിപ്പിച്ചത് ഐക്യജനാധിപത്യമുന്നണി സർക്കാരിന്റെ സമവായമായിരുന്നു. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് കേരള സമൂഹത്തിൽ സമാധാനത്തിന്റെ അന്തരീക്ഷം സൃഷ്ടിച്ചു. ഈ റിപ്പോർട്ടിനെക്കുറിച്ച് അഭിപ്രായം പറയാൻപോലും ഇടതുപക്ഷത്തിന് കഴിഞ്ഞിരുന്നില്ല എന്ന സത്യവും നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റമായിരുന്നു കഴിഞ്ഞ അഞ്ച് വർഷം മുമ്പ് കേരളത്തിൽ എല്ലാ ഗ്രാമങ്ങളിലും കവലകളിലും ബോർഡുകൾ വച്ചുകൊണ്ട് ഇടതുപക്ഷവും ഡി.വൈ.എഫ്.ഐ.യും ചൂണ്ടിക്കാണിച്ചിരുന്നതെങ്കിൽ ഇന്ന് അവർക്ക് ഒരു വാക്കുപോലും നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തെക്കുറിച്ച് പറയാൻ കഴിയുന്നില്ല. കേരളത്തിന്റെ പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമായി കൊണ്ടുപോകാൻ ഐക്യജനാധിപത്യ മുന്നണി സർക്കാരിന് കഴിഞ്ഞു എന്നതിന്റെ വ്യക്തമായ തെളിവാണ് ഇത്. കേരള സംസ്ഥാനത്തിന്റെ വടക്കേയറ്റം മുതൽ തെക്കേയറ്റം വരെ സി.പി.ഐ.(എം)-ന്റെ സംസ്ഥാന സെക്രട്ടറി ഒരു കേരളയാത്ര നടത്തുകയുണ്ടായി. ആ യാത്രയിൽ അവർ മുഴക്കിയ മുദ്രാവാക്യം സാമൂഹ്യനീതിയും സമഗ്രവികസനവുമാണ്. ആർക്ക് സാമൂഹ്യ നീതി നൽകാനാണ് അവർ ഈ യാത്ര നടത്തിയത്. സാമൂഹ്യ നീതി നിഷേധിക്കപ്പെട്ടവരല്ലേ കേരളത്തിലെ ജനങ്ങൾ, പ്രത്യേകിച്ച് വനിതകൾ? കിളിരൂരിലെ പെൺകുട്ടിയുടെ കാര്യം പറഞ്ഞ് അവർ കേരളത്തിൽ രാഷ്ട്രീയ നേട്ടമുണ്ടാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

നോക്കി. കവിയൂരിലെ പെൺകുട്ടിയുടെ കാര്യം പറഞ്ഞ് അവർ രാഷ്ട്രീയനേട്ടം ഉണ്ടാക്കാൻ നോക്കി. ഞാൻ പ്രതിനിധാനം ചെയ്യുന്ന ഏറ്റുമാനൂരിൽ എം.ജി. യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള എസ്.എം.ഇ.-യിലെ പെൺകുട്ടിയുടെ പേര് പറഞ്ഞ് ഇവർ രാഷ്ട്രീയനേട്ടമുണ്ടാക്കാൻ നോക്കി. എവിടെയൊക്കെ നീതി നിഷേധിക്കപ്പെട്ട വനിതകളുണ്ടോ വ്യക്തികളുണ്ടോ അവരെ രാഷ്ട്രീയനേട്ടത്തിന് വേണ്ടി മാത്രം ഉപയോഗിക്കുക എന്നതാണ് മാർക്സിസ്റ്റ് പാർട്ടിയുടെ തന്ത്രം. ഇതുകൊണ്ട് യഥാർത്ഥത്തിൽ നീതി ലഭിക്കേണ്ട പലർക്കും നീതി നിഷേധിക്കപ്പെടുന്നു. കണ്ണൂരിലെ വനിതാ ഓട്ടോഡ്രൈവറായ ചിത്രലേഖയ്ക്ക് സി.പി.ഐ. കൽപിച്ചു നൽകിയ ഭ്രഷ്ട് സംബന്ധിച്ച് മാർക്സിസ്റ്റ് പാർട്ടിക്ക് എന്ത് മറുപടി പറയാനുണ്ട്? മാവേലിക്കരയിലെ മുനിസിപ്പൽ കൗൺസിലർ ലീലാ അഭിലാഷിന് കരി ഓയിലിലൂടെ നീതി നൽകി മാർക്സിസ്റ്റ് പാർട്ടി പ്രവർത്തകർ. ഇതാണോ സിപി.ഐ.(എം.) നീതി നൽകുന്ന രീതി. മാർക്സിസ്റ്റ് പാർട്ടി മറുപടി പറയണം. വടകരയിലെ വിനീതാ കോട്ടായിയുടെ കാര്യം ഇവിടെ നേരത്തെ സൂചിപ്പിച്ചു. സ്വന്തം കൃഷിഭൂമിയിൽ നിന്നും വിളവെടുക്കാൻ അനുവദിക്കാതിരുന്ന മാർക്സിസ്റ്റ് പാർട്ടിയുടെ നീതി നടത്തുന്ന രീതി അതാണെങ്കിൽ അതിനു വേണ്ടിയാണോ ശ്രീ. പിണറായി വിജയൻ വടക്കുനിന്നും തെക്കോട്ട് യാത്ര നടത്തിയതെന്ന് പറയണം. അവസാനം മിനിഞ്ഞാന്ന് കെ.എസ്.യു.-വിന്റെ പ്രസിഡന്റായിരുന്ന പുത്തലത്ത് ദിനേശന്റെ ഭാര്യ ഡോ. യമുനയെ അപമാനിച്ചുകൊണ്ട് പുതിയ രീതിയിൽ നീതി നടത്തുകയാണ് ഡി.വൈ.എഫ്.ഐ. ചെയ്തത്. ഈ ഇരട്ടത്താപ്പുനയവുമായി ഒരുവശത്ത് നീതിയെക്കുറിച്ച് സംസാരിക്കുകയും നീതിരഹിതമായ പ്രവർത്തനങ്ങളിലൂടെ കേരളത്തിലെ ജനങ്ങളെ പറ്റിക്കുകയും ചെയ്യുന്ന പ്രവർത്തികളുമായി മാർക്സിസ്റ്റ് പാർട്ടി മുമ്പോട്ടുപോകുകയാണ്. ഇവർ ചെയ്യുന്നത് നീതി നടപ്പാക്കലല്ല. രാഷ്ട്രീയ നേട്ടത്തിനുവേണ്ടി നീതി നിഷേധിക്കപ്പെട്ട ജനതയെ മുഴുവൻ ഉപയോഗിക്കലാണ്. നീതി നിഷേധിക്കപ്പെട്ടവരെ ഉപയോഗിച്ച് രാഷ്ട്രീയ നേട്ടം ഉണ്ടാക്കുക എന്നതിലപ്പുറം മാർക്സിസ്റ്റ് പാർട്ടിക്ക് ഒരു ലക്ഷ്യവുമില്ല. കഴിഞ്ഞ ദിവസം ശ്രീ. ടി. കെ. ദേവകുമാർ സുനാമി ദുരന്തത്തിൽ അനാഥരായ രണ്ട് കുട്ടികളുടെ കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഞാൻ ഒരു കാര്യം ചോദിക്കട്ടെ! അദ്ദേഹം പറഞ്ഞു, ഞങ്ങൾ തെണ്ടിപ്പിരിച്ച് ആ കുട്ടികളെ വളർത്തുമെന്ന്. അവർ എല്ലാറ്റിനും അമേരിക്കയെ എതിർക്കുകയാണ്. അമേരിക്കൻ മോഡൽ അതേപടി സ്വീകരിച്ചുകൊണ്ട് ശ്രീ. പിണറായി വിജയൻ നടത്തിയ യാത്രയിൽ, അദ്ദേഹം എവിടെയൊക്കെ താമസിച്ചിട്ടുണ്ടോ അവിടെയൊക്കെ ഓരോ ദിവസവും രാവിലെ പ്രഭാതഭക്ഷണം നൽകാൻ ഏതാനും ആളുകളെ വിളിച്ചുകൂട്ടും. അമേരിക്കയിൽ ഇലക്ഷൻ ഫണ്ട് ശേഖരിക്കാൻ അവിടത്തെ പ്രസിഡന്റ് സ്ഥാനാർത്ഥികൾ സ്വീകരിക്കുന്ന ഒരു നടപടിയുണ്ട്. അവർ ഡിന്നർ മീറ്റിംഗ് നടത്തും. ആ ഡിന്നർ മീറ്റിംഗിൽ പങ്കെടുക്കുന്ന ഓരോ ആളിന്റേയും സീറ്റിന് ഒരു വില നിശ്ചയിക്കും. ആയിരം ഡോളർ കൊടുക്കുന്ന ആളിന് അവിടെ ഇരിക്കാം. പതിനായിരം ഡോളർ കൊടുക്കുന്ന ആളിന് സ്ഥാനാർത്ഥിയുടെ അടുത്തിരിക്കാം. അമ്പതിനായിരം ഡോളർ കൊടുക്കുന്ന ആളിന് കുറച്ചുകൂടി അടുത്തിരിക്കാം. ഇത്തരത്തിൽ സീറ്റിന് വില

LIBRARY ARCHIVES Kerala Legislative Assembly

നിശ്ചയിച്ച് പ്രഭാത ഭക്ഷണം നൽകിയ ശ്രീ. പിണറായി വിജയൻ സമാഹരിച്ച കോടിക്കണക്കിന് രൂപയിൽ നിന്നും അമ്പതിനായിരം രൂപ, ഏറ്റവും ചുരുങ്ങിയ നിരക്ക് ഒരു സീറ്റിന് നിശ്ചയിച്ച് നൽകിയ ആ മേളയിൽ കിട്ടിയ ഏറ്റവും ചെറിയ തുക കൊടുത്തിരുന്നെങ്കിൽ ആ പാവപ്പെട്ട കുഞ്ഞുങ്ങളേയുംകൊണ്ട് ശ്രീ. ടി. കെ. ദേവകുമാറിന് ഇവിടെ വരേണ്ടിവരില്ലായിരുന്നല്ലോ സാർ. നീതി നിഷേധത്തിലൂടെ സാമ്പത്തികനേട്ടം ഉണ്ടാക്കാൻ മാർക്സിസ്റ്റ് പാർട്ടി നടത്തുന്ന പ്രവർത്തനങ്ങൾ ജനങ്ങൾ കണ്ടറിയും. ഐക്യജനാധിപത്യമുന്നണി കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി നടപടി സ്വീകരിച്ചു. എന്നാൽ കേരളത്തിലെ ജനങ്ങൾക്ക് നീതി നിഷേധിക്കുന്ന നടപടി സ്വീകരിച്ച, വികലമായ നയങ്ങളുമായി നിൽക്കുകയാണ് ഇടതുപക്ഷം. ഒരിക്കൽ എതിർക്കുകയും പിന്നീട് സ്വീകരിക്കുകയും ചെയ്യുന്ന സമീപനമാണ് മാർക്സിസ്റ്റ് പാർട്ടിയുടേത്. എ.ഡി.ബി. വായ്പയുടെ കാര്യം ഇവിടെ സൂചിപ്പിച്ചു. എ.ഡി.ബി. വായ്പയെക്കുറിച്ച് സി.പി.ഐ.-ക്ക് ഒരു പോളിസിയും മാർക്സിസ്റ്റ് പാർട്ടിക്ക് വേറൊരു പോളിസിയും. ശ്രീ. പിണറായി വിജയൻ പറയുന്നു, എ.ഡി.ബി. അവരുടെ നിബന്ധനകൾ മാറ്റി എന്ന്. എ.ഡി.ബി. പറഞ്ഞ നിബന്ധനകൾ ഏതൊക്കെയാണെന്നും ഏതൊക്കെ മാറ്റി എന്നും നമുക്കറിയാം. അങ്ങനെ ഒന്ന് പറയുകയും ഒന്ന് പ്രവർത്തിക്കുകയും പിന്നീടത് സ്വീകരിക്കുകയും ചെയ്യുന്ന മാർക്സിസ്റ്റ് പാർട്ടിയുടെ വികലമായ നയം കേരളത്തിലെ ജനങ്ങൾ അംഗീകരിക്കില്ല. കേരളത്തിന്റെ വികസനത്തിന്, പുരോഗതിക്ക്, സാമൂഹ്യനീതിക്ക് ഐക്യജനാധിപത്യമുന്നണി വീണ്ടും അധികാരത്തിൽ വരണം. അത് കേരളത്തിലെ ജനങ്ങൾ അംഗീകരിക്കും. അതുണ്ടാകുമെന്ന ശുഭാപ്തി വിശ്വാസത്തിൽ ഞാൻ ഈ നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാന്യനായ കടവൂർ ശിവദാസൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ സർവ്വാത്മനാ പിന്താങ്ങുകയാണ്. 2001-ൽ ഐക്യജനാധിപത്യ മുന്നണി അധികാരത്തിൽ വരുമ്പോൾ ഏറ്റവും ദുഃഖകരമായ ശോകപൂർണ്ണമായ ഒരു അന്തരീക്ഷമായിരുന്നു കേരള രാഷ്ട്രീയരംഗത്തും കേരളത്തിന്റെ സമ്പദ്ഘടനയിലും നിറഞ്ഞുനിന്നിരുന്നതെന്ന് എതിരാളികൾപോലും സമ്മതിക്കുന്ന കാര്യമാണ്. എന്തായിരുന്നു അന്നത്തെ സ്ഥിതിഗതികൾ? കടകമ്പോളങ്ങൾ അടഞ്ഞുകിടക്കുകയായിരുന്നു. ടാക്സി, ഓട്ടോ ഡ്രൈവർമാർക്ക് ഓട്ടമില്ലാത്ത സാഹചര്യമായിരുന്നു. കൂലിപ്പണിക്കാർക്ക് കൂലിപ്പണിപോലും ലഭിക്കാതിരുന്ന ഒരു കാലം. സർക്കാർ ജീവനക്കാർക്ക് കൃത്യമായി ശമ്പളം കൊടുക്കാൻ കഴിയാതെ ട്രഷറി അടച്ചുപൂട്ടേണ്ടിവന്ന ഒരു കാലം. ഉച്ചക്കഞ്ഞി വിതരണംപോലും മുടങ്ങിയിരുന്ന ഒരു കാലം. ജീവൻരക്ഷാമരുന്നുകൾപോലും ലഭ്യമാകാതെ ആശുപത്രികൾ അടച്ചിടേണ്ടിവന്നിരുന്ന കാലം. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി അടക്കമുള്ള ആശുപത്രികളിൽ ഓക്സിജൻ സിലിണ്ടർ വാങ്ങാൻ പണമില്ലാതിരുന്നതിന്റെ പേരിൽ പല ഓപ്പറേഷനുകളും മുടങ്ങിയിരുന്ന ഒരു കാലം. വണ്ടിച്ചെക്കുകൾ കഴുത്തിൽ തൂക്കി ആത്മഹത്യ ചെയ്തിരുന്ന കോൺട്രാക്ടർമാർ. വിധവാ പെൻഷനും വാർദ്ധക്യകാല പെൻഷനും വികലാംഗ പെൻഷനും

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി ഇരുന്നൂറും മുന്നൂറും രൂപയുടെ ചെക്കുകളുമായി ട്രഷറികളുടെ തിണ്ണനിരങ്ങി നിരാശ ബാധിച്ച് ജീവിതം വഴിമുട്ടി നിന്നിരുന്ന ആളുകളുണ്ടായിരുന്ന കാലം. ആ കാലത്തുനിന്നും കേരളത്തെ ശുഭാപ്തിവിശ്വാസത്തിന്റെയും പ്രതീക്ഷയുടെയും കാലഘട്ടത്തിലേയ്ക്ക് നയിച്ച ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിനോട് ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ അവർ നന്ദി പറയുകയാണ് വേണ്ടതെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

സർ, ഇടതുപക്ഷജനാധിപത്യമുന്നണി മുത്തങ്ങയും മാറാടും മതികെട്ടാനും സ്മാർട്ട് സിറ്റിയും കൈവെച്ച് ചില രാഷ്ട്രീയ കരുനീക്കങ്ങൾ നടത്തിയത് ദയനീയമായി പരാജയപ്പെട്ട ചിത്രമല്ലേ കേരളത്തിൽ കാണാനുള്ളത്? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇന്നലെ പ്രസംഗിച്ചപ്പോൾ കേരളത്തിന്റെ കടം ക്രമാതീതമായി വർദ്ധിച്ചു എന്നു പറഞ്ഞു. ഇരുപത്തിനാലായിരം കോടി രൂപയായിരുന്ന കടം നാൽപ്പത്തിനാലായിരം കോടി രൂപയായി വളർന്നു എന്ന് ഞങ്ങൾ സമ്മതിക്കുന്നു. ഈ കടത്തിന്റെ വളർച്ചയെ സാമ്പത്തികവിദഗ്ദ്ധന്മാരെന്ന് പറയുന്ന നിങ്ങളുടെ ആളുകൾ വിലയിരുത്തുമോ? കടത്തിന്റെ വളർച്ചാനിരക്ക് 1998–99–ൽ 22 ശതമാനം ആയിരുന്നു. ഇടയ്ക്കത് 28 ശതമാനമായി നിങ്ങളുടെ കാലത്ത് വർദ്ധിച്ചു. 2001–ൽ അത് 18.6 ശതമാനമായി കുറഞ്ഞു. 2004–05–ൽ 11.8 ശതമാനമായി കടത്തിന്റെ വളർച്ചാനിരക്ക് കുറഞ്ഞു എന്നത് ഈ നാട്ടിലെ ഏതൊരു സാമ്പത്തികവിദഗ്ദ്ധനോട് ചോദിച്ചാലും മനസ്സിലാകുന്ന കാര്യമാണ്. അതോടൊപ്പംതന്നെ സംസ്ഥാനത്തിന്റെ വളർച്ചാനിരക്ക് 1996–2001–ൽ 12.2 ശതമാനമായിരുന്നത് 2001–05–ൽ 13.62 ശതമാനമായി വർദ്ധിച്ചു. അത് നിങ്ങൾ ഓർക്കുന്നുണ്ടോ? ബഹുമാന്യനായ സ്പീക്കർ സംഘടിപ്പിച്ച ഇന്ത്യയുടെ സമ്പദ്ഘടന സംബന്ധിച്ച് സംസാരിക്കുന്നതിനുവേണ്ടി രണ്ട് സാമ്പത്തികവിദഗ്ദ്ധർ നമ്മുടെ നിയമസഭാഹാളിന്റെ ഓഡിറ്റോറിയത്തിൽ വന്നിരുന്നു. വിവേക് ഒബ്റോയിയും ലാഡബേഷ് ഭണ്ഡാരിയും. നാളത്തെ ഇന്ത്യ എന്താണ്? ഇന്നത്തെ ലോകത്തിൽ എന്താണ് എന്നു പറഞ്ഞുതുടങ്ങിയപ്പോൾ ഈ ചർച്ച പാടില്ല എന്നു പറഞ്ഞ് ഈ രണ്ട് സാമ്പത്തിക വിദഗ്ദ്ധന്മാരുടെ പ്രസംഗം കേൾക്കാനുള്ള മര്യാദപോലും ഇല്ലാതെ ചർച്ച ബഹിഷ്ക്കരിച്ച നിഷേധാത്മകമായ രാഷ്ട്രീയമാണ് നിങ്ങൾ അന്ന് പ്രകടിപ്പിച്ചിരുന്നത് എന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻകൂടി മറന്നുപോകരുത്. ആദ്യത്തെ ഒരു ദിവസം മാത്രമേ ചർച്ച നടന്നുള്ളൂ. ലോകപ്രശസ്തരായ രണ്ടു സാമ്പത്തിക വിദഗ്ദ്ധന്മാർ കേരള നിയമസഭാംഗങ്ങളോട് ലോകത്തിലെ സമ്പദ്ഘടനയുടെ ഗതിവിഗതികളെ സംബന്ധിച്ച് സംസാരിക്കാൻ വന്നപ്പോൾ അത് കേട്ടിരിക്കാനും അവരോട് ചോദ്യം ചോദിക്കാനും തെറ്റ് പറയുന്നുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിക്കാനും കഴിവില്ലാത്ത ആളുകളായി നിങ്ങൾ അധഃപതിച്ചതിന്റെ ചരിത്രം മറക്കാൻ കഴിഞ്ഞിട്ടുണ്ടോ? നിങ്ങൾ വലിയ ഗീർവാണം പറയുന്നുണ്ടല്ലോ? ആരായിരുന്നു നിയമന നിരോധനം നടപ്പിലാക്കിയിരുന്നത്? ഇടതുപക്ഷജനാധിപത്യമുന്നണിയുടെ കാലത്ത് നിയമനനിരോധനമുണ്ടായില്ലേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി 100 ദിവസംകൊണ്ട് ഇരുപത്തിരണ്ടായിരം ആളുകൾക്ക് പി.എസ്.സി. വഴി ജോലി കൊടുത്തില്ലേ? 10 വർഷത്തെ ശരാശരി നോക്കിയാൽ ഒരു വർഷത്തെ നിയമനത്തേക്കാൾ കൂടുതൽ കൊടുത്തില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ഇടതുപക്ഷജനാധിപത്യമുന്നണി അഞ്ച് വർഷക്കാലംകൊണ്ട് ഒരുലക്ഷത്തിപതിനായിരം ആളുകൾക്കാണ് ജോലി കൊടുത്തതെങ്കിൽ ഒരുലക്ഷത്തിനാൽപ്പത്തൊരായിരം ആളുകൾക്ക് പി.എസ്.സി. മുഖേന ജോലി കൊടുത്ത ഗവൺമെന്റാണ് യു.ഡി.എഫ്. നിങ്ങൾ നിയമന നിരോധനം നടപ്പിലാക്കി. സ്കൂളുകൾ അടച്ചുപൂട്ടാൻ ഉത്തരവിറക്കി. അൺ എക്കണോമിക് എന്നുപറഞ്ഞ്, നിങ്ങൾ നന്തൻകോടും ശംഖുമുഖവും അടക്കം തിരുവനന്തപുരം സിറ്റിയിലെ നാല് സ്കൂളുകൾ അടച്ചുപൂട്ടിയില്ലേ? ആ കാര്യങ്ങളൊക്കെ മറന്നിട്ടാണ് ഇപ്പോൾ ഇത്തരത്തിൽ സംസാരിക്കുന്നത്. ഇന്ന് എന്താണ് കേരളത്തിന്റെ ചിത്രം? ഇന്ത്യയുടെ ചരിത്രത്തിൽ സ്തുത്യർഹമാംവിധം സാമൂഹ്യസുരക്ഷാ പദ്ധതികൾ അവതരിപ്പിച്ചിരിക്കുന്നത് കേരളാ ഗവൺമെന്റാണ്. പാവപ്പെട്ട കുട്ടികളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് എൽ.പി./യു.പി. സ്കൂളുകളിലെ 23 ലക്ഷം കുട്ടികൾക്ക് ഒരു കോഴിമുട്ടയോ അല്ലെങ്കിൽ പഴമോ കൊടുക്കുന്നത് നിങ്ങളെപ്പോലെ സമ്പന്നന്മാരുടെ കാര്യം സംസാരിക്കുന്ന ആളുകൾക്ക് പരമപുച്ഛമാണെന്ന് ഞങ്ങൾക്കറിയാം. ആരോഗ്യശ്രീ പദ്ധതിയെ എതിർക്കാൻ കഴിയുമോ? ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി ആരോഗ്യശ്രീ ഏർപ്പെടുത്തിയ ഉമ്മൻ ചാണ്ടി ഗവൺമെന്റിനെ എങ്ങനെ എതിർക്കാൻ കഴിയും? പാവപ്പെട്ടവരും നിരാശ്രയരുമായ ആളുകളെ സംരക്ഷിക്കാനുള്ള പദ്ധതിയെ എങ്ങനെ എതിർക്കാൻ കഴിയും? ആശ്രയ പദ്ധതിയെ എങ്ങനെ എതിർക്കാൻ കഴിയും? പ്രത്യാശ പദ്ധതിയെ എങ്ങനെ എതിർക്കാൻ കഴിയും? 20 പൈസ വൈദ്യുതി ചാർജ് കുറച്ചു കൊടുത്തതിനെ എങ്ങനെ എതിർക്കാൻ കഴിയും? ഒരു പോസ്റ്റ് ഇട്ട് കണക്ഷൻ എടുക്കുന്നതിന് പന്ത്രണ്ടായിരം രൂപ അടയ്ക്കേണ്ടിയിരുന്നത് ആറായിരം രൂപയായി കുറച്ചു കൊടുത്തതിന് ഈ ഗവൺമെന്റിനെ എങ്ങനെ എതിർക്കാൻ കഴിയും? ഈ നാട്ടിലെ സാധാരണക്കാരന്റെ ശബ്ദം, പാവപ്പെട്ടവന്റെ ശബ്ദം പ്രതിഫലിക്കുന്ന ഒരു ഗവൺമെന്റ്, ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റ് ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റ് കേരളത്തിൽ ഭരണം നടത്തിയപ്പോൾ ഉത്തരം മുട്ടി എന്നതല്ലേ സത്യം? കർഷകത്തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം, വാർദ്ധക്യകാല പെൻഷൻ, അഗതി പെൻഷൻ, വികലാംഗ പെൻഷൻ തുടങ്ങി എല്ലാ പെൻഷനുകളും 14 ലക്ഷം ആളുകൾക്ക്, എല്ലാം മാസവും ഒന്നാം തീയതി സർക്കാർ ജീവനക്കാർക്ക് ശമ്പളം കിട്ടുന്നതുപോലെ കിട്ടിക്കൊണ്ടിരിക്കുന്നു. കേരളത്തിലെ ആറ് ലക്ഷം വരുന്ന ക്ഷീര കർഷകർക്ക് പെൻഷൻ ഏർപ്പെടുത്തി. കേരളത്തിന്റെ ചരിത്രത്തിൽ പാവപ്പെട്ട ബാർബർമാർക്ക് മോട്ടോർ തൊഴിലാളികൾക്ക്, പീടിക തൊഴിലാളികൾക്ക്, അലക്ക് തൊഴിലാളികൾക്ക് ഉൾപ്പെടെ ഏകദേശം 20 ലക്ഷത്തിൽപ്പരം വരുന്ന പട്ടിണിപ്പാവങ്ങൾക്ക് പെൻഷൻ ഏർപ്പെടുത്തി. അത് നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ? നിങ്ങൾ ഏത് പാവപ്പെട്ടവർക്കൊപ്പമാണ്? ഏത് സാധാരണക്കാർക്കൊപ്പമാണ്? തെരുവോരങ്ങളിലും പുഴയോരങ്ങളിലും കഴിയുന്ന; മുകളിലേയ്ക്ക് നോക്കിയാൽ ആകാശവും താഴോട്ടു നോക്കിയാൽ ഭൂമിയുമെന്ന് പാട്ടുംപാടി കഴിയുന്ന, പാവപ്പെട്ടവർക്ക് അഞ്ച് സെന്റും രണ്ട് സെന്റും പതിച്ചുകൊടുത്ത ഗവൺമെന്റാണ് കേരളം ഭരിക്കുന്ന ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ്. ആ ഗവൺമെന്റിനെ നിങ്ങൾ മറക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

പാടില്ല. കേരളത്തിലെ 156 വില്ലേജുകളിൽ 15 ദിവസം നടന്ന അദാലത്തിലൂടെ പതിനായിരക്കണക്കിന് പാവപ്പെട്ടവർക്ക് ആശ്വാസം എത്തിച്ചുകൊണ്ട് ധീരമായ മുന്നേറ്റം നടത്തിയ ഗവൺമെന്റാണിത്. 44 വർഷമായി ശബരിമലയുടെ വികസനത്തിനു വേണ്ടിയുള്ള മുറവിളി നിയമസഭയ്ക്കകത്തും പുറത്തും മുഴങ്ങുകയായിരുന്നു. 244 ഏക്കർ ഭൂമി ശബരിമലയ്ക്കടുത്തും പന്ത്രണ്ടര ഹെക്ടർ സ്ഥലം നിലയ്ക്കലിലും വാങ്ങിക്കൊടുത്തുകൊണ്ട് കേരളത്തിലെ തീർത്ഥാടകരുടെ, ഇന്ത്യയിലെ തീർത്ഥാടകരുടെ താൽപ്പര്യം സംരക്ഷിച്ച ഗവൺമെന്റാണ് ഉമ്മൻ ചാണ്ടി ഗവൺമെന്റ്. തീർത്ഥാടകർക്കായി കെ.എസ്.ആർ.ടി.സി.-യുടെ നിരക്കിൽ മുപ്പതുശതമാനം കുറച്ചുകൊടുത്തു. അതുപോലെതന്നെ ഇന്ത്യയിലെ അറിയപ്പെടുന്ന കേന്ദ്രമായി ഗുരുവായൂരിനെ വളർത്താനുള്ള ധീരമായ നടപടി എടുത്ത മുഖ്യമന്ത്രിയാണ് കേരളം ഭരിക്കുന്ന ശ്രീ. ഉമ്മൻ ചാണ്ടി. 3258 അംഗൻവാടികൾ കേരളത്തിൽ പുതിയതായി പ്രഖ്യാപിച്ച ഗവൺമെന്റാണിത്. അത് നാട്ടിലെ കൊച്ചമ്മമാർക്കുള്ള ഉദ്യാനമല്ല; പാവങ്ങളിൽ പാവങ്ങളായി, പട്ടിണിക്കാരായ ആളുകളുടെ കുട്ടികൾക്ക് വേണ്ടിയുള്ള പദ്ധതിയാണ് ഈ ഗവൺമെന്റ് ആവിഷ്ക്കരിച്ചത്. കേരളത്തിന്റെ ചരിത്രത്തിൽ സ്തുത്യർഹമായ നിരവധി സേവനങ്ങൾ നടത്തിയിട്ടുള്ള മുൻ മുഖ്യമന്ത്രിമാരുണ്ട്. അത് ഞാൻ നിഷേധിക്കുന്നില്ല. ഒരു പാവപ്പെട്ടവൻ മുഖ്യമന്ത്രിയെ കാണാൻ ആഗ്രഹിച്ചാൽ, ഈ നാട്ടിലെ പാവപ്പെട്ടവരിൽ പാവപ്പെട്ടവനും കടന്നുചെല്ലാനും പരാതി പറയാനും അവസരം നൽകുന്ന ഒരു മുഖ്യമന്ത്രിയാണ് ശ്രീ. ഉമ്മൻ ചാണ്ടി. ആ മുഖ്യമന്ത്രിയെ നിങ്ങൾക്ക് എങ്ങനെ എതിർക്കാൻ കഴിയും? നിങ്ങൾ ഇന്നലെ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാൻ തീരുമാനിച്ചതിനെ എതിർത്തില്ലേ? നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുമെന്ന് ശ്രീ. ഉമ്മൻ ചാണ്ടി പ്രഖ്യാപിച്ചു. നാല് ദിവസം ശ്രീ. പിണറായി വിജയനും, ശ്രീ. പാലൊളി മുഹമ്മദ് കുട്ടിയും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും കേരളത്തിൽ ഇല്ലായിരുന്നോ; എവിടെപ്പോയി നിങ്ങൾ? ആരൊക്കെയാണ് ഇതിനെ പിന്തുണച്ചത്? ബഹുമാന്യരായ പി. കെ. നാരായണപ്പണിക്കർ, വെള്ളാപ്പള്ളി, കാന്തപുരം അതുപോലെതന്നെ പ്രൊഫ. മങ്കട അബ്ദുൽ അസീസ്, കെ.ഡി.എഫ്., മെക്ക അതുപോലെതന്നെ അഭിവന്ദ്യ തിരുമേനി മാർ, ഡോ. ദാനിയൽ അച്ചാരുപറമ്പിൽ, അഭിവന്ദ്യ ആർച്ച് ബിഷപ്പ് സൂസപാക്യം, കേരളത്തിലെ പിന്നാക്ക വിഭാഗ നേതാവ് ശ്രീ. പി. രാമഭദ്രൻ, ധീവരസഭാ നേതാവ് ശ്രീ. ദിനകരൻ. കേരളത്തിൽ പിന്തുണയ്ക്കാത്തവർ ആരുണ്ട്? കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിക്കല്ലാതെ മറ്റാർക്കെങ്കിലും ഇതിനെ പിന്തുണയ്ക്കാതിരിക്കാൻ കഴിയുമോ? അതോടൊപ്പം കേരളത്തിന്റെ ചരിത്രത്തിൽ സുവർണ്ണലിപികളാൽ രേഖപ്പെടുത്തിയ ഒന്നല്ലേ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി.-ക്ക് വിടാനുള്ള ധീരമായ തീരുമാനം? ഇതിനെയെല്ലാം പിന്തുണയ്ക്കേണ്ട ശ്രീ. ബിനോയ് വിശ്വം, ശ്രീ. മത്തായി ചാക്കോ തുടങ്ങിയ പഴയ യുവജനനേതാക്കൾ എന്തു പറയുന്നു? പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി.-ക്ക് വിട്ടത് പാവപ്പെട്ട ചെറുപ്പക്കാരെ സംബന്ധിച്ച് ഒരു മാഗ്നാകാർട്ടയല്ലേ? എന്താ നിങ്ങൾ അതിനെപ്പറ്റി സംസാരിക്കാതിരുന്നത്? അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, അതുപോലെതന്നെ

LIBRARY ARCHIVES Kerala Legislative Assembly

ഓട്ടോണമസ് ബോഡികൾ ഇവയിലെയെല്ലാം നിയമനം ഈ ഗവൺമെന്റ് പി.എസ്.സി.-ക്ക് വിട്ടിരിക്കുന്നു. ഈ ഗവൺമെന്റിനെ എങ്ങനെ എതിർക്കാൻ കഴിയും? അതുപോലെതന്നെ ഇവിടെ ശ്രീ. പി. എസ്. സുപാൽ ആവേശം കൊള്ളുന്നതു കണ്ടു. ആ മറുപടി ഞങ്ങളോടല്ല ശ്രീ. കോടിയേരി ബാലകൃഷ്ണനോടാണ് ശ്രീ. വി. എസ്. അച്ചുതാനന്ദനോടാണ് ശ്രീ. പിണറായി വിജയനോടാണ് പറയേണ്ടത്. നിങ്ങൾ അത്തരം കാര്യങ്ങൾ പറഞ്ഞില്ലെങ്കിലേ അത്ഭുതമുള്ളൂ. ഇന്ന് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവ് ശ്രീ. വെളിയം ഭാർഗവൻ പിണറായി വിജയനൊക്കെ നല്ല മറുപടി തന്നിട്ടുണ്ട്. നിങ്ങൾക്കിപ്പോൾ എക്സ്പ്രസ് ഹൈവേ വേണം. പണ്ട് നിങ്ങൾക്ക് വേണ്ടായിരുന്നു. ഇപ്പോൾ വേണം. ഞാൻ ഒരു കണക്ക് പറയട്ടെ! 1975-ൽ കേരളത്തിൽ 14,870 കിലോ മീറ്റർ റോഡുകളും ഏകദേശം 119,720 വാഹനങ്ങളും ഉണ്ടായിരുന്നു. 2004-ൽ ഏകദേശം 21,467 കിലോ മീറ്റർ റോഡും 27 ലക്ഷം വാഹനങ്ങളുമായി. റോഡ് വളർച്ച 44 ശതമാനമാണെങ്കിൽ വാഹനങ്ങളുടെ വളർച്ചാ നിരക്ക് 2232 ശതമാനമാണ്. പുതിയ റോഡ് വേണോ, ഹൈവേ വേണോ, റിംഗ് റോഡുകൾ വേണോ? വേണ്ടെന്ന് പറയാൻ നിങ്ങൾക്ക് തന്റേടമുണ്ടോ? നിങ്ങൾക്ക് ഇന്നലെ തെറ്റിയത് ഇന്ന് നിങ്ങൾ തിരുത്തും. നിങ്ങൾ ചിലപ്പോൾ 15 വർഷം കഴിയുമ്പോൾ തിരുത്തും. നിങ്ങൾക്ക് കംപ്യൂട്ടർ വേണ്ട. പെൺകുട്ടികൾ കംപ്യൂട്ടറിനു മുന്നിലിരുന്ന് ജോലി ചെയ്താൽ അവരുടെ ഗർഭം അലസിപ്പോകുമെന്ന് അന്ന് നിങ്ങൾ പ്രസംഗിച്ചു. അങ്കമാലിയിലെ ടെൽക്കുമായി സഹകരിച്ച് ഹിറ്റാച്ചി കമ്പനി വന്നപ്പോൾ നിങ്ങൾ വിളിച്ച മുദ്രാവാക്യം "ഹിറ്റാച്ചി കമ്പനി മുറ്റാച്ചി" എന്നാണ്.

അതുപോലെതന്നെ എ.ഡി.ബി.-യെപ്പറ്റി ഇവിടെ പറഞ്ഞല്ലോ? ഇപ്പോൾ സി.പി.ഐ.(എം) പറയുന്നു എ.ഡി.ബി. നയം മാറ്റിയെന്ന് ശ്രീ. പിണറായി വിജയന്റെ നയം മാറിയതല്ലാതെ, സി.പി.ഐ.(എം)-ന്റെ നയം മാറിയതല്ലാതെ എ.ഡി.ബി.-ക്ക് അന്നും ഇന്നും ഒരു നയം തന്നെയാണ്. സർ അതോടൊപ്പംതന്നെ കേരളത്തിന്റെ മണ്ണിൽ എ.ഡി.ബി.-യെ കാല് കുത്താൻ അനുവദിക്കില്ല എന്നുപറഞ്ഞ് ശാസ്ത്ര-സാങ്കേതിക മ്യൂസിയത്തിനകത്തിരിക്കുന്ന സ്ഥാപനം അടിച്ചുതകർക്കുന്നു, സായ്പിനെ ഓടിച്ചിട്ട് പിടിക്കുന്നു, ടാർ ഒഴിക്കുന്നു. ഇപ്പോൾ എവിടെപ്പോയി നിങ്ങളുടെ വിപ്ലവം? ഡി.വൈ.എഫ്.ഐ.യുടെ സംസ്ഥാന നേതാവ് ശ്രീ. ശിവരാമകൃഷ്ണന്റെ പ്രസ്താവനയാണ്. ഇന്ന് വിദേശ വായ്പ സ്വീകരിക്കാതിരിക്കാൻ ഇത്-വിപ്ലവാനന്തരസമൂഹം അല്ലല്ലോ? നിങ്ങൾക്ക് തോന്നുമ്പോൾ മാറ്റാനും പിന്തുണയ്ക്കാനും കാലം കാത്തിരിക്കില്ല. സാർ, ഇക്കാര്യങ്ങൾ എല്ലാവരും അറിയണം. കേരള സംസ്ഥാനത്ത് വ്യാപകമായി സ്ത്രീ പീഡനമെന്നായിരുന്നല്ലോ സി.പി.ഐ.(എം)-ന്റെ പ്രസംഗം. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ താറടിച്ചുകാണിക്കാനാണല്ലോ നോക്കിയത്. കേരളത്തിലെ ഏറ്റവും വലിയ സ്ത്രീപീഡന കേസായ സൂര്യനെല്ലി കേസിൽ ഒരേ ഒരു പ്രതിയെ മാത്രമാണ് ശിക്ഷിച്ചത്. സാർ, പഴയ കമ്മ്യൂണിസ്റ്റ് പാർട്ടി നേതാവായ ശ്രീ. ധർമ്മരാജനെ മാത്രമാണ് കേരളാ ഹൈക്കോടതി ശിക്ഷിച്ചത്. ഒരു കോൺഗ്രസുകാരനെയും യു.ഡി.എഫ്.-കാരനെയോ ശിക്ഷിച്ചില്ല. കേരളത്തിൽ മുഴുവൻ

LIBRARY ARCHIVES Kerala Legislative Assembly

എന്തു ബഹളമായിരുന്നു. പെൺവാണിഭത്തെക്കുറിച്ച് ഏറ്റവും ആധികാരികമായി പ്രസംഗിക്കാൻ പറ്റുന്നത് സി.പി.ഐ.(എം)-കാർക്കാണല്ലോ? മറ്റു ചില കാര്യങ്ങൾ ഈ സഭയുടെ അന്തസ്സോർത്ത് ഞാൻ പറയുന്നില്ല. പി. ഇ. ഉഷ എന്നു പറയുന്ന സഹോദരിയെ പീഡിപ്പിച്ചില്ലേ? ലീലാ അഭിലാഷിനെ പീഡിപ്പിച്ചില്ലേ? കണ്ണൂരിലെ പട്ടികജാതിക്കാരിയായ ചിത്രലേഖയെ പീഡിപ്പിച്ചില്ലേ? വിനീതാ കോട്ടായിയെ പീഡിപ്പിച്ചില്ലേ? എന്തേ ശ്രീമതി വൃന്ദാ കാരാട്ടും ശ്രീമതി പി. കെ. ശ്രീമതി ടീച്ചറും മൗനം പാലിക്കുന്നു? നിങ്ങൾ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്കെതിരെ സുപ്രീം കോടതി വരെ പോയില്ലേ? കേരളത്തിലെ ആദ്യത്തെ ജസ്റ്റിസ് ആയിരുന്ന അന്നാ ചാണ്ടി കോഴിക്കോട്ട് ജഡ്ജി ആയിരുന്നപ്പോൾ ഒരു വിധി പ്രസ്താവിച്ചിരുന്നു. ആ വിധിയിൽ ജസ്റ്റിസ് അന്നാ ചാണ്ടി പറഞ്ഞു, 1957-ൽ ഒരു സ്ത്രീപീഡന കേസിൽ എന്നെ സ്വാധീനിക്കാൻ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് അന്നത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് നേതാക്കളും ഇടപെട്ടു എന്ന്. ജസ്റ്റിസ് അന്നാ ചാണ്ടി ജഡ്ജുമെന്റിൽ പറഞ്ഞിരിക്കുന്ന കാര്യം ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ എങ്കിലും ഒന്നു വായിച്ചു നോക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. "സാക്ഷി പറഞ്ഞാൽ ജയകൃഷ്ണൻ മാസ്റ്റർ" എന്നായിരുന്നില്ല സി.പി.ഐ.(എം) ഭരണത്തിൽ കേരളത്തിന്റെ സ്ഥിതി? അതിൽനിന്ന് സമാധാനത്തിന്റെ അന്തരീക്ഷത്തിലേയ്ക്ക് കേരള സംസ്ഥാനത്തെ കൊണ്ടുവന്നില്ലേ? ഈ ഗവൺമെന്റിനെ എതിർക്കേണ്ടതുണ്ടോ? ഇപ്പോൾ നിങ്ങൾ വേറെ ഒരു വിപ്ലവം നടത്തിയിരിക്കുന്നു. ഐ.ടി. മേഖലയിൽ യൂണിയൻ ഉണ്ടാക്കുംപോലും!? കാരണം ഐ.ടി. മേഖലയിലെ ശമ്പളം എഴുപത്തയ്യായിരം രൂപ മുതൽ ഒരു ലക്ഷം രണ്ടു ലക്ഷം രൂപ വരെയാണ്. മാസവരി പ്രധാന കാര്യമാണ്. സാർ, ഇന്നലെവരെ നിങ്ങൾ എതിർത്ത ഐ.ടി. മേഖലയിൽ നിങ്ങൾ യൂണിയൻ ഉണ്ടാക്കേണ്ട കാര്യം എന്താണ്? അതറിയാൻ ഞങ്ങൾക്ക് താൽപ്പര്യം ഉണ്ട്. വർദ്ധിച്ച മാസവരിയുടെ പണ്താൽപര്യം അല്ലേ? ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറയണം. പാലോറ മാതയുടെ പശുക്കുട്ടിൽ നിന്നും ലാവ്‌ലിൻ കമ്പനിയുടെ കൊട്ടാരത്തിലേയ്ക്കുള്ള യാത്രയ്ക്കിടയിൽ പാർട്ടിക്ക് കൈമോശം വന്ന ആ ധാർമ്മികതയാണ് കേരള രാഷ്ട്രീയത്തിലെ ഏറ്റവും മുഖ്യപ്രശ്നമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു സാർ. "ചന്ദ്രബിംബമെടുത്ത് എനിക്ക് ചാണയാക്കി ഉരയ്ക്കണം. സൂര്യബിംബം എടുത്ത് ഒരു ചുണ്ണയാക്കി വളയ്ക്കണം. താരകങ്ങളെയെടുത്ത് എനിക്ക് ഒരു ഹാരമായി അണിയണമെന്ന്" താരകാക്ഷൻ. താരകാസുരന്റെ മകൻ പറഞ്ഞതിനെക്കുറിച്ച് കുഞ്ചൻ നമ്പ്യാർ പാടിയിട്ടുണ്ട് സാർ. ശ്രീ. പിണറായിയുടെ യാത്ര കണ്ടാൽ താരകാക്ഷന്റെ മനോഭാവം കാണാം. ചക്രവർത്തിമാരും രാജാക്കന്മാരും സാമന്തന്മാരെയും നാട്ടുരാജാക്കന്മാരെയും വിളിച്ച് ദർബാർ നടത്തുന്നത് ഓർമ്മിപ്പിക്കുന്ന രീതിയിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നിങ്ങൾ പ്രാതൽ ഒരുക്കിയതാർക്കുവേണ്ടിയായിരുന്നു? ഇത് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അപചയത്തിന്റെ വർത്തമാനകാലചിത്രമാണ്. ഇവിടെ ശ്രീ. രാജേന്ദ്രൻ കുരങ്ങനെക്കൊണ്ട് ചുടുചോറ്

LIBRARY ARCHIVES Kerala Legislative Assembly

വാരിക്കരുതെന്നുപറഞ്ഞു. സി.പി.ഐ.-യുടെ പാർലമെന്ററി പാർട്ടിയുടെ നേതാവ്, എന്റെ ബഹുമാന്യ സുഹൃത്ത്, എന്താണ് ഈ സഭയിൽ മിണ്ടാത്തത്? നയപ്രഖ്യാപന പ്രസംഗത്തെപ്പറ്റി ഒന്നും മിണ്ടാത്തത് എന്താണ്? നിങ്ങൾ പറഞ്ഞില്ലേ കട്ടിലിലെ കാര്യം? കട്ടിലിന്റെ അടിയിൽ പായയിൽപ്പോലും കിടക്കുവാൻ സി.പി.ഐ.(എം) നിങ്ങളെ അനുവദിക്കുകയില്ല. സി.പി.ഐ.(എം)-ന്റെ ഔദാര്യം നിങ്ങൾക്ക് വേണം. സി.പി.ഐ.-ക്ക് ഒരു നല്ലകാലം ഉണ്ടായിരുന്നില്ലേ? കേരളം കണ്ട ഏറ്റവും നല്ല മുഖ്യമന്ത്രി എന്ന ബഹുമതി വാങ്ങിത്തന്നത് കോൺഗ്രസ്സല്ലേ? യു.ഡി.എഫ്. അല്ലേ? മറന്നുപോയോ? ശ്രീ. എ. കെ. ആന്റണി എന്ന നേതാവ് മുഖ്യമന്ത്രി സ്ഥാനം രാജിവച്ചപ്പോൾ ആ സ്ഥാനം കോൺഗ്രസ്സുകാരനല്ല ഞങ്ങൾ കൊടുത്തത്. ഞങ്ങൾ ബഹുമാന്യനായ പി. കെ. വി.-ക്ക് കൊടുത്തു. ആ പാരമ്പര്യമുണ്ട്-സ്വർണ്ണത്തളികയിൽ വച്ചുകൊടുത്തു ഞങ്ങൾ. സി.പി.ഐ.-ക്കാർ അവിടെക്കിടന്ന് കുത്തും വെട്ടും വാങ്ങണമോ എന്നുകൂടി ആലോചിക്കുന്നത് നല്ലതാണ്. അതുകൊണ്ട് ആ കാര്യംകൂടി ആലോചിക്കുന്നത് നല്ലതാണ്. ട്രാക്ടറും കമ്പ്യൂട്ടറും ലോകബാങ്കും എ.ഡി.ബി.യും സദ്ദാം ഹുസൈനും ഇറാക്കുമെല്ലാം താൽക്കാലിക നേട്ടങ്ങൾക്ക് ഉപയോഗിച്ചാൽ നിങ്ങൾക്ക് രക്ഷപ്പെടാൻ കഴിയുകയില്ലെന്നു സി.പി.ഐ. (എം) മനസ്സിലാക്കണം. മുപ്പത് വർഷക്കാലം മുഷ്ടിബലവും അതുപോലെത്തന്നെ വ്യാജ തിരിച്ചറിയൽ കാർഡുംകൊണ്ട് നിങ്ങൾ പടുത്തുയർത്തിയ ബംഗാളിന്റെ ഒരു ചിത്രം ഞാൻ വരച്ചു കാണിക്കാം സാർ. ഇത് ബംഗാളിന്റെ ചിത്രമാണ്. മധുരമനോഹരമായ ബംഗാൾ. എട്ട് കോടിയോളം വരുന്ന ജനങ്ങളിൽ 31.36 ശതമാനം പേർ നിരക്ഷരരാണ്. സാക്ഷരതയുടെ കാര്യത്തിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ബംഗാൾ 19-ാം സ്ഥാനത്താണ്. 40794 .റവന്യൂ വില്ലേജുകളിൽ 39 ശതമാനത്തിലും പ്രാഥമിക വിദ്യാഭ്യാസ സൗകര്യമില്ല. 15.38 ശതമാനം ഗ്രാമങ്ങളിൽ മാത്രമാണ് യു.പി. സ്കൂൾ വിദ്യാഭ്യാസ സൗകര്യം ലഭ്യമായിട്ടുള്ളത്. 40794 ഗ്രാമങ്ങളിൽ .32231 ഗ്രാമങ്ങളിലെ കുട്ടികൾക്ക് അഞ്ച് കിമീറ്ററിലധികം യാത്രചെയ്തുവേണം നാലാം ക്ലാസ്സിനപ്പുറം പഠനസൗകര്യം കണ്ടെത്താൻ. ഇന്ത്യയിൽ പതിനൊന്നു വയസ്സിനും പതിനാല് വയസ്സിനുമിടയിൽ പ്രായംവരുന്ന കുട്ടികളിൽ 62 ശതമാനം പേർ വിദ്യാർത്ഥികളാണെങ്കിൽ ബംഗാളിലത് 61 ശതമാനമാണ്. കേരളത്തിൽ അത് 93% ആണ്. ബംഗാളിൽ ഒന്നാം ക്ലാസിനും എട്ടാം ക്ലാസിനുമിടയിൽ പഠനം ഉപേക്ഷിക്കുന്ന കുട്ടികളുടെ എണ്ണം 74.20 ശതമാനമാണ്. ഇന്ത്യയിൽ അത് 56.82 ശതമാനവും കേരളത്തിൽ വെറും രണ്ട് ശതമാനവുമാണ്. ബംഗാളിൽ 15715915 വീടുകളിൽ 40.42 ശതമാനം വീടുകൾക്കുപോലും അടച്ചുറപ്പ് ഇല്ല. 51 ശതമാനം വീടുകൾക്കും ഒറ്റ മുറി മാത്രമേയുള്ളൂ സാർ. 28 വർഷത്തിലേറെ സി.പി.ഐ. (എം) പാർട്ടി ഭരിച്ച ബംഗാളിന്റെ ചിത്രമാണ് സാർ ഇത്. സംസ്ഥാനത്തെ എട്ടുകോടിയോളം വരുന്ന ജനങ്ങളിൽ 27.02 ശതമാനത്തിൽപ്പരം ദാരിദ്ര്യരേഖയ്ക്കു താഴെയാണ്. ബംഗാളിൽ 56.29 ശതമാനം വീടുകൾക്കും കക്കൂസില്ല. ഗ്രാമങ്ങളിൽ 73% വീടുകൾക്കും കക്കൂസില്ല. തെരഞ്ഞെടുത്ത 19 മാനദണ്ഡങ്ങൾ പരിശോധിക്കുമ്പോൾ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ഒന്നുമുതൽ 19 വരെയുള്ള സ്ഥാനങ്ങൾ ക്രമപ്പെടുത്തിയപ്പോൾ ബംഗാളിന് കാർഷികോൽപ്പാദനത്തിൽ പത്താം സ്ഥാനം,

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാന സൗകര്യങ്ങളിൽ പതിനഞ്ചാം സ്ഥാനം, വിദ്യാഭ്യാസത്തിൽ പതിനാലാം സ്ഥാനം, ആരോഗ്യത്തിൽ പന്ത്രണ്ടാം സ്ഥാനം, നിക്ഷേപത്തിൽ പതിമൂന്നാം സ്ഥാനം, ക്രയവിക്രയത്തിൽ പന്ത്രണ്ടാം സ്ഥാനം, ക്ഷേമ കാര്യങ്ങളിൽ പതിനാലാം സ്ഥാനം, ക്രമസമാധാന നിലയിൽ പതിനാറാം സ്ഥാനം, കേരളത്തെ ബംഗാളാക്കുമെന്ന് സി.പി.ഐ.(എം) മുറവിളി കൂട്ടുന്നത് ഇതിനാണോ സാർ? സാക്ഷരരായ കേരള ജനത ഇതു വിലയിരുത്തുകതന്നെ ചെയ്യും സാർ. മാതൃഭൂമി വീക്കിലിയിൽ 2006 ഫെബ്രുവരി 12-ന് വന്ന ലേഖനത്തിൽ നിന്നും ആണ് ഞാൻ ഇത് ചൂണ്ടിക്കാണിച്ചത്. വല്ലപ്പോഴും സി.പി.ഐ.(എം)കാർ വായിക്കണം. ഈയാഴ്ചത്തെ മാതൃഭൂമി സമയം കിട്ടിയാൽ വായിക്കണം. 28 വർഷക്കാലം മുഷ്ടി ഉപയോഗിച്ച്, പേശി ബലം ഉപയോഗിച്ച്, വ്യാജ തിരിച്ചറിയൽ കാർഡ് ഉപയോഗപ്പെടുത്തി കൃത്രിമം നടത്തി നിങ്ങൾ ഭരിക്കുന്ന ബംഗാളിന്റെ ചിത്രമാണ് മാതൃഭൂമി വീക്കിലി ഈ ആഴ്ചയിൽ പ്രസിദ്ധീകരിച്ചിരിക്കുന്നത്. നിങ്ങൾ മറുപടി പറയണം. ഇതാണോ കേരളത്തിൽ കാണാൻ കഴിയുന്ന ചിത്രം? ഒരു വാക്ക് കൂടി പറഞ്ഞ് അവസാനിപ്പിക്കുവാൻ അവസരം തരണം. സാർ, കേരളത്തിൽ 2001 മുതൽ 2005 മേയ് വരെ കോൺഗ്രസ്സിൽ കലാപമായിരുന്നു. ശ്രീ. കരുണാകരനും മക്കളും കൂട്ടത്തിൽനിന്നും പോയി. ഞങ്ങൾക്ക് സമാധാനമായി. കലാപം ഇപ്പോൾ സി.പി.ഐ.(എം)ലേയ്ക്ക് പടർന്നിരിക്കുകയാണ്. ഇപ്പോൾ അവിടെയാണ് കലാപം. ശ്രീ. കരുണാകരനോടൊപ്പം കലാപവും പരാജയവും ഒന്നിച്ചുണ്ടാകുമെന്ന് ഇപ്പോഴെങ്കിലും നിങ്ങൾ ഓർമ്മിച്ചിരിക്കണമെന്ന് അഭ്യർത്ഥിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്ന് എല്ലാ അഭിപ്രായവ്യത്യാസങ്ങളും മാറ്റിമറിച്ച് ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. രമേശ് ചെന്നിത്തലയും ശ്രീ. എ. കെ. ആന്റണിയും ശ്രീ. വയലാർ രവിയുമടങ്ങുന്ന കോൺഗ്രസ്സിന്റെ ഉജ്ജ്വലമായ ഒരു ടീം; അതോടൊപ്പം യു.ഡി.എഫ്. നേതാക്കളായ ശ്രീ. കുഞ്ഞാലിക്കുട്ടിയും ശ്രീ. മാണിസാറും ശ്രീമതി ഗൗരിയമ്മയും ശ്രീ. എം. വി. രാഘവനും ശ്രീ. ബാബു ദിവാകരനും ശ്രീ. ബാലകൃഷ്ണപിള്ളയുമൊക്കെ നയിക്കുന്ന ഈ ഉജ്ജ്വലമായ ടീം മുന്നോട്ടുപോകും. ഈ ടീം കേരളത്തിന്റെ ചരിത്രം തിരുത്തിയെഴുതി മുന്നോട്ടുപോകും എന്നുമാത്രം പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ് സാർ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. അഞ്ച് വർഷം പൂർത്തീകരിക്കുന്ന, യു.ഡി.എഫ്. ഗവൺമെന്റിനു വേണ്ടി ഒരു ചരമോപചാര പ്രസംഗമാണ് ഗവർണ്ണർ ഇവിടെ നടത്തിയത്. സഭയിൽ സാധാരണഗതിയിൽ സ്മാർട്ടായി നടക്കുന്ന ചില അംഗങ്ങളെപ്പോലും ഉറക്കിക്കിടത്തിയ പ്രസംഗമാണ് ഗവർണ്ണർ ഇവിടെ നടത്തിയത്. ശ്രീ. ആർ. എൽ. ഭാട്യയുടെ നാക്കും ശ്രീ. ആര്യാടന്റെ വാക്കും ചേർന്നാൽ ഇത്തവണത്തെ ഗവർണ്ണറുടെ പ്രസംഗമായി. ഈ പ്രസംഗം ആരാണ് എഴുതിക്കൊടുത്തത് എന്നു നോക്കിയാൽ ഒട്ടും സംശയിക്കേണ്ട, ശ്രീ. ആര്യാടനാണ്. മറ്റാർക്കും ഇങ്ങനെയൊരു പ്രസംഗം എഴുതിക്കൊടുക്കുവാൻ പറ്റുകയില്ല. 2001-ൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന വർഷത്തിൽ ബഹുമാനപ്പെട്ട ഗവർണ്ണർ ഇവിടെ ഒരു പ്രസംഗം നടത്തി. അന്ന് അന്നത്തെ

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷം ആ ഗവർണ്ണറെ കരിങ്കൊടികളുമായാണ് നേരിട്ടത്. കറുത്ത കൊടിയും കുത്തിയിട്ടാണ് അന്ന് ഈ എം.എൽ.എ.മാർ–യു.ഡി.എഫുകാർ ഇവിടെ വന്നത്. അന്ന് പ്രതിപക്ഷ ഉപനേതാവായ ശ്രീ. ജി. കാർത്തികേയൻ ഒരു പ്രസംഗം നടത്തി. ഗവർണ്ണറുടെ പ്രസംഗത്തെ ബഹിഷ്കരിച്ച് പോയവരാണ്. അതിൽനിന്നും വ്യത്യസ്തമായി ഒരു ക്രിയാത്മകമായ ശൈലിയാണ് ഇടതുപക്ഷജനാധിപത്യമുന്നണി കഴിഞ്ഞ കാലങ്ങളിൽ കാഴ്ചവച്ചത്. ഈ ഗവൺമെന്റിന്റെ വിവിധ നയങ്ങളെ വിലയിരുത്തിക്കൊണ്ട് സമീപിക്കുക എന്ന ഒരു കാഴ്ചപ്പാടാണ് ഞങ്ങൾ സ്വീകരിച്ചത്. ഈ സർക്കാരിന് യഥാർത്ഥത്തിൽ നയപരമായ തീരുമാനങ്ങൾ എടുക്കുവാൻ ധാർമ്മികമായ അവകാശമുണ്ടോ? നൂറ് അംഗങ്ങളുമായി വന്ന ഒരു മുന്നണിയാണ്. കഴിഞ്ഞ ലോക്സഭാ ഇലക്ഷന്റെയും പഞ്ചായത്ത് ഇലക്ഷന്റെയും കണക്കു നോക്കിയാൽ 24 മണ്ഡലങ്ങളുടെ പിന്തുണയാണ് ഇന്ന് എൽ.ഡി.എഫി ന് ഉള്ളത്. എന്നിട്ടും ഇവർ തോൽവി സമ്മതിക്കുന്നില്ല. ഇന്നലെ ശ്രീ.ഹസ്സൻ പറഞ്ഞത് കുരുക്ഷേത്രത്തിൽ കാണാം എന്നാണ്. ശ്രീ. ഹസ്സൻ കുരുക്ഷേത്രമെന്നു പറയുന്നത് മണക്കാടിനടുത്തുള്ള ഏതോ ഒരു ക്ഷേത്രമെന്ന് വിചാരിച്ചിട്ടാണ്. കുരുക്ഷേത്രത്തിൽ കാണാമെന്നു പറഞ്ഞു. നൂറ് അംഗങ്ങളുമായി വന്ന കൗരവപ്പട, ഇപ്പോൾ അത് കുറഞ്ഞ് കുറഞ്ഞ് 90 ആയില്ലേ? യുദ്ധം ആരംഭിക്കുന്നതിനു മുമ്പുതന്നെ കൗരവപ്പടയിൽ എത്ര കൊഴിച്ചിലാണ് സംഭവിച്ചത്. എത്ര തെരഞ്ഞെടുപ്പ് തോറ്റാലാണ് തോൽവി സമ്മതിക്കുക. കേരളാ ലവൽ ലോക്സഭാ തെരഞ്ഞെടുപ്പിൽ തോറ്റു. പിന്നീട് ലോക്സഭാ പൊതു തെരഞ്ഞെടുപ്പിൽ തോറ്റു. കൂത്തുപറമ്പ്, അഴീക്കോട് തെരഞ്ഞെടുപ്പുകളിൽ തോറ്റ് തൊപ്പിയിട്ടു. പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തെരഞ്ഞെടുപ്പിൽ ചരിത്ര തോൽവി ഏറ്റുവാങ്ങി. തിരുവനന്തപുരം ലോക്സഭാ ഇലക്ഷനിലും തോൽവി നേരിട്ടു. ഇത്ര വലിയ തോൽവി ഇതുവരെ ഉണ്ടായിട്ടില്ല. ഇവിടെയൊക്കെ തോറ്റപ്പോൾ ഇനി ഏത് കുരുക്ഷേത്രത്തിലാണ് മി. ഹസ്സൻ നമുക്ക് കാണാനുള്ളത്? ഇതുവരെ കണ്ട സ്ഥലത്തൊക്കെ തോറ്റ് തൊപ്പിയിട്ട നിങ്ങൾക്ക് ഇനി എവിടെയാണ് ഞങ്ങളുമായി ഏറ്റുമുട്ടാൻ സാധിക്കുക. ഇനി ഇവർക്കുള്ള ഭയം ഡി.ഐ.സി., സി.പി.ഐ.(എം)-ഉം ആയി യോജിച്ചു കളയുമോ എന്നാണ്. ഇതാണ് അവർക്കുള്ള സംശയം. കഴിഞ്ഞ പഞ്ചായത്ത്/മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ ഡി.ഐ.സി. ഞങ്ങളുമായി സഹകരിച്ചു. തിരുവനന്തപുരം കോർപ്പറേഷൻ തെരഞ്ഞെടുപ്പിൽ ഞങ്ങളുമായി സഹകരിച്ചു. പാർലമെന്റ് തെരഞ്ഞെടുപ്പിൽ അവരെല്ലാംകൂടി ഒന്നിച്ചുചേർന്നുകൊണ്ട് ഞങ്ങളെ തോൽപ്പിക്കുവാൻ ശ്രമിച്ചതാണ്. അതിലും ജയിച്ച മുന്നണിയാണ് ഇടതുപക്ഷജനാധിപത്യമുന്നണി. അതിനുശേഷം നടന്ന തെരഞ്ഞെടുപ്പിലും ഇടതുപക്ഷജനാധിപത്യമുന്നണിക്ക് അഭിമാനകരമായ വിജയമുണ്ടായി. അപ്പുറത്ത് ഒരു മെമ്പർ, ശ്രീ. സി. പി. മുഹമ്മദ് ആണെന്നാണ് തോന്നുന്നത്; അദ്ദേഹം പറഞ്ഞു, ഡി.ഐ.സി.ക്കാർ മാർക്സിസ്റ്റ് പാർട്ടിയുമായി ഉണ്ടാക്കുന്ന ധാരണയെല്ലാം പ്രകൃതിവിരുദ്ധമാണ്. മാർക്സിസ്റ്റ് പാർട്ടിക്കെതിരായി നിരന്തരമായി പോരാടിയ ശ്രീ. കെ. കരുണാകരനുമായി ഞങ്ങൾ ധാരണയുണ്ടാക്കിയതിനെക്കുറിച്ചാണ് പ്രകൃതിവിരുദ്ധമെന്ന് പറഞ്ഞത്. സി.പി.ഐ.(എം)-ൽ നിൽക്കുന്ന കാലത്ത്

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസ്സിനെ ശക്തമായി വിമർശിച്ച ശ്രീ. എം. വി. രാഘവൻ ഇന്ന് അപ്പുറത്തല്ലേ? ശ്രീ. രാഘവനുമായി ചേർന്ന് കഴിഞ്ഞ പതിനഞ്ച് കൊല്ലമായി പ്രകൃതിവിരുദ്ധം നടത്തുന്ന നിങ്ങൾ ഈ പ്രകൃതിവിരുദ്ധ പരിപാടി ഇനിയെങ്കിലും അവസാനിപ്പിക്കുമോ? ശ്രീമതി ഗൗരിയമ്മ ഒരുകാലത്ത് ഞങ്ങളുടെ നേതാവായിരുന്നു. ആ സമയത്ത് ശ്രീമതി ഗൗരിയമ്മയെ എന്തെല്ലാം പറഞ്ഞു? 'കേരളയക്ഷി' 'ചേർത്തല യക്ഷി' എന്നൊക്കെ പറഞ്ഞിട്ട് ശ്രീമതി ഗൗരിയമ്മയുമായി ചേർന്ന് ഇപ്പോൾ പ്രവർത്തിക്കുന്ന നിങ്ങൾ ആ പ്രകൃതിവിരുദ്ധ പരിപാടി നിർത്താൻ തീരുമാനിച്ചിട്ടുണ്ടോ? അപ്പോൾ ഇത്രയുംകാലം നിങ്ങൾക്ക് ഞങ്ങളുടെ കൂട്ടത്തിൽനിന്നും കിട്ടിയ ആളുകളെ ഉപയോഗിച്ചുകൊണ്ട് ഇടതു പക്ഷത്തെ തോൽപ്പിക്കുവാൻ ശ്രമിച്ചു. നിങ്ങളുടെ നയത്തിന് ഏൽക്കുന്ന പരാജയ മാണ് നിങ്ങൾ ഇവിടെ സമ്മതിക്കുവാൻ പോകുന്നത്. ഓരോ കാലഘട്ടത്തിൽ കോൺഗ്രസ്സിനെ തോൽപ്പിക്കുവാൻ പറ്റാവുന്ന വിധത്തിലുള്ള നിലപാട് സ്വീകരിച്ചു കൊണ്ട് തൊഴിലാളിവർഗത്തിന്റെ തത്വശാസ്ത്രം ഉയർത്തിപ്പിടിച്ചുകൊണ്ട് മുന്നോട്ടുപോയ പാർട്ടിയാണ് സി.പി.ഐ.(എം). ഞങ്ങൾ ഇപ്പോഴും അതിൽ ഉറച്ചുനിന്നുകൊണ്ട് പ്രവർത്തിക്കുന്നു. രാഷ്ട്രീയരംഗത്ത് കേരളത്തിൽ മാറ്റം വന്നുകൊണ്ടിരിക്കുകയാണ്. ഈ മാറ്റത്തിന്റെ അടിസ്ഥാന കാരണം, ഞങ്ങൾ തെരഞ്ഞെടുപ്പുകൾ ജയിക്കുന്നതിന്റെ അടിസ്ഥാനം യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണ നടപടികളാണ്. ഈ ഭരണം ജനങ്ങളാൽ വെറുക്കപ്പെട്ടിരിക്കുകയാണ്. ജനങ്ങൾ അവസരം കിട്ടിയപ്പോഴൊക്കെ ഈ ഗവൺമെന്റിന് തിരിച്ചടി കൊടുത്തു. അതിൽനിന്നൊന്നും ഇവർ പാഠം പഠിച്ചിട്ടില്ല എന്നാണ് ഇപ്പോഴും തോൽക്കപ്പെടുന്നതിന്റെ കാര്യം. ഒരു മന്ത്രിസഭ ഭരിക്കുന്ന സ്ഥിതി കേരളത്തിലുണ്ടോ; ഇവർക്ക് കൂട്ടുത്തരവാദിത്തമുണ്ടോ; ഇവിടെ പൊതുഭരണം നടക്കുന്നുണ്ടോ? ഇവിടെ പൊതുഭരണത്തിന്റെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുന്ന ഒരു പ്രസ്താവന നമ്മുടെ ചീഫ് സെക്രട്ടറിയായി റിട്ടയർ ചെയ്ത ശ്രീ. വിജയനുണ്ണി പറഞ്ഞില്ലേ? മന്ത്രിമാരുമായി പങ്കുകച്ചവടം നടത്തുന്ന സെക്രട്ടറിമാരും അവരുടെ ദയാവായ്പിൽ കഴിയുന്ന മന്ത്രിമാരുമാണ് ഇവിടെയുള്ളത് എന്നാണ് ശ്രീ. വിജയനുണ്ണി പറയുന്നത്. അദ്ദേഹം ചീഫ് സെക്രട്ടറിയാണ്. 12 വകുപ്പുകൾ കൈകാര്യം ചെയ്യുന്ന ശ്രീ. ഇ. കെ. ഭരതുഷൺ, ആഭ്യന്തര സെക്രട്ടറി ശ്രീ. കെ. കെ. വിജയകുമാർ എന്നിവരാണ് നിയമവിരുദ്ധവും അധാർമ്മികവുമായ പ്രവർത്തനത്തിന് മുമ്പിൽ എന്ന് അദ്ദേഹം പറഞ്ഞില്ലേ? സെക്രട്ടറിമാർക്ക് മന്ത്രിമാരെ ഭയമില്ല. സെക്രട്ടറിമാരും മന്ത്രിമാരും ഭായി ഭായി കളിക്കുന്നു. എന്തിനാണ്? ഇവിടെ അഴിമതി ഭരണമാണ് നടക്കുന്നത് എന്നാണ് ചീഫ് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയത്. പൊതു വിതരണ സമ്പ്രദായം പൂർണ്ണമായി തകർന്നു. ചീഫ് സെക്രട്ടറിയും മന്ത്രിമാരുമായി യോജിപ്പില്ല. ഇപ്പോൾ പുതുതായി ഒരു ചീഫ് സെക്രട്ടറി വന്നു. ആ ചീഫ് സെക്രട്ടറിയെ ആരും മൈന്റ് ചെയ്യുന്നുപോലുമില്ല. ഒരു പ്യൂണിനെപ്പോലെയാണ് ഇപ്പോഴത്തെ ചീഫ് സെക്രട്ടറിയെ വച്ചിരിക്കുന്നത്. മുഖ്യമന്ത്രിയെക്കുറിച്ച് ലോക്ആയുക്ത പറയുന്നതു കേട്ടു; മുഖ്യമന്ത്രി നാവടക്കണമെന്ന്. ഇന്ത്യാ രാജ്യത്ത് ഇന്നുവരെ ഏതെങ്കിലും മുഖ്യമന്ത്രിയെക്കുറിച്ച് ഒരു നീതിപീഠം ഇങ്ങനെ പറഞ്ഞിട്ടുണ്ടോ? മുഖ്യമന്ത്രി നാടവടക്കണമെന്നാണ് പറഞ്ഞത്. ഇവിടെ അഴിമതി

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നത്തിൽ രണ്ട് പേർക്ക് മന്ത്രിസ്ഥാനം നഷ്ടപ്പെട്ടു. സംസ്ഥാന വനം വകുപ്പുമന്ത്രി ശ്രീ. കെ. പി. വിശ്വനാഥന് ചന്ദന മാഫിയയുമായി അടുത്ത ബന്ധമുണ്ട്. പ്രതികൾ സമർപ്പിച്ച മുൻകൂർ ജാമ്യ ഹർജിയിൽത്തന്നെ അവർക്ക് വകുപ്പുമന്ത്രിയുമായിട്ടുള്ള അടുത്ത ബന്ധം തെളിയുന്നുണ്ട് എന്നാണ് ജസ്റ്റിസ് കെ. പത്മനാഭൻ നായരുടെ വിധിന്യായം.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ അഴിമതി നടത്തിയെന്ന് ലോകായുക്ത പറഞ്ഞില്ലേ? ശ്രീ. രാമചന്ദ്രൻ മാസ്റ്ററെപ്പറ്റി വന്ന അഴിമതി എന്താണ് ലോകായുക്ത കണ്ടുപിടിച്ചത്? സ്വീപ്പർമാരെ നിശ്ചയിക്കുന്നതിൽ, ഡോക്ടർമാരെ സ്ഥലം മാറ്റുന്നതിൽ കൈക്കൂലി വാങ്ങി എന്നല്ലേ അവർ പറഞ്ഞത്? സ്വീപ്പറെ നിശ്ചയിക്കുന്നതിൽ ആരെങ്കിലും കൈക്കൂലി വാങ്ങുമോ? എന്തൊരു അപമാനമാണ്. കക്കൂസ് കുഴിച്ച് ജയിലിൽ പോകുക എന്നു കേട്ടിട്ടുണ്ട്. ശ്രീ. രാമചന്ദ്രൻ മാസ്റ്ററെപ്പറ്റി വന്ന ആരോപണം ഇമ്മാതിരിയല്ലേ? ശ്രീ. രാമചന്ദ്രൻ മാസ്റ്റർക്കും ശ്രീ. കെ. പി. വിശ്വനാഥനും മന്ത്രിസ്ഥാനം പോയതിൽ ഏറ്റവും സന്തോഷം ആർക്കാണ്? മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിക്ക്. നിങ്ങൾക്കറിയാമോ ശ്രീ. ആന്റണി മുഖ്യമന്ത്രി സ്ഥാനത്തു നിന്നും പോയി ശ്രീ. ഉമ്മൻചാണ്ടിയെ ആ സ്ഥാനത്തു കൊണ്ടുവന്നപ്പോൾ ശ്രീ. ഉമ്മൻചാണ്ടി ഹൈക്കമാൻഡിന് മന്ത്രിമാരുടെ ഒരു ലിസ്റ്റ് കൊടുത്തു. അതിനകത്തില്ലാത്ത രണ്ട് ആളുകളാണ് ശ്രീ. കെ. പി. വിശ്വനാഥനും ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്ററും. ആ ലിസ്റ്റിൽ ഉണ്ടായിരുന്ന ആളുകളാണ് ശ്രീ. എ. സുജനപാലും പ്രൊഫ. സാവിത്രി ലക്ഷ്മണനും. ആ രണ്ട് ആളെ മാറ്റി ശ്രീ. എ. കെ. ആന്റണി വഴിയാണ് ശ്രീ. കെ. പി. വിശ്വനാഥനും ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്ററും ക്യാബിനറ്റിൽ കടന്നുകൂടിയത്. ശ്രീ. എ. കെ. ആന്റണിയുടെ കൂടെയുണ്ടായിരുന്ന രണ്ടാളെ മന്ത്രിസഭയിൽനിന്നും മാറ്റിയതോടുകൂടി ശ്രീ. ഉമ്മൻ ചാണ്ടിയുടെ സമ്പൂർണ്ണ ആധിപത്യമുള്ള ഒരു മന്ത്രിസഭയായി കേരളത്തിലെ യു.ഡി.എഫ്. മന്ത്രിസഭ മാറി. മൂന്ന് മാസക്കാലത്തേയ്ക്കാണ് ശ്രീ. സുജനപാലിനെ മന്ത്രിയായി വച്ചിരിക്കുന്നത്. ഇവിടെ ഒരു കൊല്ലമായി പത്ത് എം.എൽ.എ.മാരുടെ സീറ്റ് വേക്കന്റായി കിടക്കുകയാണ്. ആ പത്ത് എം.എൽ.എ.മാരുടെ സീറ്റിൽ തെരഞ്ഞെടുപ്പ് നടത്താത്ത ആളുകൾ ഇവിടെ മൂന്ന് മാസത്തേയ്ക്ക് ഒരു മന്ത്രിയെവച്ചു. ശ്രീ. എ. സുജനപാൽ മന്ത്രിയായെന്ന് അറിഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു. ഒരു ഗ്രീറ്റിംഗ്സ് കാർഡ് അയയ്ക്കാമെന്നു വിചാരിച്ച് നോക്കുമ്പോഴാണ് ഹാപ്പി ന്യൂ ഇയർ എന്നുപറഞ്ഞ് അയയ്ക്കുവാൻ പറ്റുകയില്ല. ഹാപ്പി ജനുവരി, ഫെബ്രുവരി, മാർച്ച് എന്നേ പറ്റൂ.

മി. സ്പീക്കർ: മന്ത്രി അല്ലെങ്കിലും ഒരു ഹാപ്പി ന്യൂ ഇയർ ഗ്രീറ്റിംഗ്സ് അയയ്ക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഹാപ്പി ന്യൂ ഇയർ ഒരു മന്ത്രിക്ക് അയയ്ക്കുമ്പോൾ ഒരു കൊല്ലമെങ്കിലും നിൽക്കണ്ടേ? ഇവിടെ ഇപ്പോൾ മന്ത്രിമാർ ഓരോരുത്തരും മത്സരമാണ്. അഴിമതിയിൽ ആരാണ് മുമ്പൻ എന്ന്. ഇലക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

പടിവാതിൽക്കൽ വന്നുനിൽക്കുകയാണ്. പടിവാതിൽക്കൽ ഇലക്ഷൻ വന്നുനിൽക്കുമ്പോഴാണ് യു.ഡി.എഫ്. പുതിയ കരാർ ഒപ്പിട്ടിരിക്കുന്നത്. സ്മാർട്ട് സിറ്റി, വിഴിഞ്ഞം തുറമുഖം ഇതെല്ലാം ഇപ്പോൾ ധൃതിപിടിച്ച് ചെയ്യുന്നത് ശ്രീ. കുഞ്ഞാലിക്കുട്ടി പറഞ്ഞതുപോലെ വികസനമാണോ? ഇപ്പോൾ ധൃതിപിടിച്ച് ഇത് കൊണ്ടുവരുന്നതിന്റെ ഉദ്ദേശം എന്താണ്? കമ്മീഷൻ കിട്ടണം. അതിൽക്കൂടുതൽ എന്തെങ്കിലുമുണ്ടോ? കാക്കനാട്ട് 298 ഏക്കർ ഭൂമിയിൽ 70 കോടി രൂപ മുടക്കിപണിത ഇൻഫോ പാർക്ക് ദുബായ് ഇന്റർനെറ്റ് സിറ്റിക്ക് വിൽക്കുകയാണ് ചെയ്തത്. ഇന്റർനെറ്റ് സിറ്റി സ്ഥാപിക്കുന്നതിന് ഞങ്ങൾ എതിരല്ല. ഇതല്ലാതെ വേറെ സ്ഥലം അവർക്ക് കൊടുത്തുകൊണ്ട് ഇന്റർനെറ്റ് സിറ്റി എന്തുകൊണ്ട് ഉണ്ടാക്കിക്കൂടാ? അതിനുപകരം കേരളം വികസിപ്പിച്ചെടുത്ത ഇൻഫോ പാർക്ക് വിൽപ്പന നടത്തുന്നതിനെയാണ് ഞങ്ങൾ എതിർത്തത്. അതിനാണ് ഞങ്ങളെ വികസന വിരോധികളെന്നു ഇവിടെ മുദ്രകുത്തിയത്. അതിന്റെ പിന്നിൽ പലതും കേൾക്കുന്നുണ്ട്. ഒന്നും ഞാനിപ്പോൾ പറയുന്നില്ല. വഴിയേ അതൊക്കെ വരും. വിഴിഞ്ഞം പോർട്ട് നിലവിൽ വരണം. വിഴിഞ്ഞം പോർട്ടിനെ സംബന്ധിച്ച് ഇപ്പോൾ എന്തെല്ലാമാണ് കേൾക്കുന്നത്? ഇന്നലത്തെ പത്രം പറയുന്നത്, 'വിഴിഞ്ഞം തുറമുഖ പദ്ധതി-വക്കവും എം.വി.ആറും കൊമ്പുകോർക്കുന്നു' എന്നാണ്. യു.ഡി.എഫിൽ ഐക്യം. യു.ഡി.എഫിൽ യാതൊരു പ്രശ്നവുമില്ല. മന്ത്രിസഭായോഗത്തിൽ നടന്നതിനെക്കുറിച്ചാണ് പത്രം ഇത് എഴുതിയത്. വിഴിഞ്ഞം പോർട്ട് 4360 കോടി രൂപയുടെ പദ്ധതി. രണ്ട് ചൈനീസ് കമ്പനികൾ ടൈഡി ഇലക്ട്രിക് പവർ കമ്പനിയും ചൈന ഹാർബർ എഞ്ചിനീയറിംഗ് കമ്പനിയും മുംബൈയിലുള്ള സൂം ഡെവലപ്മെന്റ് ലിമിറ്റഡുമാണ് ഇതിന്റെ കൺസ്ട്രക്ഷൻ. സൂം എന്നു പറയുന്നതാണ് ഇന്ത്യൻ മെമ്പർ. ഈ സ്ഥാപനം ആരാണ്? ഇത് ഒരു റിയൽ എസ്റ്റേറ്റ് കമ്പനിയാണ്. ആ റിയൽ എസ്റ്റേറ്റ് കമ്പനി ഒരു വിജയ് ചൗധരിയുടേതാണ്. വിജയ് ചൗധരി കേന്ദ്രത്തിലെ കോൺഗ്രസ് നേതാക്കന്മാരുടെ അടുത്ത ബന്ധുവാണ്. അദ്ദേഹത്തിന് എങ്ങനെ വിഴിഞ്ഞം തുറമുഖത്തിന്റെ കരാർ കിട്ടി? ഈ കമ്പനികൾക്ക് ആർക്കെങ്കിലും എവിടെയെങ്കിലും ഒരു പോർട്ട് നിർമ്മിച്ച പരിചയമുണ്ടോ? ചൈനയിലുള്ള രണ്ട് കമ്പനികൾ വരുന്നു. ചൈനക്കാർ
2.00 p.m. നല്ലവർ തന്നെ. പക്ഷേ ഈ കമ്പനിക്കാർ എവിടെയെങ്കിലും പോർട്ട് നിർമ്മിച്ചിട്ടുണ്ടോ എന്നൊക്കെ പരിശോധിച്ചിട്ടാണോ അവർക്ക് അനുമതി കൊടുത്തത്? ഇതു സംബന്ധിച്ചുള്ള കാര്യങ്ങൾ സുതാര്യമല്ല. ഇക്കാര്യങ്ങൾ പുറത്തു വരണം. രാഷ്ട്രീയ പാർട്ടികളുമായി ചർച്ച ചെയ്യണം. ജനങ്ങളെ ബോദ്ധ്യപ്പെടുത്തണം.

മന്ത്രിമാർ ഇപ്പോൾ slaughter tapping ആണ് നടത്തിക്കൊണ്ടിരിക്കുന്നത്. എല്ലാ മന്ത്രിമാരുടെ ഓഫീസിലും ഒറ്റ ആപ്തവാക്യമേയുള്ളൂ. 'ഇന്ന് രൊക്കം, നാളെ കടം'. ഏത് ഇടപാടിനും ഇന്ന് രൊക്കം, നാളെ കടം. മന്ത്രി ശ്രീ. ശക്തൻ, കരാറുകാരന് വഴിവിട്ട് പണം നൽകി എന്ന ആക്ഷേപം ഉയർന്നുവന്നിരിക്കുന്നു. മന്ത്രി നേരിട്ട് ഉത്തരവ് കൊടുത്തു എന്നാണ്. മന്ത്രിക്ക് നേരിട്ട് കരാറുകാരൻ അപേക്ഷ കൊടുക്കുന്നു. ടയർ റീ-ത്രെഡിംഗ് ചെയ്യുന്നതിനുവേണ്ടി കോടിക്കണക്കിന് രൂപയുടെ കോൺട്രാക്ട്

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്നു. ത്രെഡ് റബ്ബർ സപ്ലൈ ചെയ്യുന്നതിന് കോൺട്രാക്ടർക്ക് അവിഹിതമായി നേട്ടമുണ്ടാക്കാൻ ഒരു കോൺട്രാക്ടർക്ക് മന്ത്രി നേരിട്ട് ഇടപെട്ട് ഉത്തരവ് കൊടുക്കുന്നു. അതു സംബന്ധിച്ച് ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർക്കാണ് ഉത്തരവ് കൊടുത്തത്. മന്ത്രി ഉത്തരവിട്ടതിന്റെ കോപ്പി എന്റെ കൈവശമുണ്ട്. Aneekka Rubbers എന്നു പറയുന്ന ഒരു സ്ഥാപനം അപേക്ഷ കൊടുക്കുന്നു. മന്ത്രി നേരിട്ട് സി. & എം.ഡി., കെ.എസ്.ആർ.ടി.സി. എന്നുപറഞ്ഞ് എഴുതിയിട്ട്, Release 25% of the amount treating this as a special case as the party is facing revenue recovery. എന്നു പറഞ്ഞുകൊണ്ട് കൊടുക്കുന്നു. ഒരു പരിശോധനയു മില്ലാത്ത തീരുമാനമാണ്. ഏതെങ്കിലും ഒരു കേസിൽ ഇങ്ങനെയുള്ള ഒരു തീരുമാനം എടുത്തിട്ടുണ്ടോ? മന്ത്രി ധൃതിപിടിച്ച് ഇങ്ങനെ ഒരു തീരുമാനമെടുത്തത് എന്തിനാണ്? ഇതിന്റെ പിന്നിലാണ് ദുരൂഹതയുള്ളത്. 5,40,000 രൂപ റിലീസ് ചെയ്യാനാണ് ഉത്തരവ് കൊടുത്തത് .... (ബഹളം) .... അവർ ആവശ്യപ്പെടുന്നതിന്റെ 25% തുക എന്നുപറയുമ്പോൾ ഇത്രയും തുകയുണ്ട്. അന്നുതന്നെ ഇത് സംബന്ധിച്ച് തീരുമാനം വരുന്നു. എന്തിന് ധൃതി കാണിച്ചു എന്നുള്ളത് വ്യക്തമല്ലേ? ഇവിടെ മറ്റൊരു കാര്യം കൂടി നടക്കുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ആളുകളെ നിയമിക്കാൻ 4500 പേരുടെ ലിസ്റ്റ് വരുത്തുന്നു. 300 പേരെ മന്ത്രി നേരിട്ട് നിയമിക്കുന്നു. മന്ത്രി നേരിട്ടാണ് ഉത്തരവ് കൊടുക്കുന്നത്. ഇരുപതിനായിരവും ഇരുപത്തയ്യായിരവും അമ്പതിനായിരവും രൂപ ഇതിനുവേണ്ടി പിരിവ് നടത്തി. എന്റെ കയ്യിൽ ഒരു കത്തുണ്ട്. കെ.എസ്.ആർ.ടി.സി.യിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിച്ച് വർഷങ്ങളായി കണ്ടക്ടർമാരായി ജോലി ചെയ്യുന്ന മൂവായിരത്തോളം പേർക്ക് സ്ഥിര നിയമനം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രിക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കാൻ പോകുന്നു. ഇതു സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനുവേണ്ടി കോട്ടയം ഡി.സി.സി. ഓഫീസിൽ യോഗം ചേരുന്നു. പ്രസിഡന്റ് ആന്റോ ആന്റണി പങ്കെടുക്കും. യോഗത്തിന് വരുമ്പോൾ ഇരുപതിനായിരം രൂപ കൊണ്ടുവരണം. എന്തിനാണ് ഈ പിരിവ് നടത്തിയത്? ഈ പിരിവ് നടത്തിയത് മന്ത്രിക്കുവേണ്ടിയാണെന്നാണ് ഉയർന്നുവന്നിട്ടുള്ള ആക്ഷേപം. മന്ത്രി ഉത്തരവ് കൊടുത്ത ആളുകളെല്ലാം സ്വന്തം പ്രദേശത്തുള്ളവരും നാട്ടുകാരുമാണ്. അരവിന്ദ് നാടാർ, ദർശന-തിരുവനന്തപുരം, സാബു നാടാർ (അമ്പലത്തറ-തിരുവനന്ത പുരം), ഷിബു നാടാർ (വെങ്ങാനൂർ-തിരുവനന്തപുരം), ഉണ്ണികൃഷ്ണൻ നാടാർ (തിരുവനന്തപുരം), ജോസ് നാടാർ (വട്ടപ്പാറ), മനോജ് കുമാർ നാടാർ, ഷാജു നാടാർ.......... ഇനിയും ലിസ്റ്റ് വേണോ? മന്ത്രിയുടെ സ്വന്തക്കാരേയും ബന്ധുക്ക ളേയും നിയമിക്കുന്നതിനുവേണ്ടി ഇടപെടുന്ന അവസ്ഥ എന്തുകൊണ്ട് സംഭവിച്ചു? കെ.എസ്.ആർ.ടി.സി.-യിൽ നടക്കുന്ന ഈ അഴിമതി ഇവിടെ നടന്നുകൊണ്ടിരിക്കുന്ന അഴിമതിയുടെ ഒരു ചെറിയ രൂപം മാത്രമാണ്. മന്ത്രിയുടെ മണ്ഡലത്തിൽപ്പെട്ട 129 പേരാണ് ഇതിന്റെ ഭാഗമായി നിയമിക്കപ്പെട്ടിരിക്കുന്നത്. മറ്റൊരു മന്ത്രി, മുഖ്യമന്ത്രിയുടെ ചാർജ് വഹിക്കുന്ന ബഹുമാന്യനായ വക്കം പുരുഷോത്തമൻ ഒരു പ്രസംഗം നടത്തി. സ്റ്റാമ്പ് ഡ്യൂട്ടിയിലും ഗവൺമെന്റ് ഫീസിലും വെട്ടിപ്പ് നടത്തുന്നവരുടെ

LIBRARY ARCHIVES Kerala Legislative Assembly

ഭൂമി പിടിച്ചെടുക്കും എന്ന്. എന്നാൽ ശ്രീ. വക്കത്തിന്റെ മക്കളുടെ പേരിൽ കഠകുളം രജിസ്ട്രാർ ഓഫീസിൽ വട്ടപ്പാറ വില്ലേജിൽ വാങ്ങിക്കൂട്ടിയ ഭൂമി ഇടപാടിൽ യഥാർത്ഥ വില കാണിക്കാതെ ഭൂമി രജിസ്റ്റർ ചെയ്തതിൽ 8,46,240 രൂപയുടെ സ്റ്റാമ്പ് ഡ്യൂട്ടി തട്ടിപ്പ് നടന്നിട്ടുണ്ട്. ഇങ്ങനെ സ്റ്റാമ്പ് ഡ്യൂട്ടി തട്ടിപ്പ് നടത്തുന്ന രീതിയിൽ രജിസ്ട്രേഷൻ നടത്താൻ കാരണം എന്താണ്? ശ്രീ. വക്കം പുരുഷോത്തമന്റെ മക്കളായ ബിനു, ബിന്ദു, മകളുടെ ഭർത്താവ് രാജഗോപാൽ എന്നിവരുടെ പേരിൽ തിരുവനന്തപുരം ജില്ലയിൽ വട്ടപ്പാറ വില്ലേജിൽ പഴയ റീ-സർവ്വെ നമ്പർ 1572, 1571, 1591 എന്നിവിടങ്ങളിൽ 24 ആളുകളിൽ നിന്നാണ് സ്ഥലം വാങ്ങിയിരിക്കുന്നത്. 2004 നവംബർ 14, 15 തീയതികളിൽ ബിന്ദു പുരുഷോത്തമന്റെ പേരിൽ എട്ട് പ്രമാണങ്ങൾ രജിസ്റ്റർ ചെയ്തു. മൊത്തം 4.45 ഏക്കർ ഭൂമി. ആധാരത്തിൽ കാണിച്ച മൊത്തവില 13,72,000 രൂപയാണ്. 2004 ഡിസംബർ 1, 9, 10, 12 തീയതികളിലായി ബിനു പുരുഷോത്തമന്റെ പേരിൽ എട്ട് ആളുകളിൽ നിന്നായി എട്ട് വസ്തു വാങ്ങി. മൊത്തം 4 ഏക്കർ 58 സെന്റ്. ആധാരത്തിൽ കാണിച്ച വില 11,14,000 രൂപയാണ്. 2004 ഡിസംബർ 9, 2005 ജനുവരി 12, ഫെബ്രുവരി 10, ജൂലായ് 28 തീയതികളിൽ ഇതേ വില്ലേജ് ഓഫീസിൽ 1572, 1591 എന്നീ നമ്പറുകളിൽ എട്ട് പേരിൽ നിന്നായി എട്ട് സ്ഥലം വാങ്ങിയിട്ടുണ്ട്. മൊത്തം 3 ഏക്കർ 2 സെന്റ് സ്ഥലം. ആധാരത്തിൽ കാണിച്ച വില 12,67,500 രൂപ. ശ്രീ. വക്കത്തിന്റെ മക്കൾ ഏതാണ്ട് ഒരേസമയത്ത് വാങ്ങിയത് 12 ഏക്കർ 5 സെന്റ് സ്ഥലമാണ്. ആധാരത്തിൽ കാണിച്ച മൊത്ത വില 37,53,500 രൂപ മാത്രം. വട്ടപ്പാറ എന്നുപറയുന്നത് തിരുവനന്തപുരം ടൗണിൽ നിന്ന് 15 കിലോമീറ്റർ മാത്രം അകലെയാണ്. സെന്റ് ഒന്നിന് ഇരുപത്തയ്യായിരവും നാൽപതിനായിരവുമാണ് അവിടത്തെ മാർക്കറ്റ് വില. സബ് രജിസ്ട്രാർ ജില്ലാ രജിസ്ട്രാറെ അറിയിച്ചിരിക്കുന്ന ഒരു നിരക്കുണ്ട്. അതുതന്നെ സെന്റിന് പതിനായിരം രൂപയാണ്. പതിനായിരം രൂപയാണ് യഥാർത്ഥത്തിൽ രജിസ്ട്രാർ നിശ്ചയിച്ചിട്ടുള്ള വില. അതുമാത്രം കണക്കാക്കിയാൽ 1,20,50,000 രൂപയാണ് ഇതിന് വരുന്ന വില. 24 ആധാരത്തിലായി കാണിച്ച തുക നോക്കുമ്പോൾ വ്യത്യാസം വന്നിരിക്കുന്നത് 82,96,500 രൂപയുടെ കുറവാണ്. 82 ലക്ഷം രൂപ കുറവ് വരുത്തിക്കൊണ്ട് ആധാരം രജിസ്റ്റർ ചെയ്തപ്പോൾ 10% സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും 2% രജിസ്ട്രേഷൻ ഫീസ് ഇനത്തിനും നമ്മുടെ സംസ്ഥാനത്തിന് നഷ്ടപ്പെട്ടത് 8,46,240 രൂപയാണ്. അത്രയും രൂപയുടെ സ്റ്റാമ്പ് ഡ്യൂട്ടി തട്ടിപ്പ് നടത്താൻ ഈ ധനകാര്യ വകുപ്പുമന്ത്രി എങ്ങനെ കൂട്ടുനിന്നു? അദ്ദേഹത്തിന്റെ പദവി കുട്ടികൾ ദുരുപയോഗിച്ചു. കഴിഞ്ഞ തവണ ശ്രീ. എം. വി. ജയരാജൻ ഈ പ്രശ്നം ഉന്നയിച്ചപ്പോൾ മന്ത്രി പറഞ്ഞത് അതിനൊക്കെ സോഴ്സ് ഉണ്ട്, അവർക്ക് കഴിവുണ്ട് എന്നാണ്. ആയിരിക്കാം. ശ്രീ. വക്കം പുരുഷോത്തമന്റെ കുട്ടികൾക്ക് സാമ്പത്തികശേഷി ഉണ്ടാകുന്നതിൽ നമുക്കൊക്കെ സന്തോഷമാണ്. അവർ അനാഥമായിപ്പോകണമെന്ന് ഞങ്ങൾ കരുതുന്നില്ല. ശ്രീ. വക്കത്തിന്റെ കയ്യിൽ പൈസയുണ്ടായകുന്നതിൽ സന്തോഷമേയുള്ളൂ. പക്ഷെ ആ പൈസ അദ്ദേഹം അന്ന് പറഞ്ഞതുപോലെ അവർ സമ്പാദിച്ച പൈസയാണോ? അങ്ങനെ യഥാർത്ഥത്തിൽ സമ്പാദിച്ച പൈസയാണെങ്കിൽ അതിന്റെ യഥാർത്ഥ വില എന്തുകൊണ്ട് കാണിച്ചില്ല? 82 ലക്ഷം രൂപ ഇങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

കുറവു വരുത്തി സ്റ്റാമ്പ് ഡ്യൂട്ടി കാണിക്കാൻ കാരണമെന്താണ്? അനധികൃതമായി സമ്പാദിച്ച പണമായതുകൊണ്ടാണ്. അല്ലെങ്കിൽ ഇങ്ങനെ ഒരു ദുരൂഹതയുണ്ടാക്കേണ്ട കാര്യമില്ലല്ലോ. ഇതു സംബന്ധിച്ചുള്ള എല്ലാ രേഖകളും ഞാൻ കൊണ്ടുവന്നിട്ടുണ്ട്. അവിടുത്തെ രജിസ്ട്രാർ ഓഫീസിലെ ഇതു സംബന്ധിച്ചുള്ള എല്ലാ രേഖകളും-മുഴുവൻ ഭൂമി ഇടപാടുകളെ സംബന്ധിച്ചുള്ള, യഥാർത്ഥ വിലയെ സംബന്ധിച്ചുള്ള എല്ലാ രേഖകളും എന്റെ കൈവശമുണ്ട്. ഇതു സംബന്ധിച്ച് ഈ പണം എങ്ങനെ കിട്ടി എന്നതിനെക്കുറിച്ച് ഒരു അന്വേഷണം ഗവൺമെന്റ് നടത്തണം. യഥാർത്ഥത്തിൽ വാറ്റ് കൊണ്ടുവന്നതിൽ ഗുണം കിട്ടിയത് ആർക്കാണ്. ഈ സംസ്ഥാനത്തിന് ഗുണം കിട്ടിയിട്ടില്ല. കേരളത്തിന് ആയിരം കോടി രൂപ നഷ്ടപ്പെട്ടു എന്നാണ് കണക്ക്. മന്ത്രിമാർക്കും മറ്റും ചില ഗുണം കിട്ടി. ഏപ്രിൽ ഒന്നിന് ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ വില 15% മുതൽ 25% വരെ വർദ്ധിച്ചു. മദ്യ കമ്പനികൾക്ക് ഇതുകൊണ്ട് നേട്ടം ഉണ്ടായി. മുപ്പത് ലക്ഷം കെയ്സാണ് വിജയ മല്ല്യയിൽ നിന്നും വാങ്ങിയത്. യു.ബി. ഗ്രൂപ്പും കർണ്ണാടകവുമായിട്ടുള്ള ബന്ധം ഞാൻ പ്രത്യേകിച്ചു പറയുന്നില്ല. ഇതിൽനിന്നും കിട്ടിയ കമ്മീഷൻ ഇതിന്റെ ഒരു ഘടകമാണ്. യു.ഡി.എഫ്. ഗവൺമെന്റ് വന്നപ്പോൾ 48 ബാർ ലൈസൻസ് കൊടുത്തു. 16 ബാറുകൾക്ക് ഈ മന്ത്രി വന്നതിനുശേഷം ലൈസൻസ് കൊടുത്തു. പൈസ വാങ്ങിയിട്ടാണ് മുഴുവൻ ബാറുകൾക്കും ലൈസൻസ് കൊടുത്തത്. 10 ക്ലബ്ബുകൾക്ക് ബാർ ലൈസൻസ് കൊടുത്തു. 4500 കള്ളുഷാപ്പുകാരിൽ നിന്ന് ഓരോ ലക്ഷം രൂപ വീതം പിരിച്ചിട്ടുണ്ട്. ഈ പണമൊക്കെ എവിടെപ്പോയി? മാഹിയിൽ 31 മൊത്ത വ്യാപാരശാല, 31 ചില്ലറ വ്യാപാരശാല. മാഹിയിൽ നിന്നു വരുന്ന ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന് ശ്രീ. വക്കം മന്ത്രി ആയതോടുകൂടി നിയന്ത്രണം കൊണ്ടുവന്നു. അദ്ദേഹം പറഞ്ഞു; കടത്തു പെർമിറ്റ് ഇനി കണ്ണൂർ ഓഫീസിൽ നിന്ന് കൊടുക്കേണ്ട. അത് തിരുവനന്തപുരത്തേയ്ക്ക് ആക്കി. 2500 ഒരു ലോഡിന് എന്നുള്ളത് 25,000 ആക്കി വർദ്ധിപ്പിച്ചു. മാഹിയിൽ നിന്ന് മദ്യ വരവ് നിലച്ചു. മന്ത്രി തന്നെ ഇവിടെ സമ്മതിച്ചു. പോണ്ടിച്ചേരി മുഖ്യമന്ത്രി പറഞ്ഞു, ഞാൻ സമ്മതിച്ചില്ല. അവിടുത്തെ മന്ത്രി വന്നു പറഞ്ഞു, ഞാൻ സമ്മതിച്ചില്ല. അങ്ങനെ ഉറച്ചു നിന്ന മന്ത്രി പിന്നെ എങ്ങനെ മാറി? അവിടെയുള്ള കച്ചവടങ്ങളെല്ലാം നിന്നു. ഫണ്ട് സ്വീകരിച്ചു. ആദ്യം 75 ലക്ഷം കൊടുത്തു. പിന്നെയും 75 ലക്ഷം കൊടുത്തു. അതിന്റെ ഫലമായി ഹൈക്കോടതിയിൽ നമ്മുടെ ഗവൺമെന്റ് കേസ് തോറ്റുകൊടുത്തു. ഇതിന്റെ ഫലമായി മാഹിയിൽ നിന്ന് മദ്യം ഒഴുകിക്കൊണ്ടിരുന്നു. ഇവിടെ അതിന്റെ ഫലമായി മദ്യത്തിന് വില കൂടി. നമ്മുടെ മന്ത്രിക്ക് ഇതിന്റെ ഫലമായിട്ട് പൈസ കിട്ടി. സ്വർണ്ണത്തിന്റെ സെയിൽസ് ടാക്സ് 4% ആയിരുന്നത് 1% ആയി കുറച്ചു കൊടുത്തു. സംസ്ഥാനത്തിന് 300 കോടി രൂപ നഷ്ടം വന്നു. ഇങ്ങനെ എടുത്ത ഓരോ തീരുമാനങ്ങളും വഴി ബഹുമാന്യനായ മന്ത്രി വാരിക്കൂട്ടിയ പണമാണ് ഇതിന് ഉപയോഗിച്ചത്. ഇന്ന് യഥാർത്ഥത്തിൽ ഗവൺമെന്റിനു വേണ്ടി മാത്രം സമാഹരിച്ചാൽ പോര മന്ത്രിക്ക് കെ.പി.സി.സി. ഓഫീസിന്റെ പൈസ അദ്ദേഹം കൊടുക്കണം. വീക്ഷണം പത്രം നടത്തണം.

LIBRARY ARCHIVES Kerala Legislative Assembly

ചാനൽ വരാൻ പോകുന്നു; കോൺഗ്രസ് ചാനൽ. അതിന് പൈസയുണ്ടാക്കണം. ഇങ്ങനെ എല്ലാംകൂടി അദ്ദേഹത്തിനെ ഏൽപിച്ചപ്പോൾ സംസ്ഥാനത്തിന് ഉണ്ടായ ഭാരം താങ്ങാൻ ആർക്കും സാധിക്കുന്നില്ല. ഇവിടെ കെ.പി.സി.സി. ഓഫീസ് രണ്ട് ലിഫ്റ്റോടുകൂടി ഉയർന്നില്ലേ? ഈ ഭരണം വന്നപ്പോഴല്ലേ? വീക്ഷണം ഓഫീസ് തുടങ്ങിയത് ഈ ഭരണം വന്നപ്പോഴല്ലേ? ഭരണം പോയപ്പോൾ അല്ലല്ലോ? ഇന്ന് കേരളം ഭരിക്കുന്നത് മൂന്ന് ദിനോസറുകളാണ്-ഉമ്മൻചാണ്ടി, വക്കം പുരുഷോത്തമൻ, ആര്യാടൻ മുഹമ്മദ്. ദിനോസറുകൾക്ക് ഉണ്ടായ അവസ്ഥ കേരളത്തിനുണ്ടാകും. കായംകുളം കൊച്ചുണ്ണിയെങ്ങാനും ഇപ്പോൾ ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ ശ്രീ. വക്കം പുരുഷോത്തമനെ കെട്ടിപ്പിടിച്ച് "നീയെന്നെ തോൽപ്പിച്ചുകളഞ്ഞല്ലോ, കൊച്ചുകള്ളാ" എന്നു പറയുമായിരുന്നു. ഈ ഭരണംകൊണ്ട് ജനങ്ങൾക്ക് എന്ത് ഗുണം കിട്ടി? കേരളത്തിലെ നിയമസമാധാനം തന്നെ പൂർണ്ണമായി തകർന്നില്ലേ? ഒരു ഭരണംകൊണ്ട് ജനങ്ങൾക്ക് ഉണ്ടാകേണ്ട നേട്ടം, മര്യാദക്ക് കിടന്നുറങ്ങാനെങ്കിലും സാധിക്കണം. അതിനു കഴിയുന്നുണ്ടോ? ഇന്നത്തെ 'മലയാള മനോരമ' മുഖപ്രസംഗത്തിൽ എഴുതി വച്ചിരിക്കുന്നത് "കള്ളനും പോലീസും" എന്നാണ്. അതാണ് മുഖപ്രസംഗം. മലയാള മനോരമ ആരുടെ പത്രമാണ്, സി.പി.ഐ.(എം)-ന്റെ പത്രമല്ല. ശ്രീ. ഉമ്മൻചാണ്ടിയുടെ സ്വന്തം പത്രം. അതിൽ പറയുന്നത് 'ജനങ്ങളുടെ ജീവനുവരെ ഭീഷണി ആയിരിക്കുന്നു; ഒറ്റക്കും സംഘമായും മോഷ്ടാക്കൾ വിഹരിക്കുന്നു' എന്നാണ്. ഇക്കഴിഞ്ഞ 6 മാസത്തിനുള്ളിൽ തിരുവനന്തപുരം ജില്ലയിൽ മാത്രം 912 കവർച്ചാകേസുകൾ ഉണ്ടായി. 362 വീടുകൾ കൊള്ള ചെയ്തു. 77 കച്ചവട സ്ഥാപനങ്ങൾ കൊള്ള ചെയ്തു. ബാങ്ക് കവർച്ച നടന്നു. രാത്രി വീടുകളിൽ ജനങ്ങൾക്ക് ഉറക്കമില്ല. എപ്പോഴാണ് കള്ളൻ വരുന്നതെന്ന് ആർക്കും പറയാൻ കഴിയില്ല. കഴിഞ്ഞ നിയമസഭാ സമ്മേളനം ചേരുമ്പോൾ ശ്രീ. പിരപ്പൻകോട് മുരളി ഒരു അടിയന്തിരപ്രമേയം കൊണ്ടുവന്നു. ശ്രീ. മുരളി പറഞ്ഞു പേരൂർക്കട പോലീസ് സ്റ്റേഷൻ അതിർത്തിയിൽ അത് അവതരിപ്പിക്കുന്ന സമയത്ത് - 178 കളവ് നടന്നു എന്ന്. അതിന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് അന്ന് പ്രതീക്ഷിച്ചത്ര കളവ് നടന്നിട്ടില്ലെന്നാണ്. ഇവിടെ കളവ് കേസ് വർദ്ധിക്കുമ്പോൾ ഗവൺമെന്റ് കണക്കുകൾ പറഞ്ഞ് ന്യായീകരിച്ച് രക്ഷപ്പെടാൻ ശ്രമിക്കുകയും കള്ളന്മാർ വിഹരിക്കുന്ന പ്രദേശമായി ഇവിടെ മാറുകയുമാണ് ചെയ്യുന്നത്. കള്ളന്മാരാണെങ്കിൽ ഇപ്പോൾ പണ്ടത്തെ കള്ളന്മാരെപ്പോലെയല്ല; ഹൈടെക് കള്ളന്മാരാണ്. ഇന്നലെ തന്നെ പത്രത്തിൽ ഒരു വാർത്ത വായിച്ചു. ഒരു കള്ളൻ ഒരു വീട്ടിൽ കയറി സ്വർണ്ണവും പണവും കൈക്കെടുത്തു. എടുത്തു കഴിഞ്ഞപ്പോൾ കള്ളന് തോന്നി ഈ വീട് കൊള്ളാം, ഒന്ന് കിടന്ന് ഉറങ്ങിയിട്ട് പോകാമെന്ന്. കള്ളൻ കിടന്നുറങ്ങിയിട്ട് മോണിംഗ് അലാറം വച്ചു. നിങ്ങൾ ഒന്ന് ആലോചിച്ചു നോക്കൂ. ഏതെങ്കിലും ഒരു സ്റ്റേറ്റിൽ മോർണിംഗ് അലാറം വച്ച് കിടന്നുറങ്ങിയും കളവ് നടത്താൻ പറ്റുന്ന സ്റ്റേറ്റ് ഉണ്ടെങ്കിൽ അത് ശ്രീ. ഉമ്മൻചാണ്ടി ഭരിക്കുന്ന കേരളമല്ലാതെ വേറെ എവിടെയെങ്കിലും പറ്റുമോ? ഇവിടെ വേറൊരു വീട്ടിൽ കളവ് നടന്നത് ഇപ്രകാരമാണ്. അഞ്ച് കള്ളന്മാർ ഒന്നിച്ച് വന്ന് കാളിംഗ് ബെൽ അടിച്ചു എന്നിട്ട് പറഞ്ഞു ഞങ്ങൾ കള്ളന്മാരാണ്;

LIBRARY ARCHIVES Kerala Legislative Assembly

സ്വർണ്ണവും പണവും എടുക്കൂ എന്ന്. ആധുനിക കളവാണ് ഇന്ന് തിരുവനന്തപുരം സിറ്റിയിൽ. കളവ് നടക്കുന്നതിനെക്കുറിച്ച് ഇവിടുത്തെ സിറ്റി പോലീസ് കമ്മീഷണർ പറഞ്ഞത് സ്വർണ്ണവും പണവും വീട്ടിൽ സൂക്ഷിക്കേണ്ട അങ്ങനെ കളവ് ഇല്ലാതാക്കാം എന്നാണ്. അതുകഴിഞ്ഞപ്പോൾ പറഞ്ഞത് കള്ളനെ കണ്ടാൽ വെടി വയ്ക്കുമെന്നാണ്. കള്ളനെ കണ്ടാൽ എങ്ങനെയാണ് മനസ്സിലാക്കുക. എന്നിട്ട് ഏതെങ്കിലും കള്ളനെ വെടിവയ്ക്കാൻ സാധിച്ചോ? ഈ പ്രസ്താന വന്ന പിറ്റേദിവസം ഡി.ജി.പി. ഓഫീസിന് അടുത്തുള്ള മൊബൈൽ ഷോപ്പിൽ കയറി ആറര ലക്ഷം രൂപയുടെ സാധനങ്ങൾ കവർച്ച ചെയ്തു കള്ളൻ പോയി. വെടിവയ്ക്കുമെന്ന് പറഞ്ഞ കമ്മീഷണർ എവിടെപ്പോയി? പോലീസിന്റെ പ്രഖ്യാപനങ്ങൾ എല്ലാം തന്നെ കേരളത്തിൽ നടപ്പാക്കാതെയായി. കള്ളന്മാർ വിഹരിക്കുകയാണ്. നെയ്യാറ്റിൻകര ബിഷപ്പ് ഹൗസിന് നേരെ ആക്രമണം. പ്രതിയെ ഇനിയും പിടിച്ചിട്ടില്ല. പ്രതിമകൾക്കും രക്ഷയില്ലാതായി. പന്മന ചട്ടമ്പിസ്വാമി സമാധിയിലെ മഹാലക്ഷ്മിയുടെ പ്രതിമ തകർത്തതിനുത്തരവാദിയായവരെ പിടിക്കാൻ സാധിച്ചിട്ടില്ല. ആലപ്പുഴയിൽ ശ്രീനാരായണ ഗുരുവിന്റെ പ്രതിമ തകർത്തു. ഒരണിക്കാവിൽ ശ്രീനാരായണഗുരുവിന്റെ പ്രതിമ തകർത്തു. വടക്കാഞ്ചേരിയിൽ മഹാത്മാഗാന്ധിയുടെ പ്രതിമ തകർത്തു. പ്രതിമകൾക്കുപോലും രക്ഷയില്ല. ഒന്ന് സംസാരിക്കാൻ കഴിയുമായിരുന്നെങ്കിൽ ആ പ്രതിമകൾ വിളിച്ചുപറയുമായിരുന്നു, ഉമ്മൻചാണ്ടി ഗവൺമെന്റ് അധികാരത്തിൽനിന്ന് പോകണമെന്ന്. ക്രമസമാധാനം തകർന്ന അവസ്ഥയാണ് കേരളത്തിൽ ഇന്ന് ഉള്ളത്. കുറ്റകൃത്യങ്ങൾ തടയാനല്ല, ജനങ്ങളെ അടിച്ചമർത്താനും ജനകീയ സമരങ്ങളെ അടിച്ചമർത്താനുമാണ് പോലീസിനെ ഉപയോഗിക്കുന്നത്. കൊല്ലത്ത് സി.പി.ഐ.(എം) നടത്തിയ മാർച്ചിന് നേരെ കടന്നാക്രമണം നടത്തിയതിൽ നൂറുകണക്കിന് ആളുകൾക്ക് പരിക്കേറ്റു. നിരവധി ആളുകൾ ആശുപത്രിയിലായി. ഇതാണോ സർ, കേരള പോലീസ്? ഇവിടെ ഓരോ സ്ഥലത്തും ജനങ്ങളെ വേട്ടയാടാൻ വേണ്ടി പോലീസിനെ ഉപയോഗിച്ചതിന്റെ ഫലമായി കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കാൻ സാധിക്കാത്ത സ്റ്റേറ്റായി കേരളം മാറി എന്നുള്ളതാണ് ഓരോ സംഭവങ്ങളും വ്യക്തമാക്കുന്നത്.

ഒന്നുരണ്ട് കാര്യങ്ങളെക്കുറിച്ചുകൂടി പറയാൻ എന്നെ അനുവദിക്കണം. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ച് ഞങ്ങളുടെ നിലപാട് വ്യക്തമാക്കണമെന്നു പറഞ്ഞു. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ച് യു.ഡി.എഫ്. ഗവൺമെന്റ് തീരുമാനം എടുത്തതിനെക്കുറിച്ചാണ് ഇപ്പോൾ ഏറ്റവും കൂടുതൽ കൊട്ടിഘോഷിച്ചു കൊണ്ട് രംഗത്ത് വന്നിരിക്കുന്നത്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് കിട്ടുന്നതിനുമുമ്പ് യു.ഡി.എഫ്. പറഞ്ഞതെന്താണ്? സംവരണത്തെക്കുറിച്ച് യു.ഡി.എഫ് -ന്റെ മാനിഫെസ്റ്റോയിൽ പറഞ്ഞത് പട്ടികജാതി/പട്ടികവർഗ, പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണതത്വംമൂലം സർക്കാരുദ്യോഗങ്ങളിൽ കിട്ടാതെ പോയ ഒഴിവുകൾ ലഭ്യമാക്കുന്നതിന് നിയമസഭാ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കും എന്നാണ്. ഇതല്ലേ വാഗ്ദാനം? നിയമസഭാ കമ്മിറ്റിയുടെ ശുപാർശ എന്തായിരുന്നു? സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണം എന്നാണ്. അതുപ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

നടപടി സ്വീകരിക്കും എന്നുപറഞ്ഞ ആളുകൾ 18,430 ഒഴിവുകൾ ഉണ്ടെന്ന് നരേന്ദ്രൻ കമ്മീഷൻ ചൂണ്ടിക്കാണിച്ചപ്പോൾ അതിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണമെന്ന് പറഞ്ഞ് ജാഥ നടത്തിയ പാർട്ടിയാണ് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ്. ബഹുമാന്യനായ കുഞ്ഞാലിക്കുട്ടി ജാഥ ഉദ്ഘാടനം ചെയ്തു. ഈ ജാഥ തിരുവനന്തപുരത്ത് എത്തുന്നതിനു മുമ്പ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഏർപ്പെടുത്തിയില്ലെങ്കിൽ ഞാൻ എന്റെ സ്ഥാനം വലിച്ചെറിയും എന്നുപറഞ്ഞ് യൂത്ത് ലീഗ് ജാഥ നടത്തി. എന്തുണ്ടായി? നിയമസഭയിൽ 24 തവണ അവർ പ്രമേയം കൊണ്ടുവന്നു. എല്ലാം സ്പെഷ്യൽ റിക്രൂട്ട്മെന്റ് വേണമെന്നായിരുന്നു. ഇപ്പോൾ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വേണ്ട ഭാവിയിൽ മര്യാദയ്ക്ക് കിട്ടിയാൽ മതി എന്നു പറയുന്നത് നിങ്ങളുടെ പിന്നിൽ അണിനിരന്ന ജനവിഭാഗങ്ങളെ വഞ്ചിക്കാൻ വേണ്ടിയിട്ടല്ലേ? ഇപ്പോൾ പറയുന്നത് കെ.എസ്.എസ്.ആർ.-ൽ റൂൾ 15-ന്റെ തകരാറുകൊണ്ടാണ് പിന്നാക്ക സമുദായക്കാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ കിട്ടാതെ പോയത് എന്നാണ്. കെ.എസ്.എസ്.ആർ. പ്രകാരം പിന്നോക്ക സമുദായക്കാർക്ക് വിഹിതത്തിൽ കുറവ് വരുത്താതിരിക്കാനുള്ള ഒരു റൂളാണ് റൂൾ 50. പിന്നോക്ക സമുദായക്കാർക്ക് അർഹതപ്പെട്ടത് ഒരു സമുദായത്തിന് അപേക്ഷകന്മാരില്ലെങ്കിൽ അത് മറ്റൊരു സമുദായത്തിന് കൊടുക്കും. തൊട്ടടുത്ത ഘട്ടംവരുമ്പോൾ അത് തിരിച്ച് അവർക്കുതന്നെ കൊടുക്കും. അതുപ്രകാരം പിന്നാക്ക സമുദായത്തിന് അർഹതപ്പെട്ടത് ആ സമുദായത്തിൽപ്പെട്ട ഏതെങ്കിലും ഒരു സമുദായത്തിന് കിട്ടുമായിരുന്നു. ഇപ്പോൾ ഇവർ കൊണ്ടുവന്ന റൂൾ പ്രകാരം ഒരു പ്രത്യേക സമുദായത്തിൽപ്പെട്ട അപേക്ഷകരില്ലെങ്കിൽ അത് വേക്കന്റ് ആയിക്കിടക്കും. അങ്ങനെ വേക്കന്റ് ആയി കിടക്കുമ്പോൾ അവിടെ നിയമനം എപ്പോൾ നടക്കും? വ്യക്തമല്ല. അതിനുവേണ്ടി പിൻവാതിൽ നിയമനം നടത്താനാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ഡയറക്ട് റിക്രൂട്ട്മെന്റ് അതിനുവേണ്ടി നടത്തുമെന്ന് പറയുന്നു. ഡയറക്ട് റിക്രൂട്ട്മെന്റും സ്പെഷ്യൽ റിക്രൂട്ട്മെന്റും ഒന്നാണെന്ന് വ്യാഖ്യാനിക്കാൻ ശ്രമിക്കുകയാണ്. ഇത് യഥാർത്ഥത്തിൽ പിന്നോക്ക സമുദായത്തിൽപ്പെട്ടവരെ കബളിപ്പിക്കാൻ വേണ്ടിയുള്ള തീരുമാനമാണ്. ഒന്ന് ഞാൻ പറയട്ടെ, ഇവിടെ പൊതുമേഖലാ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലുള്ള നിയമനം .... (ബഹളം) .... ഇത് പറയുമ്പോൾ ഇവർക്ക് എന്തോ വിഷമമുള്ളതുപോലെ .... (ബഹളം) .... പൊതുമേഖലാ സ്ഥാപനങ്ങളുടെയും അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും നിയമനം പി.എസ്.സി.-ക്ക് വിടാൻ നടപടി സ്വീകരിക്കും എന്നു മാത്രമേ ഇപ്പോൾ പറയുന്നുള്ളൂ, പി.എസ്.സി.-ക്ക് വിടുമെന്ന് പറയാൻ എന്തുകൊണ്ട് സാധിക്കുന്നില്ല. നിങ്ങളുടെ ഗവൺമെന്റിന് മൂന്ന് മാസം കാലാവധിയുള്ളപ്പോൾ നിങ്ങൾ അത്തരത്തിൽ ഒരു തീരുമാനമെടുക്കുമോ? ഒരു കാര്യം ഞാൻ ഓർമ്മിപ്പിക്കട്ടെ. 1958-ലെ വിദ്യാഭ്യാസ നിയമത്തിലെ 11-ാം വകുപ്പ് പ്രകാരം എയ്ഡഡ് സ്കൂളുകളിലെ അധ്യാപക നിയമനം പി.എസ്.സി. പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്ന് സ്വകാര്യ സ്ഥാപനങ്ങൾ കമ്മ്യൂണൽ റൊട്ടേഷൻ പാലിച്ച് നിയമിക്കണമെന്ന് വ്യവസ്ഥ ചെയ്തപ്പോൾ അതിനെതിരായി വിമോചന സമരം സംഘടിപ്പിച്ച ലീഗാണ് ഇപ്പോൾ ഇതിന്റെ വക്താക്കളായി രംഗത്ത് വന്നിട്ടുള്ളത്. ഇതെങ്കിലും ഇപ്പോൾ നടപ്പാക്കാൻ നിങ്ങൾ തയ്യാറാകുമോ? അതുസംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴുണ്ടാക്കിയ തീരുമാനം യഥാർത്ഥത്തിൽ പിന്നോക്ക സമുദായത്തിന് അനുകൂലമായതല്ല. പിന്നോക്ക സമുദായത്തിന് നഷ്ടപ്പെട്ട ആനുകൂല്യങ്ങൾ കിട്ടുന്നത് സംബന്ധിച്ച് ഒരു അഭിപ്രായ സമന്വയം ഉണ്ടാക്കണമെന്നാണ് ഇത്രയും കാലം ഇവർ പറഞ്ഞുകൊണ്ടിരുന്നത്. അങ്ങനെയാണെങ്കിൽ ഇവർ ഈ തീരുമാനം പ്രഖ്യാപിക്കുന്ന സന്ദർഭത്തിൽ പ്രതിക്ഷവുമായി ചർച്ച ചെയ്യേണ്ടേ? പ്രതിപക്ഷവുമായി ചർച്ച ചെയ്യാൻ തയ്യാറായിട്ടില്ല. ഇക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെ അഭിപ്രായമെന്താണെന്ന് കേൾക്കാൻപോലും ഇവർ സന്നദ്ധരായില്ല. ഈ കമ്മീഷനെ നിയമിച്ചത് 1952-ലെ Commission of Enquiries Act അനുസരിച്ചാണ്. ആ ആക്ട് പ്രകാരം നിയമിച്ച ഒരു കമ്മീഷനാകുമ്പോൾ അതുസംബന്ധിച്ച് ഒരു നിലപാട് ഗവൺമെന്റാണ് എടുക്കേണ്ടത്. ഞങ്ങൾക്ക് കേരളത്തിലെ ജനങ്ങൾ ഗവൺമെന്റ് രൂപീകരിക്കാൻ അവസരം തന്നാൽ ഞങ്ങൾ ഈ പ്രശ്നത്തെക്കുറിച്ച് അന്നൊരു തീരുമാനമെടുക്കുമെന്ന കാര്യം അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കാൻ ഞാൻ തയ്യാറാകുന്നു.

മറ്റൊരു കാര്യം കൂടി ഇവിടെ ചൂണ്ടിക്കാണിക്കാൻ അങ്ങ് എന്നെ അനുവദിക്കണം. .... (ബഹളം) .... അപ്പുറത്തുനിന്ന് സംസാരിച്ച ബഹുമാന്യനായ മെമ്പർമാർ, ശ്രീ. കടവൂർ ശിവദാസൻ മുതൽ ശ്രീ. പി. ടി. തോമസ് വരെയുള്ള അംഗങ്ങൾ ഗവർണ്ണർ പ്രസംഗിച്ച കാര്യത്തെക്കുറിച്ചല്ല. മറിച്ച് സി.പി.ഐ.(എം) നടത്തിയിട്ടുള്ള ജാഥയെപ്പറ്റിയാണ് ഇവിടെ പറഞ്ഞത്. ഇവിടെ ഏറ്റവും കൂടുതൽ പരാമർശ വിഷയമായ ഒരു പേര് ശ്രീ. പിണറായി .വിജയൻ എന്നുള്ളതാണ്. ഗവർണ്ണർ ഭാട്യയുടെ പേര് ഞാൻ മാത്രമേ പറഞ്ഞിട്ടുള്ളു. ശ്രീ. പിണറായി വിജയൻ എന്ന പേര് പ്രസംഗിക്കാത്ത ഒറ്റ ആളുപോലും ഇവിടെയില്ല. അതിൽനിന്ന് വ്യക്തമാകുന്നത് എന്താണ്? കേരളത്തിൽ സി.പി.ഐ.(എം) നടത്തിയിട്ടുള്ള കേരള മാർച്ച് കേരളത്തിലെ ജനങ്ങളെ ഇളക്കിമറിച്ചിരിക്കുകയാണ്. കേരളത്തിലെ അധ്വാനിക്കുന്ന ജനവിഭാഗങ്ങൾ, അവശ ജനവിഭാഗങ്ങൾ, പട്ടിണി കിടക്കുന്നവർ, പരമ്പരാഗത തൊഴിലാളികൾ, വിദ്യാർത്ഥികൾ, യുവാക്കൾ, പാവങ്ങൾ ഇവർ ഒന്നിച്ചു ചേർന്നുകൊണ്ട് സി.പി.ഐ.(എം)-ന്റെ പിന്നിൽ, ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ പിന്നിൽ ആവേശപൂർവം മുന്നേറുന്നത് കാണുമ്പോൾ അതിനെ അപഹസിക്കാൻ വേണ്ടി പറഞ്ഞതെന്താണെന്ന് അറിയാമോ? ശ്രീ. പിണറായി വിജയന്റെ കൂടെ ആരൊക്കെയോ പോയി രാവിലെ ഭക്ഷണം കഴിച്ചു എന്നും കയ്യിൽ സ്വർണ്ണമോതിരവും കാതിൽ കടുക്കനുമിട്ട ആളുകളാണ് പോയത് എന്നുമാണ്. വന്ന ആളുകളുടെ പേര് ഞാൻ വായിക്കാം. എല്ലാം വായിക്കുന്നില്ല. ശ്രീ. എം. പി. വീരേന്ദ്രകുമാർ, എവിടെയാണ് കാതിൽ കടുക്കൻ? ശ്രീ. പി. വി. ചന്ദ്രൻ, മാതൃഭൂമി കടുക്കനുണ്ടോ? ജസ്റ്റിസ് നരേന്ദ്രൻ. ജസ്റ്റിസ് ശ്രീദേവി, അഡ്വക്കേറ്റ് ജനാർദ്ദനക്കുറുപ്പ് .... (ബഹളം) .... എവിടെയാണ് കാതിൽ കടുക്കൻ? .... (ബഹളം) .... കൂടുതൽ പറയുന്നില്ല. സ്വാമി സൂക്ഷ്മാനന്ദ, കടുക്കനുണ്ടോ? സ്വാമി പ്രാണപാദതീർത്ഥ, കടുക്കനുണ്ടോ? സിസ്റ്റർ ഡെയ്സി മേരി, എവിടെയാണ് സ്വർണ്ണമോതിരം? മദർ സുപ്പീരിയർ പവനാമണി, സ്വർണ്ണമോതിരമുണ്ടോ? ശ്രീ. ഒ. എൻ. വി. കുറുപ്പ്, ഡോ. സുകുമാർ അഴീക്കോട്, കോൺഗ്രസിൽ നിന്ന് രാജിവച്ച എത്രയോ ആളുകൾ, ലീഗിൽ നിന്ന് രാജിവച്ച എത്രയോ ആളുകൾ ഇവരെല്ലാം ഇതുമായി സഹകരിക്കാൻ വേണ്ടി രംഗത്ത് വന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അല്ലെങ്കിലും ബ്രേക്ക്ഫാസ്റ്റിൽ എന്തിരിക്കുന്നു?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മുമ്പത്തെ ചീഫ് സെക്രട്ടറിമാർ .... (ബഹളം) .... ഇവിടെ കേരളത്തിൽ നടത്തിയിട്ടുള്ള ഒരു ബ്രേക്ക് ഫാസ്റ്റ് ഡിസ്കഷൻ എന്നു പറയുന്നതിനെ സംബന്ധിച്ച് അവരാണ് ഏറ്റവും കൂടുതൽ വിഷമിച്ചിരിക്കുന്നത്. ശ്രീ. കടവൂർ ശിവദാസന് കുറച്ച് വിഷമമുണ്ടാകും. ഞങ്ങളുടെ പാർട്ടി തൊഴിലാളിവർഗത്തിന്റെ പ്രസ്ഥാനമാണ്. ഈ രാജ്യത്തെ പാവപ്പെട്ടവരുടെ പ്രസ്ഥാനമാണ്. ഞങ്ങൾ ഈ കേരളത്തെ മാറ്റിയെടുക്കുന്നതിനുവേണ്ടി ശ്രമിക്കുന്ന ശക്തിയാണ്. ഞങ്ങൾ അടിസ്ഥാന നയങ്ങളിൽനിന്നുകൊണ്ട് പ്രവർത്തിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനമാണ്. ഇവിടെ ഞങ്ങളുടെ നയത്തെ സംബന്ധിച്ച് അപ്പുറത്ത് ചോദിക്കുന്നുണ്ട്.

ഞാൻ ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. എ.ഡി.ബി.യുടെ കാര്യത്തിൽ ഞങ്ങൾ പ്രതിപക്ഷത്തിരിക്കുന്ന കാലത്തും ഭരണപക്ഷത്ത് ഇരിക്കുന്ന കാലത്തും ഒരേ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഇടതുപക്ഷം ഭരിക്കുന്ന കാലത്താണ് എ.ഡി.ബി.യുമായി ലോൺ എടുക്കുന്നതിനുള്ള ചർച്ച നടത്തിയത്. ....(ബഹളം)...... ഞങ്ങളുടെ കാലത്താണ് ചർച്ച നടത്തിയത്. അവർ അന്ന് നിർദ്ദേശിച്ച നിബന്ധനകൾ ഞങ്ങൾക്ക് അന്ന് സ്വീകാര്യമായിരുന്നില്ല. അതുകൊണ്ടുതന്നെ അവരുമായി അന്ന് കരാർ ഉണ്ടായില്ല. അവർ വച്ച നിബന്ധനകളെല്ലാം യു.ഡി.എഫ്. അംഗീകരിച്ചു കൊടുത്തു. നിങ്ങൾ കരാറുണ്ടാക്കി. ഇപ്പോൾ ഞങ്ങളുടെ നിലപാട് വ്യവസ്ഥകൾ നോക്കി തീരുമാനിക്കണം എന്നുള്ളതാണ്. ഞങ്ങളുടെ നിലപാട് മാറിയിട്ടില്ല. ഞങ്ങളുടെ പാർട്ടിക്ക് ദേശീയതലത്തിൽ ഇക്കാര്യത്തിൽ ഒരു നയമുണ്ട്. ആ നയം ഞാൻ പറയാം. എൽ.ഡി.എഫ്. ഗവൺമെന്റുകൾക്ക് വികസന പദ്ധതികൾക്കായി വിദേശ സഹായം സ്വീകരിക്കാം. പാർട്ടി അംഗീകരിച്ച പ്രമേയമാണ്. പക്ഷേ അത് നമ്മുടെ അടിസ്ഥാന താൽപ്പര്യങ്ങൾക്കും നയങ്ങൾക്കും വിരുദ്ധമായി യാതൊരു നിബന്ധനയും ഉന്നയിക്കുകയില്ലെന്ന് ഉറപ്പുവരുത്തുന്നത് ഏറ്റവും പ്രധാനപ്പെട്ടതാണ്. ഘടനാപരമായ മാറ്റങ്ങൾക്കുള്ള പദ്ധതികൾ ഉൾക്കൊള്ളുന്ന വായ്പകളൊന്നും ഒരുവിധത്തിലും വാങ്ങാൻ പാടില്ല. അത്തരം പദ്ധതികൾ ചില മേഖലകളുടെ സ്വകാര്യവൽക്കരണത്തിനും ജീവനക്കാരെ വെട്ടിക്കുറയ്ക്കുന്നതിലേയ്ക്കും സബ്സിഡി വെട്ടിക്കുറയ്ക്കുന്നതിലേയ്ക്കുള്ള ധനപരമായ നിബന്ധനകളായി മാറും. അങ്ങനെയുള്ള നിബന്ധനകൾ നോക്കി തീരുമാനമെടുക്കണമെന്നാണ് ഞങ്ങളുടെ പാർട്ടി തീരുമാനിച്ചിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിലാണ് വെസ്റ്റ് ബംഗാളിൽ എ.ഡി.ബി. ലോൺ വാങ്ങിയത്. അതിന്റെ അടിസ്ഥാനത്തിലാണ് ത്രിപുരയിൽ എ.ഡി.ബി. ലോൺ ഇപ്പോൾ വാങ്ങുന്നത്. ഇപ്പോൾ കോർപ്പറേഷനുകളോട് ഇതുസംബന്ധിച്ച് ചർച്ച ചെയ്തുകൊണ്ട് സംസ്ഥാന ഗവൺമെന്റാണ് കോർപ്പറേഷനുകളോട് പറഞ്ഞത് നിബന്ധനകളിൽ ഇന്നയിന്ന മാറ്റങ്ങൾ വരുത്തിയിരിക്കുന്നു എന്ന്. അതിന്റെ അടിസ്ഥാനത്തിൽ നിബന്ധനകൾ പരിശോധിച്ചുകൊണ്ട് തീരുമാനമെടുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കോർപ്പറേഷനുകൾക്ക് ഞങ്ങൾ അധികാരം കൊടുത്തു. ഈ കോർപ്പറേഷൻ മേയർമാരെ വിളിച്ച് ബന്ധപ്പെട്ട മന്ത്രിയാണ് ഇന്നയിന്ന മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് എന്ന് പറഞ്ഞത്. .... (ബഹളം) .... ബന്ധപ്പെട്ട മന്ത്രി കോർപ്പറേഷൻ മേയറുമായി നടത്തിയ ചർച്ചയിൽ വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിലാണ് അത്തരത്തിൽ നിബന്ധനകൾക്ക് മാറ്റം വരുത്തിക്കൊണ്ട് അംഗീകരിക്കാനുള്ള അനുമതി ഞങ്ങൾ കോർപ്പറേഷനുകൾക്ക് നൽകിയിട്ടുള്ളത്. ഞങ്ങൾക്ക് ഇക്കാര്യത്തിൽ അടിസ്ഥാനപരമായ ഒരു നയമുണ്ട്. കസേര മാറുമ്പോൾ അഭിപ്രായം മാറുന്നവരല്ല ഞങ്ങൾ. എക്സ്പ്രസ്സ് ഹൈവേയെക്കുറിച്ച് ഞങ്ങൾക്ക് അന്നും ഇന്നും ഒരേ അഭിപ്രായമാണ്. ഇത്തരം കാര്യങ്ങളിൽ സി.പി.ഐ.-യും സി.പി.ഐ.(എം)-ഉം തമ്മിൽ എന്തോ യുദ്ധം നടക്കാൻ പോകുന്നതായി. എന്തോ പ്രശ്നമുള്ളതായി, വരുത്താൻ ശ്രമിച്ചു. ആ മുട്ടനാടിന്റെ പിന്നാലെ നിങ്ങൾ നടക്കേണ്ട. ഇതൊന്നും ഇവിടെ വേവാൻ പോകുന്നില്ല. ഇടതുപക്ഷ പ്രസ്ഥാനം എന്നുള്ള നിലയിൽ, രണ്ട് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം എന്നുള്ള നിലയിൽ ഞങ്ങൾ ഏറ്റവും സഹകരിച്ച് പ്രവർത്തിക്കുന്നവരാണ്. സി.പി.ഐ.-യും സി.പി.ഐ.(എം)-ഉം തമ്മിലാണ് ഏറ്റവും അടുത്ത് ബന്ധപ്പെട്ട് പ്രവർത്തിക്കുന്നത്. ഇന്ത്യയിൽ ഇടതുപക്ഷ പ്രസ്ഥാനം വളർത്താനും ഈ രാജ്യത്തെ അഭിവൃദ്ധിപ്പെടുത്താനും വേണ്ടി പ്രവർത്തിക്കുന്ന പ്രസ്ഥാനമാണത്. തൊഴിലാളിവർഗത്തിന്റെ പ്രസ്ഥാനമാണ്. ഞങ്ങൾ ഇക്കാര്യത്തിൽ ഒന്നിച്ച് പ്രവർത്തിക്കും. ഈ കേരളം ഞങ്ങൾ മാറ്റും. ഐശ്വര്യപൂർണ്ണമായ ഒരു പുതിയ കേരളം ഞങ്ങൾ ഇവിടെ ഉണ്ടാക്കും. അഞ്ച് വർഷക്കാലമായി കേരളത്തെ മരിച്ചുമുടിക്കുന്ന ഈ ഭരണക്കാരിൽ നിന്നും ഈ കേരളത്തെ മോചിപ്പിക്കും. നാലേമുക്കാൽ വർഷക്കാലമായി ഈ ഗവൺമെന്റിന്റെ ജനദ്രോഹനയങ്ങൾക്കെതിരായി ഞങ്ങൾ പോരാടിക്കൊണ്ടിരിക്കുകയായിരുന്നു. പക്ഷേ ഇവർ നയം മാറ്റാൻ കൂട്ടാക്കിയില്ല. കേരളത്തിലെ ജനങ്ങൾ അന്തിമമായ പോരാട്ടത്തിനുവേണ്ടി തയ്യാറെടുക്കാൻ പോകുകയാണ്. ഈ പോരാട്ടം, നയം മാറ്റത്ത ഈ ഗവൺമെന്റിനെ മാറ്റാൻ വേണ്ടിയുള്ള പോരാട്ടത്തിനാണ് ഞങ്ങൾ ഇറങ്ങിത്തിരിക്കാൻ പോകുന്നത്. ആ യാഗാശ്വത്തെ തടുത്തുനിർത്താൻ സാധിക്കുന്ന ഒരാളും ഈ കേരളത്തിൽ ഇല്ല എന്ന് യു.ഡി.എഫ്.-കാരെ ഞാൻ ഓർമ്മിപ്പിക്കുകയാണ്. അവർ പറഞ്ഞു കോൺഗ്രസ് ഇപ്പോൾ ശ്രീ. ചെന്നിത്തല വന്നതോടുകൂടി ഉഷാറായി എന്ന്. ശ്രീ. രമേശ് ചെന്നിത്തലയെ കെ.പി.സി.സി. പ്രസിഡന്റ് ആക്കിയപ്പോൾ ഗ്രഹണി പിടിച്ച കുട്ടിക്ക് ജിലേബി കൊടുത്തതുപോലെയായി. എന്താണ് ചെയ്യേണ്ടത് എന്ന് അറിയാതെ തിരിഞ്ഞു കളിക്കുന്ന 'കെ.പി.സി.സി. പ്രസിഡന്റ്'. അദ്ദേഹം എന്റെ അടുത്ത സുഹൃത്തുകൂടിയാണ്. പുതിയ കെ.പി.സി.സി. പ്രസിഡന്റ് വന്നാൽ രക്ഷപ്പെടുമെന്ന് കരുതിയിരുന്നു. എന്നാൽ വന്നപ്പോൾ എല്ലാ തെരഞ്ഞെടുപ്പിലും കൂട്ടതോൽവിയായി. ഇതുകൊണ്ടൊന്നും നിങ്ങൾ രക്ഷപ്പെടാൻ പോകുന്നില്ല. നിങ്ങൾ സ്വീകരിക്കുന്ന നയമാണ് നിങ്ങളെ ജനങ്ങൾക്കിടയിൽ ഒറ്റപ്പെടുത്തിയത്. ശ്രീ. ആന്റണിയെ മാറ്റിയാൽ രക്ഷപ്പെടുമെന്ന് പറഞ്ഞു. ശ്രീ. ആന്റണിയെ മാറ്റി. ശ്രീ. ഉമ്മൻ ചാണ്ടി വന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തെന്നല ബാലകൃഷ്ണപിള്ളയെ മാറ്റി ശ്രീ. രമേശ് ചെന്നിത്തലയെ കൊണ്ടുവന്നു. രക്ഷപ്പെട്ടോ? ശ്രീ. തെന്നല കെ.പി.സി.സി. പ്രസിഡന്റ് ആയിരുന്ന കാലത്താണ് നിങ്ങൾക്ക് 100 സീറ്റ് കിട്ടിയത്. ശ്രീ. ചെന്നിത്തല വന്നപ്പോഴാണ് തെരഞ്ഞെടുപ്പുകളിൽ തോൽവിയോടുതോൽവി. ഇവിടെ വ്യക്തിയല്ല പ്രശ്നം. ഇവിടെ നയമാണ് പ്രശ്നം. യു.ഡി.എഫ്. സ്വീകരിച്ച നയം ജനങ്ങൾ ഒറ്റപ്പെടുത്തിയിരിക്കുന്നു. ഈ നയവുമായി നിങ്ങൾ മുന്നോട്ടുപോകാൻ ഇനി കേരളത്തിലെ ജനങ്ങൾ അനുവദിക്കുകയില്ല. അതുകൊണ്ട് ഇവിടെ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. കടവൂർ ശിവദാസൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുകയാണ്.

IX മേശപ്പുറത്തുവച്ച കടലാസ്സുകൾ

മി. സ്പീക്കർ: ഔട്ട് ഓഫ് അജണ്ടയായി 2005-ലെ എക്കണോമിക് റിവ്യൂ മേശപ്പുറത്ത് വയ്ക്കാൻ അനുവദിക്കുകയാണ്. കാരണം ബഡ്ജറ്റിനുമുമ്പ് അത് വയ്ക്കേണ്ടതാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, 2005 വർഷത്തെ എക്കണോമിക് റിവ്യൂ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. ടി. എം. ജേക്കബ്: സർ, ഒരു കാര്യം അങ്ങയുടെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ഉദ്ദേശിക്കുന്നു.

മി. സ്പീക്കർ: അങ്ങനെ ഒരു പതിവില്ല. നാട്ടിൽ നടക്കുന്ന കാര്യം സബ്മിഷനായി അവതരിപ്പിക്കാം. അല്ലാതെ ആ ദിവസംതന്നെ .... അത് ശരിയല്ല.

ശ്രീ. ടി. എം. ജേക്കബ്: അല്ല. ഇവിടെ സഭയിൽ അങ്ങനെയൊരു കീഴ്വഴക്കം ഉണ്ടായിട്ടുണ്ട്. ഞാൻ സഭയുടെ കീഴ്വഴക്കം ലംഘിക്കണമെന്ന് ആഗ്രഹിക്കുന്നില്ല. അങ്ങയെ ധിക്കരിക്കണമെന്നും ആഗ്രഹിക്കുന്നില്ല. കേരള നിയമസഭയുടെ മുമ്പിൽ യൂത്ത് കോൺഗ്രസ്സ് [ഡെമോക്രാറ്റിക് ഇന്ദിരാ കോൺഗ്രസ് (കെ)] പ്രവർത്തകർക്കുനേരെ നടന്ന ക്രൂരമായ പോലീസ് ലാത്തിചാർജ്ജിനെക്കുറിച്ച് പറയാനാണ്.

മി. സ്പീക്കർ: പുറത്തുനടക്കുന്ന കുഴപ്പങ്ങൾ അപ്പോഴപ്പോഴുള്ള തൽസമയ സംപ്രേഷണംപോലെ അവതരിപ്പിക്കുകയെന്നുള്ളത് ബുദ്ധിമുട്ടാണ്.

ശ്രീ. ടി. എം. ജേക്കബ്: ഇതുപോലുള്ള കാര്യങ്ങൾ സഭയിൽ വന്നിട്ടുണ്ട്......................(ബഹളം)........................

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: പ്ലീസ്.......................................അങ്ങയെപ്പോലെയുള്ള ആളുകൾക്ക് ഇതൊക്കെ അറിയാമല്ലോ..................................(ബഹളം)................................

ശ്രീ. ടി. എം. ജേക്കബ്: സർ, ഇതിനെക്കുറിച്ച് ഒരു വാചകം മാത്രം പറയണമെന്നുള്ള കാര്യം ധനകാര്യ വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഞാൻ പ്രസംഗിക്കാൻ ആഗ്രഹിക്കുന്നില്ല. ....(ബഹളം).......................ആ വിഷയം ഒന്നു സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുക മാത്രമേ ചെയ്യുകയുള്ളൂ.

മി.സ്പീക്കർ: It is not a question of time. ഇത് സമയത്തിന്റെ പ്രശ്നമല്ല. നാട്ടിൽ നടക്കുന്ന ഓരോ സംഭവങ്ങളും ബഹുമാനപ്പെട്ട 130 അംഗങ്ങളും പറയാൻ തുടങ്ങിയാൽ ഇവിടുത്തെ ആ ഒരു നയം...................Please take your seat.

ശ്രീ. ടി. എം. ജേക്കബ്: സർ, ഇവിടെ പല സംഭവങ്ങളുണ്ടായിട്ടുണ്ട്. ഒന്നു പെർമിറ്റ് ചെയ്യണമെന്നു പറഞ്ഞ് ഞാൻ അങ്ങയ്ക്ക് എഴുതി തന്നിരുന്നു. ഞാൻ ഈ വിഷയം ഉന്നയിക്കാനേ ആഗ്രഹിക്കുന്നുള്ളൂ; പ്രസംഗിക്കാനാഗ്രഹിക്കുന്നില്ല.

മി. സ്പീക്കർ: മിനിസ്റ്റേഴ്സ് റിപ്ലൈ......................(ബഹളം)...................................

ശ്രീ. ടി. എം. ജേക്കബ്: സർ, ഇവിടെ യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരെ ഭീകരമായി മർദ്ദിച്ചു. ഇബ്രാഹിംകുട്ടി അടക്കമുള്ള നിരവധിയാളുകൾ പരിക്ക് പറ്റി ആശുപത്രിയിലാണ്. ....(ബഹളം)........................ഇത് ഉന്നയിക്കാൻ അനുവദിക്കണം.

മി. സ്പീക്കർ: പ്ലീസ്..........(ബഹളം).........ഒരാൾ എന്തെങ്കിലും കാര്യം സഭയിൽ ഉന്നയിച്ചാൽ മാത്രം പോരാ, ബന്ധപ്പെട്ട മന്ത്രി അതിനെക്കുറിച്ച് അന്വേഷിച്ച് അതിന് റിയാക്ട് ചെയ്യണം...............(ബഹളം)................അദ്ദേഹം throughout ഇവിടെ ഇരിക്കുകയാണ്. രണ്ടു കൂട്ടർക്കും സമ്മതമാണെങ്കിൽ വിരോധമില്ല. പക്ഷെ ഒന്നുപറഞ്ഞിട്ട് പോകുന്നതിന് I will not be a party. നടപടി ക്രമമനുസരിച്ച് അത് നല്ലതാണെന്ന് എനിക്കഭിപ്രായമില്ല. കാരണം പുറത്തു നടക്കുന്ന എല്ലാ സംഭവങ്ങളെക്കുറിച്ചും തൽസമയം പോയിന്റ് ഔട്ട് ചെയ്യാൻ പോകുന്നത് ശരിയല്ല. I don't sand up on the technicalities. പക്ഷെ ബന്ധപ്പെട്ട മന്ത്രിക്ക് മറുപടി പറയാനുള്ള informations gather ചെയ്തോ എന്നറിയാതെ എനിക്ക് ഏകപക്ഷീയമായി ഇത് അനുവദിക്കാൻ സാധിക്കുകയില്ല. ....(ബഹളം).......................

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ): സർ, എനിക്കു മറുപടി പറയണം.

മി. സ്പീക്കർ: ....(ബഹളം)................ അതെല്ലാം ശരിയാണ്. അങ്ങനെ മന്ത്രി മറുപടി പറയാതെ കുറെ കാര്യം പറഞ്ഞിട്ട് രേഖയിൽ വച്ചുപോകാൻ സാധ്യമല്ല......................(ബഹളം).......................അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി, അതിനെപ്പറ്റിയുള്ള informations gather ചെയ്ത് അദ്ദേഹം മറുപടി പറയാൻ പ്രിപ്പയേർഡ് അല്ലെങ്കിൽ എനിക്കിത് അനുവദിക്കാൻ ബുദ്ധിമുട്ടാണ്. അങ്ങനെ ഞാൻ ചെയ്യുന്നത് ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

Please co-opearte.

[ഡെമോക്രാറ്റിക് ഇന്ദിരാ കോൺഗ്രസ് (കെ) പ്രവർത്തകർക്കുനേരെ നടന്നതായി പറയപ്പെടുന്ന ക്രൂരമായ പോലീസ് മർദ്ദനത്തെക്കുറിച്ച് ശ്രീ. ടി. എം. ജേക്കബിന് സഭയിൽ ഉന്നയിക്കാൻ അവസരം നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം മുഴക്കിക്കൊണ്ട് സഭ ബഹിഷ്കരിച്ച് പുറത്തുപോയി.]

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ): സർ, ...(ബഹളം).................. കഴിഞ്ഞ കുറേ ദിവസമായി ചില ആളുകൾ സൃഷ്ടിക്കുന്ന പുകമറയുടെ സത്യാവസ്ഥ തുറന്നുകാണിക്കാനവസരം നൽകിയതിൽ ബഹുമാനപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണനോട് എനിക്ക് പ്രത്യേകം നന്ദിയുണ്ട്.................... (ബഹളം)..................ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ഒന്നു മറുപടി കേട്ടിട്ട് പോകൂ.......................(ബഹളം)................അങ്ങ് ഉന്നയിച്ച ആരോപണത്തിനു മറുപടി കേൾക്കണ്ടേ......................ഇങ്ങനെ ഇറങ്ങി പോകാമോ......................മറുപടി കേൾക്കാൻ അവർക്ക് സാധിക്കില്ല; അതുകൊണ്ടാണ് ഇറങ്ങിപോകുന്നത് .... (ബഹളം)................

മി. സ്പീക്കർ: പ്ലീസ്.....................(ബഹളം) ചെയറിന്റെ നിലപാട് വളരെ ക്ലിയറാണ്. ഒരു കാര്യവും എനിക്ക് മറച്ചുവയ്ക്കാനാഗ്രഹമില്ല. പറയാനുള്ള അവസരം തരാം. ഞാൻ ലിബറലാണ്. പക്ഷേ അതേസമയത്ത് ഒരു കാര്യത്തെപ്പറ്റി മെമ്പർ ഉന്നയിക്കുമ്പോൾ മറുപടി പറയേണ്ട ബഹുമാനപ്പെട്ട മന്ത്രിക്ക് informations gather ചെയ്ത് ....(ബഹളം)............അദ്ദേഹം സന്നദ്ധനാണെന്ന് പറയാതെ ഏക പരീക്ഷയായി, ഔദ്യോഗികമായി ഇതനുവദിക്കാൻ പറ്റില്ലന്നേ ഞാൻ പറഞ്ഞുള്ളു. I cannot compel. അതൊന്നും ശരിയല്ല..........................(ബഹളം)......................

മി. സ്പീക്കർ: പറയാനുള്ളതെല്ലാം പറയാൻ അവസരം കൊടുത്തിട്ടും മറുപടി കേൾക്കാൻ നിൽക്കാതെ സഭവിട്ട് പോകുന്നതൊന്നും നല്ല കീഴ്വഴക്കമല്ല.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഡി. ഐ. സി.-യുടെ കാര്യത്തിൽ സി. പി. ഐ.-ക്ക് എതിർപ്പുണ്ട്. അപ്പോൾ ഡി. ഐ. സി.-യെ സഹായിക്കാൻ വേണ്ടി സി. പി. ഐ. (എം) ഉപയോഗിച്ച ഒരു സ്ട്രാറ്റജിയാണിത്. അവരെ സഹായിക്കുന്നു എന്നു വരുത്താൻ വേറെ യാതൊന്നുമില്ല.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ): സർ, കെ. എസ്. ആർ. ടി. സി.-യെ സംബന്ധിക്കുന്ന ചില കാര്യങ്ങൾ നിയമസഭയിൽ പറയാൻ എനിക്ക് അവസരമുണ്ടാക്കി തന്നതിന് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണനോട് എനിക്ക് പ്രത്യേകം നന്ദിയുണ്ട്. എനിക്കെതിരെ പ്രധാനമായും ഇവിടെ ഉന്നയിച്ചിരിക്കുന്ന ഒരു കാര്യം നമ്പർ സപ്ലൈ ചെയ്ത ആളിന് ഞാൻ 5 ലക്ഷം രൂപ കൊടുത്തു എന്നുള്ളതാണ്. ഒരു മാസം കെ. എസ്. ആർ. ടി. സി.-യിൽ കോടിക്കണക്കിന് രൂപ ഈ ഇനത്തിൽ ആളുകൾക്ക് കൊടുത്തിരിക്കുകയാണ്. കഴിഞ്ഞ 15 മാസത്തിനകത്ത് ആ ഒരു

LIBRARY ARCHIVES Kerala Legislative Assembly

കേസല്ലാതെ മറ്റൊരു കേസിലും ഞാൻ ഇടപെട്ടിട്ടില്ല. കെ. എസ്. ആർ ടി. സി-ക്ക് റബ്ബർ സപ്ലൈ ചെയ്ത ഇനത്തിൽ 22 ലക്ഷം രൂപ ആനിക്കൽ റബ്ബേഴ്സിന് കൊടുക്കാനുണ്ടായിരുന്നു. എന്നോട് വന്നു ചോദിച്ചു. ഞാൻ അവർക്ക് അത് കൊടുത്തില്ല. അവർ കോടതിയിൽ പോയി. 24/10-ന് ഇൻഡസ്ട്രീസ് ഫെസിലിറ്റേഷൻ കമ്മിറ്റിയിൽ പോയി അവർക്ക് ആ തുക കൊടുക്കണമെന്നുപറഞ്ഞ് വിധി കൊണ്ടുവന്നു. ആ വിധി വന്നതിനുശേഷം ഞാൻ കെ. എസ്. ആർ. ടി. സി.-യുടെ സ്റ്റാൻഡിംഗ് കൗൺസിലിനോട് അഭിപ്രായം ചോദിച്ചു. അപ്പോൾ ഇത് കൊടുക്കേണ്ടതാണ്. കൊടുത്തില്ലെങ്കിൽ പലിശ സഹിതം കൊടുക്കേണ്ടിവരും അതുകൊണ്ട് കൊടുക്കണമെന്ന് നിയമോപദേശം കിട്ടി. എന്നിട്ടും ഞാനത് കൊടുക്കാതെ വച്ചിരുന്നു. അങ്ങനെ പലപ്രാശ്യം വന്ന ആനിക്കൽ റബ്ബേഴ്സ് ഉടമ വീണ്ടും ഒരു ദിവസം എന്റെ വീട്ടിൽ വന്നു. എന്നിട്ട് എന്നോട് കെ. എസ്. ആർ. ടി. സി.-ക്ക് റബ്ബർ സപ്ലൈ ചെയ്യുന്നതിനായി കടമെടുത്തതിന്റെ പേരിൽ അവരുടെ വീട് ജപ്തി ചെയ്യാൻ പോകുന്നുവെന്ന് പറഞ്ഞ് റവന്യൂ റിക്കവറി നോട്ടീസ് കാണിച്ചു. നോട്ടീസ് കാണിച്ചിട്ട്, മറ്റന്നാൾ എന്റെ വീട് ജപ്തി ചെയ്യും. ഭാര്യയും ഞാനും എന്റെ മക്കളുംകൂടി റോഡിൽ ഇറങ്ങേണ്ടി വന്നാൽ ആ നിമിഷം കൂട്ട ആത്മഹത്യ ചെയ്യുമെന്ന് പറഞ്ഞ് അദ്ദേഹം എന്റെ മുമ്പിൽ കുഴഞ്ഞുവീണു. ആ കുഴഞ്ഞു വീണ ആളിനെ ഒറ്റയ്ക്ക് പിടിച്ചുയർത്താൻ ഞാൻ ശ്രമിച്ചിട്ട് കഴിയാതെ വന്നപ്പോൾ എന്റെ ഗൺമാനും കൂടി വന്ന് ഞങ്ങൾ രണ്ടുപേരും കൂടിയാണ് പിടിച്ചുയർത്തിയത്. ആ ആളിനെ പിടിച്ചുയർത്തിയപ്പോൾ എന്റെ കാലിൽ നിറയെ അയാളുടെ കണ്ണുനീരുണ്ടായിരുന്നു. 22 ലക്ഷം രൂപ കെ. എസ്. ആർ. ടി. സി. കൊടുക്കാനുണ്ടായിരുന്ന ആൾ സ്വന്തം വീട് ജപ്തി ചെയ്യുന്നു എന്നു പറഞ്ഞു. അത് കൊടുക്കേണ്ടതാണെന്നു പറഞ്ഞ് ഉത്തരവും വന്നു. നിയമോപദേശവും കിട്ടിയതിനുശേഷം ഞാൻ ആ നോട്ടീസ് എടുത്തു പരിശോധിച്ചപ്പോൾ 4.99,000 രൂപയുടെ റവന്യൂ റിക്കവറിക്ക് സ്വന്തം വീട് ജപ്തി ചെയ്യുന്നതിന് വന്നിരിക്കുന്ന നോട്ടീസാണിതെന്ന് മനസ്സിലായി. എന്നിട്ടാണ് ഞാൻ പേപ്പർ വാങ്ങി അതിൽ ഓർഡറിട്ടത്. അയാൾക്ക് കൊടുക്കാനുള്ളതിൽ ഇത്രയും തുക അടയ്ക്കുന്നതിന് എത്ര ശതമാനം കൊടുക്കേണ്ടി വരുമെന്ന് കാൽക്കുലേറ്റ് ചെയ്തിട്ട് 5 ലക്ഷം രൂപ മൊത്തം കൊടുക്കാനുള്ളതിന്റെ 25% കൊടുക്കാനായി ഞാൻ ഓർഡറിട്ടു. എന്നിട്ട് അതിനുശേഷം ഇതേ വ്യക്തി കെ. എസ്. ആർ. ടി. സി.-ക്കെതിരെ ഹൈക്കോടതിയിൽ പോയി. ഹൈക്കോടതി അയാൾക്ക് അനുകൂലമായി വിധിച്ചു. ബാക്കിയുള്ള 75% തുക കൊടുക്കാൻ പറഞ്ഞു. കെ. എസ്. ആർ. ടി. സി. കൊടുക്കാത്തതുകൊണ്ട് കെ. എസ്. ആർ. ടി. സി.-യുടെ ബാങ്കിൽ നിന്ന് അത്രയും ജപ്തിചെയ്ത് ബാക്കി തുക അയാൾക്ക് ഹൈക്കോടതി കൊടുത്തു കഴിഞ്ഞു. ഇതിൽ എന്താണ് തെറ്റെന്ന് എനിക്ക് മനസ്സിലാകുന്നില്ല. കോടിക്കണക്കിന് രൂപ ഒരുമാസം കൊടുത്തുകൊണ്ടിരിക്കുമ്പോൾ കൊടുക്കാനുള്ള തുക, സ്വന്തം വീട് ജപ്തി ചെയ്യുന്നു എന്നു പറഞ്ഞ് കരഞ്ഞുകൊണ്ട് എന്റെ മുമ്പിൽ വന്ന ഒരാളിനെ രക്ഷപ്പെടുത്താനാണ് ശ്രമിച്ചത്. ഇത് അയാളുടെ റവന്യൂ റിക്കവറിയുടെ നോട്ടീസാണ്. അയാൾ അടച്ച രശീതും അടച്ച

LIBRARY ARCHIVES Kerala Legislative Assembly

രേഖകൾ മുഴുവനുമാണ് ഈ ഇരിക്കുന്നത്. (രേഖകൾ ഉയർത്തികാണിച്ചു.) രജനിയുടെ ആത്മഹത്യയ്ക്കുശേഷം വന്ന ഒരു സംഭവമാണിത്. ഒരുപക്ഷേ ഞാൻ ഈ തുക കൊടുക്കാതെ വന്ന് അതു കാരണം അയാൾ ആത്മഹത്യ ചെയ്തുവെങ്കിൽ പിറ്റേദിവസം ഇവർ പറയുന്നത് കൊടുക്കേണ്ട പൈസ ചോദിച്ചിട്ട് കൊടുക്കാതിരുന്നതിന് മന്ത്രിയുടെ പേരിൽ കൊലക്കുറ്റത്തിന് കേസ് എടുക്കണമെന്നായിരിക്കും. അതു കൊണ്ടാണ് ഈ പാവത്തിന് കൊടുക്കാനുണ്ടായിരുന്ന തുക, മുഴുവൻ കൊടുക്കാൻ നിയമോപദേശം ഉണ്ടായിരുന്ന സാഹചര്യത്തിൽ ഞാൻ 5 ലക്ഷം രൂപ കൊടുത്തത്. മറ്റൊരു ആരോപണം എനിക്കെതിരെ ഉന്നയിച്ചിരിക്കുന്നത് കണ്ടക്ടർ പോസ്റ്റിലേക്ക് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ നിന്നും ആളെ എടുത്തു എന്നാണ്. എംപ്ലോയ്മെന്റ് എക്സേചേഞ്ചിൽ നിന്നും എടുത്തതിൽ നാല് നാടാർ സമുദായത്തിന് കൊടുത്തു എന്നാണ് അവർ പറഞ്ഞത്. തിരുവനന്തപുരത്തിന്റെ ചരിത്രം അറിയില്ലേ? ഇവിടെയുള്ള ജനവിഭാഗത്തിൽ നല്ലൊരു ശതമാനം നാടാർ വിഭാഗമാണ്. തിരുവനന്തപുരം ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും 4500 പേരുടെ ലിസ്റ്റ് വന്നതിൽ നിന്നും 500 പേരെ കെ. എസ്. ആർ. ടി. സി. നിയമിച്ചു. ആ നിയമിച്ചതിൽ നാല്പേർ നാടാർ സമുദായത്തിൽ നിന്നുള്ളവരാണെന്നു പറയാൻ ഇവർക്ക് നാണമില്ലേ? ഇത് അഴിമതിയാണോ? എന്താണ് അഴിമതി? 5000 പേരെ നിയമിച്ചാൽ 4% എൽ. സി. റിസർവേഷനുണ്ട്. അങ്ങനെയാണെങ്കിൽ 20 എണ്ണം നാടാർ സമുദായത്തിന് കൊടുക്കണം. അതുപോലെ എസ്. സി./എസ്.ടി.യ്ക്ക് റിസർവേഷനുണ്ട്, ഒ. ബി. സി. ക്ക് റിസർവേഷനുണ്ട്. ഞാൻ ഒരു കാര്യം പറയട്ടെ, കെ. എസ്. ആർ. ടി. സി.-യിൽനിയമിച്ചതിൽ ഞാൻ അറിയുന്ന തരത്തിലുള്ള എന്റെ ഒരു ബന്ധവുമില്ലെന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അവരെ എംപ്ലോയ്മെന്റ് എക്ചേഞ്ചിന്റെ ലിസ്റ്റിൽ നിന്നും എടുത്തതാണ്. മറ്റൊരു കാര്യം, ഇവിടെ ലോക് ആയുക്തയിൽ കേസ് വന്നു സ്ഥലം മാറ്റത്തിൽ അഴിമതിയുണ്ടെന്ന് ഇവിടെ പറഞ്ഞു. ഞാൻ വളരെ കാര്യമായി പറയുന്നു. കെ. എസ്. ആർ. ടി. സി.-യിൽ ആർക്കുവേണമെങ്കിലും ട്രാൻസ്ഫർ കൊടുക്കാം. അതിന് ഒരു തടസ്സവുമില്ല. കാരണം കെ. എസ്. ആർ. ടി. സി.-യിലുള്ളതിൽ പകുതിക്കുതാഴെ ആളുകൾ മാത്രമേ പെർമനന്റ് ജീവനക്കാരായുള്ളു; കണ്ടക്ടറും ഡ്രൈവറും. ട്രാൻസ്ഫർ ചോദിച്ചാൽ ആർക്കുവേണമെങ്കിലും കൊടുക്കാം. ഒരു ഉദാഹരണം പറഞ്ഞാൽ 300 കണ്ടക്ടർമാർ ഒരു സ്ഥലത്തുണ്ടെങ്കിൽ അതിൽ 200 പേർ മാത്രമേ പെർമനന്റ് ഉള്ളു. ബാക്കി എംപ്ലോയ്മെന്റ് എക്സേഞ്ചുവഴി വരുന്നവരും ഡെയ്‌ലി വേജസ്സിൽ എടുത്തിട്ടുള്ളവരുമാണ്. ട്രാൻസ്ഫർ ആര് എവിടെ ചോദിച്ചാലും കൊടുക്കുന്നതിന് ഒരു തടസ്സവുമില്ല. കാരണം എല്ലായിടത്തും വേക്കൻസിയുണ്ട്. കഴിഞ്ഞ ഒന്നേകാൽ വർഷത്തിനിടക്ക് കെ. എസ്. ആർ. ടി. സി.-യിൽ ഒരു ജീവനക്കാരനും പരാതിയില്ല. ട്രാൻസ്ഫർ കിട്ടിയില്ലെന്നോ അവിഹിതമായി ട്രാൻസ്ഫർ കൊടുത്തുവെന്നോ ഒരു പരാതിയില്ല. ഈ ട്രാൻസ്ഫറിൽ ഞാൻ ഇടപെട്ടിട്ടില്ല, അതാണ് ഏറ്റവും വലിയ രസകരമായ കാര്യം. ഒരു കേസ്സിലും ഞാൻ ട്രാൻസ്ഫർ കൊടുക്കാൻ പറഞ്ഞിട്ടില്ല. എന്റെ ഓഫീസിൽ കിട്ടിയ നിവേദനം ഞാൻ അങ്ങോട്ട് കൊടുത്തിട്ടുണ്ട്. അതിൽ പറഞ്ഞിരിക്കുന്നത് ട്രാൻസ്ഫർ ആവശ്യപ്പെടുന്ന സ്ഥലം,

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥലം എന്നുമാത്രമാണ്. ട്രാൻസ്ഫർ കൊടുക്കേണ്ട സ്ഥലം എന്നുപോലും എഴുതിയിട്ടില്ല. ട്രാൻസ്ഫർ ആവശ്യപ്പെടുന്ന സ്ഥലമെന്നുപറഞ്ഞ് എന്റെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി കിട്ടിയ അപേക്ഷ കെ. എസ്. ആർ. ടി. സി.-ക്ക് കൊടുത്തതല്ലാതെ മന്ത്രി എന്ന നിലയിൽ ഞാൻ ഒരു വാചകംപോലും അതിൽ എഴുതിയിട്ടില്ല. എന്റെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയും ട്രാൻസ്ഫർ കൊടുക്കണമെന്ന് പറഞ്ഞിട്ടില്ല. ഇപ്പോൾ ജോലിചെയ്ത സ്ഥലവും അവർ ആവശ്യപ്പെട്ട സ്ഥലവും എന്നാണ് എഴുതികൊടുക്കുന്നത്. ലോക് ആയുക്തയിൽ എനിക്കെതിരെ കേസ് കൊടുത്തിരിക്കുന്നത് കെ. എസ്. ആർ ടി. സി.-യുടെ സി. ഐ. ടി. യു. നേതാവ് ശ്രീ. കെ. കെ. ദിവാകരനാണ്. എന്റെ കയ്യിലിരിക്കുന്ന കത്തുകൾ മുഴുവൻ ശ്രീ. കെ. കെ. ദിവാകരൻ ട്രാൻസ്ഫർ ആവശ്യപ്പെട്ടുകൊണ്ട് എനിക്കുതന്ന കത്തുകളാണ്. നീണ്ട ഒരു ലിസ്റ്റാണ്. ഇതിൽ ചുവന്ന അക്ഷരത്തിൽ കാണുന്നത് റോഡ് ട്രാൻസ്പോർട്ട് എംപ്ലോയീസ് അസോസിയേഷന്റെ ലിസ്റ്റാണ്. (കത്തുകൾ ഉയർത്തികാട്ടി) ഈ ലിസ്റ്റ് മുഴുവൻതന്നത് ഇതേ കേസ് കൊടുത്തിരിക്കുന്ന ഇതേ ശ്രീ. കെ. കെ. ദിവാകരനാണ്. നിയമസഭയിൽ പ്രതിപക്ഷ എം. എൽ. എ.-മാർ എന്നോട് ട്രാൻസ്ഫർ ആവശ്യപ്പെട്ടുകൊണ്ട് തന്ന നിവേദനങ്ങൾ ഒരുകെട്ടുണ്ട്. ഇന്നും രണ്ട് പ്രതിപക്ഷ എം. എൽ. എ. മാർ കെ. എസ്. ആർ. ടി. സിയിലെ ട്രാൻസ്ഫർ ആവശ്യപ്പെട്ടുകൊണ്ട് എനിക്ക് തന്ന കത്ത് ഇതാ എന്റെ കയ്യിൽ ഇരിക്കുകയാണ്. (കത്തുകൾ ഉയർത്തികാട്ടി) ഇത് ഇന്നുകിട്ടിയ നിവേദനങ്ങളാണ്. അവരുടെ പേരു പറയുന്നത് ശരിയല്ല. ഈ രണ്ട് നിവേദനങ്ങളും പ്രതിപക്ഷ എം. എൽ. എ.-മാർ ഇന്ന് എന്റെ കയ്യിൽ തന്നതാണ്. ട്രാൻസ്ഫർ ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രതിപക്ഷ എം. എൽ. എ. മാരുടെ ഒരുകെട്ടു കത്തുകൾ എന്റെ കയ്യിലുണ്ട്. ട്രാൻസ്ഫറിനെ സംബന്ധിച്ച് ഇന്നേവരെ ഒരു പരാതിപോലും കെ. എസ്. ആർ ടി. സി.-യിൽ ഇല്ല. ഏതു കണ്ടക്ടർ, ഏതു ഡ്രൈവർ എവിടെ ചോദിച്ചാലും ട്രാൻസ്ഫർ കൊടുക്കാനുള്ള വേക്കൻസിയുണ്ട്. മാത്രവുമല്ല ഈ ട്രാൻസ്ഫറിൽ ഞാൻ ഇടപെട്ടിട്ടില്ല, ഞാൻ എഴുതിയ ഒരു പേപ്പറുമില്ല. എന്റെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയും ട്രാൻസ്ഫർ കൊടുക്കണമെന്ന് പറഞ്ഞിട്ടില്ല. കിട്ടിയ അപേക്ഷ അതങ്ങോട്ട് ഒന്നും എഴുതാതെ കൊടുക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഇതിൽ എന്റെ ഓഫീസോ ഞാനോ ഒരു തരത്തിലുള്ള അഴിമതിയും നടത്തിയിട്ടില്ല എന്ന് ഞാൻ അറിയിക്കുന്നു. ഇവിടെ ഉന്നയിച്ച ആരോപണങ്ങളെല്ലാം ഞാൻ പൂർണ്ണമായും നിഷേധിക്കുന്നു. കോട്ടയം മീറ്റിംഗ് ഞാൻ അറിഞ്ഞിട്ടില്ല. കെ. എസ്. ആർ ടി. സി.-യിൽ ഒരു താൽക്കാലിക ജീവനക്കാരനേയും സ്ഥിരപ്പെടുത്തുന്നില്ല. അതിനുള്ള ഒരു നീക്കവും നടത്തിയിട്ടില്ല. കഴിഞ്ഞ ഒന്നേകാൽ വർഷംകൊണ്ട് ധാരാളം ആളുകൾ ഇങ്ങനെ വരുന്നുണ്ട്. അങ്ങനെയുള്ള ഒരു നീക്കവും നടത്തിയിട്ടില്ല. അങ്ങനെ ആരെയും സ്ഥിരപ്പെടുത്താൻ ഒരു ശ്രമവും ഇല്ല. ഇങ്ങനെയൊരു സംഭവം അവർ പടുത്തുയർത്തി കൊണ്ടുവരുന്നതാണ്. തിരഞ്ഞെടുപ്പ് അടുത്തു വരുന്ന സമയത്ത് മനഃപൂർവ്വം കരിതേച്ച് കാണിക്കുന്നതിന് അവർ കൊണ്ടുവരുന്നതാണ്. അല്ലാതെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താനുള്ള ഒരു നീക്കവും കെ. എസ്. ആർ ടി. സി.-യെ സംബന്ധിച്ചിടത്തോളം ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഇന്നലെ ഇവിടെ നിന്നും പോയപ്പോൾ ഞാൻ ആലോചിച്ചു നാളെ എന്ത് മറുപടിയാണ് പറയേണ്ടതെന്ന്. വളരെ കാര്യമായ ഒരു വിമർശനവും പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായില്ല. അതുകൊണ്ട് ഇന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണനെ അവർ നിയോഗിച്ചു. പണ്ട് ചർച്ചചെയ്ത ചില കാര്യങ്ങൾ വീണ്ടും ആവർത്തിച്ചു. അഴിമതിയാരോപണം വന്നതുകൊണ്ട് അതിന് ആദ്യം മറുപടി പറയാം. എന്റെ മക്കൾ വസ്തു വാങ്ങിച്ച കാര്യം, ഈ സഭയിൽ വളരെ പ്രഗത്ഭനായ ശ്രീ. എം. വി. ജയരാജൻ നേരത്തെ തന്നെ അവതരിപ്പിച്ചതാണ്. ഞാൻ അതിനു മറുപടി പറയുകയും ചെയ്തു. അതിന്റെ സോഴ്സ് എങ്ങനെയാണെന്നും ഓരോരുത്തരുടെയും സാമ്പത്തിക സ്ഥിതി എന്താണെന്നുമെല്ലാം വ്യക്തമായി പറഞ്ഞതാണ്. അക്കാര്യം ഹൗസിന് ബോദ്ധ്യപ്പെട്ടതുമാണ്. അതിപ്പോൾ വീണ്ടും കുത്തിപ്പൊക്കിക്കൊണ്ടു വന്നിരിക്കുകയാണ്. സ്റ്റാമ്പ് ഡ്യൂട്ടിയുടെ കാര്യമാണെങ്കിൽ സ്റ്റാമ്പ് ഡ്യൂട്ടി എന്റെ ഡിപ്പാർട്ടുമെന്റിനാണെങ്കിലും, രജിസ്ട്രേഷന്റെ മുഴുവൻ ചുമതലയും ശ്രീ. സി. എഫ്. തോമസിന്റെ ഡിപ്പാർട്ടുമെന്റിനാണ്. രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ വേണം സഫിഷ്യന്റ് സ്റ്റാമ്പ് ഡ്യൂട്ടി അടച്ചോ ഇല്ലയോ എന്നു നോക്കേണ്ടത്. എന്റെ ഡിപ്പാർട്ടുമെന്റിലുള്ള ആളല്ല. രജിസ്റ്റർ ചെയ്യാൻ കൊടുക്കുമ്പോൾ സഫിഷ്യന്റ് സ്റ്റാമ്പ് ഡ്യൂട്ടി അടച്ചിട്ടില്ലെങ്കിൽ ബാക്കി അടയ്ക്കാൻ പറയുക. രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽത്തന്നെ അടയ്ക്കാനുണ്ടെങ്കിൽ പിന്നീട് അടയ്ക്കാൻ പറയാം. അതിന് അങ്ങനെയുള്ള ചട്ടങ്ങളെല്ലാമുണ്ട്. അതെല്ലാം ചെയ്യുകയും ചെയ്യാം. അത് അദ്ദേഹമാണ് ചെയ്യേണ്ടത്. പിന്നെ ഞാൻ ആ ഉദ്യോഗസ്ഥനെ വിളിച്ചു. അങ്ങനെ ചെയ്തുകൊടുക്കണമെന്ന് പറഞ്ഞു എന്നാണ് അവർ ഉദ്ദേശിക്കുന്നതെങ്കിൽ, അതെത്ര ചീപ്പാണ്. I am sorry, അതു വളരെ വിലകുറഞ്ഞ ആരോപണമായിപ്പോയി എന്നു മാത്രമേ ഞാൻ പറയുന്നുള്ളു. എനിക്കു ചുരുക്കം ചില ദോഷങ്ങൾ ഉള്ളതിൽ ഒരു ദോഷമാണ്, ഞാൻ ആരുടെ മുമ്പിലും തലകുനിക്കാനും തൊഴാനും കഴിയാനുമൊന്നും പോകില്ല. ദോഷങ്ങൾ പലതുണ്ട് അതിൽ ഒന്ന് ഇതാണ്. അതുകൊണ്ട് ആ കൊച്ചു ഉദ്യോഗസ്ഥന്റെ മുമ്പിൽ ഇത് ചെയ്തുതരണമെന്ന് പറഞ്ഞാൽ, അത് എനിക്ക് വളരെ ആക്ഷേപമാണ്. അതുകൊണ്ട് അതിൽ കൂടുതൽ ഒന്നും ഞാൻ പറയുന്നില്ല. ഈ ഒരു കാര്യം മാത്രമാണ് എഴുതിതന്നത്. എഴുതി തരാതെ ഒരുപാട് കാര്യങ്ങൾ പറഞ്ഞു. ഞാൻ ആവർത്തിക്കുന്നില്ല. കാരണം അദ്ദേഹം പറഞ്ഞോട്ടെ. എനിക്കൊരു പേടിയുമില്ല. പിന്നെ മറ്റൊര് കാര്യം പറഞ്ഞത്, ഞാൻ ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിനു വില കൂട്ടി, അതിനു കോഴ വാങ്ങി എന്നാണ്. ഇടയ്ക്ക് അൽപം വില കൂട്ടിയതു ശരിയാണ്. പക്ഷെ വിലകൂട്ടുമ്പോൾ, 25 രൂപ ഒരു കുപ്പിക്ക് വില കൂട്ടിയിട്ടുണ്ടെങ്കിൽ, അതിൽ 23 രൂപയും സർക്കാരിനാണ്. രണ്ട് രൂപയാണ് അവർക്ക് കിട്ടുന്നത്. 100 രൂപ ഒരു കുപ്പിക്ക് കൂട്ടുമ്പോൾ 92 രൂപയും സർക്കാരിനാണ് ലഭിക്കുന്നത്. എട്ട് രൂപയാണ് അവർക്ക് കിട്ടുന്നത്. ഇതു നടത്തിയിട്ട് ഇപ്പോൾ കൊല്ലം ഒന്നായി, അതവർക്കറിയാം. ഇതുവരെ അവർ പറയാതിരുന്നതും അതുകൊണ്ടാണ്. പിന്നെ അവസാന ദിവസമല്ലേ,

LIBRARY ARCHIVES Kerala Legislative Assembly

എന്തെങ്കിലും പറയാൻ വേണ്ടി പറയുന്നു എന്നു മാത്രം. മറ്റൊന്ന് പറഞ്ഞത് ബാർ ഹോട്ടലുകൾക്ക് ലൈസൻസ് കൊടുത്തതിന് കാശുവാങ്ങിച്ചു എന്നാണ്. അതിന് നിബന്ധനകളുണ്ട്. ത്രീസ്റ്റാർ ഫെസിലിറ്റീസുള്ള എല്ലാ ബാർ ഹോട്ടലുകൾക്കും ലൈസൻസ് കൊടുക്കണം. ഇതുവരെ അങ്ങനെ ചെയ്ത ഒരു ബാർ ഹോട്ടലുകാരനു പോലും കൊടുക്കാതിരുന്നിട്ടില്ല. അതിനൊക്കെ നോംസ് എഴുതിവെച്ചിട്ടുണ്ട്. നിയമാനു സൃതമായി ആരെല്ലാം അപ്ളൈ ചെയ്തിട്ടുണ്ടോ അവർക്കെല്ലാം കൊടുത്തിട്ടുണ്ട്. ഒരാൾക്കും റഫ്യൂസ് ചെയ്തിട്ടില്ല. ആരെങ്കിലും കൈക്കൂലി തരണമെങ്കിൽത്തന്നെ അവർക്ക് എന്തെങ്കിലും ഫേവർ ചെയ്തു കൊടുക്കണ്ടേ? ഇവിടുത്തെ ബാറുകാർ അത്ര മോശക്കാരൊന്നുമല്ല. ത്രീസ്റ്റാർ ഫെസിലിറ്റീസുണ്ടെങ്കിൽ ബാർ ലൈസൻസ് കിട്ടുമെന്നവർക്കറിയാം. അല്ലാതെ കൊടുത്തിട്ടുള്ള അപൂർവ്വ Instance ഉണ്ടെങ്കിൽ അത് കോടതി ഉത്തരവുമൂലമാണ്. അല്ലാതെ നോംസ് മറികടന്നുകൊണ്ട് ആർക്കും ബാർ ലൈസൻസ് കൊടുത്തിട്ടില്ല. മറ്റൊന്ന് പറയാനുള്ളത്, അഴിമതി നടന്നിട്ടുണ്ടെങ്കിൽ ആ Instance പറയണം. എല്ലാം ജനറലായിട്ടു പറയുന്നു. കെ. പി. സി. സി.-യ്ക്കു കാശ് കൊടുത്തു എന്നുള്ളതാണ് മറ്റൊരു ആരോപണം. എന്നാൽ അതു ഇന്ന രീതിയിൽ കൊടുത്തു എന്നു പറയുന്നില്ല. മറ്റൊന്ന് പറഞ്ഞത് മാഹിയെക്കുറിച്ചാണ്. മാഹിയിൽ നിരനിരയായി ഇരിക്കുന്നത് മദ്യഷാപ്പുകളാണ്. അവിടുത്തെ ജനങ്ങൾ അഞ്ചും, പത്തും കൊല്ലംകൊണ്ട് കുടിച്ചാൽ തീരാത്തത്ര മദ്യം അവിടെ ഒരു ദിവസം കൊണ്ട് ചെലവാകും. അത് മുഴുവൻ ഇങ്ങോട്ട് ഒഴുകുകയാണ്. അതുകൊണ്ട് ഇനിമേൽ അവർക്ക് കഴിഞ്ഞ വർഷം എത്ര പെർമിറ്റ് കൊടുത്തോ അതിന്റെ പകുതി പെർമിറ്റ് കൊടുത്താൽ മതിയെന്ന് തീരുമാനമെടുത്തു. അന്നുവരെ 2500 രൂപയായിരുന്നു ഒരു ലോഡ് വരുന്നതിന് തരേണ്ട ടാക്സ് അതു 25,000 രൂപയാക്കി വർദ്ധിപ്പിച്ചു. ഇതു മാറ്റണമെന്നു പറഞ്ഞ് ബഹുമാനപ്പെട്ട പോണ്ടിച്ചേരി മുഖ്യമന്ത്രി തന്നെ ഇവിടെ വന്നു. യഥാർത്ഥത്തിൽ ന്യായത്തേക്കാൾ ഭയന്നത് ആരോപണത്തെയായിരുന്നു. എങ്കിലും ഞാൻ 50 ശതമാനമെന്നുള്ളത് അദ്ദേഹം പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ 75 ശതമാനമാക്കികൊടുത്തു. മറ്റൊരു സൗജന്യവും ചെയ്തില്ല. 25,000 രൂപ എന്നുള്ളതു കുറവു ചെയ്തില്ല. പക്ഷെ ദേശാഭിമാനി ഒരു ദിവസം എഴുതി, കേസ് റിസൽട്ട് വിധി വന്നപ്പോൾ, അവർക്ക് അനുകൂലമായി വിധിവന്നു. അപ്പോൾ കേസിൽ അപ്പീൽ കൊടുക്കാതിരിക്കാനായി 50 ലക്ഷം രൂപ ഞാൻ വാങ്ങിച്ചുവെന്ന് ദേശാഭിമാനിയിൽ എന്താണ് എഴുതുന്നതെന്ന് ഞങ്ങൾ ശ്രദ്ധിക്കാറില്ല. കാരണം അതിൽ സത്യം എഴുതാറില്ലല്ലോ? അതിൽ എഴുതുന്നത് വാർത്തകൾ അല്ല, കഥകളാണ്. അപ്പീൽ കൊടുക്കണമെന്നു പറഞ്ഞ് ആ ഫയലിൽ ഞാൻ ഓർഡർ ഇട്ടിട്ടുണ്ട്. എന്തിനാണ് ഇത്തരം അടിസ്ഥാന രഹിതമായിട്ടുള്ള ആരോപണങ്ങളുമായി ഹൗസിൽ വരുന്നത്? ഹൗസിന്റെ വിലപ്പെട്ട സമയം ഇങ്ങനെ കളയുന്നത് കഷ്ടമാണെന്നു മാത്രമേ എനിക്കു പറയാനുള്ളു. ലൈവ് ടെലികാസ്റ്റ് ഉള്ളതും ഇങ്ങനെയൊക്കെ പറയാൻ ഒരു കാരണമാണ്.

ശ്രീ. കെ. ബാബു: അത് അങ്ങ് ചെയ്ത ഉപദ്രവമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ: അത് ഉപദ്രവമാണെന്നു ഞാൻ പറയുന്നില്ല. പക്ഷേ അത് ദുരുപയോഗം ചെയ്യുന്നു. കുറെ കാലമായിട്ട് പ്രതിപക്ഷം പറയുന്നതെന്താണ്? ഇവിടെ 52,000 കോടി രൂപ കടമാക്കി, ഞങ്ങൾ പോയപ്പോൾ 23,000 കോടി രൂപ മാത്രമേ കടം ഉണ്ടായിരുന്നുള്ളൂ. ബാക്കി രൂപ എവിടെപോയി? ശ്രീമതി കെ. ആർ. ഗൗരിയമ്മ ഇന്നലെ പറഞ്ഞതാണ് എനിക്കു ഓർമ്മ വരുന്നത്. ഞാൻ എടുത്തില്ല എന്ന് അതാണ് വാസ്തവത്തിൽ എനിക്കും പറയാനുള്ളത്. ഇത്ര അറിവില്ലാത്തവരാണല്ലോ. വിവരമില്ലാത്തവരാണെന്ന് ഞാൻ പറയുന്നില്ല. കാര്യങ്ങൾ പഠിക്കാതെ പറയുന്നത് വളരെ കഷ്ടമാണ്. ഇവർ പാസ്സാക്കിത്തന്നിട്ടുള്ളതു മാത്രമേ ഞാൻ ചെലവാക്കിയിട്ടുള്ളൂ. ഇവർ പാസ്സാക്കാതെ ഒരു കാശു പോലും ചെലവാക്കാൻ പറ്റില്ല. അതവർക്ക് അറിഞ്ഞുകൂടേ? അവിടെ മന്ത്രിയായിരുന്നിട്ടുള്ളവർ കുറവാണെന്നു തോന്നുന്നു. ഡോ. തോമസ് ഐസക്കിനെങ്കിലും ഇതൊന്നു പറഞ്ഞുകൊടുക്കാൻ പാടില്ലേ വിസ്ഫോടനം പറയരുതെന്ന് കടത്തിന്റെ കണക്ക് പറയുകയാണെങ്കിൽ 1996-ൽ അവർ അധികാരത്തിൽ കയറുമ്പോൾ 10,113 കോടി രൂപയായിരുന്നു കടം. അവർ പോയപ്പോൾ 23,919 കോടി രൂപ കടം ഉണ്ടായിരുന്നു. അതിന്റെ ഗ്രോത്ത് റേറ്റെന്നു പറയുന്നത്, 137 ശതമാനമാണ് അവരുടെ കാലത്തുള്ള increase-ന്റെ റേറ്റ്. ഈ ഗവൺമെന്റ് വന്നതിനു ശേഷം 31-12-2005 വരെയുള്ള കടം 44,350 കോടി രൂപ. എന്നു വച്ചാൽ increase is only 20,000 കോടി രൂപ പക്ഷേ അതിന്റെ വർദ്ധനവിന്റെ റേറ്റെന്നു പറയുന്നത് വെറും 85 ശതമാനം മാത്രമേയുള്ളൂ. നമ്മൾ നോക്കുന്നത് percentage-wise ആണ്. വർദ്ധനവ് ആയിരുന്നാലും കുറവായിരുന്നാലും എല്ലാം നോക്കുന്നത്. percentage-wise ആണ്. അവരുടെ കാലഘട്ടത്തിൽ 137 ശതമാനമായിരുന്നു. ഗ്രോത്ത്റേറ്റ് എങ്കിൽ ഇപ്പോൾ അത് വെറും 85 ശതമാനമാണ്. ഒരു സംസ്ഥാനത്തിന്റെ മൊത്തം വരുമാനവും ചെലവും തമ്മിലുള്ള വ്യത്യാസമാണ് കമ്മിയായി വരുന്നത്. എല്ലാ കടവും നികത്തുന്നത് കടമെടുപ്പിലൂടെയാണ്. ഇത് നികത്തണമെങ്കിലും കടമെടുക്കണം. സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിന്റെ 92 ശതമാനം ഞങ്ങൾ ശമ്പളത്തിനും പെൻഷനും ഇന്ററസ്റ്റിനുമായി കൊടുക്കുന്നു. എട്ട് ശതമാനം എന്നു പറഞ്ഞാൽ നോമിനലാണ്. അത് ഒന്നിനും തികയില്ല. കടമെടുത്തല്ലാതെ ഇവിടെ ഒരു വികസനവും നടത്താൻ കഴിയില്ല. ദൈവംതന്നെ വന്ന് ധനകാര്യവകുപ്പ് മന്ത്രിയായാലും കടമെടുക്കാതെ ഇവിടെ ഒരു കാര്യവും ചെയ്യാൻ പറ്റില്ല. നമ്മുടെ രാജ്യത്തെ മൊത്തം വരുമാനവും ചെലവും തമ്മിലുള്ള വ്യത്യാസം ഞാൻ പറയാം. 2001-2002-ൽ 3269 കോടി രൂപ

3.00 p.m.

2002-2003-ൽ 4990 കോടി രൂപ. 2003-2004-ൽ 5539 കോടി രൂപ, 2004-2005-ൽ 4452 കോടി രൂപ, 2005-2006 അതായത് 31-12-2005 വരെയുള്ളത് 2473 കോടി രൂപ ഇതെല്ലാംകൂടി 20,723 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. ഈ കമ്മി ഓരോ വർഷവും നിയമസഭ പാസ്സാക്കിത്തന്നതാണ്. എന്നിട്ടാണ് ഒന്നുമറിയാത്ത രീതിയിൽ ഈ പണമൊക്കെയെവിടെപ്പോയെന്ന് ചോദിക്കുന്നത്. ഈ പണം ചെലവാക്കിയതിന്റെ കണക്ക് പറയാം. പദ്ധതി ഇനത്തിൽ ഡെവലപ്പ്മെന്റൽ എക്സ്പെൻസിനു മാത്രം 15,965 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. കെ. എസ്. ഇ. ബി-ക്ക് കേന്ദ്ര പൊതുമേഖലാ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങൾ നൽകാനുണ്ടായിരുന്ന തുകകൾ സർക്കാർ ഏറ്റെടുത്തതുമൂലമുള്ള ചെലവ് 1158 കോടി രൂപ പണ്ട് ഉണ്ടായിരുന്നതാണ് ഈ പിരീഡിൽ കൊടുത്തു. വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാതിരിക്കുന്നതിന് കെ. എസ്. ഇ. ബി. യുടെ ശുപാർശയനുസരിച്ച് കെ. എസ്. ഇ. ബി-ക്ക് 2003-2004-ൽ നൽകിയത് 556 കോടി രൂപ എന്നാൽ ഇതിനുപുറമെ ഒരു സംഖ്യകൂടി കൊടുത്തു. മുൻ സർക്കാരിന്റെ കാലത്ത് കുടിശ്ശികയായതും ഈ സർക്കാർ നൽകേണ്ടി വന്നതുമായ 4020 കോടി രൂപ ഞങ്ങൾ കൊടുത്തു. അങ്ങനെയാണ് ഇരുപത്തിയൊന്നായിരത്തിൽ ചില്വാനം കോടി രൂപയായത് അതങ്ങനെയാണെങ്കിൽത്തന്നെയും 20,431 കോടി രൂപയേ കടമെടുത്തിട്ടുള്ളൂ. അതിലും 1268 കോടി രൂപയുടെ ലാഭമാണ്. അപ്പോൾ ഇതിൽ നിന്നും മനസ്സിലാകുന്നത് ഗവൺമെന്റ് കടം കുറച്ചുകൊണ്ടുവന്നു എന്നുമാത്രമല്ല ഈ ഗവൺമെന്റ് ധൂർത്തടിച്ചിട്ടില്ല. ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ഞാൻ ഇപ്പോൾ ഒന്നും പറയുന്നില്ല കാരണം ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ അതിനെക്കുറിച്ച് പറയണം. അപ്പോൾ അതൊരു ആവർത്തനമാകും. ഞാൻ അവകാശപ്പെടുന്നതുപോലത്തന്നെ സാമ്പത്തിക സ്ഥിതി മെച്ചമാണ്. കഴിഞ്ഞ ഗവൺമെന്റ് ഇവിടെയെല്ലാം കുളമാക്കിയിട്ട് പോയതിന്ശേഷം ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ഇവിടെ നല്ല നിലയിൽ സാമ്പത്തിക അച്ചടക്കമുണ്ടാക്കിയതിന്റെ ഫലമായി നമുക്ക് ഇന്നൊരു ബുദ്ധിമുട്ടുമില്ലെന്നാണ് മനസ്സിലാകുന്നത്.

മറ്റൊരു പ്രധാന കാര്യം പറഞ്ഞത് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ചാണ് എല്ലാ . കാലത്തും റിസർവേഷൻ സംബന്ധിച്ചുള്ള കമ്മീഷൻ റിപ്പോർട്ടുകളെല്ലാം കോളിളക്കങ്ങളുണ്ടാക്കിയിട്ടുണ്ട്. രക്തച്ചൊരിച്ചിലുകളുണ്ടാക്കിയിട്ടുണ്ട്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ചും നെട്ടൂർ കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ചുമെല്ലാം വലിയ കോളിളക്കങ്ങളുണ്ടായിട്ടുള്ളതാണ്. പ്രതിപക്ഷ അംഗങ്ങൾ വിചാരിച്ചത് അവർക്ക് വീണുകിട്ടിയ ഒരു അനുഗ്രഹമാണ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് എന്നാണ്. അതിന് ആരെക്കൊണ്ടും പരിഹാരമുണ്ടാക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് ഈ ഗവൺമെന്റിന്റെ മരണമണി അടിക്കുന്നത് ഇതായിരിക്കുമെന് അവർ ധരിച്ചു. പക്ഷെ ഇക്കാര്യത്തിൽ അത്ഭുതകരമായ നേട്ടമാണ് ഈ ഗവൺമെന്റ് കൈവരിച്ചത്. അതിന് ഞാൻ മുഖ്യമന്ത്രിയെ അഭിനന്ദിക്കുകയാണ്. അദ്ദേഹത്തിന്റെ ശ്രമഫലമായി, അദ്ദേഹത്തിന്റെ അശ്രാന്ത പരിശ്രമം കൊണ്ട് നിരവധി പ്രശ്നങ്ങൾ ഉറക്കമൊഴിഞ്ഞ് ചർച്ച ചെയ്തുകൊണ്ട് എല്ലാ പേർക്കും അംഗീകാരമുള്ള ഒരു പദ്ധതി ഇവിടെ നടപ്പിലാക്കിയെന്നു പറയുന്നത് അത്ഭുതകരമായ നേട്ടമാണ്. അത് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടമാണെന്ന് ഞങ്ങൾ അവകാശപ്പെടും. ഇതിൽ എന്ത് ഇരിക്കുന്നു എന്നു ചോദിച്ചു. പിന്നോക്ക സമുദായങ്ങൾ വളരെക്കാലമായി അവകാശപ്പെട്ടുകൊണ്ടിരിക്കുന്ന പല കാര്യങ്ങളും ഇതിൽ അടങ്ങിയിട്ടുണ്ട്. ഇവിടെ നേരത്തെ പറഞ്ഞതുപോലെ മുസ്ലീം അടക്കമുള്ള ചില സമുദായങ്ങൾക്ക് ക്വാട്ടയനുസരിച്ചുള്ള റിസർവേഷൻ കിട്ടിയിട്ടില്ല. ഞങ്ങൾ അത് ക്ലോസ് ചെയ്തിട്ടില്ല. ബാക്ക്ലോഗ് സംബന്ധിച്ചുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യുമെന്ന് ഈ ഓർഡറിൽത്തന്നെ പറഞ്ഞിട്ടുണ്ട്. മേലിൽ ഈ പ്രശ്നം ഉണ്ടാക്കാൻ പാടില്ല. അതിനുവേണ്ട നടപടി ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. അതിനുവേണ്ടുന്ന തരത്തിലുള്ള ഭേദഗതികൾ വരുത്തുമെന്ന് ഈ ഓർഡറിൽത്തന്നെ പറഞ്ഞിട്ടുണ്ട്. മറ്റൊരു കാര്യം, ഒരു റാങ്ക് ലിസ്റ്റ് പ്രാബല്യത്തിലുള്ള കാലയളവ് ഒരു സെലക്ഷൻ ഇയറായി കണക്കാക്കുന്നതാണ്. ഇതിലേയ്ക്കായി നിയമാനുസൃത നടപടി സ്വീകരിക്കും. കൂടാതെ പി. എസ്. സി. തയ്യാറാക്കുന്ന എല്ലാ റാങ്ക് ലിസ്റ്റുകളിലും സംവരണ സമുദായങ്ങൾക്ക് സപ്ലിമെന്ററി ലിസ്റ്റ് തയ്യാറാക്കും. ഇതൊക്കെ ഇവർ ഇവിടെ പറഞ്ഞ ആരോപണമുണ്ടാകാതിരിക്കാൻവേണ്ടി ചെയ്തതാണ്. പിന്നോക്ക വിഭാഗക്കാർക്ക് ഒരു സീറ്റും നഷ്ടപ്പെടാതിരിക്കാനും അവരുടെ വേക്കൻസികളെല്ലാം ഫിൽ അപ് ചെയ്യുന്നതിനുവേണ്ടിയാണ് ഇതെല്ലാം ഉൾക്കൊള്ളിച്ചിരിക്കുന്നത്. മറ്റൊന്ന് പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയിലെ നിയമാധികാരം പി. എസ്. സി.-ക്ക് വിടാൻ നടപടി സ്വീകരിക്കും. ഇത് ചെറിയ കാര്യമാണോ? എത്രയോ കാലമായി പിന്നോക്ക സമുദായങ്ങൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന കാര്യമാണ്. ഇവിടെ റിസർവേഷന്റെ ആനുകൂല്യംവേണം, നിയമനങ്ങൾ പി. എസ്. സി.-ക്ക് വിടണം, സത്യസന്ധമായി നിയമനങ്ങൾ നടത്തണമെന്നുള്ളത്, എത്രയോ കാലമായി ആവശ്യപ്പെടുന്ന കാര്യമായിരുന്നു. ആരും അതിന് ധൈര്യപ്പെട്ടില്ല. ഈ ഗവൺമെന്റാണ് അതിന് ധൈര്യപ്പെട്ടത്. അത് പിന്നോക്ക സമുദായങ്ങളെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ നേട്ടമാണ്. ഒ. ബി. സി. സംവരണം പൂർണ്ണമായും പാലിക്കുന്നത് ഉറപ്പുവരുത്താൻ പട്ടികജാതി-പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ നിലവിലുള്ളതുപോലെ ബന്ധപ്പെട്ട മന്ത്രിമാരും ഉദ്യോഗസ്ഥരും അംഗങ്ങളായും മുഖ്യമന്ത്രി അദ്ധ്യക്ഷനായും ഒരു ഉന്നതതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കും. ഇത് ഈ ഗവൺമെന്റിന്റെ ആത്മാർത്ഥതയെയാണ് കാണിക്കുന്നത്. ഗവൺമെന്റിന്റെ ആത്മാർത്ഥതയെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചോദ്യം ചെയ്തു. ഈ ഗവൺമെന്റിന്റെ ആത്മാർത്ഥത കാണിക്കാൻ വേണ്ടിയാണ് ഈയൊരു പ്രൊവിഷൻ വെച്ചത്. ഭാവിയിലെ എല്ലാ താൽക്കാലിക നിയമനങ്ങളും സംവരണതത്വം പാലിച്ചുകൊണ്ട് മാത്രമേ ചെയ്യുകയുള്ളുവെന്ന് ഗവൺമെന്റ് ഉറപ്പുവരുത്തുന്നതാണ്. ജനസംഖ്യയും സാമൂഹ്യ പിന്നോക്കാവസ്ഥയും നിലവിലുള്ള സംവരണ സമുദായങ്ങളുടെ പ്രതിനിധ്യവും പരിഗണിച്ച് സംവരണം പുനർ നിർണ്ണയം ചെയ്യാൻ സ്ഥിരം കമ്മീഷനെ നിയമിക്കും. ഇതൊന്നും പിന്നോക്ക സമുദായങ്ങളെ സംബന്ധിച്ചിടത്തോളം ചെറിയ കാര്യമല്ല. വലിയ വലിയ നേട്ടങ്ങളാണ്. പിന്നോക്ക സമുദായങ്ങളെ സംബന്ധിച്ചിടത്തോളം ഉണ്ടാകുന്നത്. പിന്നോക്ക സമുദായങ്ങൾക്ക് ഇന്നുവരെ ഉണ്ടായിട്ടുള്ള സംവരണക്കുറവുകൾ പരിഹരിക്കുന്നതിനുള്ള ചർച്ചകളും മറ്റ് നടപടികളും സർക്കാർ തുടരുന്നതാണ്. അതുപോലെ ഈ ഉത്തരവിലില്ലാത്ത ചില ആനുകൂല്യങ്ങളുമുണ്ട്. അത് ഇനി ഗവൺമെന്റ് ഇറക്കാൻ പോകുന്നതേയുള്ളൂ. ഈ ഓർഡർ ഇറക്കിയപ്പോൾ ഇത് ഉൾപ്പെടുത്താൻ കഴിഞ്ഞില്ല. പക്ഷെ ക്യാബിനറ്റ് തീരുമാനിച്ചതാണ്. ഇതുവരെ പിന്നോക്ക സമുദായങ്ങൾക്ക് ഡിഗ്രി, പോസ്റ്റ് ഗ്രാഡുവേഷൻ എന്നിവയ്ക്ക് ഗവൺമെന്റ് കോളേജുകളിൽ റിസർവേഷൻ ഇല്ലായിരുന്നു. ഇപ്പോൾ 20 ശതമാനം അവർക്കുവേണ്ടി റിസർവ്വ് ചെയ്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

20% ശതമാനം ഷെഡ്യൂൾഡ് കാസ്റ്റിന്. അതുപോലെതന്നെ മുന്നോക്ക സമുദായത്തിലെ ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർക്ക് 10 ശതമാനം സീറ്റ്. അതും അവരുടെ ചിരകാല അഭിലാഷമാണ്. കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം നമ്മുടെ മാനിഫെസ്റ്റോയിൽ ഉള്ള കാര്യമാണ്. അത് നമ്മൾ നടപ്പിലാക്കുന്നു. ഏത് സമുദായത്തിൽപ്പെട്ട പാവപ്പെട്ട ആളുകൾക്കും പ്രത്യേക സംരക്ഷണം കൊടക്കണമെന്ന തത്വം ഗവൺമെന്റ് അംഗീകരിച്ച് കൊടുത്തിരിക്കുന്നു. ഇത് വളരെക്കാലമായി വിവാദം സൃഷ്ടിച്ചുകൊണ്ടിരുന്ന ഒരു വിഷയമാണ്. അത് ഗൺമെന്റ് അംഗീകരിച്ച് കൊടുത്തിരിക്കുന്നു. ഇതല്ലാതെ മുസ്ലീം നാടാർ സമുദായങ്ങളിൽപ്പെട്ട പെൺകുട്ടികൾക്ക് ചില വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നിലവിലുണ്ട്. അത് എല്ലാ പിന്നോക്ക സമുദായങ്ങളിലുമുള്ള പെൺകുട്ടികൾക്കും നൽകുന്നതാണ്. അത് ഈ ഓർഡറിൽ ഇല്ല. അതു സംബന്ധിച്ച ഓർഡർ പുറപ്പെടുവിക്കും. ക്യാബിനറ്റ് ഇക്കാര്യം ഡിസൈഡ് ചെയ്തിട്ടുണ്ട്. ദാരിദ്ര രേഖയ്ക്ക് താഴെയുള്ള മുന്നോക്ക വിഭാഗങ്ങളിൽപ്പെട്ട പെൺകുട്ടികൾക്കും 10% ആനുകൂല്യം കൊടുക്കുന്നതാണ്. അതും ഓർഡറാകും. ഇത് ചെറിയ കാര്യമല്ല; ഇത് ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടമാണെന്ന് തറപ്പിച്ച് പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇതുവരെ പ്രതിപക്ഷത്തിന് അവരുടെ നയം പ്രഖ്യാപിക്കാൻ കഴിഞ്ഞിട്ടില്ല. ഇന്നും ചോദിച്ചു ഇന്നലെയും ചോദിച്ചു. ഇതുവരെയും അവർ പറഞ്ഞിട്ടില്ല. ഞങ്ങളുടെ ഇടയിൽ കുഴപ്പമുണ്ടാക്കാൻ കഴിയുമോ, ഞങ്ങൾക്ക് ഏതെങ്കിലും രീതിയിൽ വോട്ട് നഷ്ടപ്പെടുത്തുവാൻ കഴിയുമോ എന്നുള്ള പരിശോധനയല്ലാതെ ഈ വിഷയത്തെ സംബന്ധിച്ച് ഇന്നുവരെ അഭിപ്രായം പറയാൻ പ്രതിപക്ഷത്തിന് കഴിഞ്ഞിട്ടില്ല. ഇത് അവരുടെ പാപ്പരത്വമാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. ഇവിടെ നിയമനമില്ല, ഒരു നിയമനവും നടക്കുന്നില്ല. നിയമന നിരോധനമാണ് നടപ്പാക്കുന്നത് എന്ന് നിരന്തരം പറയുകയാണ്. 1999 നവംബർ 17-ന് നിയമന നിരോധന ഉത്തരവ് പാസ്സാക്കിയത് നിങ്ങളാണ്. അതിൽ പറഞ്ഞിരിക്കുന്നത് New posts in Government and Government aided Schoold and Colleges should not be created. New Public sector Corporation should not be created New subsidy should not be announced............................ അങ്ങനെ പോകുകയാണ് ആ ഓർഡർ. ശ്രീ. ടി. ശിവദാസമേനോനാണ് ആദ്യമായി കൊണ്ടുവരുന്നത്. 2000 ജൂൺ 30-ന് പുറപ്പെടുവിച്ച G.O. (P) 994/2000/Fin. എന്ന ഉത്തരവിൽ അത് reiterate ചെയ്തിട്ടുണ്ട്. അതിൽ പറയുന്നത്, Measures for non-development expenditure control-No new posts will be created in Government during the current financial year.The new posts in the Schools are found inevitable, it should as far as possible be filled up by re-deployment അതിലും കുറെ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. നിയമന നിരോധനമുൾപ്പെടെ കൊണ്ടുവരുന്നതിന് ഉത്തരവു പുറപ്പെടുവിച്ചത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ് ഈ ഗവൺമെന്റല്ല എന്നിട്ട് ഇന്ന് അവർ തിരിഞ്ഞുനിന്ന് ഇത്തരത്തിൽ ആരോപണം ഉന്നയിക്കുന്നത് ശരിയല്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം പി. എസ്. സി.

LIBRARY ARCHIVES Kerala Legislative Assembly

മുഖാന്തിരം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ നിയമനം ഇവിടെ നടന്നു. കഴിഞ്ഞ എൽ. ഡി. എഫ്. ഭരണ ത്തിൽ 5 വർഷക്കാലം ആകെ നടന്നത് 1,10,087 നിയമനങ്ങളാണ്. ഞങ്ങളുടെ കാലത്ത് 30-6-2005വരെ 1,10,682 നിയമനങ്ങൾ നടന്നു. അവരുടെ കാലത്ത് നടന്നതിനെക്കാൾ 600 നിയമനങ്ങൾ കൂടുതൽ ഇപ്പോൾ കിട്ടിയ കണക്കനുസരിച്ച് ഏതാണ്ട് 1,33,890 പേരെ പി. എസ്. സി. വഴി നിയമിച്ചിട്ടുണ്ട്. ഈ വർഷം അവസാനിക്കുമ്പോൾ അത് ഒന്നര ലക്ഷം കവിയും എന്നുള്ള കാര്യത്തിൽ സംശയമില്ല. അതിനർത്ഥം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് നടന്നതിനെക്കാൾ 50% കൂടുതൽ പി. എസ്. സി. നിയമനങ്ങൾ ഈ അഞ്ച് വർഷക്കാലത്ത് ഉണ്ടാകും എന്നാണ്.

യു. ഡി. എഫ്. ഗവൺമെന്റിന്റെ അഞ്ച് വർഷക്കാലത്ത് വ്യവസായ രംഗത്ത് ലക്ഷക്കണക്കിന് പോസ്റ്റുകളാണ് ഉണ്ടായിട്ടുള്ളത്. 'ജിം' നടത്തി ഇവിടെ കൂടുതൽ വ്യവസായങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചു. അതിനെ അവർ torpido ചെയ്തു. അവർ അതിനെ torpido ചെയ്തില്ലായിരുന്നുവെങ്കിൽ ഇതിനേക്കാൾ എത്രയോ കൂടുതൽ പുരോഗതി ഉണ്ടാകുമായിരുന്നു. പക്ഷേ അവർ അതിന് അനുവദിച്ചില്ല. എന്നിട്ടും വ്യവസായരംഗത്ത് പുതിയ സ്ഥാപനങ്ങൾ തുടങ്ങിയതുൾപ്പെടെ അത്ഭുതകരമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞു. അതിന് എന്റെ സുഹൃത്ത് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ ഞാൻ അഭിനന്ദിക്കുകയാണ്. അദ്ദേഹത്തിന്റെ ആത്മാർത്ഥമായ സേവനത്തെ ഞാൻ അഭിനന്ദിക്കുന്നു. ഇതിന്റെ വിശദവിവരം മനസ്സിലാക്കുന്നതുവരെ ഇത്രയും അത്ഭുതകരമായ നേട്ടം ഈ രംഗത്ത് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് എനിക്ക് അറിയാൻ പാടില്ലായിരുന്നു. ഇതു സംബന്ധിച്ച് പഠിച്ചപ്പോഴാണ് കാര്യങ്ങൾ മനസ്സിലാക്കാൻ സാധിച്ചത്. ഈ ഗവൺമെന്റ് കെ. എസ്. ഐ. ഡി. സി. യുടെ സാമ്പത്തിക സഹായത്തോടെ പൂർത്തിയാക്കിയത് 81 പ്രോജക്ടുകളാണ്. അതിന്റെ ഇൻവെസ്റ്റ്മെന്റ് 370 കോടി രൂപയാണ്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത് 37 പ്രോജക്ടുകളാണ്. അതിന്റെ ഇൻവെസ്റ്റ്മെന്റ് 580 കോടി രൂപയാണ്. കിൻഫ്രയുടെ ഇൻവെസ്റ്റ്മെന്റ് 171 കോടി രൂപ Private investment within KINFRA Park-Rs.185 Crores. ഇതിനെല്ലാം പുറമേ Central Investment during 2001-2003 is Rs. 4,655 Crores സംശയം ഉണ്ടെങ്കിൽ ഇക്കണോമിക് സർവ്വേയിൽ നോക്കിയാൽ മതി. അതിൽ ഇക്കാര്യം എഴുതിയിട്ടുണ്ട്. KFC, IDBI, SIDBI തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ഇൻവെസ്റ്റ്മെന്റ് 2398 കോടി രൂപയാണ്. കൂടാതെ ഇവിടെ നിക്ഷേപം ഉറപ്പാക്കി 35,243 കോടി രൂപയുടെ മെഗാ പ്രോജക്ടുകളാണ് തുടങ്ങാൻ പോകുന്നത്. ഇത് അത്ഭുതകരമായ കാര്യമാണ്. Expansion of Kochi Refineries-Rs.2600 Crores, ICTT of Vallarpadam - Rs. 2118 Crores, LNG Terminal-Rs. 2500 Crores; Naturnal Gas Pipeline Project of Gail Rs. 1700 Crores;- Free Trade and Warehousing Zone - Rs. 2000 Crores; City Gas Distrubution Project - Rs. 300 Crores; Petro-Chemical Complex Rs. 7000 Crores, Bunkering Terminal - Rs. 195 Crores, Smart City - Rs. 2500 Crores; HTPC, Kayamkulam - Rs. 7600 Crores, Private

LIBRARY ARCHIVES Kerala Legislative Assembly

IT, Ernakulam Rs. 80 Crores; Vizhinjam Port, Trivandrum - Rs. 1850 Crores; Metro Rail- Rs. 1500 Crores; Kannur Air Port - Rs 800 Crores; Techno City, Trivandrum - Rs. 1500 Crores, Port based power Plant and De-salination Plant - Rs. 1000 Crores, ഇത് മുഴുവൻ ഇവിടെ ഉണ്ടാകാൻ പോകുന്നതാണ്. പ്രതീക്ഷയല്ല. ആലോചിച്ചു നോക്കണം. അത്ഭുതകരമായ നേട്ടമാണ് ഇതിനുപുറമേ ഐ.ടി. രംഗത്ത് 500 കോടി രൂപയുടെ പ്രോജക്ടാണ് വരാൻ പോകുന്നത്. അതിൽ ഗവൺമെന്റിന്റെ ഇതുവരെയുള്ള ചെലവ് തന്നെ 120 കോടി രൂപയാണ്. 500 കോടി രൂപയുടെ ഐ. ടി. പ്രോജക്ട്സാണ് ഇവിടെ വരാൻ പോകുന്നത് അത്ഭുതകരമായ നേട്ടമാണ് വ്യവസായ രംഗത്ത് ഉണ്ടാകുന്നത്. അതുവഴി എത്ര ലക്ഷം ആളുകൾക്കാണ് പുതിയതായി ജോലി കിട്ടുന്നത്? ഞാൻ കഴിഞ്ഞ ആഴ്ച വിസ്മയയുടെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് സ്മാർട്ട് സിറ്റിയിൽ പോയിരുന്നു. ആ കെട്ടിടംതന്നെ വിസ്മയമാണ്. ആ പ്രദേശം മുഴുവനുംതന്നെ വിസ്മയമായി എനിക്ക് തോന്നി. ഞാൻ അടുത്തകാലത്താണ് കാക്കനാട് പോകുന്നത്. കാക്കനാട് എന്നു പറയുന്ന സ്ഥലം ഇന്ന് ഒരു പുതിയ പട്ടണമായി ഉയർന്നു നിൽക്കുകയാണ്. ബഹുമാനപ്പെട്ട എം. എൽ. എ. മാർ അവിടെപ്പോയി കാണണം. അവിടെ കാണുന്ന കെട്ടിട സമുച്ചയങ്ങളെല്ലാം വ്യവസായ സ്ഥാപനങ്ങളാണ്. അത്ഭുതകരമായ നേട്ടങ്ങളാണ് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്. കഴിഞ്ഞ രണ്ട് മാസങ്ങൾക്കുമുമ്പ് ഞാൻ ടെക്നോ പാർക്കിൽ പോയിരുന്നു. പുരുഷന്മാരും സ്ത്രീകളുമായി എത്ര ആയിരം ചെറുപ്പക്കാരാണ് അവിടെ ജോലി ചെയ്യുന്നത്? ഇതെല്ലാം ഈ ഭരണകാലത്ത് ഉണ്ടായ നേട്ടങ്ങളല്ലേ? അത്ഭുതകരമായ നേട്ടങ്ങളാണ് വ്യവസായ രംഗത്ത് കൈവരിക്കാൻ കഴിഞ്ഞത്. അതിന്റെ ഫലമായി ലക്ഷക്കണക്കിന് ആളുകൾക്ക് ഈ കാലഘട്ടത്തിൽ തൊഴിൽ ലഭിച്ചിട്ടുണ്ട്. സർ, ഇവിടെ എപ്പോൾ സംസാരിച്ചാലും ലോട്ടറിയുടെ കാര്യം പറയും. കുഴിൽ, ഡിയർ ഇതിനെല്ലാം ഒരു നമ്പറാണെന്ന് പറഞ്ഞ് കഴിഞ്ഞതവണ കുറെ ടിക്കറ്റ് കൊണ്ടുവന്ന് കാണിച്ചു. ഞാൻ ഡയറക്ടറെ വിളിച്ച് സംസാരിച്ചു. എല്ലാം ശരിയാണ്. നമ്പർ എ. ബി. സി. ഡി. ഇ. എന്നത് പ്രത്യേക നമ്പറാണ്. അത് ഒന്നല്ല. നമുക്ക് പ്രൈവറ്റ് ലോട്ടറിയിൽ നിന്നും കിട്ടുന്ന ആദായം ചില്ലറയല്ല. 2001-2002-ലാണ് ലോട്ടറികൾക്ക് ടാക്സ് ഏർപ്പെടുത്തിയത്. 2001-2002-ൽ ആകെ കിട്ടിയത് 0.73 കോടി രൂപയാണ്. 2002-2003-ൽ 3 കോടി രൂപ, 2003-2004-ൽ 10 കോടി രൂപ, 2004-2005-ൽ 2.68 കോടി രൂപയുമാണ്. ഈ വർഷം ഇതുവരെ ഈയിനത്തിൽ 32.34 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ കേരള ലോട്ടറിയുടെ ടാക്സ് 4 കോടി രൂപയാണ്. ബാക്കി 28 കോടി രൂപ പ്രൈവറ്റ് പാർട്ടികൾ ലോട്ടറി നടത്തുന്നതിൽ നിന്ന് കിട്ടുന്ന ടാക്സാണ്. അതിൽ ഒരു അഴിമതിയുമില്ല. അത് വരുമാനത്തിന്റെ നല്ലൊരു സ്രോതസ്സാണ്. സാധാരണ പത്രത്തിൽ അവരുടെ പരസ്യം കാണില്ല. ഭൂട്ടാൻ, ടാറ്റാ, കുഴിൽ ഇതിന്റെയൊക്കെ പരസ്യം ദേശാഭിമാനിയിലാണുള്ളത്. ദേശാഭിമാനി വായിക്കുന്ന ആളുകളാണോ കൂടുതലായിട്ടും ഇത് വാങ്ങുന്നത് എന്ന് എനിക്കറിയില്ല. പിന്നെ മന്ത്രിമാരും ചില ഉന്നത ഉദ്യോഗസ്ഥരും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് മുൻ ചീഫ് സെക്രട്ടറി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അഭിപ്രായം പറഞ്ഞതായി ദേശാഭിമാനിയിൽ വാർത്ത വന്നു. ദേശാഭിമാനിയിൽ മാത്രം കണ്ടതുകൊണ്ട് അത് സത്യമാണോ അല്ലയോ എന്ന് വിശ്വസിക്കാൻ പറ്റില്ല. കാരണം ദേശാഭിമാനിയിൽ ഞാൻ സ്വപ്നത്തിൽപോലും കണ്ടിട്ടില്ലാത്ത കാര്യങ്ങൾ എന്നെപ്പറ്റി എഴുതിവിടുന്നു. അത് കഥ എഴുതുന്ന പത്രമാണ്. ദേശാഭിമാനി പത്രമായതുകൊണ്ട് വിശ്വസിക്കാൻ പറ്റില്ല. പക്ഷെ അദ്ദേഹം മറ്റു ചില പ്രസ്താവനകളൊക്കെ നടത്തി. അത് ഉചിതമാണോ എന്ന് ജനങ്ങൾ വിലയിരുത്തണം. ഞാൻ ആഫീസർമാരുമായിട്ട് ഒരു controversy-ക്ക് ഇല്ല. നിങ്ങൾ ആലോചിക്കണം. Will a person with normal sense will say all those things? അത്രയേ എനിക്ക് പറയാനുള്ളു. അതിനെ വിധിയെഴുതാൻ ജനങ്ങൾക്ക് വിടുന്നു. ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ ഉദ്യോഗസ്ഥന്മാർ, ശ്രീ. ഭരത്ഭൂഷൻ-നെയും ശ്രീ. വിജയകുമാറിനെയും ഒക്കെ കേരളത്തിലെ എല്ലാ രാഷ്ട്രീയക്കാർക്കും ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും അറിയാവുന്നതാണ്. അവരുടെ honesty, integrity ഇതൊക്കെ എല്ലാവരും അംഗീകരിച്ചിട്ടുള്ളതാണ്. അവർക്കെതിരെ ആർക്കുംതന്നെ ഒന്നും പറയാൻ കഴിഞ്ഞിട്ടില്ല. അങ്ങനെയുള്ളവരെ honest ആയിട്ടുള്ള ആഫീസർമാരെപ്പറ്റിയെല്ലാം ഇത്ര ഉത്തരവാദിത്വമില്ലാതെ പറയുന്നത് എന്തോ തകരാറുകൊണ്ടാണ് എന്നേ എനിക്ക് പറയാനുള്ളു. അല്ലാതെ അതിനെപ്പറ്റി ഒന്നും പറയാനില്ല. ഇൻഡ്യയിൽ ഇന്ന് വളരെ സമുന്നതമായ പദവി അലങ്കരിക്കുന്ന ഒരാളാണ് ശ്രീമതി സോണിയാഗാന്ധി ഇൻഡ്യയിലെ ഏറ്റവും വലിയ രാഷ്ട്രീയ പാർട്ടിയുടെ പ്രസിഡന്റ്, പ്രധാനമന്ത്രിപദം വേണ്ടെന്ന്വെച്ച് അത് വലിച്ചെറിഞ്ഞ സത്യസന്ധയായ ആ മാന്യ മഹതിയെക്കുറിച്ച് ഇത്രയും വിലകുറഞ്ഞ ആരോപണങ്ങൾ നടത്തുന്നത് നിർഭാഗ്യകരമാണ്. രാഷ്ട്രീയക്കാർ ഈ പ്രവണത അവസാനിപ്പിക്കണം എന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. വിഴിഞ്ഞം പോർട്ടിന്റെ കോൺട്രാക്ട് സ്ഥിരപ്പെടുത്തുന്നതിനെക്കുറിച്ച് കുറ്റങ്ങൾ പറഞ്ഞു. ആ കോൺട്രാക്ട് സ്ഥിരപ്പെടുത്തിയത് അവരുടെ ദൃഷ്ടിയിൽ ഏറ്റവും വലിയ സത്യസന്ധനായ ഓഫീസർ, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഇവാല്യുവേഷൻ കമ്മിറ്റിയാണ്. സത്യം പറയുകയാണെങ്കിൽ ആ കമ്മിറ്റിയുടെ അഭിപ്രായമില്ലാതെ ക്യാബിനറ്റിന്റെ മുമ്പിൽ വന്നപ്പോൾ ആ കമ്മിറ്റിയുടെ അഭിപ്രായം ചോദിച്ചുകൊണ്ട് ഫയൽ തിരിച്ചയച്ചു. ആ കമ്മിറ്റി ആർക്ക് ബില്ലുകൊടുക്കണമെന്ന് റെക്കമെന്റ് ചെയ്ത് ആ റെക്കമെന്റേഷൻ മാത്രമാണ് ക്യാബിനറ്റ് മാനിച്ചത്. സമയം വളരെ അതിക്രമിച്ചുകൊണ്ട് അധികമായിട്ട് ഒന്നും പറയുന്നില്ല. വളരെ നല്ല കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു നയപ്രഖ്യാപനമാണ് ഇവിടെ നടത്തിയത്. വിശദവിവരങ്ങളൊക്കെ പറയേണ്ടത് ബഡ്ജറ്റിലാണ്. നയപ്രഖ്യാപനത്തിൽ അതേതരത്തിലുള്ള വിശദാംശങ്ങൾ പറഞ്ഞില്ല എന്ന് പറയുന്നതിൽ യാതൊരു കഴമ്പുമില്ല. ഇത് പൊതുവെയുള്ള നയമാണ്. എന്നിട്ടും ബഹുമാനപ്പെട്ട ഗവർണ്ണർക്ക് ഒരു മണിക്കൂറോളം പ്രസംഗിക്കേണ്ടിവന്നു. ഉള്ളതുതന്നെ വളരെ കാതലായ കാര്യങ്ങളാണ്. അതിൽ പറഞ്ഞിട്ടുള്ള ഒരു കാര്യവും പ്രതിപക്ഷം എതിർത്തിട്ടുമില്ല. അതുകൊണ്ട് ഈ ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ:</u> സർവ്വശ്രീ. എൻ. രാജൻ, മാങ്കോട് രാധാകൃഷ്ണൻ, പി. എസ്. സുപാൽ, ബിനോയ് വിശ്വം, പി. നാരായണൻ, എം. കുമാരൻ, കെ. പി. രാജേന്ദ്രൻ, കെ. പി. മോഹനൻ, സി. കെ. നാണു, എ. സി. ഷൺമുഖദാസ്, ജോണി നെല്ലൂർ, മഞ്ഞളാംകുഴി അലി, വി. കെ. സി. മമ്മത്കോയ, കോടിയേരി ബാലകൃഷ്ണൻ, എ. കെ. ബാലൻ, വി. കെ. ചന്ദ്രൻ, വി. ചെന്താമരാക്ഷൻ, ടി. കെ. ദേവകുമാർ, എം. വി. ഗോവിന്ദൻ മാസ്റ്റർ, കെ. കെ. ജയചന്ദ്രൻ, പി. ജയരാജൻ, എം. വി. ജയരാജൻ, കെ. വി. കുഞ്ഞിരാമൻ, മത്തായിചാക്കോ, പിരപ്പൻകോട് മുരളി, എം. പ്രകാശൻ മാസ്റ്റർ, കെ. രാധാകൃഷ്ണൻ, രാജു എബ്രഹാം, ടി. വി. രാജകൃഷ്ണൻ, സാജുപോൾ, കെ. വി. സതീശ് ചന്ദ്രൻ, പി. സി. ജോർജ്ജ്, എ. സി. മൊയ്തീൻ, ഡോ. തോമസ് ഐസക്, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ, ശ്രീമതി ഗിരിജാ സുരേന്ദ്രൻ, എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കടവൂർ ശിവദാസൻ അവതരിപ്പിച്ച നന്ദിപ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...

പ്രതികൂലിക്കുന്നവർ...

നന്ദിപ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും 10-ാം തീയതി രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്. (2008 ഫിബ്രവരി മാസം 10-തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചക്കുശേഷം 3.26-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly